വാല്യം 138

സുൽത്താൻ ബത്തേരി ബ്ലോക്ക്

(വയനാട് ജില്ല)

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

# മീനങ്ങാട

# ഗ്രാമ പഞ്ചായ

# ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



138-1

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

# മീനങ്ങാടി ഗ്രാമപഞ്ചായത്ത്
## വികസന രേഖ

ഡിസംബർ 1996



KANNUR DISTRICT
KARNATAKA STATE
TAMILNADU STATE
KOZHIKODE DISTRICT
MALAPPURAM District
To Thalassery
Thirunelly
THIRUNELLY
To Mysore
Kattikulam
MULLANKOLLY
Mullankolly
THAVINHAL
MANANTHAVADY
Mananthavady
MANANTHAVADY TALUK
Pulpally
PULPPALLY
EDAVAKA
THONDERNAD
Korome
To Kuttyadi
PANAMARAM
Panamaram
Tharuvana
VELLAMUNDA
Nadavayal
POOTHADI
Moonanakuzhi
SULTHANS BATHERY
SULTHAN BATHERI TALUK
Padinharathara
PADINJARATHARA
KANIAMBETTA
Kambalakkad
KOTTATHARA
Tharlyode
THARIYODE
VENGARPALLI
MUTTIL
Kalpetty
KALPETTA
Kalpetta
VYTHIRI TALUKE
POZHUTHANA
Chundel
Vythiri
VYTHIRI
Lakkidi
to Kozhikode
MEPADI
Meppadi
Vaduvanchal
Chooralmala
AMBALAVAYAL
Ambalavayal
NENMENI
To Gudallur
to Gudallur
NOOLPUZHA
Muthanga
To Gudallur
To G
KERALA STATE
Kasargod
Kannure
Karnataka state
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Thamilnadu state
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
INDEX
STATE BOUNDARY
DISTRICT BOUNDARY
TALUKE BOUNDARY
PANCHAYAT BOUNDARY
ROADS
STATE HIGHWAY
WAYANAD DISTRICT



"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും."

- മഹാത്മാഗാന്ധി

## എഡിറേറാറിയൽ ബോർഡ്

കെ. കെ. ശശി

ആർ. കെ. സ്കറിയാമാസ്റ്റർ

വി. സി. മത്തായിമാസ്റ്റർ

എൻ. കുമാരൻമാസ്റ്റർ

അബ്രഹാംബെൻഹർ

പി. ജോർജ്

കെ. എസ്. ടെന്നിസൺമാസ്റ്റർ

എം. എസ്. നാരായണൻമാസ്റ്റർ

സി. അസൈനാർ

റോയ്ദാസ്

എൻ. സന്തരാജ്

മേക്കുന്നത്ത് കരുണാകരൻ

കെ. അബ്ദുള്ള

യു. സുബൈർ

പി. കൃഷ്ണമോഹൻ

# മീനങ്ങാടി ഗ്രാമപഞ്ചായത്ത്
# ഭരണ സാരഥികൾ



പ്രസിഡണ്ട്

കെ.കെ. ശശി



വൈസ് പ്രസിഡണ്ട്
പ്രസന്ന വേണുഗോപാൽ



സെക്രട്ടറി
പി.എം. രാമകൃഷ്ണൻ



ചെയർ പേഴ്സൺ (സ്റ്റാൻന്റിംഗ് കമ്മിറ്റി)
ശാന്ത കെ. നായർ

## അംഗങ്ങൾ

കെ.വി ജോൺ

ഡെയ്സി ഡേവിഡ്

ടി.ആർ ബാലകൃഷ്ണൻ

എം. രാഘവൻ

എൻ. കുമാരൻ മാസ്ററർ

കെ. ജയപ്രകാശ്

അംബികാ ബാലൻ

കെ.കുഞ്ഞിക്കണ്ണൻ

കെ.ശംഭു

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മീനങ്ങാടി പഞ്ചായത്ത് |
| വില്ലേജുകൾ | : | പുറക്കാടി കൃഷ്ണഗിരി |
| താലൂക്ക് | : | സുൽത്താൻ ബത്തേരി |
| ബ്ലോക്കു പഞ്ചായത്ത് | : | സുൽത്താൻ ബത്തേരി |
| ജില്ലാ പഞ്ചായത്ത് | : | വയനാട് |
| അസംബ്ലി നിയോജകമണ്ഡലം | : | സുൽത്താൻബത്തേരി |
| ലോകസഭ | : | കോഴിക്കോട് |
| വിസ്തീർണ്ണം | : | 53.51ച.കി.മി |
| ജനസംഖ്യ | : | 28573 |
| പുരുഷൻമാർ | : | 14829 |
| സ്ത്രീകൾ | : | 13744 |
| ജനസാന്ദ്രത | : | 534 |
| വാർഡുകൾ | : | 12 |
| അതിരുകൾ | : | വടക്ക് : പൂതാടി പഞ്ചായത്ത് |
| | | കിഴക്ക് : ബത്തേരി പഞ്ചായത്ത് |
| | | തെക്ക് : അമ്പലവയൽ പഞ്ചായത്ത് |
| | | പടിഞ്ഞാറ് : മുട്ടിൽ പഞ്ചായത്ത് |

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | 1 |
| സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം | 3 |
| കൃഷിയും ജലസേചനവും | 9 |
| മൃഗസംരക്ഷണം. | 17 |
| വിദ്യാഭ്യാസം | 21 |
| കുടിവെള്ളം പൊതുജനാരോഗ്യം | 30 |
| വ്യവസായം | 40 |
| ഗതാഗതം ഊർജ്ജം മാർക്കറ്റ് | 45 |
| പാർപ്പിടം സാമൂഹ്യക്ഷേമം. | 60 |
| സംസ്കാരം | 74 |
| വനിതാക്ഷേമം | 80 |
| സഹകരണമേഖല | 83 |
| പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം | 87 |
| വിഭവസമാഹരണം | 95 |
| ഉപസംഹാരം | 99 |




മീനങ്ങാടി ഗ്രാമ പഞ്ചായത്ത്

# ആമുഖം

സ്വതന്ത്ര ഭാരതത്തിന്റെ അൻപത് ജന്മദിനങ്ങൾ നാം ആഘോഷിച്ചു. അധികാരം കയ്യാളിയ കരങ്ങൾ മാറി. എന്നാൽ ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്കുള്ള നിർദ്ദേശകത്വം പോലും 47-ാം വർഷം മാത്രമാണ് നടപ്പാക്കിയത്. ജനാധിപത്യം സ്വപ്നം തെരഞ്ഞെടുപ്പ് എന്ന ഔദ്യോഗിക പ്രക്രിയയിൽ ഒതുങ്ങിനിന്നു. സെക്കുലർ, ഡമോ ക്രാറ്റിക് റിപ്പബ്ളിക്കിന്റെ പ്രഖ്യാപിതതത്ത്വങ്ങൾ നടപ്പാക്കാനുള്ള പ്രതിബദ്ധത നിറവേറ്റപ്പെടാതെ പോയി.

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ടൊഴുകി. അതോടൊപ്പം കുത്തിയൊലിച്ചത് ജനകീയാവശ്യങ്ങളായിരുന്നു. തീരുമാനമെടുക്കാനും നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം ലഭിക്കാൻ നിലവിലുള്ള ആസൂത്രണപ്രക്രിയ മാറ്റിമറിച്ചേ പറ്റൂ. ജനകീയാസൂത്രണപ്രസ്ഥാനം അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശാമാറ്റം നൽകപ്പെട്ട ആസൂത്രണതന്ത്രമാണ് അവതരിപ്പിക്കുന്നത്. വികസന ഫലങ്ങൾ നീതിപൂർവ്വകമായി വിതരണം ചെയ്യപ്പെടുമെന്നുള്ളതാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ മുഖ്യസവിശേഷത. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് ഒരു പുതിയ സംരംഭവുമാണ്. കൂടുതൽ അധികാരവും സമ്പത്തും പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന് നമ്മുക്ക് ആശിക്കാം. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%) കേരള സർക്കാരിന്റെ 60 ശതമാനത്തിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന ഫണ്ടുകൾ, നികുതി വരുമാനം സർവ്വോപരി ജനകീയ സംഭാവനകൾ (അദ്ധ്വാനം വിഭവങ്ങൾ പണം) തുടങ്ങിയ വികസന പ്രക്രികയെ ത്വരിതപെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നഭിമുഖികരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണത്തിനു കഴിയും. ജനീകയ പങ്കാളിത്തം നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപതികരമായി നിർവഹിക്കാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ കൈവഴികൾ നിയന്ത്രിക്കാനും കഴിയും.

## ഭൂപ്രകൃതി

സമുദ്ര നിരപ്പിൽ നിന്നും 2500 അടി ഉയരത്തിൽ ചുരം കാക്കുന്ന ചങ്ങലമരവും - പൂക്കോടിന്റെ ലാവണ്യവും എടക്കല്ലിന്റെ ചരിത്ര സമൃതികളും പാപനാശിനിയുടെ പവിത്രതയും ബ്രഹ്മഗിരിയുടെ ഗാംഭീര്യവും നെഞ്ചിലേറ്റിയ വയനാട് ഇവിടെ ഈ സുന്ദരഭൂമിയുടെ മധ്യത്തിൽ ജാതിമത വർണ്ണ വർഗ്ഗ ഭേദങ്ങൾക്കനീതമായി പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന്റെ ആവാസസ്ഥാനം - മീനങ്ങാടി ഗ്രാമപഞ്ചായത്ത് ചെറുകുന്നുകളും, വയലേലകളും താഴ്വരകളും നീർച്ചോലകളും കൊച്ചുരുവികളും കൊണ്ട് അനുഗ്രഹീതമായ ഭൂപ്രദേശം

കോഴിക്കോട് - മൈസൂർ സംസ്ഥാന പാതപഞ്ചായത്തിനെ രണ്ടായി തിരിക്കുന്നു. വന നിബിഡമായിരുന്ന പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും കാണപ്പെടുന്നത് പശിമരാശിയും വളക്കൂറുമുള്ള കറുത്ത മണ്ണാണ്. കളി മണ്ണു കലർന്ന നെൽ വയലുകൾ ഫലപുഷ്ടിയുള്ളവയായിരുന്നു.

അക്ഷാംശം 11°.9 മിനിട്ടിനും, 11°-,13 മിനുട്ടിനും ഇടയിലും രേഖാംശം 76° - 38 മിനിട്ടിനും 76°-42 മിനുട്ടിനും ഇടയിൽ സ്ഥിതി ചെയ്യുന്ന വയനാട് ജില്ലയുടെ ഏകദേശം മദ്ധ്യത്തിൽ മീനങ്ങാടി പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

**ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ആറായി തിരിക്കാം.**

1. ഉയർന്ന പാറക്കെട്ടുകൾ നിറഞ്ഞ ഭാഗം
2. ഉയർന്ന സമതലങ്ങൾ
3. ചെറു ചരിവുകൾ
4. ഇടത്തരം ചരിവുകൾ
5. താഴ്‌വരകൾ
6. സമതലങ്ങൾ

സമുദ്രനിരപ്പിൽ നിന്ന് 1022 മീറ്റർ ഉയരമുള്ള പാതിരിപ്പാറയാണ് ഏറ്റവും ഉയരമുള്ള ഭാഗം. പഞ്ചായത്തിലെ ആകെ വിസ്തൃതിയിൽ 70 ശതമാനത്തിലധികം കരഭൂമിയാണ്. ഇവിടെ കാപ്പി, കുരുമുളക്, വാഴ, തെങ്ങ്, റബ്ബർ, കവുങ്ങ്, ഇഞ്ചി എന്നിവയാണ് മുഖ്യ കൃഷികൾ

20 ശതമാനത്തോളം വരുന്ന സമതലങ്ങൾ ഫലപുഷ്ടിയുള്ള മണ്ണും ജലസമൃദ്ധവുമായിരുന്നതിനാൽ ഇവിടെ നെല്ല് സമൃദ്ധിയായി വിളഞ്ഞിരുന്നു. വിസ്തൃതിയിൽ പിന്നിലായ താഴ്‌വരകളിലും നെല്ല് കൃഷി ചെയ്തിരുന്നു

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 750 മീറ്ററിൽ താഴെ, 750 മീറ്ററിനും, 813 മീറ്ററിനും ഇടയിൽ 813 മീറ്ററിനും 1022 മീറ്ററിനും ഇടയിൽ എന്നിങ്ങനെ മൂന്നായി തിരിക്കാം.

## ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം മീനങ്ങാടി പഞ്ചായത്തിലെ ജനസംഖ്യ 28573 ആണ്. ഇതിൽ 14829 പേർ പുരുഷന്മാരും 13744 പേർ സ്ത്രീകളുമാണ്. ആകെ വീടുകൾ 6051 ആണ്. അതായത് ശരാശരി വീടൊന്നിന്. 4.72 പേർ വീതമുണ്ട്. ജനസാന്ദ്രത 534 ആയിരുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3773 ആണ്. ഇതിൽ ആൺ കുട്ടികൾ 1956 ഉം പെൺകുട്ടികൾ 1819 ഉം ആണ്. പട്ടികജാതി ജനസംഖ്യ 793 ആണ്. അതിൽ 419 പേർ പുരുഷൻമാരും. 374 പേർ സ്ത്രീകളും ആണ്. പട്ടികവർഗ്ഗക്കാർ ആകെ. 6145 പേരുണ്ട്. ഇതിൽ 3105 പേർ പുരുഷൻമാരും 3040 പേർ സ്ത്രീകളുമാണ്. ആകെ ജനസംഖ്യയിൽ 20849 പേർ സാക്ഷരരാണ്. 1990-91ൽ നടത്തിയ സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിലെ സാക്ഷരരുടെ എണ്ണം വർദ്ധിക്കാൻ കാരണമാക്കി.

അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർ നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തും, കൃഷി മാന്യവും, ആദായ കരവുമായ തൊഴിലാണ് എന്ന സ്ഥിതി വരികയും ചെയ്താലേ ഇതിനൊരു പരിഹാരമാവൂ. പ്രധാന വരുമാനമാർഗ്ഗമായിരുന്ന കൃഷി അനദായകരവും, അനാകർഷണീയവുമായി മാറി. ഇതിന്റെ ഫലമായി ജനങ്ങൾ മറ്റു രംഗങ്ങൾ അന്വേഷിച്ചു പ്രയാണം ആരംഭിച്ചിട്ടുണ്ട്. ഭൂമിയുടെ കൈവശാവകാശത്തിനും കൂലി കൂടുതലിനും വേണ്ടിയുള്ള ഒറ്റപ്പെട്ട ചില സമര ചരിത്രങ്ങളേ പഞ്ചായത്തിനുള്ളൂ. ജനസംഖ്യയിൽ 21.5 ശതമാനത്തോളം വരുന്ന പട്ടികവർഗ്ഗക്കാർ പ്രധാനമായും കുറുമർ, പണിയർ, കാട്ടുനായ്ക്കർ ഊരാളിമാർ എന്നീ നാലു വിഭാഗങ്ങളിൽ പെടുന്നു. ഇവരിൽ കുറുമർ വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ഏകദേശം മറ്റുള്ളവരോടൊപ്പം എത്തികഴിഞ്ഞു. എന്നാൽ മറ്റുള്ള വിഭാഗങ്ങൾ ഇതിന് ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു.

## ജലപ്രകൃതി.

വർഷത്തിൽ ശരാശരി 221 മില്ലി മീറ്റർ മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മഴകുറവ് ജനവരി, ഫിബ്രവരി മാസങ്ങളിലും പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽ കൂടി ``നുരസിപുഴയും" മധ്യഭാഗത്തു കൂടി പുറക്കാടിപുഴയും, പടിഞ്ഞാര് ഭാഗത്തു കൂടിരായിൽ പുഴയും ഒഴുകുന്നു. ഈ പുഴകളിലേക്കൊഴുകി എത്തുന്ന 23 ചെറുതോടുകളും ഉണ്ട്. കൂടാതെ 25 കുളങ്ങൾ ഉണ്ടെങ്കിലും കാർഷികാവശ്യങ്ങൾക്ക് ഇവയൊന്നും ഫലപ്രദമായി പ്രയോജനപ്പെടുത്തില്ല.

ശുദ്ധജലക്ഷാമം കാര്യമായി അനുഭവപ്പെടാത്ത പഞ്ചായത്തുകളിൽ ഒന്നാണ് മീനങ്ങാടി. കുന്നിൻ സമതലങ്ങളിൽ താമസിക്കുന്നവർക്ക് ശുദ്ധജലത്തിന് താഴ്‌വരകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നം പഞ്ചായത്തിൽ പൊതുവായി കാണപ്പെടുന്നതാണ്. കുന്നിൽ പരപ്പുകളിൽ കിണറുകൾ കുഴിക്കുന്നത് ചിലവേറിയതും പലപ്പോഴും ഫലശൂന്യവുമായിരിക്കും. അതിനാൽ കുന്നിൻ മുകളിൽ ടാങ്കുകൾ നിർമ്മിച്ച് താഴ്‌വരകളിലെ ജലാശയങ്ങളിൽ നിന്ന് വെള്ളം പമ്പ്ചെയ്ത് വിതരണം ചെയ്യുന്ന രീതിയാണ് കൂടുതൽ ഫലപ്രദം. ഇന്ന് ഈ പദ്ധതി പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ടെങ്കിലും അതില്ലാതെ സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

# മീനങ്ങാടിയുടെ സാംസ്കാരിക ചരിത്ര പശ്ചാത്തലം

ചരിത്രം കാലത്തിന്റെ കഥയാണ്. കാലത്തിന്റെ കഥയിൽ പ്രാകൃത മനുഷ്യന്റെ കഥയുണ്ട് സംസ്കൃത മനുഷ്യന്റെ കഥയുണ്ട്. വിവിധ സംസ്കാരങ്ങളുടെ പടവുകൾ താണ്ടി വന്ന മനുഷ്യ വർഗ്ഗത്തിന്റെ കഥയാണെല്ലോ നാമെന്നും പഠിക്കുന്ന ചരിത്രം. മനുഷ്യ വർഗ്ഗത്തിന്റെ ചരിത്രം ഒരു നിശ്ചിത ഭൂഖണ്ഡത്തിലൊരിക്കലും കേന്ദ്രീകരിച്ച് നിന്നിട്ടില്ല. വിശാല ഭൂവിഭാഗങ്ങളിലധിവസിച്ചിരുന്ന മഹാ ജനപഥങ്ങളുടെ ഒരു കൂട്ടത്തിന്റെ കഥ മാത്രമാണ് ഒരു പ്രദേശത്തിന്റെ ചരിത്രം.

മീനങ്ങാടിയുടെ ചരിത്രം , വയനാട്ടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. വയനാടകട്ടെ കർണ്ണാടക, തമിഴ നാട് സംസ്ഥാനങ്ങളോട് ചേർന്നു കിടക്കുന്ന പ്രദേശമാകയാൽ, ഇവിടെ തെന്നിന്ത്യൻ സംസ്കാരങ്ങളുടെ സംഗമ ഭൂമിയാണ്. കൊഴിഞ്ഞു വീണ നൂറ്റാണ്ടുകളിലൂടെ കടന്നുപോയ പടയോട്ടങ്ങളുടെയും കുടിയേറ്റങ്ങളുടെയും ചിര സ്മരണകളേന്തുന്ന ഈ ജനതക്ക് മഹത്തായ ഒരു സംസ്കാരിക പശ്ചാത്തലമാണുള്ളത്.

കബിനിയുടെ കൈവഴികളൊഴുകുന്ന ഈ ശാദ്വല ഭൂമിയിൽ, അതി പുരാതന കാലത്ത് തന്നെ ജനങ്ങൾ അധിവസിച്ചിരുന്നു എന്നുള്ളതിന്റെ തെളിവാണ് മീനങ്ങാടി പഞ്ചായത്തിലെ കൃഷ്ണഗിരിക്കടുത്തു കാണുന്ന നൂറുകണക്കിന്നുള്ള 'മുനിയറകൾ'. രണ്ടായിരത്തിലേറെ കൊല്ലം പഴക്കമുള്ള ഈ മഹാശിലാസ്മാരകങ്ങൾ ഒട്ടേറെ സുസ്ഥാപിതവും, അഭിവൃദ്ധവുമായ ഒരു സാമൂഹ്യ സംവിധാനമുള്ള ഒരു ജനസഞ്ചയം ഈ പ്രദേശത്ത് ജീവിച്ചിരുന്നു എന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. മോഹൻ ജോദാരോ, ഹരപ്പ ദേശങ്ങളുമായി ബന്ധമുള്ള ജനപഥങ്ങൾ ദക്ഷിണ കർണ്ണാടകത്തിലേക്ക് കുടിയേറിയിട്ടുള്ളതായും മൈസൂർ കേന്ദ്രമായി ചരിത്രാതീത കാലത്ത് നിന്നിരുന്ന കാർഷിക നാഗരികതയുടെ പിൻമുറക്കാർ കബിനിയുടെ തീരം വഴി വയനാട്ടിലെത്തിയതായും ജലസേചന സൗകര്യമുള്ള താഴ്വരകളിൽ കാർഷികംജീവിതം ആരംഭിച്ചതായും അനുമാനിക്കുന്നുണ്ട്. മീനങ്ങാടിയിലെ ഭൂപ്രകൃതിയുടെ സവിശേഷതകൾ പരിശോധിച്ചാൽ ഇവിടെ ചരിത്രാതീത കാലത്ത് തന്നെ ജനങ്ങൾ അധിവസിച്ചിരുന്നതായും മനസ്സിലാക്കാം.

ക്രിസ്തു വർഷം ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളെ സംഘകാല ഘട്ടം എന്ന് കേരള ചരിത്രത്തിൽ പറയുന്ന കാലത്ത് കാക്കനാട്ട് എന്ന പേരിലാണ് വയനാട് അറിയപ്പെട്ടിരുന്നത്. വയനാട്, ഗൂഡല്ലൂർ തുടങ്ങിയ പർവ്വത പ്രദേശങ്ങൾ ചേർന്ന ഈ കാക്കനാടിന്റെ ഭരണാധിപത്യം കടമ്പ രാജാക്കന്മാരിൽ നിക്ഷിപ്തമായിരുന്നു. ഒരു കടമ്പ രാജാവായ വിഷ്ണു വർമ്മന്റെ ലിഖിതങ്ങൾ എടക്കൽ ഗുഹയുടെ ചുമരിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ' ശ്രീ വിഷ്ണു വർമ്മ കുടുഃബീയ കുലവർദ്ധനസ്യ:' എന്നാണ് ഈ പുരാതന ലിഘിതം. വൈഷ്ണവരായ കുടുഃബീയ വംശജർ തങ്ങളുടെ ആരാധന മൂർത്തിയായ മഹാവിഷ്ണുവിന്റെ ആദ്യാവതരാമായ മത്സ്യത്തെ പ്രതിഷ്ഠ നടത്തിയ ഒരു ക്ഷേത്രം മീനങ്ങാടിയിലുണ്ടായിരുന്നു എന്നത്, മീനങ്ങാടി പുരാതന

കാലത്ത് വൈഷ്ണവരായ കുടുഃബി ജനങ്ങളുടെ ആധിവാസ കേന്ദ്രമായിരുന്നു എന്നു തെളിയിക്കുന്നു. ഈ ക്ഷേത്രമാണ് പുനരിദ്ധരിക്കപ്പെട്ട മീനങ്ങാടിയിലെ മാത്സ്യാവതാര മഹാ വിഷ്ണു ക്ഷേത്രം .

അവസാനത്തെ കുടുഃബി രാജാവിനെ നെടുഃചേരലാതൻ എന്ന ചേര രാജാവ് കീഴടക്കി, വയനാട്ടിനെ ചേര സാമ്രജ്യത്തിനോട് കൂട്ടി ചേർത്തതിന്ന് ശേഷം, തമിഴ് ഭാഷ സംസാരിക്കുന്ന പടയാളികൾ മീനങ്ങാടിയിൽ വരുമ്പോൾ ഇവിടത്തെ വൈഷ്ണവ ജനതയെ മീനിനെ ആരാധിക്കുന്ന ജനങ്ങൾ എന്ന നിലയിൽ മീനവർ എന്നാണ് വിളിച്ചിരുന്നത് മീനവർ അധിവസിക്കുന്ന ഗ്രാമം , മീൻ പ്രതിഷ്ഠയുള്ള ക്ഷേത്രം എന്നീ അർത്ഥത്തിൽ കർണ്ണാടകത്തിൽ നിന്നെത്തിയ ജനങ്ങൾ മീൻ അങ്കിടി എന്ന് ഈ ദേശത്തെ വിളിച്ച് തുടങ്ങി. കന്നട ഭാഷയിൽ അങ്കിടി എന്നാൽ ഗ്രാമം, ക്ഷേത്രം എന്നീ അർത്ഥങ്ങളുണ്ട്, മീൻഅങ്കിടിയാണ് മലയാളീകരിച്ച് മീനങ്ങാടിയായിത്തീർന്നത്.

ചേര രാജക്കന്മാരുടെ ആധിപത്യം ക്രമേണ വയനാട്ടിൽ ക്ഷയിച്ചു വന്നു . ചേര വംശത്തിലേക്ക്, കുടുഃബി വംശത്തിൽ നിന്നും (വേട വംശം എന്നാണ് പിന്നീട് ഇവർ അറിയപ്പെട്ടത്) ചിലരെ ദത്തെടുത്തതായി പതിറ്റാപ്പത്തിലെ ഏഴാം പതികത്തിലും ഐതിഹ്യങ്ങളിലും സൂചനകളുണ്ട്. വയനാട്ടിന്റെ ഭരണാധിപത്യം നേടിയെടുത്ത കുടുഃബികളായ വേട വംശജരാണ് ബേട്ടു കുറുമാർ എന്നും, മുല്ലെ കുറുമ്പരെന്നും പിന്നീടു അറിയപ്പെട്ട വയനാട്ടിലെ ഇന്നത്തെ ഊരാളികളും കുറുമ്പരും.

ഏഡി. പത്താം നൂറ്റാണ്ടോടു കൂടി വയനാട്ടിലെ പൂർണ്ണാധിപത്യം കുറുമ്പരുടെ കീഴിലായി. പതിനെട്ടിലേറെ കോട്ടകൾ കെട്ടി നാടുവാണിരുന്ന കുറുമ്പർക്ക്, വേടർക്കരശൻ രാജാവും, ഇളവരശൻ എന്ന ഉപരാജാവും, തലച്ചിൽ ചൊല്ലുമൂപ്പൻ, നാലപ്പാടി കുന്നു മൂപ്പൻ എന്നിങ്ങനെയുള്ള നാടുമവാഴി ഗോത്ര ഭരണ സമ്പ്രദായവുമാണുണ്ടായിരുന്നത്. മീനങ്ങാടിയിലെ കാട്ടകുന്ന്, കോട്ടൂർ തലച്ചിൽ, അപ്പാടു തലച്ചിൽ, കൊങ്ങിയമ്പലം കോയിക്കൽ മൂപ്പൻ, നെടിയഞ്ചേരി മൂപ്പൻ എന്നീ സ്ഥാനങ്ങൾ വേടരാജാക്കന്മാരുടെ ഭരണകാലത്തെ അനുസ്മരിപ്പിക്കുന്നു.

വേട രാജാക്കന്മാരുടെ ഭരണ കാലത്ത് കാട്ടുനായ്ക്കന്മാരും, പണിയരും, വയനാട്ടിലുണ്ടായിരുന്നു. പ്രാകൃത കന്നടം സംസാരിക്കുന്ന കാട്ടുനായ്ക്കർ ചരിത്രാതീത കാലത്ത് തന്നെ വയനാട്ടിലുള്ള ജനപഥമാണ്. 'ഇപ്പി മല' യെന്ന ബാണാസുരൻ മലയാണ് തങ്ങളുടെ ആദിമ കേന്ദ്രമെന്ന് വിശ്വസിക്കുന്ന പണിയൻ, നിഗ്രീറ്റോ വംശജരായതു കൊണ്ട്, നീഗ്രോകളുടെ ഉത്ഭവസ്ഥാനമായ ആഫ്രിക്കയുമായുള്ള അവരുടെ അതിപുരാതന പുക്കിൾക്കൊടി ബന്ധത്തെ അനുസ്മരിപ്പിക്കുന്നു. അടിയാളരായ പണിയർ വടക്ക് നിന്ന് എത്തിയ യജമാന വർഗ്ഗത്തിന്റെ അടിമകളായിരുന്നു. ചരിത്രത്തിൽ എന്നും അടിമകളാകാൻ വിധിക്കപ്പെട്ട അടിമ വർഗ്ഗം.

ആധുനിക കാലഘട്ടത്തിൽ, 15 ാം നൂറ്റാണ്ടിനടുത്ത്, തിരുനെല്ലി കോട്ടയിലെ വേടർകരശനെ പരാജയപ്പെടുത്തി മലബാർ, കോട്ടയം രാജാവ് വയനാടിനെ കോട്ടയത്തോട് കൂട്ടിച്ചേർത്തുവെങ്കിലും, വയനാട്ടിലെ അതിശൈത്യവും , മഞ്ഞും, മലമ്പനിയും കാരണം കോട്ടയം പടയാളികൾ വയനാടിനെ ക്രമേണ കൈയൊഴിച്ചു പോവുകയാണുണ്ടായത്. നാഥനില്ലാത്ത അവസ്ഥയിൽ കോട്ടയം രാജാവ് 600 നായർ കുടുഃബങ്ങളെ വയനാട്ടിൽ കുടിയിരുത്തുകയും, വയനാട്ടിനെ 60 നാടുകളായി വിഭജിച്ചു. ഭരണാധികാരം നായർ പ്രമാണികൾക്ക് ഏൽപിച്ച് കൊടുക്കുകയും ചെയ്തു. അന്നു മീനങ്ങാടി പ്രദേശം കാരനാട്ട് എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ അറുപത് നാടുകളിൽ എട്ടും പത്തും നാടുകൾ ചേർന്ന് ആറു സ്വരൂപങ്ങളായി തീർന്നു. കുപ്പത്തോട് നായന്മാർക്ക് ആധിപത്യമുള്ള വയനാട് സ്വരൂപം, കല്പറ്റ നായന്മാരുടെ മേധാവിത്വമുള്ള എടന്നനസ് കൂറ് സ്വരൂപം,എടച്ചന നായന്മാരുടെ എള്ളകൂച്ചി സ്വരൂപം എന്നിവ ഇതിൽ പ്രധാനങ്ങളായിരുന്നു. കാരനാട് എന്നറിയപ്പെട്ടിരുന്ന മീനങ്ങാടി, കുപ്പത്തോട് നായന്മാരുടെ കീഴിലായിരുന്നു.

നാടുവാഴി ഭരണ കാലത്ത് ഭൂമിയെല്ലാം ജന്മിയുടെയും ദേവസ്വത്തിന്റേയും കീഴിലായിരുന്നു. ആദിവാസികളായിരുന്ന കുറുമ്പൻ പാട്ടകുടിയന്മാരും, ഊരാളികൾ കൈത്തൊഴിൽക്കാരും, പണിയർ അടിമവേലക്കാരും , കാട്ടുനായ്ക്കർ നായാടികളുമായിരുന്നു. ഈ കാലത്ത മലബാറിൽ നിന്നും നായന്മാരോടപ്പം എത്തിയ മുസ്ലീങ്ങളും, കർണ്ണാടകത്തിൽ നിന്നു

വന്ന ജൈനബ്രാഹ്മണരും , കൊണ്ടുനാട്ടിൽ നിന്ന് കുടിയേറിയ ചെട്ടികളും വയനാട്ടിലുണ്ടായിരുന്നു.

ആദിവാസികളിൽ മുഖ്യജനവിഭാഗമായിരുന്ന കുറുമരുടെ പ്രധാനകൃഷി വയലിൽ നെല്ലും കുന്നുകളിൽ മുത്താരിയും ചോളവും കരിമ്പും ആയിരുന്നു. പുകയില, പരുത്തി, ചണം എന്നിവയും കൃഷി ചെയ്തിരുന്നു. പനഞ്ചക്കരയും, കരിമ്പിൻ നീരു കുറുക്കി ശർക്കരയും ഉണ്ടാക്കിയിരുന്നു. പരുത്തി കൊണ്ടു തുണിയുണ്ടാക്കുമായിരുന്നു. കമ്പിളിത്തുണികൾ കർണ്ണാടകത്തിൽ നിന്നാണ് വന്നിരുന്നത്. മുളകൊണ്ടാണ് സാധാരണ വീടുകൾ ഉണ്ടാക്കിയിരുന്നത്.ചുമരുകൾ മുളകൊണ്ടു മെടഞ്ഞു മണ്ണുതേച്ചു പിടിപ്പിച്ചു വൈക്കോൽ കൊണ്ടാണു പുരമേഞ്ഞിരുന്നത്.

കർക്കിടകം 14, കർക്കിടക സംക്രാന്തി, തുലാപ്പത്ത്, മകരം 30 ഉച്ചാൽ എന്നിവയാണു കുറുമരുടെ വിശേഷ ദിനങ്ങൾ. കുറുമർ ഐത്തം ആചരിച്ചിരുന്നു. വേടപാരമ്പര്യമുള്ള കുറുമരുടെ ആൺകുട്ടികൾ തുലാപത്തിന്ന് (പുത്തരിയുത്സവത്തിന്ന്) അമ്പെയ്ത്ത് പരിശീലനത്തിന്ന് ആരംഭം കുറിക്കും. നായാട്ടിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും വേട്ടമൃഗത്തിന്റെ സമ ഓഹരി നൽകിയിരുന്നു. വെളിഞ്ഞിക്കോല് വെച്ചു പക്ഷികളെ പിടിക്കുന്നതിന്ന്, പ്രത്യേക വൈദഗ്ദ്ധ്യം തന്നെയുണ്ടായിരുന്നു. പുഴ മുറിച്ചു കെട്ടി മീൻ പിടിച്ചാൽ ഒരു പങ്ക് തമ്പുരാന് കൊടുക്കണമെന്നായിരുന്നു.

പണിയൻ, അടിമത്വത്തിൽ ജനിച്ചു, അടിമത്വത്തിൽ വളർന്നു, അടിമത്വത്തിൽ തന്നെ മരിച്ചു മണ്ണടിയുന്ന ഹതഭാഗ്യരായ ജനവിഭാഗമായിരന്നു. ആയുഷ്ക്കാലം മുഴുവൻ ജന്മികളുടെ കീഴിൽ വല്ലികെട്ടി നിൽക്കുന്ന അടിമകളായിരുന്നു പണിയർ. വയലരുകുകളിൽ കുടിൽകെട്ടി, ജന്മിഭൂമികളിൽ പകലന്തിയോളം പണിയെടുത്തിരുന്ന പണിയരെ, കന്നുകാലികളെപ്പോലെ വള്ളിയൂർ കാവുത്സവത്തിന്ന്,വിലപേശി വിൽക്കുമായിരുന്നു. ഒരു തുണ്ടു ഭൂമിയോ ഒരു ഇരുമ്പ് ആയുധമോ കൈവശം വെക്കുന്നതിനും പണിയർക്ക് അവകാശമുണ്ടായിരുന്നില്ല. പണിയരുടെ അടിമപ്പണി 1962 ൽ ആണു നിയമം മുഖേന അവസാനിപ്പിച്ചത്.

ഊരാളികൾ, നാമമാത്രമായ ഭൂമിയുടെ ഉടമകളായിരുന്നു. ഓടയും മുളകൊണ്ടും ഉണ്ടാക്കുന്ന, പാടികൾ എന്നു പറയുന്ന കുടിലുകളിൽ ജീവിച്ചിരുന്നു. വിദഗ്ധരായ കൈത്തൊഴിൽക്കാരായിരുന്ന ഇവർ കൊട്ട, വട്ടി, മുറം കുടകത്തി കലപ്പ, തുടങ്ങിയ വീട്ടുപകരണങ്ങളും പണിയായുധങ്ങളും ഉണ്ടാക്കിയിരുന്നു. ലിപികളില്ലാത്ത പ്രാകൃത ഭാഷസംസാരിക്കുന്ന ഊരാളികൾ ഒരു തനത് സംസ്കാരത്തിന്റെ ഉടമകളാണ്.

ആദിവാസികളിലെ മറ്റൊരു വിഭാഗമായ കാട്ടുനായ്ക്കൻമാർ വനാന്തരങ്ങളിൽ വേട്ടയാടിയും കായ്കനികൾ ശേഖരിച്ച് ഉപജീവനം നടത്തിയിരുന്നു. നായാടി വർഗ്ഗമായ ഇവർ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നില്ല. ഇവരുടെ ഭാഷ പ്രാകൃത കന്നടയാണ്.

അമ്പലങ്ങളിലെ ഉത്സവങ്ങൾക്ക് ആദിവാസികളെല്ലാം ഒത്തുകൂടുമായിരുന്ന. ഉത്സവത്തിന്റെ നടത്തിപ്പിന്ന്, ആദിവാസി വിഭാഗങ്ങളിൽ ഓരോരുത്തർക്കും ഓരോ അവകാശമുണ്ടായിരുന്നു. നായർ ഊരാളന്മാരായിരുന്നു അമ്പലത്തിന്റെ നടത്തിപ്പുകാർ. ബ്രഹ്മണർ പൂജാരികളും പുറക്കാടി, മാനികാവ്, തിരുനെല്ലി, മലക്കാട്ട്, മീനങ്ങാടി, പൊങ്ങിണിച്ചിക്കല്ലൂർ,എന്നിങ്ങനെ ആറു ദേവസ്വങ്ങളും, അവയുടെ ഭൂമികളുമുണ്ടായിരുന്നു. പുറക്കാടി ദേവസ്വത്തിന്നു ആറായിരത്തിലേറെ ഏക്കർ ഭൂമിയുണ്ടായിരുന്നു. അമ്പലത്തിനികത്ത് ആദിവാസികൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. അമ്പലത്തിനോടനുബന്ധിച്ച് തിറയുത്സവങ്ങൾ ആദിവാസികൾ നടത്തിയിരുന്നു. [redacted]

കേരളവർമ്മ പഴശ്ശിയുടെ 1805 ലെ വീരചരമത്തോടെ വയനാടു ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണത്തിൻ കീഴിലായി. ഇതോടെ നാടുവാഴി ഭരണത്തിന്നു തിരശ്ശീല വീണു. 1812 ൽ ബ്രിട്ടീഷുകാർക്കെതിരെ ആദിവാസികൾ ഐതിഹാസികമായി ചെറുത്ത് നിൽപ് സമരം നടത്തിയെങ്കിലും നിഷ്കരുണം അതു അടിച്ചമർത്തപ്പെട്ടു. വയനാടു ഒരു പുതിയ ചരത്രഘട്ടത്തിലെക്ക പ്രവേശിച്ചു.

കമ്പനിസായിപ്പിന്റെ ഭരണം, വയനാടിന്റെ പാരമ്പര്യാധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥയെ മാറ്റി മറിച്ചു. നികുതിപിരിവ്, വസ്തുക്കളുടെ ജന്മാവകാശം,ക്രമസമാധാന പരിപാലനം, നീതിന്യായ കോടതി എന്നിവക്കെല്ലാം മലബാറിന്നു മുഴുവൻ നിലനിന്നിരുന്ന ഏകീകൃത

നിയമം വയനാട്ടിലും നടപ്പിലാക്കി;ആധുനിക റവന്യു സമ്പ്രദായത്തിന്നുതുടക്കം കുറിച്ചു. 1822 ൽ വയനാട്ടിൽ 22659 ആയിരുന്നു ജനസംഖ്യ. 49629 രൂപയുടെ റവന്യു വരുമാനമാണു ബ്രിട്ടീഷുകാർക്ക് കിട്ടിയിരുന്നത്. 1863ൽ തെക്കും വടക്കും വയനാടുകളായി വിഭജിച്ചു. താലൂക്ക് ഭരണസംവിധാനം ഏർപ്പെടുത്തി വൈത്തിരി ആയിരുന്നു ആസ്ഥാനം.

ബ്രിട്ടിഷ് ആധിപത്യംകൊടികുത്തിവാണിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാത വേളയിൽ പുത്തൻ സാമ്പത്തിക വ്യവസ്ഥയോടു യോജിച്ചു നീങ്ങുന്ന ഭൂപ്രമാണികൾ, തോട്ടവിളകളുടെ നാടിനെ വാണിജ്യവൽക്കരിക്കുകയായിരുന്നു. മലകളിൽ കാപ്പിത്തോട്ടവും ഓറഞ്ചുതോട്ടവും ആരംഭിച്ചു. പുതിയ എസ്റ്റെയ്റ്റ് റോഡുകളുണ്ടാക്കി. മണിയങ്ങാടു കൃഷ്ണഗൗഡർ 1917 ൽ ഉണ്ടാക്കിയതാണു കൃഷി ഗിരി മട്ടപ്പാറ റോഡ്. തോട്ടങ്ങളിലെ പണികൾക്കായി കങ്കാണിമാർ മുഖേന മലബാറിന്റെ വിവിധ ഭാഗങ്ങളിൽനിന്നും തമിഴ് നാട്ടിൽ നിന്നും കൂലി തൊഴിലാളികളെ കൊണ്ടുവന്നു കൊടും തണുപ്പും മലമ്പനിയും കഠിനാധ്വാനവും ശോചനീയമായ ജീവിത സാഹചര്യങ്ങൾകൊണ്ടും ചത്തൊടുങ്ങിയവരുടെ എണ്ണം അസംഖ്യമാണ്. 1928 ൽ ഒരു കാപ്പി തോട്ടത്തിലെ പുരുഷത്തൊഴിലാളിക്കു എട്ടു അണയും സ്ത്രീക്ക് നാലണയുമായിരുന്നു കൂലി.

മീനങ്ങാടിയുടെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന കോഴിക്കോട്ടു മൈസൂർ റോഡ് ആയിരുന്നു പ്രധാന ഗതാഗത മാർഗ്ഗം. പലചരക്കു സാധനങ്ങൾ ഗുണ്ടൽപേട്ടയിൽ നിന്നു കാളവണ്ടിയിലായിരുന്നു വന്നിരുന്നത്. മീനങ്ങാടി 54 ൽ നൂറുകണക്കിന്ന് കാളവണ്ടികൾ താവളമടിക്കുമായിരുന്നു. എന്നു പഴമക്കാർ പറയുന്നു. വൻകിട തോട്ടഉടമകളുടെ യാത്രാവഹനം കാളവണ്ടിയായിരുന്നു. കോഴിക്കോട്ടുനിന്നു പുറപ്പെട്ടു മൈസൂരിലെത്തുന്ന മാരുതി ബസ് ആയിരുന്നു ആദ്യത്തെ ബസ്സ് സർവ്വീസ്.പിന്നിട്ട് സി.ഡ്ളു .എം.എസ് ബസു സർവ്വീസ് നടത്തി തുടങ്ങി.

ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്ന, 1934 ൽ മഹാത്മാജി നടത്തിയ വയനാടു സന്ദർശനം ആവേശം പകർന്നു. ദേശീയ സ്വാതന്ത്ര്യ സമരത്തിന്ന്, വയനാട്ടിലെ ഭൂപ്രഭു കുടു:ബങ്ങളിൽ നിന്നെത്തിയവരാണു നേതൃത്വം നൽകിയിരുന്നത്. ആദ്യകാലനേതാക്കളായ കൃഷ്ണഗൗഡർ എം. എ ധർമ്മരാജൻ എന്നവരുടെ പിൻഗാമികളായി സൂര്യമ്പത്ത് നായന്മാർ, കുപ്പത്തോടു നായൻമാർ എന്നിവരോടൊപ്പം, മീനങ്ങാടിയിലെ വെളുത്തേടത്ത അബൂബക്കർ സാഹിബ്, കെ.ജി മാധവൻനായർ,കൃഷ്ണഭട്ട, മണങ്ങുവയൽനാരായണൻ നായർ വി.ഉണ്ണിനായർ എന്നിവരും, സമരരംഗത്തുണ്ടായിരുന്നു. വയനാടൻ ചെട്ടിമാരും, കുറമ്പരും സ്വാതന്ത്ര്യ സമരത്തിന്റെ പാതയിൽ ചേർന്നതോടുകൂടി ദേശീയ പ്രസ്ഥാനം സജീവമായി.

1947 ൽ സ്വാതന്ത്ര്യം നേടിയിതോടെ, തിരുവിതാംകൂറിൽ നിന്നു, കൃസ്ത്യാനികളുടേയും ഈഴവരുടേയും വൻതോതിലുള്ള കുടിയേറ്റം മീനങ്ങാടിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിച്ചു.ജന്മിമാരിൽ നിന്നും, ദേവസ്വത്തിൽ നിന്നും ഭൂമി വാങ്ങിയ കുടിയേറ്റ ജനത കാർഷിക മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തി. കാടുകൾ വെട്ടിത്തെളിച്ചു കപ്പയും, ചേനയും കാച്ചിലും നട്ടു. പുൽത്തൈലകൃഷി ആരംഭിച്ചു. കൃഷിരീതിയിലൂള്ള മാറ്റങ്ങൾ കച്ചവടരംഗം സജീവമാക്കി.പലചരക്ക് കടകളോടൊപ്പം മലഞ്ചരക്കുകടകളും പുതിയതായി തുറക്കപ്പെട്ടു. വയനാട്ടിലെ പ്രധാനപ്പെട്ട മലഞ്ചരക്ക്കേന്ദ്രവും കാലിച്ചന്തയും മീനങ്ങാടിയായിരുന്നു. സാമ്പത്തിക ഇടപാടുകൾക്ക സ്ഥാപിക്കപ്പെട്ട ഐക്യനാണയ സഹകരണ സംഘം പിന്നീട് പുറക്കൊടു സർവവ്വീസ് സഹകരണ സംഘമായി വളർന്നു. സ്വാതന്ത്ര്യസമര സേനാനികളായ വി.ദാമോദരൻ നായർ (സ്വ.ലേ) പി. ഒ.ജി നമ്പ്യാർ എന്നിവർക്ക് താമ്രപത്രം ലഭിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സ്വാതന്ത്ര പ്രാപ്തിക്ക് ശേഷമുണ്ടായ വൻതോതിലുള്ള കുടിയേറ്റക്കാരിൽ ബഹുഭൂരിഭാഗവും മുവ്വാറ്റുപുഴയിൽ നിന്നുള്ള ക്രിസ്ത്യാനികളായിരുന്നു. 1949 ൽ ചുരുക്കം ഇടവകക്കാരോടു കൂടി തുടങ്ങിയ മീനങ്ങാടി സെന്റ് പിറ്റേഴ്സ് പള്ളിയുടെ ആദ്യത്തെ വികാരി പുതുശ്ശേരി അച്ചനായിരുന്നു. തുടർന്ന് വികാരിയായ ഫാദർ പൗലോസ് പുമുറ്റത്തിൽ അവർകളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കൊണ്ട് മീനങ്ങാടി പള്ളി മലബാറിലെ പ്രസിദ്ധമായ ക്രിസ്ത്യൻ ദേവാലയമായിതീർന്നു. ക്രിസ്ത്യാനികളുടെ വിവധ ഭാഗങ്ങളായ കത്തോലിക്ക സഭ, പെന്തിക്കോസ്

സഭ, ലൂതർമിഷൻ എന്നിവരുടെ പള്ളികളും ഉയർന്നു വന്നു. മത്സ്യാവതാര മഹാവിഷ്ണുക്ഷേത്രം, മാരിയമ്മൻ ക്ഷേത്രം എന്നിങ്ങനെ പല ഹൈന്ദവ ക്ഷേത്രങ്ങളും പുനരിദ്ധരിക്കപ്പെട്ടു. മീനങ്ങാടിയിലെ ആദ്യകാല മുസ്ലീം സമുദായത്തിന്റെ ഉദ്ധാരകനായി പ്രവർത്തിച്ച വെളത്തേടത്ത അബൂബക്കർ സാഹിബ് സംഭാവന് ചെയ്ത സ്ഥലത്താണ് മീനങ്ങാടി ജൂമാ മസ്ജിദ് സ്ഥിതി ചെയ്യുന്നത്. ആദ്യത്തെ സ്രാമ്പിയ 1952 ൽ ജുമഅത്ത് പള്ളിയായി ത്തീർന്നു. ഈ പള്ളി വീണ്ടും പുതുക്കി പണിത് മുസ്ലിം സമുദായത്തിലെ എല്ലാ വിഭാഗക്കാരുടെയും ഈ പഞ്ചായത്തിലെ ഏക ആരാധനാലയമാണ് ജുമാമസ്ജിദ് എന്ന കാര്യം ഒരു പ്രത്യേകതയാണ്. ചുരുക്കത്തിൽ വിവിധ മത വിഭാഗങ്ങൾ ഒന്നിച്ച് ജീവിക്കുന്ന മീനങ്ങാടിയിലെ ജനങ്ങൾക്ക് ഉൽകൃഷ്ടമായ ഒരു അധ്യാത്മിക പശ്ചാത്തലമാണുള്ളത്.

1935 ൽ ആണ് മീനങ്ങാടിയിൽ ആദ്യത്തെ എൽ.പി. സ്ക്കൂൾ സ്ഥാപിക്കപ്പെട്ടത്,സ്വാതന്ത്രപ്രാപ്തിക്ക് ശേഷം മൈലമ്പാടി സർവ് ഇന്ത്യാ ആദിവാസി എൽ.പി. സ്ക്കൂൾ കൊളഗപ്പാറ ഹരിജൻ വെൽഫെയർ സ്ക്കൂൾ എന്നിവ ആരംഭിച്ചു. കുടിയേറ്റ ജനതയുടെ കുട്ടികൾ എൽ.പി. സ്ക്കൂളുകളിൽ നിറഞ്ഞു വന്നു. 1953 ൽ മീനങ്ങാടി എയിഡഡ് യു.പി. സ്ക്കൂളും, 1958 ൽ ഗവർൺമെണ്ട് ഹൈസ്ക്കൂളും സ്ഥാപിതമായി.

മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന വയനാട്ടിൽ 1950 കൾ കർഷക സമരങ്ങളുടെ വേലിയേറ്റ വർഷങ്ങളായിരുന്നു. ഇടതു പക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കർഷക സമരങ്ങൾക്ക് നേതൃത്വം കൊടുത്തു പോന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ആധിപത്യമുണ്ടായിരുന്ന മീനങ്ങാടിയിൽ കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് പാർട്ടികൾ വേരു പിടിക്കുവാൻ തുടങ്ങി. കെ. ബാലകൃഷ്ണനായർ, കെ.ജി. മാധവൻ നായർ, മണങ്ങുവയൽ നാരായണൻ നായർ, പി.സി. ദാമോധരൻ നായർ, വി. ഉണ്ണിനായർ എന്നിവരായിരുന്നു കോൺഗ്രസ് നേതാക്കൾ. കൽപണിക്കാരൻ മണി, ആശാരി വാസു എന്നിവരോടപ്പം യുവാക്കളായ പി.വി. വറുഗീസ് വൈദ്യർ, എസ്. എ. മജീദ് എന്നിവർ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിന്ന് നേതൃത്വം കൊടുത്തു പോന്നു. വി. അബൂബക്കർ സാഹിബ് ആയിരുന്നു ആദ്യകാല സോഷ്യലിസ്റ്റ്. 1956 ൽ കെ.കെ. അബൂബക്കർ സാഹിബിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് പാർട്ടി സജീവ പ്രവർത്തനം തുടങ്ങി.

ഭൂമിയുടെ കൈവശാവകാശത്തിനും , പാട്ടബാക്കി കേസുകൾക്കും കുടിയൊഴിപ്പിക്കലിന്നുമെതിരെ ഇടതു പക്ഷ പ്രസ്ഥാനങ്ങൾ നടത്തിയ സമരങ്ങൾ ജനങ്ങളുടെ രാഷ്ട്രീയ ബോധത്തിൽ മാറ്റങ്ങൾ വരുത്തി. 1954ൽ ഏ.കെ.ജി. യുടെ നേതൃത്വത്തിൽ ചീങ്ങേരി കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരം, മീനങ്ങാടിയുടെ കർഷക പ്രസ്ഥാനങ്ങളെ ഊർജ്ജസ്വലമാക്കി. തോട്ടം തൊഴിലാളികളുടെ ജോലി സ്ഥിരതക്കും, കൂലി വർദ്ധനവിനും, ബോണസ്സിനും വേണ്ടിയുള്ള തൊഴിലാളി സമരങ്ങൾ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് അടിത്തറയിട്ടു.

1957 ൽ കേരള സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയതോടെ കുടിയൊഴിപ്പിക്കലിന്ന് പരിഹാരമായി. റവന്യൂ ഭൂമികൾക്ക് പട്ടയം കിട്ടി. കുടിയേറ്റ ജനങ്ങളോട് ഇടപഴകിയ ആദിവാസികൾ പുതിയ കാർഷിക രീതികൾ സ്വീകരിക്കുവാൻ തയ്യാറായില്ലെങ്കിലും , സാമൂഹ്യ മാറ്റങ്ങൾ അവരുടെ ജീവിത രീതികളിലും വീക്ഷണത്തിലും സ്വാധീനം ചെലുത്തി തുടങ്ങി. എങ്കിലും പണിയർ അന്നും അടിമത്തൊഴിലാളികളായിരുന്നു. പുതിയ മനുഷ്യർ, പുതിയ പാതകൾ, ആശയങ്ങൾ, സ്ഥാപനങ്ങൾ മീനങ്ങാടിക്ക് ക്രമേണ ഒരു പുത്തൻ സാംസ്കാരിക പശ്ചാത്തലം രൂപപ്പെട്ടുവരുകയായിരുന്നു.

മീനങ്ങാടിക്ക് 1962 ൽ പഞ്ചായത്ത് ഭരണ രീതിക്ക് അനുവാദം കിട്ടി. 63 ൽ നവമ്പറിൽ തിരെഞ്ഞെടുക്കപ്പെട്ട ഏഴു മെമ്പർമാർക്കും, നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിത മെമ്പർ അടക്കം എട്ടു അംഗങ്ങളുള്ള പുറക്കാടി പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു. കെ. ബാലകൃഷ്ണൻ നായർ (പ്രസിഡണ്ട്) പി.സി. ദാമോധരൻ നായർ ( വൈസ് പ്രസിഡണ്ട്) അപ്പാട്ട് നാരായണൻ, പോളൻ, (കോൺഗ്രസ് 4) ഒ.ജെ. അബ്രഹാം, പി. ചന്തുക്കുട്ടി നായർ ( കമ്മ്യൂണിസ്റ്റ് 2) കെ. വറുഗ്ഗീസ് (സോഷ്യലിസ്റ്റ്) കെ. ശാരദാമ്മ എന്നിവരായിരുന്നു ആദ്യത്തെ മീനങ്ങാടി പഞ്ചായത്ത് മെമ്പർമാർ. 1973 ൽ കെ. ബാലകൃഷ്ണൻ നായർ പ്രസിഡണ്ട് സ്ഥാനം രാജിവെക്കുകയും , പി.സി. ദാമോധരൻ നായർ പ്രസിഡണ്ടാവുകയും ചെയ്തു. 1973 ൽ പഞ്ചായത്തിന്റെ പേര് മീന

ങ്ങാടി പഞ്ചായത്ത് എന്ന് പുനർ നാമകരണം അംഗീകരിച്ചു. ആദ്യത്തെ ബോർഡ് പതിനാറു കൊല്ലം ഭരിച്ചു.

1967 ൽ ഇടതു പക്ഷ ജനാധി പത്യ മുന്നണി കേരളത്തിൽ അധി കാരത്തിലെത്തിയതോടെ, പാട്ടം റദ്ദാക്കിയത് നിരവധി പാട്ട ബാക്കി കേസുകൾ അവസാനിപ്പിക്കു വാനും കർഷകർക്ക് ആശ്വാസം നൽകുവാനും സഹായിച്ചു. കൈ വശ ഭൂമികൾക്ക് പട്ടയം ലഭിച്ച തോടെ കാർഷികവൃത്തി അഭി വൃദ്ധി പ്രാപിച്ചു. സഹകരണ ബാങ്കിൽ നിന്ന് വായ്പകൾ ലഭിക്കു ന്നതിന് പട്ടയ രേഖകൾ ഉപകരിച്ചു. 1969 ൽ കനറാ ബാങ്ക് സ്ഥാപിത മായി. 1973 ൽ മീനങ്ങാടിയിൽ ക്ഷീരവ്യവസായ സഹകരണ സംഘം ഉൽഘാടനം ചെയ്യപ്പെട്ടു. സംഘത്തിന്റെ സ്ഥാപക പ്രസി ഡണ്ട് അബ്രഹാം ബെൻഹർ ആണ്. 1972 ലെ മിച്ചഭൂമി സമരവും 1973 ലെ എൻ.ജി.ഒ. സമരവും മീന ങ്ങാടിയുടെ രാഷ്ട്രീയ ജീവിത ത്തിൽ വലിയ ചലനങ്ങൾ ഉണ്ടാ ക്കിയിട്ടുണ്ട്. 1975ൽ അടിയന്തിരാവ സ്ഥയിൽ മീനങ്ങാടിയിൽ നിരവധി രാഷ്ട്രീയ അറസ്റ്റുകൾ ഉണ്ടായി. മർദ്ദനങ്ങൾക്ക് വിധേയരായവർ അനവധിയാണ്.

1979ൽ നടന്ന പഞ്ചായത്ത് തിര ഞ്ഞെടുപ്പിൽ പി.വി. വറുഗ്ഗീസ് വൈദ്യർ പ്രസിണ്ടും, എസ്.എ. മജീദ് വൈസ് പ്രസിഡണ്ടുമായി ഒമ്പതംഗങ്ങളുള്ള പുതിയ ബോർഡ് തിരഞ്ഞെടുക്കപ്പെട്ടു. 1984ൽ കാലാവധി പൂർത്തിയാ ക്കിയ പഞ്ചായത്ത് ബോർഡ് പിരിച്ചു വിട്ടു. 1987 ൽ ആണ് വീണ്ടും തിരഞ്ഞെടുപ്പ് നടന്നത്. വറുഗ്ഗീസ് വൈദ്യർ പ്രസിഡണ്ടും, മുകുന്ദൻ കമ്പോണ്ടർ വൈസ് പ്രസിഡണ്ടുമായ പത്തംഗ ബോർഡ് തിരഞ്ഞെടുക്കപ്പെട്ടു. 1991ൽ നടന്ന ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ മീനങ്ങാടിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട എസ്.എ. മജീദ് വയനാട്ടിലെ ആദ്യ ജില്ലാ കൗൺസിൽ പ്രസിണ്ടായി.

പഞ്ചായത്ത് രാജ് നിയമപ്ര കാരം തിരഞ്ഞെടുക്കപ്പെട്ട ഇപ്പോ ഴത്തെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി 4-10-95ന് കെ.കെ ശശി യുടെ നേതൃത്വത്തിൽ അധികാര മേറ്റു. പ്രസന്നാവേണുഗോപാൽ വൈസ്പ്രസിഡണ്ടും ശാന്താ കെ. നായർ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേർസണും ആണ്. കെ.വി ജോൺ, ഡയിസി ഡേവിഡ്, ടി.ആർ. ബാലകൃഷ്ണൻ, എൻ. കുമാരൻ മാസ്റ്റർ, എം. രാഘവൻ, കെ. ജയപ്രകാശൻ, അംബികാബാ ലൻ, കെ. കുഞ്ഞിക്കണ്ണൻ, കെ. ശംഭൂ എന്നിവരാണ് പഞ്ചായത്ത് ബോർഡ് മെമ്പർമാർ.

പന്ത്രണ്ട് കൊല്ലം മീനങ്ങാടി പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന വറുഗ്ഗീസ് വൈദ്യർ, 1996ലെ അസംബ്ലി തിരഞ്ഞെടുപ്പിൽ ബത്തേരി നിയോജക മണ്ഡല ത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട്. മീനങ്ങാടിയുടെ അഭിമാനമായി മാറി.

പ്രാചീന സംസ്കാരത്തിന്റെ നഷ്ട സ്മൃതികളേന്തുന്ന ആദിവാ സികളും, ആധുനികതയുടെ പരി വേഷം ചാർത്തുന്ന ആധുനിക ജന തയും, ഒന്നിച്ച ജീവിക്കുന്ന മീന ങ്ങാടിക്ക് മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യമാണു ള്ളത് എന്ന് ചരിത്ര പാഠങ്ങൾ നമ്മെ ഉൽബോധിപ്പിക്കുന്നു. ഈ സാംസ്കാരിക പൈതൃകം സമൂഹ ത്തിന്റെ പുനഃസൃഷ്ടിക്കുള്ള ചാല കശക്തിയായിതീരുമെന്ന് പ്രത്യാ ശിക്കാം.

# കൃഷിയും ജലസേചനവും

പുറക്കാടി. മാനികാവ്, തിരുനെല്ലി, മലക്കാട്, മീനങ്ങാടി എന്നീ ദേവസ്വത്തിന് കീഴിലും, ജന്മഭൂമിയുമായിരുന്നു ഈ പഞ്ചായത്തിലെ ഭൂമിയുടെ ഉടമകൾ പുറക്കോടി ദേവസ്വത്തിനായിരുന്നു എറ്റവും കൂടുതൽ ഭൂമിയുണ്ടായിരുന്നത്. റവന്യൂ ഭൂമിയുമുണ്ടായിരുന്നു.

പുറക്കാടി പൂമാല തടത്തിൽ പരദേവത ദേവസ്വം എന്നായിരുന്നു പുറകോടി ദേവസ്വത്തിന്റെ പേര്. 6000 ഏക്കർ ഭൂമിയായിരുന്നു ഉണ്ടായിരുന്നത്. ദേവസ്വം ട്രസ്റ്റി മാനേജ്മെന്റിന് കീഴിലായിരുന്നു. കുപ്പതോടൻ നായർ, ചീക്കല്ലൂർ നായർ, തൊണ്ടൂർ നമ്പ്യാർ, പുൽപടി നായർ തുടങ്ങിയവരായിരുന്നു ആദ്യകാലട്രസ്റ്റിമാർ. കുപ്പത്തോടൻ നായർക്കായിരുന്നു മേൽനോട്ടം. ഗോവിന്ദൻ എന്ന മൂപ്പലൻ നായർ 300 ഏക്കർ പത്മപ്രഭക്ക് എട്ടണപാട്ടത്തിന് കൊടുത്തു. ധർമ്മ രാജയ്യർ 3500 ഏക്കർ വാങ്ങി, ഇതിൽനിന്നും 1000 ഏക്കർ ഭൂമി ദേവസ്വത്തിന് സറണ്ടർ ചെയ്തു സി.സി. കമ്പനിക്ക് കൊടുത്തു. ബാക്കി വരുന്ന 2500 ഏക്കറിൽ 500 ഏക്കർ ജിനചന്ദ്രനും കൊടുത്തു. ബാക്കി 2000 ഏക്കർ ധർമ്മരാജർ കൈവശമായിരുന്നു. പിന്നീട് രാമൻ എന്ന കുപ്പത്തോടൻ നായരെകൊണ്ട് കേശവൻ നായർ ചാർത്തുകളെല്ലാം അസാധുവാക്കണമെന്ന് പറഞ്ഞ് കോഴിക്കോട് കോടതിയിൽ കേസു കൊടുപ്പിച്ചു. കേസു മുന്നോട്ട് കൊണ്ട്പോകുവാൻ സാധിച്ചില്ല. മാനേജരായ കേശവൻനായർ 1964 നവംബറിൽ മരിച്ചു. തുടർന്ന് മരുമകനായ ബാലകൃഷ്ണൻ നായർ മാനേജരായി. മദിരാശി ഹിന്ദു ധർമ്മ സ്ഥാപന ഡപ്യൂട്ടി കമ്മീഷണർ കോയമ്പത്തൂർ ആഫീസിൽ ഈ ചാർത്തുകളെല്ലാം അസാധുവാക്കാൻ കേസ് ഫയൽ ചെയ്തു. ഹിന്ദു ധർമ്മ സ്ഥാപനം വേണ്ടത്ര ശ്രദ്ധിക്കാത്തതിനാൽ 4 കൊല്ലം കേസ് നടത്തിയിട്ട് ഒന്നുമായില്ല. തുടർന്നു ട്രസ്റ്റി നിർദ്ദേശപ്രകാരം അവരുമായി ഒത്തുതീർപ്പിലെത്തി. ദേവസ്വത്തിന് ധർമ്മരാജൻകൈവശം വച്ച 2000 ഏക്കറിൽ 1500 ഏക്കർ തിരികെ കൊടുക്കാനും, ബാക്കി കൈവശഭൂമിക്ക് ഒരുരൂപ വച്ച് പാട്ടമായി കൊടുക്കാനും തീർച്ചയായി.

കൃഷിയെന്നത് പ്രധാനമായും നെൽകൃഷിയായിരുന്നു. പ്രധാന കുടിയന്മാരായ കുറുമാർ, ചെട്ടമാർ, കുറിച്ച്യൻ എന്നിവർ കൃഷിക്കരായിരന്നു. ഇവർക്ക് പാട്ടത്തിന് സ്ഥലം കൊടുത്തിരുന്നു. വയലുകളിൽ ഒരു പൂകൃഷി മാത്രമേ നടത്തിയിരുന്നുള്ളൂ. വിഷു പിറ്റേന്നാണ് കൃഷിയിറക്കിയിരുന്നത്. ചെന്നല്ല്, തൊണ്ടി പാൽ തൊണ്ടി, വെളിയൻ, മണ്ണു വെളിയൻ, ഗന്ധക ശാല, ജീരകശാല, കയ്മ, ചോമാല എന്നീ മൂപ്പ് കൂടിയ വിത്തുകൾ മഴ ആശ്രയിച്ചു യാതൊരു വള പ്രയോഗവും നത്താതെ 100 മേനി വരെ വിളവായിരുന്നു. കൃഷിയെ യാതൊരു വിധ രോഗവും ബാധിച്ചിരുന്നില്ല.

ആദിവാസികൾക്ക് നിലം ഉഴുന്നതിനും പാലിനുമായി ധാരാളം കന്നുകാലികളുണ്ടായിരുന്നു. കൊയ്ത്ത് കഴിഞ്ഞാൽ 'വീടുകാലി' സമ്പ്രദായമായിരുന്നു. ആദിവാസികൾക്ക് കിട്ടുന്ന നെല്ല് പ്രത്യേക രീതിയിൽ പുഴുങ്ങി അരിയാക്കി വിറ്റിരുന്നു.

ജന്മിമാർ കരകൃഷിയിൽ വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല. കാപ്പി, കുരുമുളക് എന്നിവയുണ്ടായിരുന്നു. ഉതിരൻ കല്ലുവള്ളി, വാലൻകോട്ട എന്നീയിനം കുരുമുളക് വള്ളികളായിരുന്നു. കൃഷ്ണഗിരിയിൽ ബി.എ.കേമറൽ സായ്പ്, പുതിയ തോട്ടം റോഡ്രിക് എന്നീ ബ്രിട്ടീഷ് തോട്ടങ്ങളും, പത്മപ്രഭ, ജിനചന്ദ്രൻ, ജൈന ഗൗഡൽ

മാരായ HS. ശ്രീകണ്ഠപ്പ, തിരുപ്പതി ഗൗഡർ, കൊരളമ്പത്ത് ഗൗഡർ, തുടങ്ങിയവരും, കുപ്പത്തോട്, സൂര്യമ്പത്ത് തുടങ്ങിയ നായർ കുടുംബങ്ങളുമാണ് തോട്ടങ്ങളുണ്ടാക്കിയത്. 1930- കളിൽ ഓറഞ്ചു കൃഷിയും 1950-കളിൽ പുൽ തൈല കൃഷിയും വന്നു.

1943-ൽ ബാലകൃഷ്ണൻ നായർ അധികാരിയായിരിക്കുമ്പോൾ 500 വീടുകളാണുണ്ടായിരുന്നത്. അക്കാലത്ത് കര കൃഷിക്ക് സ്ത്രീകൾ പോകുമായിരുന്നില്ല.

1948-ൽ മരനെല്ലി കുര്യാക്കോസാണ് ആദ്യ കുടിയേറ്റക്കാരൻ. കൊച്ചു പുരക്കൽ ജോസഫ്, നെടുങ്കോട്ടു കുടിമാണി എന്നിവരും വന്നു. ഇവർ കുടിയാൻമാരായ കൃഷിക്കാരിൽ നിന്നും ഭൂമി വാങ്ങി. തിരുവിതാംകൂറിൽ നിന്നും ധാരാളം കുടയേറ്റക്കാർ വരികയും ഭൂമി വാങ്ങുകയും കയ്യേറുകയും ചെയ്തു. കപ്പ, ചേന, കാച്ചിൽ, ചേമ്പ് തുടങ്ങിയ ഭക്ഷ്യ വിളകളാണധികവും കൃഷിചെയ്തിരുന്നത്. കൊടുവള്ളി പോലുള്ള പ്രദേശങ്ങളിൽ നിന്നും കച്ചവടക്കാർ സാധനങ്ങളുമായി വരികയും ഇവിടെ വിറ്റ് ഇവിടെ നിന്നും നെല്ല് മറ്റു സാധനങ്ങൾ കൊണ്ടുപോകുകയും ചെയ്തിരുന്നു. കൽപ്പറ്റ, മീനങ്ങാടി എന്നിവിടങ്ങളായിരുന്നു പ്രധാന ചന്തകൾ, കാളവണ്ടിയിലായിരുന്നു സാധനങ്ങൾ കൊണ്ടു പോയിരുന്നത്.

1957-ലെ കാർഷിക ഭൂപരിഷ്കരണ നിയമവും ജന്മിമാർ കുടിയേറ്റക്കാർക്ക് ഭൂമി വിൽക്കുന്നതിന് സന്നദ്ധത കാട്ടിയതും കാർഷിക മുന്നേറ്റത്തിനു വഴിതെളിച്ചു.

1958- കാലങ്ങളിൽ വളകൊന്ന നട്ടുപിടിപ്പിച്ചു. 1960 കളിൽ ഓറഞ്ച് കൃഷി നശിക്കാൻ തുടങ്ങി. രാസവളത്തിന്റെ പ്രയോഗവും തുടങ്ങി. 1970-കളുടെ തുടക്കത്തിൽ സങ്കരയിനം വിത്തുകളും വന്നു തുടങ്ങി.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 5351 ഹെക്ടറാണ്. ഇത് കുന്നുകളും, താഴ്വരകളും, പുഴ, വഴി എന്നിങ്ങനെയാണ് കാണപ്പെടുന്നത്. സംസ്ഥാനത്തിന്റെ ആളോഹരി കൃഷിഭൂമി 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേത് 0.17 ഹെക്ടറാണ്. 5813 കർഷക കുടുംബങ്ങളുണ്ട്. കറുത്ത മണ്ണ്, കളിമണ്ണ്, മണൽ മണ്ണ്, പശിമയുള്ള ചെമ്മണ്ണ് എന്നിവയാണ് പ്രധാന മൺതരങ്ങൾ, താഴ്വരകളിൽ കളിമണ്ണും, മണൽ മണ്ണും, കുന്നിൻ പ്രദേശങ്ങളിലും ചെരിവുകളിലും കറുത്ത മണ്ണും, പശിമയുള്ള ചെമ്മണ്ണും കാണപ്പെടുന്നു.

പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 20% നെൽവയലുകളാണ്. 3% തരിശു വനവുമുണ്ട്. ഉള്ള വയലിന്റെ 26% വയലുകൾ നികത്തി വീടുകളും, ദീർഘകാല കൃഷിയും, മറ്റ് വിവിധോദ്ദേശ പദ്ധതികളും വന്നു. 15% താൽകാലിക വിളകളും കൃഷി ചെയ്യുന്നു. ബാക്കി വരുന്ന 59% വയൽ മാത്രമേ നെൽകൃഷിക്ക് ഉപയോഗിക്കുന്നുള്ളൂ. ഇതിൽ തന്നെ 25% ഇരുപൂ കൃഷി ചെയ്യുന്നുള്ളൂ.

വർദ്ധിച്ചു വരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണപ്പെടുന്നത്. ഭൂരിഭാഗം പ്രദേശങ്ങളിൽ കുരുമുളക്, കാപ്പി എന്നിവയും താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് കൃഷി ചെയ്യുന്നത്. ഇടവിളകളായി പയർ, ഇഞ്ചി, ചേന എന്നിവ പലയിടങ്ങളിലും ഭാഗികമായി കൃഷി ചെയ്യുന്നുണ്ട്. അതിൽ നിന്നും മിതമായ രീതിയിൽ ആദായം ലഭിക്കുന്നു.

ഒന്നാം വിള കൃഷി ചെയ്യുന്ന ഭൂമിയിൽ നിന്നും 2000 മുതൽ 3000 കിലോ വരെയും, മൂന്നാം വിളക്ക് (പുഞ്ച) 3500 മുതൽ 4000 കിലോയും ഹെക്ടറിൽ നിന്ന് നെല്ല് ലഭിക്കുന്നു. ഇവിടെ കൂടുതലും നാടൻ വിത്തിനങ്ങളാണ് കൃഷിചെയ്യുന്നത്. കൂടാതെ മൂന്നാം വിളക്ക് ജയ, ജ്യോതി, മട്ടത്രിവേണി തുടങ്ങിയ സങ്കരയിനം വിത്തുകളും ഉപയോഗിക്കുന്നുണ്ട്. ഒന്നാം വിളക്കു ശേഷം. പച്ചക്കറി, ഇഞ്ചി, ചേന, കപ്പ, എന്നീ വിളകളും കൃഷി ചെയ്യുന്നു. തരിശു ഭൂമിയുമുണ്ട്.

## വളം:

സഹകരണ മേഖലയിലുള്ള മൂന്നും സ്വകാര്യ മേഖലയിലുള്ള ആറും ഉൾപ്പെട്ട ഒൻപത് വളം വിപണന കേന്ദ്രങ്ങളാണുള്ളത്. ഇതിൽ സഹകരണ മേഖലയുടെ പ്രവർത്തനം തൃപ്തികരമാണ്. രാസവളം ഇവിടെ ആവശ്യത്തിൽ കൂടുതൽ പല കർഷകരും ഉപയോഗിക്കുന്നുണ്ട്. കാലിവളം, ജൈവ വളം എന്നിവയുടെ പ്രയോഗവും നിലവിലുണ്ട്. ചില സാഹചര്യങ്ങളിൽ കർഷകർക്കു വേണ്ട രാസവളം കിട്ടാത്ത അവസരവുമുണ്ട്.

കരുമുളക്, വാഴ, നെല്ല്, ഇഞ്ചി എന്നീ വിളകൾക്കാണ് പ്രധാനമായും കീടനാശികൾ ഉപയോഗിക്കുന്നതെങ്കിലും, ശാസ്ത്രീയ രീതി

പട്ടിക 1.

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ. |
|---|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 3473 | 983 |
| 2 | 1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 1464 | 2457 |
| 3 | 2 ഹെക്ടറിന് മുകളിൽ | 876 | 1474 |
| 4 | വനം | | 160 |
| 5 | മറ്റുപയോഗങ്ങൾ | | 277 |
| | മൊത്തം | 5813 | 5351 |

ഭൂവിനിയോഗം പട്ടിക 2.

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | നെല്ല് | 541 | 11.72 |
| 2. | തെങ്ങ് | 491 | 10.90 |
| 3. | കുരുമുളക് | 2064 | 42.00 |
| 4. | കാപ്പി | 1082 | 22.00 |
| 5. | റബർ | 103 | 2.00 |
| 6. | കമുക് | 205 | 4.18 |
| 7. | വാഴ | 90 | 1.2 |
| 8. | മറ്റ് വിളകൾ | 338 | 6.00 |

നെൽകൃഷി : പട്ടിക 3.

| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1. | നെല്ല് ഒന്നാം വിള | 541 |
| 2. | നെല്ല് രണ്ടാം വിള | - |
| 3. | നെല്ല് മൂന്നാം വിള | 135.25 |

യിലുള്ള കീടനാശിനി പ്രയോഗമില്ല.

## കാർഷികോപകരണങ്ങൾ:

കർഷക സമിതികൾക്കായി കൃഷിഭവൻ മുഖേന നൽകിയ 5 പവർ ടില്ലറുകൾ, 40 റോക്കർ സ്പ്രേയറുകളും, കൂടാതെ പല കർഷകരും ഡിപ്പാർട്ട്മെന്റ് സബ്സീഡിയോടുകൂടി 60 റോക്കർ സ്പ്രേയറുകളും, 16 നാപ്സാക്ക് സ്പ്രേയറുകളും വാങ്ങിയിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ സബ്സിഡിയോടുകൂടി വാങ്ങിയ 4 പവർ ടില്ലറും, ഏതാനും ട്രാക്ടറുകളും, നിരവധി, ഉഴവ് മാടുകളും പരമ്പരാഗത കാർഷികോപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

## കൃഷിഭവൻ:

1987- സപ്തംബർ 1-നാണ് കൃഷിഭവൻ നിലവിൽ വന്നത്. 3 കൃഷി അസിസ്റ്റൻമാരും ഒരു ഓഫീസറും ഉള്ള ഓഫീസിന്റെ കീഴിൽ വിവിധ സമിതികൾ വന്നതിനുശേഷം ജനങ്ങൾക്കു കൂടുതൽ ഉപകാര പ്രദമായി. ഈ പഞ്ചായത്തിലെ കർഷകർക്കു ശാസ്ത്രീയ രീതിയിലുള്ള അറിവ് കുറവാണെങ്കിലും കൃഷിഭവന്റെ നേതൃത്വത്തിൽ നടത്തുന്ന ബോധവൽകരണ ക്യാമ്പുകളിൽ കർഷകരുടെ പങ്കാളിത്വം കുറയുന്നത് പേരായ്മയാണ്.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ വാർഡ് അടിസ്ഥാനത്തിൽ യോജിപ്പിച്ച് 11 പാടശേഖര സമിതിയും, 10 കുരുമുളക് സംരക്ഷണ സിതിയും, പഞ്ചായത്ത് തലത്തിൽ 10 പേരുള്ള കേര വികസന അഡ്ഹോക്ക് കമ്മറ്റിയും പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 4.

| വർഷം | നൈട്രജൻ (N2) | ഫോസ്ഫറസ് (P) | പൊട്ടാഷ് (K) |
|---|---|---|---|
| 1991 | 182 ടൺ | 165.ടൺ | 396.ടൺ |
| 1992 | 196. | 177. | 425 |
| 1993 | 232. | 192. | 452. |
| 1994 | 260. | 216 | 498. |
| 1995 | 298. | 240. | 516. |

## കാർഷിക വായ്പകൾ

ഒരു സഹകരണ സ്ഥാപനം അടക്കം 5 ബേങ്കുകളാണ് പഞ്ചായത്ത് പരിധിയിൽ വരുന്നത്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റാവശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നതായി കാണുന്നു.

## കൂലി നിരക്ക്

കൃഷി ഭൂമിയുടെ തുണ്ടുവൽക്കരണം ഇടത്തരം കർഷകർ പരിമിത കർഷകനായും, പരിമിത കർഷകൻ കർഷക തൊഴിലാളിയായും മാറുന്നു. കൂടാതെ നാണ്യ വിളകളുടെ നാശം കർഷ തൊഴിലാളികളുടെ എണ്ണം പെരുപ്പിക്കുന്നു. കർഷക തൊഴിലാളിക്ക് ശരാശരി കൂലി പുരുഷന് 75 രൂപയും, സ്ത്രീക്ക് 50 രൂപയുമാണ്. പഞ്ചായത്തിൽ ഏകീകരിച്ച കൂലി നിരക്കില്ല.

## ജലസേചനം

മഴ ആശ്രയിച്ചാണ് പ്രധാനമായും കൃഷി നടത്തുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും, സപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും ശരാശരി വർഷത്തിൽ 221.1 സെ:മീ: മഴ ലഭിക്കുന്നു (പട്ടിക6)

മൂന്ന് പ്രധാന പുഴകളും (നരസി പുഴ, പുറക്കാടി പുഴ, കുട്ടിരായൻ പുഴ) 23 കൈതോടുകളും, 5 പഞ്ചായത്ത് കുളങ്ങളും, 20 സ്വകര്യ കുളങ്ങളോടു കൂടിയ ജലസ്രോതസുണ്ടെങ്കിൽ തന്നെയും ജലസേചന സൗകര്യത്തിനു വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല. ഇവകൾ യഥാവിധി സംരക്ഷിക്കപ്പെടുന്നില്ല.

16 കി: മീറ്റർ നീളത്തിലുള്ള പുഴയിൽ പ്രധാനമായും നാല് വലിയ പമ്പ് സെറ്റുകളാണുള്ളത്. കോലമ്പറ്റ, ആർമാട്, താഴത്തു വയൽ മൈലമ്പാടി. കൂടാതെ വിവിധ പ്രദേശങ്ങളിലായി 56 പമ്പ് സെറ്റുകൾ കര കൃഷിക്കും, നെൽകൃഷിക്കും ജലസേചനം നടത്തുന്നു. പുഴകളിലും കൈതോടുകളിലുമായി 18 ചെക്കു ഡാമുകളുണ്ട്. രണ്ടെണ്ണം സ്വകാര്യ വ്യക്തികളുടേതാണ്. ചെക്കു ഡാമുകൾ മുഴുവൻ ഫലപ്രദമായി പ്രവർത്തിക്കുന്നവയല്ല. ഒരു മൺ ചിറയുമുണ്ട്. ചില കൈതോടുകൾ വേനൽ കാലത്ത് വറ്റുന്നവയാണ്. ചിലയിടങ്ങളിൽ ചതുപ്പു നിലങ്ങളുമുണ്ട്.

പഞ്ചായത്തിൽ 4 സ്വകാര്യ നാഴ്സറി കളാണുള്ളത്. സി.സി. മൈലമ്പാടി, പാലക്കമൂല കാക്കവയൽ എന്നി വിടങ്ങളിലായി തോട്ട വിള തൈകളാണധികവും വിൽക്കുന്നത്.

പട്ടിക 5.

**ബാങ്ക് വായ്പ സംബന്ധിച്ച വിവരങ്ങൾ ലക്ഷത്തിൽ**

| നമ്പർ | ബാങ്ക് | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1. | മീനങ്ങാടി സ: സഹ: ബാങ്ക് | 31 | 42 | 52 | 52 | 59 |
| 2. | കനറാ ബാങ്ക് മീനങ്ങാടി | 78 | 83 | 85 | 94 | 109 |
| 3. | സെറ്റയിറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൈനാട്ടി | | കണക്കുകൾ ലഭ്യമല്ല. | | | |
| 4. | സ: മയ: ഗ്രാമീണബാങ്ക് വാകേരി. | | | | | |
| 5. | ക:ഭൂ: ബാങ്ക് പനമരം | | | | | |

## മണ്ണ് ജല സംരക്ഷണം

ഇവിടെ കൂടുതലും ചരിവുള്ള ഭൂമിയായതിനാൽ മണ്ണൊലിപ്പിന്റെ തോതും വർദ്ധിക്കുന്നു. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ടു വൽക്കരണവും, കാർഷിക വൃത്തിയോടു വന്ന വിമുഖതയും കയ്യാല നിർമ്മാണത്തിനു വേണ്ട സാധനങ്ങളുടെ വിലയുയർന്നതും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. കൈ തോടുകളിലെയും, പുഴകളിലെയും മണൽ വാരുന്നതുകൊണ്ട് കൈ തോടുകളും പുഴകളും ഇടുങ്ങി ചെറുതായി തീരുകയും, വേനൽ കാലത്ത് ജലനിരപ്പ് താഴുന്നതു മൂലം വരൾച്ചയും, വർഷകാലത്ത് മലവെള്ളപ്പാച്ചിലിൽ കൃഷി നാശങ്ങൾ സംഭവിക്കുന്നുണ്ട്. മണ്ണൊലിപ്പിന്റെ ഫലമായി ഫലപുഷ്ടി നഷ്ടപ്പെടുകയും, നെൽവയലുകൾ നികത്തി കെട്ടിടങ്ങളും മറ്റും നിർമ്മിക്കുന്നതും കൃഷി സ്ഥലത്തിന്റെ അളവ് കുറയാൻ കാരണമാകുന്നു. ഇതുകൊണ്ട് ചിലയിടങ്ങളിൽ നീർകെട്ടനുഭവപ്പെടുന്നു.

## വിപണനം

ഉൽപ്പന്നങ്ങൾക്കു മാർക്കറ്റിങ്ങ് സംവിധാനം ശരിയായ രൂപത്തിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ചെറുകിട, പരിമിത കർഷകരുടെ ഉൽപ്പന്നങ്ങൾക്കു വേണ്ടത്ര ഗുണ നിലവാരമില്ലായെന്നതും വിലയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിനു കർഷകരിൽ ശരിയായ രീതിയിലുള്ള ബോധവൽക്കരണം ആവശ്യമാണ്. ഉൽപ്പന്നങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഭരിച്ച് ഉൽപ്പന്നങ്ങളുടെ ഈടിൽ മേൽ വായ്പ കൊടുക്കുന്ന സംവിധാനമുണ്ടാക്കിയാൽ കർഷകരെ കടകെണിയിൽ നിന്നും രക്ഷിക്കാവുന്ന ഒരു മാർഗ്ഗമാണ്. കാർഷിക മേഖലയിൽ ചില യിനം ഉൽപന്നങ്ങളുടെ ഉൽപാദനം കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. ശരിയായ വില കിട്ടാതിരുന്നതിനാൽ ഈ പഞ്ചായത്തിലെ ഭൂരപക്ഷം ചെറുകിട, പരിമിത കർഷകർ കാപ്പി കൃഷി പടെ നശിപ്പിച്ചു.

## പ്രശ്നങ്ങൾ

കൃഷിക്കാവശ്യമായ ജലസേചന സൗകര്യങ്ങളുണ്ടാക്കുക എന്നതാണ് പ്രധാന പ്രശ്നം. 4, 5, 6 എന്നീ വാർഡുകളിൽ കാട്ടു മൃഗങ്ങളുടെ ശല്യം സാരമായി കൃഷിയെ ബാധിക്കുന്നുണ്ട്. കാർഷിക മേഖലയിലെ ഉൽപാദന ചിലവിൽ വന്ന വർദ്ധനവ് ഉൽപാദനത്തെ ദോഷകരമായി ബാധിച്ചു. കർഷക തൊഴിലാളികളുടെ ലഭ്യത കുറവ് കൊണ്ട് സമയാ സമയങ്ങളിൽ കൃഷിയിറക്കാൻ കഴിയാത്തതുകൊണ്ടുള്ള ദോഷവും, കാലവസ്ഥയിൽ വന്ന മാറ്റവും, രോഗങ്ങളുമാണ് കൃഷിയുടെ ഉൽപാദനം കുറയുവാനുള്ള കാരണങ്ങൾ. കാപ്പി കൃഷിയെ ദേഷകരമായി ബാധിക്കുന്ന കീടങ്ങൾ തണ്ട് തുരപ്പൻ, കായ്തുരപ്പൻ മൂഞ്ഞ എന്നിവയാണ്. ഏറ്റവും കൂടുതൽ കൃഷി

പട്ടിക - 6.

**മഴയുടെ അളവ് മി:മീ:**

| വർഷം | ജനു: | ഫെ: | മാ: | ഏ: | മെ: | ജു: | ജൂല: | ആഗ: | സെ: | ഒക്ട: | നവം: | ഡിസ: |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | - | 15 | 89.75 | 237.75 | 174 | 376.75 | 695.75 | 313.75 | 291.75 | 214.75 | 46.00 | |
| 1992 | - | - | - | 74.75 | 185.50 | 704.25 | 556.25 | 363.25 | 197.00 | 148.00 | 144.50 | - |
| 1993 | - | - | 62.00 | 328.00 | 129.25 | 228.50 | 518.50 | 290 | 55.25 | 246.25 | 26.75 | 36.25 |
| 1994 | 66. | 13.25 | 24.25 | 162. | 129.75 | 572.50 | 773.50 | 233.50 | 134.75 | 288. | 59.25 | - |
| 1995 | 44.25 | 9.75 | 2.25 | 165.75 | 161.25 | 312.25 | 427.25 | 420.75 | 155.50 | 110.50 | 80.00 | - |

യുണ്ടായിരുന്ന കുരുമുളക്, ദ്രുത വാട്ടം എന്ന രോഗം കാരണം 35% കൃഷിയും നശിച്ചു. അശാസ്ത്രീയ മായ കൃഷി രീതികൾ, ഉൽപാദന ക്ഷമത കുറയുന്നതിനു കാരണ മായി. ജൈവ വള പ്രയോഗം വേണ്ട വിധത്തിൽ നടത്താത്തത് മണ്ണിന്റെ ഘടനയെ തന്നെ ബാധിച്ചു.

ശാസ്ത്രീയമായി മണ്ണ് പരിശോധിക്കാത്തതും, തെങ്ങ്, കമുങ്ങ് തുടങ്ങിയവയുടെ കൂമ്പ് ചീയൽ കൃഷിയെ ദോഷകരമായി ബാധിക്കുന്നവയാണ്. പ്രധാന കൃഷിയായിരുന്ന മരച്ചീനി ഇന്ന് ചില ഭാഗങ്ങളിൽ മാത്രമായി. ഇഞ്ചി കൃഷി മാഹാളി രോഗം കാരണം നാശം സംഭവിക്കുന്നതിനാൽ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് തുടങ്ങിയവിടങ്ങളിൽ കർഷകർ പോയി കൂട്ടത്തോടെ കൃഷി ചെയ്യുന്നു.

നെൽ വയലുകളിൽ ഇടവിളയായി കൃഷിചെയ്യാവുന്ന പച്ചകറി കൃഷി കർഷകർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട് വയലുകളിൽ വൻ തോതിൽ മറ്റ് വിളകൾ കൃഷി ചെയ്യുന്നു. നല്ലയിനം വിത്തുകൾ. തൈകൾ ഇവയുടെ ലഭ്യത കുറവ്, കൃഷിഭവന്റെ യഥാസമയത്തുള്ള നിർദ്ദേശങ്ങൾ, സഹായങ്ങൾ ഇവയുടെ അഭാവവും കാർഷികാവശ്യത്തിനുള്ള ബാങ്ക് ലോണുകൾ ദുരുപയോഗം ചെയ്യുന്നതും കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

പഞ്ചായത്തിലെ വാർഡുകളിലെ ഗ്രാമ സഭകളിലൂടെ ഉയർന്നു വന്ന പരിഹാര മാർഗ്ഗം നിലവിലുള്ള ജല സ്രോതസുകൾ നില നിർത്തി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താമെന്നതാണ്. നിലവിലുള്ള ചെക്കു ഡാമുകൾ വിപുലീകരിക്കുകയും, പുതിയതായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 31 ചെക്കു ഡാമുകൾ നിർമ്മിക്കുകയും, കുളങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിച്ചും, പുതിയതായി 27 കുളങ്ങൾ നിർമ്മിച്ചും, വിവിധ പ്രദേശങ്ങളിൽ വൈദ്യുതിയെത്തിച്ച് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ച് ജല സേചനം നടത്തി കൃഷിയുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്.

കർഷകർക്ക് ശരിയായ മാർക്കറ്റിങ്ങ് സംവിധാനത്തിലൂടെ വില ലഭിച്ചാൽ കാർഷിക മേഖലയിൽ ഇന്നുള്ള വിമുഖത മാറ്റാവുന്നതാണ്. കർഷകന് വിവിധ രംഗത്തു നിന്നും കിട്ടേണ്ടുന്ന ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ ലളിത വൽക്കരിക്കേണ്ടതാണ്. നല്ലയിനം വിത്തുകളുടെയും തൈകളുടെയും ലഭ്യതക്കും വിതരണത്തിനും നാഴ്സറികൾ ആവശ്യമാണ്.

ഈ പഞ്ചായത്തിൽ പുതിയ കൃഷികൾ ചെയ്യുന്നതിനു ധാരാളം സാദ്ധ്യതകളുണ്ട്. ഔഷധ തോട്ടങ്ങൾ, തേനീച്ച വളർത്തൽ, പൂന്തോട്ട കൃഷി, നാഴ്സറികൾ, മത്സ്യ കൃഷി എന്നിവ ചെയ്യാവുന്നതാണ്. ഇഞ്ചി സംസ്കരണ ശാല, കാപ്പിപ്പൊടി നിർമ്മാണം, നെല്ല് സംസ്കരണ ശാല, കാപ്പിപ്പൊടി നിർമ്മാണം, നെല്ല് കുത്ത് ശാല, അച്ചാറു നിർമ്മാണശാല, എണ്ണയാട്ടൽ ശാല, അടുക്കള തോട്ടം, കൂൺ കൃഷി, എന്നിവയും തുടങ്ങാവുന്നതാണ്. പച്ചക്കറി കൃഷി മെച്ചപെടുത്തുന്നതിനു സഹകരണ സംഘം രൂപീകരിക്കുകയും ചെയ്യാവുന്നതാണ്.

**നിർദ്ദേശങ്ങൾ**

1. ജല സേചന സൗര്യങ്ങൾ ഉണ്ടാക്കുക
2. മണ്ണൊലിപ്പ് തടയുക.
3. കർഷകരെ ശാസ്ത്രീയമായി ബോധവൽക്കരിക്കുക.
4. മണ്ണ് പരിശോധന സാർവ്വത്രികമാക്കുക.
5. കൃഷി ഭവനിൽ നിന്നും നല്ലയിനം വിത്തുകളും, തൈകളും രാസവളങ്ങളും, കീടനാശിനികളും, സമയാസമങ്ങളിൽ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.
6. ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിങ്ങ് സംവിധാനമുണ്ടാക്കുക.
7. ജല സേചനത്തിന് വൈദ്യുത സൗകര്യമുണ്ടാക്കുക.
8. അടുക്കള തോട്ടം വ്യാപകമാക്കുക.
9. കാട്ടു മൃഗങ്ങളുടെ ശല്യം തടയുക.
10. കാർഷികോൽപ്പന്നാധിഷ്ടിത വ്യവസായങ്ങൾ തുടങ്ങുക.
11. വാർഡു തലത്തിൽ കൃഷിഭവന്റെ കീഴിൽ സമിതികൾ പുന:സംഘടിപ്പിക്കുക.
12. പരസ്പരാശ്രയ കൂട്ടുകൃഷി സമ്പ്രദായം ആരംഭിക്കുക.
13. ആധുനിക യന്ത്ര സാമഗ്രികൾ നടപ്പിലാക്കുക.
14. രോഗങ്ങൾ തടയുന്നതിനുള്ള ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക.
15. കർഷകനു ബാങ്കുകളിൽ നിന്നുള്ള സാമ്പത്തിക സഹായ നടപടികൾ ലളിത

വൽക്കരിക്കുകയും, പലിശ കുറയ്ക്കുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

16. നിലവിലുള്ള ജല സ്രോതസുകൾ സംരക്ഷിക്കുക.
17. നിലവിലുള്ള ചെക്കു ഡാമുകളും കുളങ്ങളും അഭിവൃതിപ്പെടുത്തി കൃഷിക്കുപയുക്തമാക്കുക.
18. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുക.
19. ജൈവ വള പ്രയോഗം സാർവ്വത്രികമാക്കുക.
20. കൃഷിയെ സംബന്ധിച്ച് സ്ക്കൂൾ പാഠ്യപദ്ധതിയിൽ ഉൾപെടുത്തുക.
21. പച്ചക്കറികൃഷിക്കു പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ സംഘം രൂപീകരിക്കുക.
22. പുഴ പുറമ്പോക്കുകളിൽ മരങ്ങൾ നട്ടു പിടിപ്പിക്കുക.
23. കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുക.

## നടപ്പിലാക്കേണ്ട പദ്ധതികൾ

### ഒന്നാം വാർഡ്

കുട്ടിരായൻ പുഴയിൽ നിന്ന് ലിഫ്റ്റിറിഗേഷൻ വഴി പഞ്ചായത്ത് കോളനിയുടെ ഭാഗത്ത് കനാൽവഴി, അട്ടക്കെല്ലി, വട്ടത്ത് വയൽ, കോട്ടൂർ വയൽ, മണങ്ങു വയൽ എന്നിവിടങ്ങളിൽ ഇരുപൂ കൃഷിക്ക് വേണ്ട ജലസേചന സൗകര്യങ്ങളുണ്ടാക്കുക. കരഭൂമിയിലെ കൃഷിക്കും ഗുണകരമാക്കുക. മുസ്ലീം സെമിത്തേരിക്ക് താഴെ, കോട്ടകുന്ന വയലിന്റെ മേൽഭാഗത്ത് മണങ്ങു വയലിൽ കുളങ്ങൾ കുഴിക്കുക. മുരണി ആർമാട് പമ്പ് ഹൗസിനടുത്ത് ചെക്ക് ഡാമും കനാലും നിർമ്മിക്കുക.

### രണ്ടാം വാർഡ്

മേപ്പേരി, താഴത്തുവയൽ, അണക്കെട്ട് നന്നാക്കുക. മേപ്പേരി കനാൽ നിർമ്മാണം പൂർത്തിയാക്കുക. താഴത്തു വയൽ അണക്കെട്ടിന്റെ കനാൽ നിർമ്മാണം പൂർത്തീകരിക്കുക. പമ്പ്സെറ്റിന് വേണ്ട വൈദ്യുതിയെത്തിക്കുക. വട്ടത്തു വയൽ, ചേപ്പിലോട്ട് വയൽ എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക.

### മൂന്നാം വാർഡ്

മുണ്ടനടപ്പ് ഡാമിലെ മോട്ടോർ പ്രവർത്തനക്ഷമമാക്കുക, പാലമൂപ്പൻ, മാരമൂപ്പൻ അതിർത്തിയിൽ. P.K. ഏലിയാസ്, പൊട്ടക്കൽ കുരുവിള അതിർത്തിയിൽ, M.C. തോമസ് - കുഞ്ഞികണ്ണൻ അതിർത്തിയിൽ, കരിമ്പൻ ക്കൊല്ലി കോളനിക്ക് മുന്നിൽ, റാട്ട്കുണ്ട് അറക്കൽ മർക്കോസിന്റെയും പടിക്കമാലിക്കൽ ബാബുവിന്റയും അതിർത്തിയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക. പാതിരികവല മഠത്തിൽ ബഹനാന്റെ കുളത്തിലും, കുന്നുംപുറത്ത് തങ്കച്ചന്റെ കുളത്തിലും മോട്ടോർ വച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തുക.

### നാലാം വാർഡ്:

കോഴിക്കുന്ന് തോട്, പഴമ്പള്ളി കുഞ്ഞപ്പന്റെ വീടിനടുത്ത്, കുമിഴ്കൊല്ലി, പാടികൊല്ലി, മേലെ അരിവയൽ ശർക്കര കുഴി രവിയുടെ വീടിനടുത്ത് തോട്ടത്തിൽ എന്നിവിടങ്ങളിൽ ചെക്കുഡാം നിർമ്മിക്കുകയും. നുരവയൽ തോടിനു മോട്ടർ വച്ച് ജലസേചനം നടത്തുക, അരിവയൽ കൊളഗപ്പാറ റോഡ് ചതുപ്പ് നിലത്ത്. സ്ക്കൂളിനു താഴെ എന്നിവിടങ്ങളിൽ ജലസേചന കുളം കുഴിക്കുക.

### അഞ്ചാം വാർഡ്

C.C. ഫോറസ്റ്റിനു താഴെ, SNDP കുന്നിനു താഴെ, ആവയൽ കോളനി പരിസരം, മഞ്ഞളം കൈതമുകൾഭാഗത്ത് എന്നിവിടങ്ങളിൽ ജലസേചന കുളവും, മഞ്ഞളം കൈത കൈതോടിനു താഴെ, നുരവയൽ, ആവയൽ താഴെ ഭാഗം എന്നിവിടങ്ങളിൽ ചെക്കു ഡാമുകൾ നിർമ്മിക്കുക കാട്ടുമൃഗങ്ങളുടെ ശല്യം തടയുക.

### ആറാം വാർഡ്:

നുരവയൽ, പാമ്പുകൊല്ലി, മണ്ഡകവയൽ, ആവയലിൽ പാറ്റോലി പൗലോസിന്റെ വീടിനടത്ത്, മണ്ഡകവയൽ കൈതോട് എന്നിവിടങ്ങളിൽ ചെക്കു ഡാമുകൾ നിർമ്മിക്കുക. 40-6 നു താഴെ സുഗതൻ എന്നയാളുടെ സ്ഥലത്ത് ജല സേചന കുളം നിർമ്മിക്കുക. നുരവയൽ പ്രദേശത്ത് വൈദ്യുതിയെത്തിച്ച് ജല സേചന സൗകര്യം നടത്തുക. സബ്സിഡി നിരക്കിൽ കയ്യാല നിർമ്മിക്കുക, പച്ചകറി കൃഷി വ്യാപിപ്പിക്കുക.

### ഏഴാം വാർഡ്:

തോടു കളിൽ, മധുക്കൊല്ലി ആശാരി പടിക്കൽ, അമ്പഴത്തിനാംകുടിക്കു താഴെ, വേങ്ങൂർ കോളനിക്കടുത്ത്, നരവത്ത് കണ്ടും വർക്കിയുടെ മേൽ ഭാഗത്ത് വയലിൽ, അത്തി നിലം ഫാക്ടറിക്കടുത്ത്, കരിമത്തിനുസമീപം പൂ മുറ്റത്തിൽ ഫാ: പൗലോസ് അച്ചന്റെ വീടിനു താഴെ, എന്നീ വിടങ്ങളിൽ ചെക്കു ഡാമുകളും, ആല മൂല കോളനിക്കു

താഴെ, കല്ലേപാറക്കാരുടെയും നീറ്റക്കര വർക്കിയുടെ വീടിനടുത്ത്, പുന്നച്ചാലിൽ കുര്യാക്കോയുടെ വീടിനടുത്ത്, നായ്കൊല്ലി ഉസൈയിന്റെ വീടിനടുത്തും ജലസേചന കുളം നിർമ്മിക്കുക. കരിമത്ത് അണ കൊട്ട് നിർമ്മിച്ചാൽ 300 ഏക്കർ കൃഷി മെച്ചപ്പെടുത്തുകയും രണ്ട് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിനു പാലവുമാക്കുന്ന രൂപത്തിൽ ചെക്കു ഡാം കം ബ്രിഡ്ജ് നിർമ്മിക്കുക. നെൽ കൃഷിക്കു ട്രാക്ടർ സംവിധാനമുണ്ടാക്കുക.

## എട്ടാം വാർഡ്

എല്ലാ തോടുകളിലും ചെക്കുഡാം കെട്ടുക. മൈലമ്പാടി, ഒലിവയൽ, പള്ളിക്കമൂല, നെടിയഞ്ചേരി കാപ്പിക്കുന്ന്, എന്നിവിടങ്ങളിൽ ചെക്കു ഡാമുകളും, ജലസേചനത്തിനു വൈദ്യുത സൗകര്യം, പമ്പ് സെറ്റ്, കനാൽ എന്നിവയുണ്ടാക്കുക. കൃഷിഭവന്റെ സഹായങ്ങളും, നിർദ്ദേശങ്ങളും, ഗുണനിലവാരമുള്ള വിത്തുകൾ, തൈകൾ, വിതരണം ചെയ്യുക, രോഗങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങളുണ്ടാക്കുക.

## ഒൻപതാം വാർഡ്

നരസിപുഴക്ക് നാറ്റാടി ഭാഗത്ത് ചെക്കു ഡാം കം ബ്രിഡ്ജ് പണിതാൻ 300 ഏക്കർ കര, വയൽ കൃഷിയും മെച്ചപെടുത്തുകയും കൂടാതെ പൂതാടി പഞ്ചായത്തിലെ വാകേരിയുമായി ഗതാഗതസൗകര്യവുമായി. വെള്ളം കൊല്ലി പുഴക്കും അപ്പാട് കോളനിക്കടുത്തും, വെള്ളം കൊല്ലി കൈതോടിനും ചെക്കുഡാം പണിയുക. നെല്ലിയാനികുന്നേൽ പുരുഷോത്തമന്റെ വയലിലും, വലിയക്കൊല്ലി കോളനിക്കടത്തും കുളം കുഴിക്കുക. കോൽക്കുഴി ഡാമിൽ നിന്നും 200 മീറ്റർ നീളത്തിൽ കനാൽ നിർമ്മിക്കുക. മട്ടൂർ കോളനിക്കടുത്ത് നരസി പുഴയിൽ പമ്പ് സെറ്റ് സ്ഥാപിക്കുക.

## പത്താം വാർഡ്

മാനികാവ് ക്ഷേത്രത്തിനടുത്ത് കൈതോടിനു, അപ്പാട് കോളനിക്കടുത്ത്, കൂവള്ളി കോളനിക്കടുത്ത് ചെക്കുഡാമും, മാനിക്കാവ് ക്ഷേത്രത്തിനടുത്ത്, സെസൈറ്റികവലക്കടുത്ത്, പുളിയം മാക്കൽ സഹദേവന്റെ വീടിനടുത്ത് കുളം നിർമ്മിക്കുക.

## പതിനൊന്നാം വാർഡ്

പുലച്ചികുനി, മണൽ വയൽ, കെറ്റി മുണ്ട എന്നിവിടങ്ങളിൽ കുളം കുഴിക്കുക. വണ്ടിച്ചിറ പഞ്ചായത്ത് കുളം, മണൽ വയൽ കെറ്റി മുണ്ട. മണിവയൽ മാതമൂല കുളങ്ങൾ താഴ്ത്തി മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുക. കൊങ്ങിയമ്പം കോളനിക്കു സമീപം ചെക്കു ഡാം നിർമ്മിക്കുക. കാരാപ്പുഴ പ്രൊജക്ടിന്റെ പ്രവർത്തനം നടക്കുമ്പോൾ എല്ലാഭാഗത്തേക്കും സബ്കനാൽ നിർമ്മിച്ച് വെള്ളമെത്തിക്കുക.

## പന്ത്രണ്ടാം വാർഡ്

കോലമ്പറ്റ, എടക്കരവയൽ, ചെക്കുഡാമും കോലമ്പറ്റ പമ്പു ഹൗസിന്റെ ഇടതു-വലതു കനാൽ 2K.m. നീളത്തിൽ നിർമ്മിക്കുക. പന്തളം കുന്ന് ചിറക്കു താഴെ കനാലും മോട്ടോറും അനുവദിക്കുക. ട്രാക്ടർ, പവർ ടില്ലർ, മോട്ടോർ പമ്പുകൾ അനവദിക്കുക. മോതിരോട്ട് തോടിനു ചെക്കുഡാം നിർമ്മിക്കുക.



# മൃഗസംരക്ഷണം

മൃഗസംരക്ഷണ മേഖലയിലൂടെ ഉൽപ്പാദനരംഗത്ത് വൻമാറ്റങ്ങളുണ്ടാക്കാൻ സാധ്യതയുള്ള പഞ്ചായത്താണ് മീനങ്ങാടി. ജനസംഖ്യയിൽ നല്ലൊരു ഭാഗവും കൃഷി മൃഗപരിപാലനവുമായി മുന്നോട്ട് പോകുന്നവരാണ്. മൃഗപരിപാലനത്തിൽ തന്നെ പശു വളർത്തൽ ആണ് മുൻപിട്ട് നിൽക്കുന്നത്. കഴിഞ്ഞ രണ്ടു ദശാബ്ദകാലയളവിൽ പ്രധാനമായും പാലിന്റെ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞീട്ടുണ്ട്. നാടൻ പശുക്കളിൽ നിന്ന് മേൽത്തരം ജനുസ്സ് പശുക്കളിലേക്കുണ്ടായ പരിവർത്തനം ഇത് സാധ്യമാക്കുന്നതിൽ വളരെ സഹായിച്ചീട്ടുണ്ട്. എന്നാൽ അനുബന്ധ മേഖലകളായ ആടുവളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ എന്നീ രംഗങ്ങളിൽ ഗണ്യമായ നേട്ടം കൈവരിച്ചിട്ടില്ല. കാർഷിക രംഗത്തെ യന്ത്രവൽക്കരണം കാരണം ഉഴവു മൃഗങ്ങളുടെ എണ്ണത്തിലും വളരെ കുറവു വന്നീട്ടുണ്ട്.( പട്ടിക 1 കാണുക)

പട്ടിക 1 വളർത്തുമൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | എണ്ണം | |
|---|---|---|
| | 1976 | 1996 |
| പശു | 2109 | 5000 |
| കന്നുകുട്ടികൾ | 719 | 1614 |
| എരുമ | 370 | 150 |
| കാള | 1840 | 802 |
| പോത്ത് | 2118 | 1400 |
| ആട് | 519 | 2200 |
| പന്നി | - | 130 |
| കോഴി | 8500 | 21542 |
| നായ | - | 3275 |

## നിലവിലുള്ള സ്ഥിതി, പോരായ്മകൾ, സാധ്യതകൾ

പഞ്ചായത്തിലെ ജനങ്ങളിലധികവും കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നതിനാൽ കാർഷിക ഉപോൽപ്പന്നങ്ങൾ ഉപയോഗിച്ചാണ് പ്രധാനമായും കന്നുകാലി വളർത്തൽ. എന്നിരുന്നാലും ഇപ്പോഴത്തെ കുടുംബങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും തൻമൂലമുണ്ടായ സ്ഥലപരിമിതിയും കൂടുതൽ ലാഭകരമായ നാണ്യവിളകളിലേക്കുള്ള കർഷകരുടെ മാറ്റവും കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിലുണ്ടായിരുന്ന പുൽമേടുകളും തരിശുഭൂമിയും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതും ഈ മേഖലയെ ബാധിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ സേവനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഒരു മൃഗാശുപത്രിയും, നാല് കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നിരുന്നാലും ആശുപത്രിയിൽ ചികിത്സാ നിർണ്ണയത്തിനുള്ള സൗകര്യങ്ങളും അത്യാവശ്യ മരുന്നുകളും പരിമിതമാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താത്തതും ഈ രംഗത്തെ ഒരു ന്യൂനതയാണ്. മേൽപ്പറഞ്ഞ സ്ഥാപങ്ങൾ വഴി ഒരു വർഷത്തിൽ രണ്ടായിരത്തി മുന്നൂറിൽ പരം കൃത്രിമ ബീജാദാനങ്ങൾ നടത്തുന്നുണ്ട്. മൃഗസംരക്ഷണ വിദഗ്ധരുടെ സേവനങ്ങൾ പഞ്ചായത്തിന്റെ എല്ലാ മൂലകളിലും എത്തിക്കാൻ സംവിധാനമില്ലാത്തതിനാൽ

പട്ടിക 2

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗ ഇനം | | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭ ധാരണത്തിനു രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 2750 | 2021 | 268 |
| കിടാരി | 1030 | 265 | 117 |
| എരുമ | 128 | 25 | 5 |
| ആകെ | 3908 | 2311 | 390 |

'താൽക്കാലിക വന്ധ്യത' ഒരു പരിധി വരെ ഉൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്.

പാൽ വിപണ രംഗത്ത് വളരെ വിപുലമായി പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘം മീനങ്ങാടിയിൽ പ്രവർത്തിക്കുണ്ട്. 60 ലിറ്റർ പാലുമായി 1973 വർഷത്തിൽ പ്രവർത്തനം തുടങ്ങിയ ഈ സംഘം ഇന്ന് 5500 ലിറ്റർ പാലിലും 2213 മെമ്പർമാരിലും എത്തിനിൽക്കുന്നു. കൂടാതെ സംഘത്തിനു സ്വന്തമായി 4 ടൺ ഉൽപ്പാദനക്ഷമതയുള്ള ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റും ഉണ്ട്. എങ്കിലും കാലിത്തീറ്റയുടെ വില ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. തദ്ദേശീയമായി സുലഭമായ കാപ്പിത്തൊണ്ട് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ചേർത്താൽ കാലിത്തീറ്റയുടെ വില കുറക്കാൻ കഴിഞ്ഞേക്കും. എന്നാൽ മാംസം, മുട്ട, എന്നിവയുടെ ഉൽപ്പാദന-വിപണന രംഗങ്ങളിൽ മേൽരീതിയിൽ ഒരു കാൽവെപ്പ് ഉണ്ടായിട്ടില്ല.

കൃത്രിമബീജാദാന പദ്ധതിയിൽ കൂടി മാത്രം ഒരു വർഷത്തിൽ ഉദ്ദേശം അഞ്ഞൂറോളം മേൽത്തരം പശുക്കുട്ടികളും അഞ്ഞൂറോളം മൂരിക്കുട്ടികളും ഈ പഞ്ചായത്തിൽ ഉണ്ടാകുന്നു. എന്നാൽ നൂറോളം പശുക്കുട്ടികളെ മാത്രമേ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദന ക്ഷമമാക്കുന്നുള്ളൂ. മൂരിക്കുട്ടികൾ ശരിയായ സംരക്ഷണം ലഭിക്കാതെ അകാലത്തിൽ മരണമടയുകയോ വളർച്ച മുരടിക്കുകയോ ചെയ്യുന്നു. മാംസോൽപ്പാദന രംഗത്തെ ഒരു വൻ നഷ്ടമാണിത്. പഞ്ചായത്തിൽ ഒരു വർഷത്തിൽ അറുനൂറോളം കാളകളേയും പോത്തുകളേയും മാംസാവശ്യത്തിനായി കശാപ്പു ചെയ്യുന്നു. മേൽപ്പറഞ്ഞ മൂരിക്കുട്ടികളെ ശരിയായ രീതിയിൽ സംരക്ഷിച്ച് മാംസത്തിനായി ഉപയോഗിക്കുകയാണെങ്കിൽ ഈ നഷ്ടം ഒഴിവാക്കാവുന്നതാണ്.

ആടുവളർത്തലിനു പറ്റിയ സാഹചര്യം നിലവിലുണ്ടെങ്കിലും, ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. പട്ടിക ജാതി- വർഗ വിഭാഗങ്ങൾക്കായി പല പദ്ധതികളും കാലാകാലങ്ങളിൽ നടപ്പാക്കിയെങ്കിലും മറ്റു വിഭാഗങ്ങൾക്കായി ഒന്നും ചെയ്തിട്ടില്ല. മാംസത്തിനായി വർഷത്തിൽ എഴുനൂറോളം ആടുകളെ കശാപ്പു ചെയ്യുന്നുണ്ട്. പ്രായപൂർത്തിയെത്താത്ത പെണ്ണാടിൻ കുട്ടികൾ കശാപ്പു ചെയ്യപ്പെടുന്നത് വംശവർദ്ധനവിനെ മന്ദഗതിയിലാക്കുന്നു. ആസൂത്രിതമായ പ്രജ

പട്ടിക 3

## പാലുൽപ്പാദനം



നന രീതികൾ അവലംബിച്ചാൽ ഈ മേഖലയിലും ഒരു കുതിച്ചുചാട്ടത്തിന് സാധ്യതയുണ്ട്.

ഇറച്ചിക്കോഴി, മുട്ടക്കോഴി, എന്നീ മേഖലകൾ തീരെ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നു. അടുക്കള മുറ്റത്തെ കോഴി വളർത്തൽ, സ്കൂൾ പൗൾട്രി ക്ലബ്ബ് എന്നീ പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയിരുന്നുവെങ്കിലും കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് കാരണം പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു വർഷത്തിൽ ഈ പഞ്ചായത്തിലെ മുട്ടയുൽപ്പാദനം കേവലം മൂന്ന് ലക്ഷം മാത്രമാണ്. എന്നാൽ ഉപഭോഗം പതിന്നേഴ് ലക്ഷത്തോളമാണ്. അതുപോലെ കോഴിയിറച്ചിയുൽപ്പാദനം. നിലവിലുള്ള മൂന്ന് ബ്രോയിലർ യൂണിറ്റുകളും നാടൻ കോഴികളുമടക്കം വർഷത്തിൽ പതിമൂന്ന് ടൺ മാത്രമാണ്. എന്നാൽ ഉപഭോഗം മുപ്പത്തിയഞ്ച് ടണ്ണോളം വരും. ഈ രംഗങ്ങളിലെ വൻസാധ്യതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കോഴിത്തീറ്റയുടെ വിലകൂടുതൽ, കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, വിപണന സൗകര്യമില്ലായ്മ, ഇടത്തട്ടുകാരുടെ ചൂഷണം ഇവ കാരണമാണ് ഈ രംഗം മുരടിച്ചുനിൽക്കുന്നത്. വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുകയും ശരിയായ രീതിയിൽ രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്താൽ മുട്ടയുൽപ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും.

പന്നിവളർത്തൽ, മുയൽ വളർത്തൽ എന്നീ മേഖലകളും തീരെ അവഗണിക്കപ്പെട്ടു കിടക്കുകയാണ്. മേൽത്തരം പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം കാരണം ഈ മേഖലയിൽ അധികം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. ആധുനിക ജനുസ്സിൽപ്പെട്ട പന്നിക്കുഞ്ഞുങ്ങളെ തദ്ദേശീയമായ തീറ്റകളും, ഹോട്ടൽ, അറവുശാല, പച്ചക്കറികടകൾ എന്നിവിടങ്ങളിലെ അവശിഷ്ടങ്ങളും നൽകി വളർത്തിവരുന്ന രീതി കർഷകർക്കു വൻ സാമ്പത്തിക ലാഭം ഉണ്ടാക്കും. പ്രജനന ശേഷി വളരെ കൂടുതലായ മുയലുകൾ മാംസോൽപ്പാദന രംഗത്ത് സാധ്യതകൾ നൽകുന്നുണ്ടെങ്കിലും ഉപോൽപ്പന്നമായതുകൾ സംസ്കരണ സൗകര്യം തീരെയില്ലാത്തത് ഒരു ന്യൂനതയാണ്. കാടവളർത്തൽ നിലവിലില്ലെങ്കിലും ഇവയുടെ മാംസം, മുട്ട എന്നിവ വളരെ പ്രചാരം നേടിക്കൊണ്ടിരിക്കുന്നു. താറാവ് വളർത്തലും പഞ്ചായത്തിൽ വളരെ പരിമിതമാണ്. പക്ഷേ ഇവയുടെ മുട്ടയ്ക്കും മാംസത്തിനും ഇവിടെ നല്ല വിപണി ലഭ്യമാണ്. ഈ മേഖലകളും ശ്രദ്ധിക്കാവുന്നതാണ്.

മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങളധികവും പ്രത്യക്ഷമായും പരോക്ഷമായും പൊതുജനാരോഗ്യത്തെ ബാധിക്കുന്നു. അശാസ്ത്രീയമായ അറവുശാലകളും മാംസവിപണവും ഇന്ന് ഒരു പൊതുജനാരോഗ്യ പ്രശ്നമാണ്. ശാസ്ത്രീയ അറവുശാലയും മാംസ പരിശോധനയും നിലവിലില്ലാത്തതിനാൽ ജനങ്ങൾക്ക് ഗുണനിലവാരമുള്ള മാംസം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, സാംക്രമിക രോഗങ്ങൾ പകരാനും സാധ്യതയുണ്ട്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പൂർണ്ണമായി നശിപ്പിക്കാത്തതും വളർത്തുനായ്ക്കളെ പൂർണ്ണമായും പ്രതിരോധ കുത്തിവെപ്പിനു വിധേയമാക്കാത്തതും കാരണം പേപ്പട്ടി വിഷബാധ ഉണ്ടാകാറുണ്ട്. ഈ കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ട്.

ഊർജ്ജ പ്രതിസന്ധിയുള്ള ഈ കാലഘട്ടത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് വളരെ പ്രസക്തിയുണ്ടല്ലോ! കന്നുകാലി വിസർജ്ജ്യങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന 'ഗോബർഗ്യാസ്' പ്ലാന്റുകൾ പഞ്ചായത്തിൽ വളരെ കുറവാണ്. അവയുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. തരിശുഭൂമിയിലും ലഭ്യമായ മറ്റു സ്ഥലങ്ങളിലും തീറ്റപുൽകൃഷി നടപ്പാക്കുക, വൈക്കോൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
2. ഗുണമേൻമയുള്ള കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.
3. പാലിന് ഉൽപ്പാദന ചിലവിനനുസരിച്ച് വില വർദ്ധിപ്പിക്കുക.
4. ബാങ്കിംഗ്, ഇൻഷ്യൂറൻസ് മേഖലകളിൽ നിന്ന് മൃഗസംരക്ഷണ രംഗത്തേയ്ക്കുള്ള സാമ്പത്തിക സേവന സഹായങ്ങൾ വർദ്ധിപ്പിക്കുക.
5. കന്നുകുട്ടി പരിപാലന പദ്ധതി വ്യാപകമാക്കുകയും മൂരിക്കുട്ടികളെ മാംസോൽപ്പാദനത്തിനായി വളർത്താൻ വേണ്ട ധന സഹായം ലഭ്യമാക്കുകയും ചെയ്യുക.

6. കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മുൻപുണ്ടായിരുന്ന സബ്സിഡി പുനഃസ്ഥാപിക്കുക.

7. മൃഗാശുപത്രിയിൽ വന്ധ്യതാ പരിശോധന, മറ്റു ചികിത്സാ, പ്രതിരോധ കുത്തിവെയ്പ്, മരുന്നുകൾ, രോഗചികിത്സാ നിർണ്ണയ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുക.

8 കിടാരിവളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, മുട്ടക്കോഴി, ഇറച്ചിക്കോഴിവളർത്തൽ, മുയൽ വളർത്തൽ എന്നിവയുടെ ഉൽപ്പാദന- സംഭരണ - വിപണന സൗകര്യത്തിനായി സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഈ മേഖലകൾ ശക്തിപ്പെടുത്തുക

9. പേപ്പട്ടി വിഷബാധക്കെതിരെയുള്ള പ്രതിരോധ നടപടികൾ ശക്തമാക്കുക.

10 വിജ്ഞാന വ്യാപനത്തിന്നായി ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക. മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുക. പാലുൽപ്പാദനത്തിൽ രണ്ടാമത് നിൽക്കുന്ന വയനാട്ടിൽ ഉൽപ്പാദനം ഉപഭോഗത്തേക്കാൾ അധികമായതിനാൽ മിച്ചം വരുന്ന പാൽപൊടിയാക്കുന്നതിനുള്ള ഫാക്ടറി മീനങ്ങാടിയിൽ ആരംഭിക്കുക.

11. സംശുദ്ധമായ മാംസോൽപ്പാദനത്തിന്നായി ശാസ്ത്രിയ അറവുശാലകളും മാംസ പരിശോധനയും ഏർപ്പെടുത്തുക.

12. ഗോബർഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുക.

മൃസംരക്ഷണരംഗത്ത് സാധ്യതകൾ ധാരാളമുണ്ടായിട്ടും ഇവിടെ വേണ്ടവിധത്തിൽ അവ വിനിയോഗിക്കപ്പെട്ടിട്ടില്ല. കാലിത്തീറ്റ കോഴിത്തീറ്റ എന്നിവയുടെ വില വർദ്ധനവ്, മുന്തിയയിനം വളർത്തു മൃഗങ്ങളുടെ ലഭ്യതകുറവ്, വിപണനരംഗത്തെ ഇടത്തട്ടുകാരുടെ ചൂഷണം, ശാസ്ത്രീയ മായ പരിപാലന മുറകളെ കുറിച്ച് കർഷകർക്കുള്ള അജ്ഞത അവിദഗ്ദരുടെ ഈ രംഗത്തുള്ള ഇടപെടൽ, ഈ മേഖലയിൽ കടന്നുവരാനുള്ള ആഭ്യസ്ഥവിദ്യരുടെ വിമുഖത. ധനകാര്യ വായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താത്പര്യകുറവ് എന്നീ പ്രശ്നങ്ങളാണ് പൊതുവെ ഈ മേഖലയുടെ വളർച്ചക്ക് വിഘാതമായിട്ടുള്ളത്. സമഗ്രമായ ആസൂത്രണത്തിന്റെ പിൻഫലത്തോടെ ജനകീയ മുന്നേറ്റവും സാങ്കേതിക വിദ്ഗ്ദരും ഒത്തുചേർന്നാൽ വിപ്ലവകരമായ പല മാറ്റങ്ങളും സാമ്പത്തിക രംഗത്ത് ഈ മേഖലക്ക് സംഭാവന നൽകാൻ കഴിയും.



# വിദ്യാഭ്യാസം

വയനാട് ജില്ലയുടെ ഹൃദയഭാഗത്ത് സുൽത്താൻ ബത്തേരി താലൂക്കിൽ സ്ഥിതിചെയ്യുന്ന ഗ്രാമ പഞ്ചായത്താണ് മീനങ്ങാടി. കുടിയേറ്റ മേഖലയായ മീനങ്ങാടിയിലെ ജനസംഖ്യയിലെ ഗണ്യമായ ഭാഗം ആദിവാസികളാണ്. അതുകൊണ്ടായിരിക്കാം. ആദികാല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഭൂരിഭാഗവും ആദിവാസി ക്ഷേമത്തിന്റെ ഭാഗമായാണു നടന്നത്.

1935 ൽ ഡിസ്ട്രിക്റ്റ് ബോർഡ് എലിമെന്ററി സ്ക്കൂൾ എന്ന പേരിൽ ഇന്നത്തെ മാരിയമ്മൻ കോവിലിനു സമീപം ഒരു സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിൽ 5-ാം തരം വരെയുള്ള സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. പിന്നീട് മീനങ്ങാടി ടൗണിലെ വാടകകെട്ടിടത്തിലേക്ക് മാറ്റി. ഈ സ്ക്കൂളിന്റെ തുടർച്ചയായ ഇന്നത്തെ മീനങ്ങാടി ജി.എൽ.പി സ്ക്കൂൾ പ്രവർത്തിക്കുന്നത്, മുൻഅധികാരി ശ്രീ കരുണാകരൻ നായർ സംഭാവനചെയ്ത ഒരേക്കർ സ്ഥലത്താണ്. 1936 ജനുവരി 16 ന് രണ്ട് അദ്ധ്യാപകരും 50 ഓളം കുട്ടികളുമായി കൊളഗപ്പാറയിൽ ഗവ: ലേബർ സ്ക്കൂൾ എന്ന പേരിൽ ഒരു പ്രൈമറി സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. ശ്രീ. കെ.ജി. മാധവൻ നായരായിരുന്നു ഇതിന് വേണ്ടി പരിശ്രമിച്ചത്. ഹരിജൻ വെൽഫ്രർ സ്ക്കൂൾ എന്ന പേരിൽ അറിയപ്പെട്ട ഈ സ്ക്കൂൾ കൊളഗപ്പാറയിലെ തോട്ടമുടമായ ശ്രീ. മണി സ്വാമിയുടെ വീട്ടിനോട് ചേർന്ന പത്തായപ്പുരയിലായിരുന്നു. പ്രവർത്തിച്ചിരുന്നത്. 1955 ൽ മണങ്ങുവയൽ നാരായണൻ നായർ മാനേജരായി ഒരു എയിഡഡ് യു.പി. സ്ക്കൂൾ ആരംഭിച്ചു. 1967 ൽ ഈസ്ക്കൂൾ സർക്കാരിലേക്ക് കൈമാറുകയും ഇന്നത്തെ ഗവ: ഹൈസ്ക്കൂളിനോട് സംയോജിപ്പിക്കുകയും ചെയ്തു. ആരംഭം മുതൽ 1967 വരെ ശ്രീരാമൻ മാസ്റ്ററായിരുന്നു പ്രധാനധ്യാപകരൻ. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് അപ്പോഴും മീനങ്ങാടിക്കാർക്ക് കല്പറ്റയെ ആശ്രയിക്കേണ്ടിയിരുന്നു. ഇത് പരിഹരിക്കുന്നതിന് അന്നത്തെ സാമൂഹ്യ പ്രവർത്തകരുടെ ശ്രമഫലമായി 1958 ൽ ഹൈസ്ക്കൂൾ അനുവദിയ്ക്കപ്പെട്ടു. ശ്രീ. കരുണാകരൻ നായർ ആണ് സ്ക്കൂളിന് സ്ഥലം സംഭാവന ചെയ്തത്.

1958 ൽ ചണ്ണാളിയിൽ ഒരു ഏകാധ്യാപക വിദ്യാലയം ആരംഭിച്ചു. ശ്രീ. കൃഷ്ണൻ മാസ്റ്ററായിരുനു ദീർഘകാലം ഇവിടുത്തെ ഹെഡ്മാസ്റ്റർ. 1950 ൽ സർവ്വൻസ് ഓഫ് ഇന്ത്യാ സൊസൈറ്റിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി മലബാറിൽ പലഭാഗത്തും ആരംഭിച്ച സ്കൂളുകളുടെ കൂട്ടത്തിൽ മൈലമ്പാടിയിലും ഒരു സ്ക്കൂൾ സ്ഥാപിതമായി. തുടക്കത്തിൽ ശ്രീ. ഗോവിന്ദ വാര്യരും, 1952 - മുതൽ ശ്രീ. എ.ഒ.സി. കുറുപ്പും ആയിരുന്ന് പ്രധാനാധ്യാപകർ. ഈ സ്ക്കൂളിന് സ്ഥലം സംഭാവന ചെയ്തത് ശ്രീ. ധർമ്മരാജ അയ്യർ ആയിരുന്നു. പിൽക്കാലത്ത് ഇതിന് സമീപം ഒരു അപ്പർ പ്രൈമറി സ്ക്കൂൾ കൂടി പ്രവർത്തനമാരംഭിച്ചു.

1957-58 കാലത്ത് മാനിക്കാവ് ആദിവാസി സേവാ സംഘത്തിന്റെ നേതൃത്വത്തിൽ കൊണ്ടുവാടിയ സമുദായാംഗമായ ശ്രീ. പേമു മാനേജരായി ആരംഭിച്ചതാണ് മാനിക്കാവ് നവോദയ ആദിവാസി എയഡ്ഡ് യു.പി. സ്ക്കൂൾ ഈ സ്ക്കൂളിന്റെ നടത്തിപ്പ് പിന്നീട് മാനികാവ് ദേവസ്വം ബോർഡ് ഏറ്റെടുത്തു.

പിന്നീട് അപ്പാട് L.P. സ്കൂൾ ആരംഭിച്ചു. അതിന് ശേഷം സർക്കാർ മേഖലയിലോ എയിഡഡ് മേഖലയിലോ പുതിയ സ്കൂൾ ആരംഭിച്ചിട്ടില്ല.

54-ാം മൈലിൽ ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി, പ്രൈമറി, ഹൈസ്ക്കൂൾ എന്നിവ പ്രവർത്തിക്കുന്നു. ഇത് അൺ എയിഡഡ്-അംഗീകൃത സ്കൂൾ ആണ്.

ആദ്യകാലത്ത് ആദിവാസിമേഖലയിലെ സ്കൂളുകളായ ഗോഖലെനഗർ, കൊളഗപ്പാറ എന്നിവിടങ്ങളിൽ 60% വിദ്യാർത്ഥികളും ആദിവാസികളായിരിക്കണം എന്ന നിബന്ധന ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ ആദിവാസികുട്ടികളെ സ്കൂളുകളിലേക്കെത്തിക്കുന്നതിന് വളരെയധികം ത്യാഗം അന്നത്തെ വിദ്യാഭ്യാസ പ്രവർത്തകർ അനുഭവിച്ചിരുന്നു. വീടുതോറും കയറിയിറങ്ങി പ്രേരിപ്പിച്ച് ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ എന്നിവ നൽകുകയും ചെയ്താണ് കുട്ടികളെ നിലനിർത്തിയിരുന്നത്.

ഇന്ന് ഈ പഞ്ചായത്തിൽ മൊത്തം വിദ്യാലയങ്ങളുടെ എണ്ണം 10 ആണ്. 31,000 ത്തോളം വരുന്ന ജനസംഖ്യയിലെ 4444 വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠനം നടത്തുന്നു. പഞ്ചായത്തിന് പുറമെയുള്ള സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഇതിന് പുറമെയാണ്.

സർക്കാർ മേഖലയിൽ യു. പി. വിഭാഗമുൾപ്പെടെയുള്ള ഒരു ഹൈസ്കൂളും, ഒരു യു.പി. സ്കൂളും. രണ്ട് എൽ.പി. സ്കൂളുമാണ് ഉള്ളത്. മറ്റുള്ളവ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യമേഖലയിലെ സ്കൂളിൽ ഒരു നഴ്സറി, പ്രൈമറി, ഹൈസ്കൂൾ എന്നിവ അൺ എയിഡഡ് അംഗീകൃത ഇംഗ്ളീഷ് മീഡിയം സ്കൂൾ ആണ്. ഇംഗ്ളീഷ്മീഡിയം വിദ്യാലയങ്ങളോടുള്ള ആഭിമുഖ്യം കാരണം ധാരാളം കുട്ടികൾ ഈ പഞ്ചായത്തിലുള്ളതും കല്പറ്റ, ബത്തേരി എന്നിവ ചേർന്ന് പഠിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ ഓരോ വിഭാഗത്തിലും പഠിക്കുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

## വിദ്യാലയങ്ങളുടെ തരംതിരിച്ചുള്ള പട്ടിക.1

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേർ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആ. | പെ. | ആകെ. | |
| 1. | ജി. എൽ. പി. സ്കൂൾ ചണ്ണാളി | ഗവ: | 99 | 89 | 188 | 6 |
| 2. | ജി. എൽ. പി. സ്കൂൾ അപ്പാട് | ഗവ: | 55 | 53 | 108 | 3 |
| 3. | ജി. എൽ. പി. സ്കൂൾ മീനങ്ങാടി | " | 368 | 330 | 698 | 18 |
| 4. | ജി. യു. പി. സ്കൂൾ, കൊളഗപ്പാറ | " | 241 | 224 | 465 | 11 |
| 5. | S.A.L.P ഗോഖലെനഗർ | എയിഡഡ് | 138 | 105 | 243 | 8 |
| 6. | ANMUP മൈലമ്പാടി | " | 112 | 70 | 182 | 10 |
| 7. | NAAUPS മാനികാവ്. | " | 246 | 242 | 488 | 19 |
| 8. | ജി.എച്ച് എസ്. മീനങ്ങാടി | ഗവ: | 936 | 875 | 1811 | 62 |
| 9. | St.Peters & St. Pauls ഇംഗ്ലീഷ് സ്കൂൾ | അൺ എയ്ഡഡ് | 119 | 116 | 235 | 10 |
| 10. | " ഹൈസ്കൂൾ | " | 16 | 10 | 26 | 5 |
| | | ആകെ | 2330 | 2114 | 4444 | 152 |

പട്ടിക-2

| ആകെ കുട്ടികൾ | L.P. വിഭാഗം | | | U.P. വിഭാഗം | | | H.S. വിഭാഗം | | |
|---|---|---|---|---|---|---|---|---|---|
| | ആ. | പെ. | % | ആ. | പെ. | % | ആ. | പെ. | % |
| 4444 | 1015 | 944 | 44 | 756 | 626 | 31 | 559 | 544 | 25 |

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പട്ടിക താഴെ കൊടുക്കുന്നു. മൊത്തം വിദ്യാർത്ഥികളുടെ 27% ഇവരാണ്.

പട്ടിക-3

| L.P. വിഭാഗം | | | U.P. വിഭാഗം | | | H.S. വിഭാഗം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ. | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1959 | 462 | 24% | 1382 | 406 | 29% | 1103 | 298 | 27% | 4444 | 1166 | 27 |

പഠനം നിർത്തിപോകുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. എന്നാണ് ലഭിച്ചിട്ടുള്ള വിവരങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത്. ഏകദേശം 2% വിദ്യാർത്ഥികൾ മാത്രമേ കൊഴിഞ്ഞു പോകുന്നതായി രേഖപ്പെടുത്തിയിട്ടുള്ളു.

പട്ടിക-4

| ആകെ. | | | പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|---|
| ആ. | പെ. | ആകെ. | ആ. | പെ. | ആകെ. | ആ. | പെ. | ആകെ |
| 44 | 47 | 91 | 23 | 27 | 50 | 21 | 20 | 41 |

ഗവൺമെന്റ് സ്കൂളിലേയും സ്വകാര്യസ്കൂളിലേയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അനുപാതം ചുവടെ ചേർക്കുന്നു.

പട്ടിക-5

| അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|
| ആകെ. | ഗവ: വിദ്യാലയം | % | ആകെ | ഗവ: വിദ്യാലയം | % |
| 152 | 100 | 65% | 4444 | 3270 | 76% |

പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളാണ് മീനങ്ങാടി ഗവൺമെന്റ് ഹൈസ്കൂൾ. 1958ലാണ് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടത്. പഠനകാര്യങ്ങളിലും, സ്പോർട്സ്, കല എന്നീ രംഗങ്ങളിലും ഉയർന്ന നിലവാരം ഈ സ്കൂൾ നിലനിർത്തിയിരുന്നു. പക്ഷെ കൂട്ടക്ളാസ് കയറ്റം വന്ന കാലത്ത് മറ്റ് സ്കൂളുകളെ ബാധിച്ച മൂല്യതകർച്ച ഈ സ്ഥാപനത്തെയും ബാധിച്ചു. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പി.ടി.എയും, അധ്യാപകരും സഹകരിച്ച് പഠനനിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടികൾ നടപ്പിലാക്കിയതിന്റെ ഫലമായി സ്കൂളിന്റെ നിലവാരം ഉയർന്നു. ഇപ്പോൾ അനാവശ്യമായ വിദ്യാർത്ഥിസമരങ്ങൾ ഉണ്ടാകാറില്ല. SSLC വിജയശതമാനം 93-94ൽ 23% ആയിരുന്നത് 94-95ൽ 49% വും, 95-96ൽ 41% വുംആയിരുന്നു.

ഇതിന് ചില ആസൂത്രിത പദ്ധതികൾ നടപ്പിലാക്കിവരുന്നു. SSLC ക്ളാസുകളിൽ പഠനകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടി

പട്ടിക-6

## സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളുടെ പട്ടിക

| സ്കൂളിന്റെ പേര്. | ആകെ വിദ്യാർത്ഥികൾ | അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | കളിസ്ഥലം | വൈദ്യുതി |
|---|---|---|---|---|---|---|---|
| ജി.എൽ.പി.എസ്. ചണ്ണാളി. | 188 | 6 | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| ജ.എൽ.പി.എസ്. മീനങ്ങാടി. | 698 | 18 | 2 | 2 | ഉണ്ട് | ഇല്ല | ഉണ്ട് |
| ജി.എൽ.പി.എസ്. അപ്പാട്. | 108 | 3 | 2 | 2 ഉപയോഗശൂന്യം | താല്കാലിക സംവിധാനം | ഉണ്ട് | ഇല്ല |
| ജി.യു.പി.സ്കൂൾ കൊളഗപ്പാറ | 465 | 11 | 2 | 2 | ഉണ്ട് | ഇല്ല | ഇല്ല |
| എസ്. എം. എൽ.പി. സ്കൂൾ ഗോഖലൈ നഗർ | 243 | 8 | 3 | 1 ഉപയോഗശൂന്യം | ഉണ്ട് | ഇല്ല | ഉണ്ട് |
| എ എൻ. എം. യു. പി സ്കൂൾ മയിലമ്പാടി | 182 | 10 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല |
| എൻ. എം. എ. യു. പി. സ്കൂൾ | 488 | 19 | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല |
| ജി.എച്ച്.എസ്. മീനങ്ങാടി | 1811 | 62 | 3 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് മീനങ്ങാടി | 235 | 10 | 6 | 6 | ഉണ്ട് | ഇല്ല | ഉണ്ട് |
| " " ഹൈസ്കൂൾ | 26 | 5 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് |

കൾക്ക് രാവിലെയും വൈകുന്നേരവും ഓരോ മണിക്കൂർ പ്രത്യേകം ക്ളാസുകൾ നടത്തുന്നു. കൂടാതെ യൂണിറ്റ് ടെസ്റ്റുകൾ ക്ളാസ്റൂം PTA, മാതൃസമാജം പഠനക്യാമ്പ് എന്നിവയും ഇക്കാര്യത്തിൽ ഊന്നൽ നൽകികൊണ്ട് നടപ്പിലാക്കി വരുന്നു. കലാകായികരംഗങ്ങളിൽ ഉന്നതസ്ഥാനം നേടുന്നതിന് കഴിഞ്ഞിട്ടുണ്ട്. സ്പോർട്സ് മീറ്റിൽ തുടർച്ചയായി ജില്ലാ ചാമ്പ്യൻഷിപ്പും സംസ്ഥാനതലത്തിൽ മെഡലുകളും നേടാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. കൂട്ടായ പ്രവർത്തനം തുടർന്നാൽ ഇനിയും ഉയരങ്ങളിലേക്ക് എത്താൻ ഈ സ്കൂളിന് കഴിയും. (പട്ടിക-6)

## ഈ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങളുടെ പട്ടിക-7

| ഇനം | ലൈബ്രറി | ലബോറട്ടറി | പഠനോപകരണം | ടേപ്പ്റിക്കാർഡർ | റേഡിയോ | ടെലിവിഷൻ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് | മാതൃസമാജം | PTA | സിനിമാ പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 3 | 2 | 3 | 4 | 4 | - | 1 | 9 | 5 | 9 | 1 | 1 |
| ഇല്ലാത്തത് | 6 | 7 | 6 | 5 | 5 | - | 8 | - | 4 | - | 8 | 8 |

പ്രൈമറി വിദ്യാലയങ്ങളിൽ കളിസ്ഥലം ഒഴികെയുള്ള മറ്റ് ഭൗതിക സൗകര്യങ്ങൾ തൃപ്തികരമെന്ന് പറയാവുന്ന ഏക വിദ്യാലയം മീനങ്ങാടി GLP സ്കൂൾ ആണ്. ഇവിടെ അദ്ധ്യാപകരും പി.ടി.എയും മാതൃസമാജവും സജീവമായി പ്രവർത്തിക്കുന്നു. പഠനരംഗത്തും കലാ-സ്പോർട്സ് രംഗത്തും വിജ്ഞാന പരീക്ഷകളിലും ഈ സ്കൂൾ ഉന്നത നിലവാരം പുലർത്തുന്നു. എല്ലാ വർഷവും സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേകം ക്ളാസുകൾ നടത്തുന്നു. റിപ്പബ്ളിക്ക് ദിനാഘോഷത്തോടനുബന്ധിച്ച് പഠനത്തിലും കലാ-കായിക രംഗത്തും ഉയർന്ന നിലവാരം ഉള്ള കുട്ടികൾക്ക് സമ്മാനങ്ങൾ നല്കാറുണ്ട്. കളിസ്ഥലത്തിന്റെ അഭാവവും ക്ളാസുമുറികൾക്ക് വേർതിരിവില്ലാത്തതും സ്കൂളിന്റെ പ്രധാനപ്രശ്നങ്ങളാണ്. ത്താൻ വൈകുന്നത് സ്കൂളിന്റെ പഠനകാര്യങ്ങളെ സാരമായി ബാധിക്കുന്നു.

ഗവൺമെന്റ് മേഖലയിൽ അപ്പാട് പ്രവർത്തിക്കുന്ന സ്കൂളിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കെട്ടിടവും ഫർണിച്ചറും ഉണ്ട്. സ്കൂളിലേക്ക് എത്തിച്ചേരാനുള്ള സൗകര്യമുള്ള വഴികൾ കുറവാണ്. കക്കൂസും, മൂത്രപ്പുരയും ആവശ്യമാണ്. കുടിവെള്ളത്തിന് താല്കാലിക സംവിധാനം മാത്രമാണുള്ളത്. നിരപ്പുള്ളകളിസ്ഥലം ഉണ്ട്.

4-ാം വാർഡിൽ കൊളഗപ്പാറയിൽ പ്രവർത്തിക്കുന്നത് LP വിഭാഗമടക്കമുള്ള UP സ്കൂളാണ് മീനങ്ങാടി പ്രദേശത്തെ പഴക്കം ചെന്ന സ്കൂളാണെങ്കിലും ഇന്നും ആവശ്യങ്ങളുടെ നീണ്ട പട്ടിക തന്നെ നിരത്തുന്നു. ഈ സ്കൂളിന്റെ UP വിഭാ തൃപ്തികരമല്ല. കളിസ്ഥലം കുടിവെള്ളം എന്നിവ ഉണ്ട്. പഠനോപകരണങ്ങൾ വേണ്ടത്രഇല്ല. PTA കമ്മിറ്റികൾ സജീവമാകേണ്ടതുണ്ട്. മീനങ്ങാടി ഗവ: ഹൈസ്കൂൾ SSLC വിജയശതമാനം.

പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ വിരളമായേ ഈ പഞ്ചായത്തിലുള്ളു. പ്രധാനപ്പെട്ടവ പഞ്ചായത്ത് ശിശുമന്ദിരം, 7-ാം വാർഡിൽ മഹിളാസമാജത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്ന നഴ്സറി, ഇംഗ്ളീഷ് മീഡിയം നഴ്സറി എന്നിവയാണ്. ചില വാർഡുകളിൽ നഴ്സറിസ്ഥാപനങ്ങൾ തീരെ ഇല്ല. അതുകൊണ്ടു തന്നെ വളരെ അകലെയുള്ള സ്ഥാപനങ്ങളിലേക്ക് വാഹനങ്ങളിൽ വിദ്യാർത്ഥികളെ എത്തിക്കേണ്ട അവസ്ഥ നിലനിൽക്കുന്നു.

പട്ടിക-8

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഗവ: ഹൈസ്കൂൾ മീനങ്ങാടി | 28% | 26% | 24% | 49% | 41% |

11-ാം വാർഡിലെ ഏകവിദ്യാലയമാണ് ചണ്ണാളി G.L.P. സ്കൂൾ. കെട്ടിടവും ഫർണിച്ചറും ആവശ്യത്തിനുണ്ട്. പക്ഷെ, ചുറ്റുമതിൽ, കുടിവെള്ളം എന്നിവ ഏർപ്പെടുത്തേണ്ടതാവശ്യമാണ്. തൊട്ടടുത്തുള്ള യു.പി. സ്കൂൾ 3.കി.മീ. അധികം ദൂരത്താണ്. അതിനാൽ ഈ സ്കൂൾ U.P. ആയി ഉയർത്തേണ്ട ആവശ്യം ഗ്രാമസഭ ചർച്ചയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകൾ നിക ഗത്തിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. പിടിഎ യുടെ ആത്മാർത്ഥമായ പ്രവർത്തനം കൊണ്ട് മാത്രമാണ് ഈ സ്കൂൾ നിലനിൽക്കുന്നത്. ഈ സ്കൂളിന് 4 മുറികളുള്ള കെട്ടിടവും ആവശ്യത്തിന് സ്ഥലവും ഫർണിച്ചറും ലഭ്യമാക്കേണ്ടതാണ്.

മൈലമ്പാടിയിൽ പ്രവർത്തിക്കുന്ന LP സ്കൂളും UP സ്കൂളും സ്വകാര്യ സ്കൂളുകളാണ്, ഇവിടെയും ഭൗതിക സാഹചര്യങ്ങൾ ഇംഗ്ളീഷ് മീഡിയം നഴ്സറികൾ സാധാരണക്കാർക്ക് അപ്രാപ്യവുമാണ്. അതുകൊണ്ടുതന്നെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും നഴ്സറിക്ളാസുകൾ ആരംഭിക്കേണ്ടത് ആവശ്യമാണ്.

ഈ പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം വളരെ സജീവമായിരുന്നു. പക്ഷെ തുടർ സാക്ഷരതാ പ്രവർത്തനം നിലച്ചുപോയതിനാൽ സാക്ഷരർ വീണ്ടും നിരക്ഷരരായി മാറിയിരിക്കുന്നു.

വാർഡ്തല സർവ്വെ നടത്തി തുടർസാക്ഷരതാ യജ്ഞം പുനരാരംഭിക്കണമെന്ന് ഗ്രാമസഭാചർച്ചകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

31000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ആകെ 15 അംഗൻ വാടികളാണുള്ളത്. ചില വാർഡുകളിൽ അംഗൻവാടികളില്ല. ഉള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല. എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടവും, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, കളിപ്പാട്ടങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് മിക്ക സ്കൂളുകളിലും PTA യുടെയും മറ്റ് സംഘടനകളുടെയും വ്യക്തികളുടെയും പേരിൽ അവാർഡുകളും മറ്റും നൽകിവരുന്നുണ്ട്. മീനങ്ങാടി ഗവൺമെന്റ് ഹൈസ്കൂളിൽ ടേർമിനൽ പരീക്ഷകളിൽ വിജയിക്കുന്നവർക്ക് PTA ഫുൾപാസ്ബാഡ്ജ് നൽകുന്നുണ്ട്. കൂടാതെ വാർഷിക പരീക്ഷകളിൽ കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. SSLCക്ക് കൂടുതൽ മാർക്ക് നേടുന്ന കുട്ടിക്ക് PTA യും, നിരവധി വ്യക്തികളും, സ്ഥാപനങ്ങളും ക്യാഷ് അവാർഡ് നൽകുന്നു. ഈ വർഷം ഡിസ്റ്റിംഗ്ഷൻ വാങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും PTA ക്യാഷ് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്.

മീനങ്ങാടി L P സ്കൂളിൽ 2മുതൽ 4വരെ ക്ളാസുകളിൽ വാർഷിക പരീക്ഷക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടുന്നകുട്ടികൾക്ക് മുൻ ഹെഡ്മാസ്റ്റർ ശ്രീ. ഇ.കെ. ദാമോദരൻ മാസ്റ്ററും, 4-ാം ക്ളാസിൽ ഏറ്റവും കൂടുതൽമാർക്ക് വാങ്ങുന്ന കുട്ടിക്ക് മുൻ ഹെഡ്മിസ്ട്രസ് കൗസല്യ ടീച്ചറും ക്യാഷ് അവാർഡ് നൽകുന്നുണ്ട്. കഴിഞ്ഞവർഷം മുതൽ മീനങ്ങാടി മത്സ്യാവതാര ക്ഷേത്രസമിതി ഒന്നും രണ്ടും സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നുണ്ട്.

പ്രൈമറി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഡി.പി.ഇ.പി. വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയുള്ള ഈ പരിപാടി കേരളത്തിൽ വയനാട്, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ നടപ്പിലായിവരുന്നു. ഓരോ ക്ളാസിലേയും പാഠ്യപദ്ധതിയിൽ കുട്ടികൾ നേടിയിരിക്കേണ്ട വസ്തുതകൾ പ്രതിപാദിച്ചിട്ടുണ്ട്. അവ നേടുന്ന കുട്ടികൾ മുൻപ് 30ഓ 40ഓ ശതമാനം മാത്രമായിരുന്നു. ഈ നിരക്ക് 80% ആക്കുക എന്നതാണ് MLL എന്നതുകൊണ്ടുദ്ദേശിക്കുന്നത്. 35% വസ്തുതകൾ മനസിലാക്കിയ കുട്ടികൾ പാസാകുന്ന നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിന് പകരം 80% വസ്തുതകൾ മനസിലാക്കിയവർ വിജയിക്കുക എന്നതാണ് ലക്ഷ്യം.

ഇതിന് മേൽനോട്ടം വഹിക്കുന്നത് ജില്ലാബ്ലോക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന കോ-ഓർഡിനേറ്റർമാരും BRC ട്രയിനർമാരുമാണ്. വയനാട്ജില്ലയിലെ 37 ക്ലാസ്റ്ററുകളായി തിരിച്ചതിൽ ഒന്ന് മീനങ്ങാടിയിലാണ്. ഇവിടെ വച്ച് ഓരോ ക്ലാസ്റ്ററുമിലേയും അദ്ധ്യാപകർക്ക് പരസ്പരം ആശയവിനിമയം നടത്തുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും മാസത്തിലൊരിക്കൽ അവസരം ലഭിക്കുന്നു. രണ്ടുമുതൽ നാലുവരെ പഠിക്കുന്ന പെൺകുട്ടികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ സൗജന്യമായി നൽകുന്നു. ഇതിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകർക്ക് പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് 500 രൂപയും സ്കൂളിന് 2000 രൂപയും നൽകി വരുന്നു. ഈ പദ്ധതി നടത്തിപ്പിനേക്കുറിച്ച് ധാരാളം ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. കാര്യങ്ങൾ വേണ്ട സമയത്ത് നടപ്പിലാക്കുന്നതിന് കഴിയുന്നില്ല.

ഓരോ പഞ്ചായത്തിലേയും വിദ്യാലയങ്ങളിലെ നിലവാരം ഉയർത്തുന്നതിന് വേണ്ടി സ്കൂൾ കോംപ്ലക്സ് എന്ന ആശയം കഴിഞ്ഞവർഷം ആരംഭിച്ചിരുന്നു. പക്ഷെ ഈപരിപാടിയുടെ ആശയവും ലക്ഷ്യവും വേണ്ടത്ര ഉൾക്കൊണ്ട് നടപ്പിലായിട്ടില്ല. മാസത്തിലൊരിക്കൽ യോഗം ചേരലും വിവിധ കമ്മിറ്റികൾ രൂപീകരിക്കലും എന്നതിലുപരി വിദ്യാർത്ഥികളുടെ കഴിവുകൾ പൂർണ്ണമായും വളർത്തിയെടുക്കാനുള്ള പരിപാടികൾ ചർച്ച ചെയ്യേണ്ട വേദി എന്ന നിലയിലേക്ക് ഇതിനെ മാറ്റിയെടുക്കേണ്ടതാവശ്യമാണ്. ഇത്തരം കോംപ്ളക്സ് പ്രവർത്തനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക്

വിവിധ കലാ-സാഹിത്യ മൽസരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

മീനങ്ങാടിയിലെ സാങ്കേതികവിദ്യാഭ്യാസ സ്ഥാനങ്ങളിൽ പ്രധാനപ്പെട്ടവ വയനാട് പോളിടെക്നിക്, കോമേഴ്സിൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണ്. 1984ൽ ആരംഭിച്ച പോളിടെക്നിക് ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ടെങ്കിലും താമസസൗകര്യം ഇല്ലാത്തതിന്റെ പേരിൽ ദീർഘകാല അവധി എടുക്കുന്നതിനോ മറ്റുജില്ല കളിലേക്ക് സ്ഥലം മാറിപ്പോകുന്നതിനോ അദ്ധ്യാപകർ നിർബന്ധിതരാകുന്നു. സ്വന്തം കെട്ടിടം നിർമ്മാണമാരംഭിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം മന്ദഗതിയിലാണ്. ക്വാർട്ടേഴ്സ്, ഹോസ്റ്റൽ എന്നിവയും നിർമ്മിക്കേണ്ടതാവശ്യമാണ്. കെട്ടിടനിർമാണം പൂർത്തിയായാൽ ഏകദേശം മാസവാടകയിനത്തിൽ സർക്കാറിന് 50000 രൂപ ലാഭിക്കാം.

സിവിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ ട്രേഡുകളിലായി ത്രിവത്സര എഞ്ചിനീയറിങ്, ഡിപ്ലോമ കോഴ്സുകളാണ് പ്രധാനമായി ഇവിടെ നടക്കുന്നത്. കൂടാതെ കമ്മ്യൂണിറ്റി പോളിടെക്റ്റിനിക്കിന്റെ ഭാഗമായി 17 കോഴ്സുകളും തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി, ഇലക്ട്രിഷ്യൻ, കംപ്യൂട്ടർ പ്രോഗ്രാമിംഗ് തുടങ്ങിയ കോഴ്സുകളും ഇവിടെ നടത്തുന്നു. ട്രൈസം പദ്ധതിയുടെ ഭാഗമായും വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നു. തുന്നൽ പരിശീലനവും നടത്തുന്നുണ്ട്.

സ്വയം തൊഴിൽ മേഖലയിൽ ധാരാളം അവസരങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന നിരവധി പരിശീലന പദ്ധതി ഈ സ്ഥാപനം നടത്തുന്നുണ്ട്. ഇപ്പോൾ പ്രവേശനം ജില്ലാ മെറിറ്റിൽ നടക്കുന്നതു മൂലം ഈ സ്ഥാപനത്തിന്റെ പ്രയോജനം ഈ നാട്ടുകാർക്ക് പൂർണ്ണമായും ലഭിക്കുന്നു. അതു കൊണ്ട് തന്നെ ഈ സ്ഥാപനത്തിന്റെ സുഗമവും ഊർജ്ജസ്ഥലവുമായ പ്രവർത്തനത്തിന് ജനകീയ ഇടപെടൽ ആവശ്യമാണെന്ന് വ്യക്തമാക്കുന്നു. പഞ്ചായത്ത് ഭരണ സമിതിയുടെയും നാട്ടുകാരുടേയും നേതൃത്വത്തിലുള്ള ഒരു ജനകീയ കമ്മിറ്റി ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സഹായകരമാകും.

ടൈപ്പ്റൈറ്റിംഗ്, ഷോർട്ട് ഹാൻഡ് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന മറ്റൊരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമാണ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്. ഇതും വാടക കെട്ടിടത്തിൽ ശ്വാസം മുട്ടുന്നു.

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളാണ് കുമാർ കംപ്യൂട്ടേഴ്സ്, നാഷനൽ കമ്പ്യൂട്ടേഴ്സ്, ശരണ്യ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കുമാർ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ. ഇതിനു പുറമെ ധാരാളം തുന്നൽ പരിശീലന കേന്ദ്രങ്ങളും ഇവിടെ പ്രവർത്തിക്കുന്നു.

ഉപരിപഠനരംഗത്ത് മീനങ്ങാടിയിൽ സൗകര്യം വളരെ കുറവാണ്. ഭൂരിഭാഗം വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നില്ല. അതുകൊണ്ടു തന്നെ അവർ മീനങ്ങാടിയിൽ പ്രവർത്തിയ്ക്കുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഭയം പ്രാപിയ്ക്കുന്നു. ഇത്തരം സ്ഥാപനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത് 1967 ൽ തുടങ്ങിയ കുമാർ പാരലൽ കോളേജാണ്. ഇവിടെ SSLC, P.Dc, Dc കോഴ്സുകളും, ടൈപ്പ്റൈറ്റിംഗ്, ഷോർട്ട് ഹാൻഡ് എന്നിവയും നടത്തുന്നു. 987 കുട്ടികൾ ഇവിടെ പഠനം നടത്തുന്നു.

ടാഗോർ കോളേജിൽ വിവിധ കോഴ്സുകളിലായി 167 വിദ്യാർത്ഥികൾ പഠിയ്ക്കുന്നു. ഔവ്വർ എന്ന പേരിൽ മറ്റൊരു സമാന്തര വിദ്യാഭ്യാസ സ്ഥാപനവും മീനങ്ങാടിയിലുണ്ട്.

ഹിന്ദി ഭാഷാ കോഴ്സുകളും നടത്തുന്ന ഒരു സ്ഥാപനമാണ് മഹാത്മാ ഹിന്ദി കോളേജ്. ഇവിടെ 73 വിദ്യാർത്ഥികൾ പഠിയ്ക്കുന്നു.

വാരഡുതല ഗ്രാമസഭായോഗത്തിൽ ചർച്ചകളിലെ നിർദ്ദേശങ്ങൾ ഏതാണ്ട് ഒരേ സ്വഭാവമുള്ളവയാണ്. പ്രാഥമിക വിദ്യാലയങ്ങളുടേയും നഴ്സറി വിദ്യാലയങ്ങളുടേയും അപര്യാപ്തത, ഉള്ളവയുടെ സൗകര്യക്കുറവ്, കുടിവെള്ളം, ഗ്രൗണ്ട്, മൂത്രപ്പുര, പഠനോപകരണങ്ങൾ തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അഭാവം അംഗൻവാടികളുടെ ശോചനീയാവസ്ഥ എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. പൊതു വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചയ്ക്ക് കാരണമായി കണ്ടെത്തിയ കാരണങ്ങൾ അദ്ധ്യാപക തസ്തികകൾ

കൃത്യസമയത്ത് നികത്താത്തതും, കൂട്ട ക്ലാസ് കയറ്റവുമാണ് പല വിദ്യാലയങ്ങളിലും PTA സജീവമല്ല.

അക്കാഡമിക്ക് സൗകര്യങ്ങൾ ഏറെക്കുറെയുള്ളത് മീനങ്ങാടി ഗവൺമെന്റ് ഹൈസ്ക്കൂളിൽ മാത്രമാണ്. ലൈബ്രറി, Laboratary, മറ്റു ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഇവ ഉണ്ടെങ്കിലും അവ വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രയോജനപ്പെടാറില്ല മറ്റു സ്ക്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഇല്ല.

കുടിവെള്ളം ലഭ്യമല്ലാത്ത സ്ക്കൂകളുകളാണ് ചണ്ണാളി, കൊളഗപ്പാറ, അപ്പാട് എന്നിവ. ഭൂരിഭാഗം സ്ക്കൂളുകളിലും വൈദ്യുതി ഇല്ല. ക്ലാസ്മുറികൾ തമ്മിൽ പേർ തിരിവ് ഇല്ല.

മീനങ്ങാടി പഞ്ചായത്തിലെ സ്ക്കൂളുകളിൽ സമരങ്ങൾ മൂലം പ്രവർത്തിദിനങ്ങൾ നഷ്ടപ്പെടാറില്ല. പി.ടി.എ.യുടെ ശക്തമായ നിലപാട് ശ്രദ്ധേയമാണ്.

ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഏകദേശം ഒരേ സ്വഭാവമുള്ളവയാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് ഭൂരിഭാഗവും.

1. ഒന്നാം വാർഡിൽ ചീരംകുന്നിലും നാലാം വാർഡിൽ അരിവയലിലും, 3-ാം വാർഡിലും, അഞ്ചാം വാർഡിലും 8-ാം വാർഡിൽ അത്തി നിലത്തും പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.
2. 11-ാം വാർഡിലെ ചണ്ണാളി LP സ്ക്കൂൾ UP സ്ക്കൂളായി ഉയർത്തുക.
3. നാലാം വാർഡിൽ കൊളഗപ്പാറ സ്ക്കൂളിന്റെ UP വിഭാഗത്തിന് അംഗീകാരം നൽകുക. 4 മുറികളുള്ള കെട്ടിടം പണിയണം.
4. എല്ലാ പ്രൈമറി സ്ക്കൂളിനോട് ചേർന്നും പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.
5. മീനങ്ങാടി ഹൈസ്ക്കൂളിൽ ഹയർ സെക്കണ്ടറിയും കംപ്യൂട്ടർ കോഴ്സും ഏർപ്പെടുത്തുക.
6. ചണ്ണാളി LP സ്ക്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുക.
7. കോട്ടുക്കുന്ന്, പുഴംകുനി കോളനി, കാക്കവയൽ ടൗൺ, ചീരാംകുന്ന്, കുരിശ് ജംഗ്ഷൻ എന്നിവിടങ്ങളിൽ നഴ്സറി സ്ക്കൂൾ ആരംഭിയ്ക്കണം.
8. അംഗൻ വാടികൾക്ക് കെട്ടിടം, കുടിവെള്ളം, കളിപ്പാട്ടം ഇവ ഏർപ്പെടുത്തണം.
9. കുട്ടിരായിൻ പാലം, റാട്ടക്കുണ്ട്, മുണ്ടനടപ്പ്, മണ്ടകവയൽ രാമഗിരി, അടിച്ചിലാടി പുറക്കാടി കരിമം എന്നിവിടങ്ങളിൽ അംഗൻ വാടികൾ ആരംഭിയ്ക്കണം.
10. കൃഷ്ണഗിരി, കൊളഗപ്പാറ, മൈലമ്പാടി, 54-ാം മൈൽ പുറക്കാടി കരിമം, ചെണ്ടക്കുനി എന്നിവിടങ്ങളിൽ വായനശാല ആരംഭിക്കണം.
11. പഞ്ചായത്ത് സ്റ്റേഡിയം വിപുലീകരിച്ച് സ്പോർട്സ് കോംപ്ളക്സും, കോച്ചിംഗ് സെന്ററും ആരംഭിക്കണം.
12. ആദിവാസി കേന്ദ്രങ്ങളിൽ സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിക്കണം.
13. മാനിക്കാവ്, അപ്പാട് എന്നീ സ്ക്കൂളുകളിലേക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തണം.
14. വെള്ളിത്തോട്, മയിലമ്പാടി, ലക്ഷം വീട് എന്നിവിടങ്ങളിലെ സാംസ്കാരിക നിലയം പ്രവർത്തനക്ഷമമാക്കണം.

പൊതു വിദ്യാഭ്യാസരംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെ ശ്രദ്ദേയമായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്. സർക്കാറും പി.ടി.എ.യും മുൻകൈയെടുക്കുകയും അക്കാഡമിക്ക് നിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകർ തന്നെ ശ്രമിക്കുകയും ചെയ്യണം.

1. 7-ാം ക്ലാസിൽ പൊതു പരീക്ഷ ഏർപ്പെടുത്തുക.
2. 8-ാം ക്ലാസിൽ അടിസ്ഥാന ആശയങ്ങൾക്ക് (Spoken English) Grammer, ചതുഷ് ക്രീയകൾ) ഊന്നൽ നൽകികൊണ്ട് അധ്യയനം നടത്തുക. സിലബസ് വേണ്ട.
3. എല്ലാ സ്ക്കൂളുകളിലും ശാസ്ത്ര-ഗണിത ശാസ്ത്ര, ചരിത്ര-മലയാള, ഇംഗ്ലീഷ് ക്ലബ്ബുകൾ പ്രവർത്തിയ്ക്കുക. എല്ലാ

**വ്യാഴാഴ്ചയും അവസാന പിരിയഡ് ക്ലബ്ബ് മീറ്റിംഗിന് നീക്കിവയ്ക്കുക.**

4. **എല്ലാമാസവും റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ സേവനമുപയോഗിച്ച് മോഡൽ ക്ലാസുകൾ നടത്തുക.**

5. **വിദ്യാഭ്യാസരംഗത്ത് സൗജന്യ സംഭാവന ചെയ്യാൻ കഴിവുള്ളവരുടെ ഒരു ഗ്രൂപ്പ് (സ്ഥിരം സംവിധാനം) രൂപികരിച്ച് ഒരോ സ്ക്കൂളിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികളുമായി ഈ ഗ്രൂപ്പ് ചർച്ചനടത്തി പരിഹാരം നിർദ്ദേശിക്കുക. പോരായ്മകൾ ചൂണ്ടിക്കാണിക്കുക.**

6. പഠനനിലാവരത്തെക്കുറിച്ചും, അധ്യായന രീതിയെക്കുറിച്ചും ഒക്കെ ചർച്ച ചെയ്യുന്നതിന് വേണ്ടി മാത്രം സ്റ്റാഫ് മീറ്റിംഗുകൾ എല്ലാ മാസവും ആദ്യ തിങ്കളാഴ്ച വിളിച്ചു ചേർക്കുക. മറ്റു കാര്യങ്ങൾ ഈ മീറ്റിംഗിൽ ചർച്ച ചെയ്യരുത്. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരധ്യാപകൻ 10 മിനിറ്റ് സംസാരിക്കുക. അനുഭവങ്ങൾ ചർച്ചയിൽ പങ്കിടുക. പുതിയ ക്ലാസ് റൂം പ്രവർത്തനങ്ങൾ രൂപീകരിക്കാൻ ഇത് സഹായിക്കും.

7. പ്രൈമറി സ്ക്കൂൾ ഹൈസ്ക്കൂളിൽ നിന്ന് വേർതിരിയ്ക്കുക) (7-ാം വാർഡ് ഗ്രാമസഭ)

8. **അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.**

**വിദ്യാലയങ്ങളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും കൂടാതെ സന്നദ്ധ സംഘടനകളുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. പാഠ്യേതര പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനശൈലി ആവിഷ്കരിക്കുന്നതിലൂടെ വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയും.**



# കുടിവെള്ളവും പൊതുജനാരോഗ്യവും



## കുടിവെള്ളം

മനുഷ്യന്ന് വായു കഴിഞ്ഞാൽ അത്യന്താപേക്ഷിത വസ്തുവാണ് ജലം. ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ ജലത്തിന് പരമ പ്രധാനമായ സ്ഥാനമാണ് ഉള്ളത്. മലിന ജലം ഉപയോദിക്കുന്നത് പല സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു.

ജല വിഭവത്തിന്റെ കാര്യത്തിൽ സമ്പന്നമാണ് മീനങ്ങാടി പഞ്ചായത്ത്. മൂന്ന് പുഴകളും അനേകം തോടുകളും നിരവധി നീർച്ചാലുകളും ഇവിടെയുണ്ട്. സമൃദ്ധിയായി മഴ ലഭിക്കുന്നു. പഞ്ചായത്തിലെ മുഖ്യ കുടി നീർ സ്രോതസ്സ് കിണറുകളാണ്. ഏകദേശം ആയിരത്തി മുന്നൂറോളം കിണറുകളും മുന്നൂറ്റി ഇരുപത്തിയാറ് കേണികളും പതിമൂന്ന് ശുദ്ധജല വിതരണ പദ്ധതികളും പതിനാറ് കുഴൽ കിണറുകളും ഇവിടെയുണ്ട്. (പട്ടിക ഒന്ന് കാണുക)

ഭൂമിയുടെ കുത്തനെയുള്ള ചെരിവ്, ലഭിക്കുന്ന മഴ വെള്ളം മുഴുവൻ കുത്തിയൊലിച്ച് പഞ്ചായത്ത് അതിർത്തി കടന്ന് പോകുന്നതിന്ന് കാരണമാകുന്നു. തൽഫലമായി വേനൽകാലത്ത് പ്രധാന ജല സ്രോതസ്സുകളായ കിണറുകളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഇത് ഏറെയും സംഭവിക്കുന്നത് കുന്നിൻ മുകളിലെ കിണറുകളിലാണ്. പഞ്ചായത്തിലെ ഇരുപത് ശതമാനത്തോളം പേർക്ക് ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജനകീയാസൂത്രണ പരിപാടിയുടെ അടിസ്ഥാനത്തിൽ ഒമ്പതാം പദ്ധതിക്ക് രൂപം കൊടുത്ത് പ്രാവർത്തി

### ശുദ്ധജല സ്രോതസ്സുകൾ

പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുണ്ട് | വെള്ളമില്ലാത്തത് | വെള്ളമുണ്ട് | വെള്ളമില്ലാത്തത് | | |
| 139 | 12 | 1083 | 13 | 16 | 1283 |

കമാക്കുമ്പോൾ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടുമെന്ന് നിശ്ശംശയം പറയാം.

**പ്രശ്നങ്ങൾ**

1. 75 ശതമാനത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകളില്ല. 1991ലെ കാനേഷുമാരി കണക്ക് അനുസരിച്ച് 6051 കുടുംബങ്ങളാണ് പഞ്ചായത്തിലുണ്ടായിരുന്നതെങ്കിൽ ഇന്നത് 6800ഓളമായി ഉയർന്നു. സ്വന്തമായി കിണറുകളില്ലാത്തവർ പഞ്ചായത്ത് കിണറുകൾ, കേണികൾ, പഞ്ചായത്ത് നടപ്പിലാക്കിയ ജല വിതരണ പദ്ധതികൾ, അന്യരുടെ കിണറുകൾ. ചെറു നീർ ചാലുകൾ, എന്നിവയെ ആശ്രയിക്കുന്നു. ഇവയിൽ പലതും സ്വന്തം വീടുകളിൽ നിന്നും വളരെ ദൂരെയായതിനാൽ പലർക്കും കഠിനാദ്ധ്യാനവും സമയനഷ്ടവും ഉണ്ടാകുന്നു വിശേഷിച്ച തൊഴിലാളി-ആദിവാസി മേഘലകളിൽ ഇത് അവരുടെ വരുമാനത്തേ തന്നെ സാരമായി ബാധിക്കുന്നു.
2. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ശുദ്ധ ജല പദ്ധതികൾ ശരിയായ ലക്ഷ്യം കണ്ടില്ല. ഈ പദ്ധതിക്ക് ആവശ്യമായ ജലം എടുക്കുന്ന പല സ്രോതസ്സുകളിലും ചെമ്പുറവായതുകൊണ്ട് ഉപയോഗമല്ലാതായിത്തീർന്നു. ഉദ:- കാപ്പികുന്ന് പദ്ധതി. കൂടാതെ ആവശ്യത്തിന്ന് ജലം ലഭിക്കാതെ വരുന്നു. ( ചൂതുപാറ പദ്ധതി) പല ടാങ്കുകളും നിർമ്മിക്കുന്നതിന്ന് മുമ്പ് ശരിയായ സ്ഥലപരിശോധന നടത്തി പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന സ്ഥലം തിരെഞ്ഞെക്കാൻ കഴിഞ്ഞില്ല. ശരിയായ മാനേജ്മെന്റിന്റെ (ജനകീയ കമ്മിറ്റി) അഭാവം ദൈനംദിന പ്രവർത്തനങ്ങ

## നിലവിലുള്ള പഞ്ചായത്ത് പദ്ധതികൾ

(പട്ടിക രണ്ട്)

| ക്രമ നമ്പർ | സ്ഥാപിച്ചിട്ടുള്ള സ്ഥലം | വാർഡ് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | അത്തിനിലം | 7 | 100 |
| 2. | അരിവയൽ | 4 | 95 |
| 3. | മധുകൊല്ലി | 7 | 100 |
| 4. | ആശുപത്രിക്കുന്ന് | 7 | 90 |
| 5. | മൈലമ്പാടി | 6 | 85 |
| 6. | ആലിലക്കുന്ന് | 10 | 100 |
| 7 | കാപ്പിക്കുന്ന് | 9 | 85 |
| 8. | അപ്പാട് | 9 | 100 |
| 9. | ചൂതു പാറ | 10 | 100 |
| 10 | സി.സി. ഭൂതാനം | 5 | 95 |
| 11 | ആവയൽ | 5,6 | 75 |
| 12 | മലന്തോട്ടം ജംഗ്ഷൻ | 3 | 82 |
| 13. | സി.സി. കറുത്തകാല | 5 | 105 |

ളെയും ആവശ്യമായിവരുന്ന അറ്റകുറ്റ പണികളെയും ബാധിച്ചിട്ടുണ്ട് എന്നെല്ലാം ന്യൂനതകൾ ഉണ്ടെങ്കിലും മീനങ്ങാടി പഞ്ചായത്തിൽ ഏറ്റവും അനുയോജ്യമായ ജല വിതരണ പദ്ധതി ഇതുതന്നെയാണ് എന്ന് നിസ്സംശയം പറയാം.

3. വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന "കുട്ടിരായൻ പദ്ധതി"യുടെ പ്രവർത്തനം തൃപ്തികരമല്ല. മീനങ്ങാടി പഞ്ചായത്തിലെ ഏക പദ്ധതിയായ ഇതിന്റെ സേവനം വളരെ പരിമിതമായി മാത്രമേ നമുക്ക് ലഭിക്കുന്നുള്ളൂ.

ഇവിടെ നിന്നും ലഭിക്കുന്നത് ശരിയായി സംസ്കരിക്കാത്ത അശുദ്ധ ജലമാണ് എന്ന പരാതിയും ഉണ്ട്. കൂടാതെ ദിവസം മുഴുവനും ലഭിക്കുന്നില്ല.

4 വിവിധ പദ്ധതികൾ -ഏജൻസികൾ ഇവവഴി കരാറുകാർ നിർമ്മിച്ചിട്ടുള്ള പല കിണറുകളും കേണികളും നിർമ്മാണത്തിലെ അപാതകൾ കാരണം വറ്റിപോകുകയോ, മലിനജലം ഒഴുകി വീണ് ഉപയോഗ ശൂന്യമായിത്തീരുകയോ ചെയ്തിട്ടുണ്ട്.

5. കുഴൽ കിണറുകളിലെ പൈപ്പ് തുരുമ്പെടുക്കുന്നത് കാരണം ആ ജലം ഉപയോഗിക്കാൻ സാധിക്കുന്നില്ല.

പട്ടിക 3 K.W.A പദ്ധതികൾ

| എണ്ണം | സ്ഥലം | കണക്ഷണുകൾ | | ആകെ |
|---|---|---|---|---|
| | | പൊതുടാപ്പുകൾ | സ്വകാര്യടാപ്പുകൾ | |
| 1 | കുട്ടിരായൻ പാലം | 74 | 16 | 90 |

പട്ടിക 4

## വെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമ സഭ റിപ്പോർട്ട്

| വാർഡ് | പ്രശ്ന മേഖല | പരിഹാര മാർഗ്ഗം |
|---|---|---|
| 1 | കോട്ടുർ കോളനി, മണങ്ങു വയൽ, 4 സെന്റ് കോളനി, കമ്യൂണിറ്റി ഹാൾ പരിസരം, ചീരാം കുന്ന് ലക്ഷം വീട് കോളനി | കോട്ടൂർ കോളനിയിൽ കിണർ<br>മണങ്ങു വയൽ 4 സെൻര് കോളനിയിൽ പമ്പു സെറ്റും കിണറും<br>കമ്യൂണിറ്റി ഹാൾ പരിസരത്ത് കിണർ<br>ചീരാം കുന്ന പമ്പ് സെറ്റ് കിണർ |
| 2. | കിഴക്കേ മീനങ്ങാടി, മന്നത്ത് കുന്ന്, ഊരുകണ്ടി പണിയ കോളനി, ഓടമൂലകുന്ന്<br>കുടശ്ശേരി കുന്ന്<br>ചീരാം കുന്ന്<br>കിഴക്കേ മീനങ്ങാടി പ്രദേശം | പാലാത്ത് മാധവന്റെ സ്ഥലത്തുള്ള കിണർ നന്നാക്കി പമ്പുസെറ്റു ടാങ്കും സ്ഥാപിക്കുക<br>കുടശ്ശേരി കുന്നിൽ കിണർ, ടാങ്ക് പമ്പ് സെറ്റ്<br>നിലവിലുള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുക, ഈർച്ചമില്ലിന് സമീപം കിണർ, കേടു വന്ന പഞ്ചായത്ത് കിണർ നന്നാക്കുക, മത്സ്യാമാർക്കറ്റിനടുത്ത കിണർ കുഴിക്കുക. |

| വാർഡ് | പ്രശ്ന മേഖല | പരിഹാര മാർഗ്ഗം |
|---|---|---|
| 3. | മേപ്പേരി കുന്ന്<br>കച്ചേരി കുന്ന്<br>മുണ്ട നടപ്പ്<br>കരിമ്പൻ കൊല്ലി കോളനി<br>കൊളഗപ്പാറ കുന്ന്, അത്തി മൂലകോളനി, ഭയങ്കരൻ കുന്ന്. | കിണർ സ്ഥാപിക്കുക<br>മധുകൊല്ലി പദ്ധതി വിപുലീകരിക്കുക<br>പമ്പ് സെറ്റ് സ്ഥാപിക്കുക.<br>പമ്പ് സെറ്റ് സ്ഥാപിക്കുക<br>കിണർ പമ്പ് സെറ്റ് ടാങ്ക്<br>നിലവിലുള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കുക |
| 4. | താഴെ അരി വയൽ<br>ആവയൽ കുന്ന്<br>പൂരിമല കുന്ന്<br>പടവയൽ<br>കുമിഴ് കൊല്ലി | കിണർ,പമ്പ്സെറ്റ്, ടാങ്ക്,പൈപ്പ്,<br>കിണർ, പമ്പ് സെറ്റ്, ടാങ്ക്<br>കിണർ, പമ്പ് സെറ്റ്, ടാങ്ക്<br>കിണർ<br>കിണർ |
| 5. | നെല്ലികണ്ടം<br>ആവയൽ, കല്ലിടാം കുന്ന്<br>സി.സി. കുരുമുളക് സമിതി<br>ഓഫീസ് പരിസരം<br>പുല്ലു മല തെരുവ് കുന്ന്<br>അംബേദ്ക്കർ കുന്ന്<br>ഭൂദാനം | കിണർ,പമ്പ്സെറ്റ്, ടാങ്ക്,പൈപ്പ്,<br>കിണർ,പമ്പ്സെറ്റ്, ടാങ്ക്,പൈപ്പ്,<br>കിണർ<br>കിണർ,പമ്പ്സെറ്റ്, ടാങ്ക്<br>കിണർ,പമ്പ്സെറ്റ്, ടാങ്ക്<br>നിലവിലുള്ള പദ്ധതി വിപുലീകരിക്കുക<br>ഒറ്റപ്പെട്ട സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എത്തിക്കുക. |
| 6. | നൂര വയൽ<br>ലക്ഷം വീട് കോളനി, മൈലമ്പാടി L.P. സ്ക്കൂൾ പരിസരം<br>ആവയൽ കുന്ന് | ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് സെറ്റ്, കിണർ<br>മൈലമ്പാടി കുന്നിൽ, ടാങ്ക് നിർമ്മിച്ച്<br>ഹെൽത്തു സെന്ററിനു സമീപം കിണർ<br>ആവയൽ ആദിവാസി കോളനിയിൽ ശുദ്ധ ജലം എത്തിക്കുക. |
| 7. | ചെമ്മണ്ണാം കുഴി<br>കരിമല കുന്ന്<br>വേങ്ങൂർ - രാമഗിരി<br>ആശുപത്രി കുന്ന്<br>മീനങ്ങാടി അത്തിനിലം മിച്ച ഭൂമി<br>കരിമാം കോളനി<br>വേങ്ങൂർ കോളനി. | 1)കിണർ<br>2)ചെമ്മണ്ണാം കുഴി മണ്ടേക്കര വയലിൽ പമ്പ് സെറ്റ്, കിണർ കരിയാം കുന്നിൽ ടാങ്ക് 3)മധുകൊല്ലി ഡീസൽ എഞ്ചിൻ മാറ്റി ഇലക്ട്രിക് മോട്ടോർ സ്ഥാപിക്കുക4)കിണറിന്റെ ആഴം വർദ്ധിപ്പിക്കുക 5)പാൽ സൊസൈറ്റിക്കടുത്തുള്ള കിണർ ഉപയോഗയോഗ്യമാക്കുക 6)അത്തിനിലം കിണർ, പമ്പ് സെറ്റ് ടാങ്ക്7)നിലവിലുള്ള കിണറിന് പകരം പുതിയത് കുഴിക്കുക. |

| വാർഡ് | പ്രശ്ന മേഖല | പരിഹാര മാർഗ്ഗം |
|---|---|---|
| 8. | കാപ്പികുന്ന് കോളനി | നിലവിലുള്ള കിണറിന്റെ അറ്റകുറ്റ പണി |
| | കാപ്പികുന്ന് | നിലവിലുള്ള ടാങ്കും പൈപ്പ്ലൈനും ഉപയോഗപ്പെടുത്താൻ പുതിയ കിണർ |
| | പന്നിമുണ്ട | കിണർ, പന്നിമുണ്ടയിൽ ടാങ്ക് |
| | മാട്യമ്പം-എതിർകുന്ന് | അത്തിനിലം പദ്ധതി ശേഷി കൂട്ടുക. |
| | പള്ളിക്കമൂല | കിണർ |
| | കാരാട്ട് കുന്ന് | കിണർ |
| | ഒലി വയൽ | കിണർ |
| | മാട്യമ്പം കുന്ന് | കിണർ |
| 9. | മൂന്നാനകുഴി ടൗൺ, യൂക്കാലിക്കവല കോളനി, കി:കോളേരി പരിസസരം | ഞാറ്റാടി നരസി പ്പുഴയിൽ കിണർകുഴിച്ച്, പുല്ല് മലയിൽ ടാങ്ക് സ്ഥാപിച്ച് പൈപ്പ് വഴി ജലവിതരണം നടത്തുക. |
| | പുല്ലു മല | |
| | കാപ്പികുന്ന് | വെള്ളം കൊല്ലിയിൽ കിണർ കുഴിച്ച് നിലവിലുള്ള ടാങ്കിലേക്ക് വെള്ളം എത്തിക്കുക |
| | അപ്പാട് സ്ക്കൂൾ പരിസരം | ടാങ്കിന്റെ ശേഷി വർദ്ധിപ്പിക്കുക |
| | മടൂർ കുന്ന് | കിണർ സ്ഥാപിക്കുക. |
| 10. | ചന്തം ചിറ കോളനി, കൊല്ലി വയൽ, ചെറുവയൽ, മാതമൂല, പൂവള്ളി, അയനിപുര, ചക്കോല, അണ്ണാം വയൽ, മാതികാവ് കോളനി, മുണ്ടനെല്ലി, രാരോത്ത് | നിലവിലുള്ള കിണറും കേണികളും നന്നാക്കുക |
| | | കിണർ, പമ്പ്, ടാങ്ക്, |
| | | കിണർ, പമ്പ്, ടാങ്ക് |
| | വട്ടക്കാവ് കുന്ന് | |
| | മാനിക്കാവ് | കുഴൽ കിണറുകൾ നന്നാക്കുക |
| | ചൂതു പാറ | ആലിലകുന്നിൽ ടാങ്കിന്റെ ശേഷി വർദ്ധിപ്പിക്കുക. |
| | പാടത്തു കാവ് | |
| 11. | കുറ്റി മുണ്ട | കിണർ, പമ്പ് സെറ്റ്, ടാങ്ക്, പൈപ്പ് |
| | പാലക്കമൂല ടൗൺ | കിണർ |
| | പുലച്ചിക്കുനി | കിണർ |
| | ചെന്നാളി പണിയ കോളനി | കിണർ |
| | ചെന്നാളി സ്ക്കൂൾ | കിണർ നന്നാക്കുക |
| 12. | മൂതി മൂല | കിണർ |
| | കോലമ്പറ്റ | കിണർ |
| | കുണ്ട് കൊല്ലി | കിണർ |
| | പന്തളം കുന്ന് | കിണർ |

**പൊതു നിർദ്ദേശങ്ങൾ**

1 കുന്നിൻ മുകളിൽ കിണർകുഴിക്കുന്നത് ചെലവേറിയതും, പലപ്പോഴും ഉപയോഗശൂന്യവുമാണ്. അത് കൊണ്ട് ഉയരമുള്ള സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് കുന്നിൻ ചെരുവുകളിലെ ജലാശയങ്ങളിൽ നിന്ന് പമ്പ് ചെയ്ത് വിതരണം ചെയ്യുന്ന പദ്ധതി വ്യാപിപ്പിക്കുക. ഇവ ശരിയായ പഠനം നടത്തി നടപ്പിലാക്കുക.

2 മഴവെള്ളം കെട്ടി നിർത്തി ഭൂഗർഭ ജല ശ്രോതസ്സ പുഷ്ടിപ്പെടുത്തുന്നതിന്ന് നീർമതി പദ്ധതി ജനകീയ പങ്കാളിത്തത്തോടെ കാര്യക്ഷമമാക്കി നടപ്പിലാക്കുക.

3 പുഴകളിലും, തോടുകളിലും ആവശ്യത്തിന് തടയണകൾ നിർമ്മിക്കുക.

4 ചതുപ്പ് നിലങ്ങൾ, കൊല്ലികൾ ഇവയുടെ സ്വാഭാവികത നിലനിർത്തുക.

5 കുഴൽ കിണറുകളിൽ തുരുമ്പിക്കാത്ത പൈപ്പുകൾ സ്ഥാപിക്കുകയും മോട്ടോർ ഉപയോഗിച്ച് ടാങ്കുകളിൽ പമ്പ് ചെയ്ത് വിതരണം നടത്തുക.

6 പൊതു ജനങ്ങളെ ബോധവൽകരിച്ച ജലം മലിനമാക്കുന്നുതും, ദുർവിനിയോഗം ചെയ്യുന്നതും തടയുക.

7 പൊതുകിണറുകൾ ശരിയായ ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

8 ശുചീകരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്വത്തോടെ യഥാസമയം നടത്തുക.

9 വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജല പദ്ധതി പഞ്ചായത്തിന്റെ കീഴിലാക്കുക.

10 ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ വിദഗ്ദരുടെ ഉപദേശവും സേവനവും തേടുക. ജന പങ്കാളിത്വം ഉറപ്പാക്കുക.

# ആരോഗ്യം

വയനാട്ടിലെ കുടിയേറ്റ മേഖലയിലെ ഒരു പ്രധാനപ്പെട്ട പഞ്ചായത്താണ് മീനങ്ങാടി പഞ്ചായത്ത്. ആദിവാസികളുൾപ്പെട്ട നിരവധി കോളനികൾ അടങ്ങിയതാണ് ഈ പഞ്ചായത്തിന്റെ ഒരോ വാർഡും. പാരമ്പര്യ ചികിത്സ സമ്പ്രദായങ്ങൾ ആയിരുന്നു . ആദ്യകാല കുടിയേറ്റ കർഷകരും ആദിവാസികളും സ്വീകരിച്ചിരുന്നത്.

1962 ൽ ഇപ്പോഴത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നത് വരെ ചികിത്സക്കു വേണ്ടി ബത്തേരി ഗവ: ആശുപത്രി ആശ്രയിക്കേണ്ടിയിരുന്നു. 1962ൽ നു മുമ്പ് ബത്തേരി ഗവ: ആശുപത്രിയിലെ ഡോക്ടർ പുറക്കാടി വില്ലേജ് ഓഫീസിൽ വന്ന് ആഴ്ചയിൽ രണ്ട് ദിവസം രോഗികളെ പരിശോധിച്ച് മരുന്ന് നൽകിയിരുന്നു. വിദഗ്ദ ചികിത്സക്കാകട്ടെ 90 കി.മി. അകലെ കോഴിക്കോട് എത്തണമായിരുന്നു. ഇന്നും അതുതന്നെയാണ് സ്ഥിതി.

K.G. മാധവൻ നായർ ബ്ലോക്ക് മെംമ്പർ ആയിരുന്ന കാലത്ത് മീനങ്ങാടി ചന്ത പരിസരത്ത് 1964-ൽ താൽകാലികമായി പ്രാഥമിക ആരോഗ്യം കേന്ദ്രം പ്രവർത്തിച്ചു തുടങ്ങി. കൽപറ്റ ഗവ: ആശുപത്രിയിലെ ഡോ: ദാമോധരൻ ആയിരുന്നു അന്നത്തെ മെഡിക്കൽ ഓഫീസർ. പിന്നീട് ആശുപത്രിക്ക് വേണ്ടി പുന്നച്ചാലിൽ കുര്യാക്കോസിൽ നിന്നും രണ്ട് ഏക്കർ സ്ഥലം പൗരസമിതി പിരിവെടുത്ത് വാങ്ങി. 25% ജനപങ്കാളിത്തത്തോട് കൂടി നാട്ടുകാർ കെട്ടിടവും പണിതു. വെള്ളത്തിന്റെ ദൗർലഭ്യം രൂക്ഷമായതിനെ തുടർന്ന് പഞ്ചായത്ത് "വാട്ടർമാൻ" നെ നിയമിച്ചു. എന്നാലും ജലക്ഷാമം മൂലം രണ്ടു വർഷം അടച്ചിടേണ്ടിവന്നു. 1968 ൽ വൈദ്യുതീകരിച്ചു. 87ൽ പത്ത് കിടക്കകൾക്കുള്ള് കെട്ടിടവും പണിതു. മീനങ്ങാടി സർവ്വീസ് സഹകരണ ബേങ്കിന്റെ ധനസഹായത്തോടെ ഒരു കിണർ കുഴിച്ച് ആശുപത്രിക്ക് വേണ്ട ശുദ്ധജലം എത്തിക്കുന്നു. 1990 ൽ ഈ പ്രാഥമിക ആരോഗ്യ കേന്ദ്രം കമ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുകയും 16 കിടക്കകളുള്ള ഒരു കെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിക്കുകയും ചെയ്തു.

ഈ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കൂടാതെ ഒരു ആയുർവേദ ആശുപത്രി, ഒരു ഹോമിയോ ആശുപത്രി, അഞ്ച് ആരോഗ്യ ഉപകേന്ദ്രങ്ങൾ എന്നിവ നിലവിലുണ്ട്. ഇതു കൂടാതെ സ്വകാര്യ മേഖലയിൽ 8 ക്ലിനിക്കുകളും രണ്ട് ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. ഇത്രയും സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ പൊതു ആരോഗ്യ സ്ഥിതി ആശാവഹമല്ല. ആദിവാസികളുടെ ഇടയിൽ പടർന്നു പിടിച്ചിരിക്കുന്ന ചൊറി, വയറിളക്കം, തുട

പട്ടിക 1

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | കേന്ദ്രങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം മീനങ്ങാടി | VII | 1962 | 30 |
| 2 | ആയുർവ്വേദ ആശുപത്രി -ചണ്ണാളി | XI | 1961 | 5 |
| 3 | ഹോമിയോ ആശുപത്രി - ചൂതുപാറ | X | 1987 | 4 |
| 4 | I.P.P ആരോഗ്യ ഉപകേന്ദ്രം -അപ്പാട് | IX | 1985 | 1 |
| 5 | I.P.P ഉപകേന്ദ്രം - ചൂതുപാറ | X | 1989-90 | 1 |
| 6 | I.P.P ആരോഗ്യ ഉപകേന്ദ്രം - കോലമ്പറ്റ | XII | 1989-90 | 1 |
| 7 | I.P.P ആരോഗ്യ ഉപകേന്ദ്രം - മൈലമ്പാടി | VI | | 1 |
| 8 | I.P.P ആരോഗ്യ ഉപകേന്ദ്രം - ആവയൽ | V | 1994-95 | 1 |

ങ്ങിയ രോഗങ്ങളും സിക്കിൾസെൻ അനീമിയയും ഈ പഞ്ചായത്തിലെ ആരോഗ്യ രംഗത്തുള്ള പോരായ്മ എടുത്തു കാണിക്കുന്നു.

### പ്രശ്നങ്ങൾ

1 ആശുപത്രിയിൽ ഒരോ വിഷയത്തിനും സ്പെഷ്യലൈസ് ചെയ്ത ഡോക്ടർ മാരുടെ അഭാവം

2 ഡോക്ടർമാർക്ക് ആനുപാതികമായി മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റെ അഭാവം

3 വാഹന ദൗർബല്ല്യം- ഒരു വാഹനമുള്ളത് കേടായി കിടക്കുന്നതിനാൽ ഫീൽഡിൽ ഉള്ള ആരോഗ്യ പ്രവർത്തനങ്ങൾ ശരിയായവണ്ണം സാധിക്കാതെ വരുന്നു.

4 സ്റ്റാഫ് നെഴ്സ് മാരുടെ കുറവ്

5 ജീവനക്കാർ താമസിക്കാനുള്ള ക്വാർട്ടേസിന്റെ അഭാവം

6 ഈ ആശുപത്രിയിൽ നിന്ന് reffer ചെയ്യുന്ന രോഗികളെ വിദൂര ആശുപത്രികളിൽ എത്തിക്കാനുള്ള സംവിധാനം ഇല്ലായ്മ

7 ഒരു ആംബുലൻസിന്റെ അഭാവം

8 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഓരോ വാർഡിലും ഓരോ ഓഫീസ് സ്ഥാപിക്കപ്പെടേണ്ടതാണ്. ഇതിന്റെ അഭാവം മൂലം ശരിയാം വണ്ണം അരോഗ്യ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല.

9 ആശുപത്രിക്ക് ഒരു ചുറ്റു മതിൽ ഇല്ലാത്തതിനാൽ അലഞ്ഞുതിരിയുന്ന നായ്ക്കളുടെയും, കന്നുകാലികളുടെയും ശല്യം ഉണ്ടാകുന്നു.

10 ആശുപത്രി പരിസരത്ത് ഒരു പൊതു വിളക്ക് സ്ഥാപിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.

മേൽപറഞ്ഞ സംഗതികൾ പ്രാവർത്തികമാക്കിയാൽ ആശുപത്രിയുടെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുവാൻ കഴിയുന്നതാണ്. ആരോഗ്യകേന്ദ്രങ്ങളും ഉപ കേന്ദ്രങ്ങളും ബോധവൽകരണം നടത്തേണ്ടിയിരിക്കുന്നു. ആദിവാസി കോളനികളിൽ ആരോഗ്യ സേവനങ്ങളും ബോധവൽകരണവും എത്തിച്ച് കൊടുക്കുന്നതിന്ന് ഫീൽഡ് ജീവനക്കാർക്ക് ഓരോ വാർഡിലും ആഫീസ് അത്യാവശ്യമാണ്.

### കക്കൂസ്

ഈ പഞ്ചായത്തിലെ 60 % ആൾക്കാർക്കും ശുചിത്വമുള്ള കക്കൂസുകൾ ഇല്ല. കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന സംഗതിയാണ് പൊതു ജനങ്ങളുടെ ശുചിത്വം. ശുചിത്വ പരിപാലനത്തിന് കക്കൂസ് അനിവാര്യമാണ്. മീനങ്ങാടി പഞ്ചായത്തിൽ നിലവിൽ തന്നെ നൂറോളം കോളനികൾ

ഉണ്ട്. ഈ ആദിവാസി കോളനികളിൽ സ്വന്തമായി കക്കൂസ് ഉള്ള വീട്ടുകാർ വളരെ വിരളമാണ്. ആദിവാസികളുടെ ഇടയിൽ പടർന്ന് പിടിച്ചിരിക്കുന്ന ചൊറി, വയറിളക്കം, വിളർച്ച, വിരശല്യം തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രധാന കാരണം ഇതാണ്. താഴെ പറയുന്ന സംഗതികൾ ഗ്രാമസഭകളിൽ ഉയർന്നു വന്നത് പട്ടികയായി കൊടുക്കുന്നു.

### പരിസര ശുചിത്വം

മീനങ്ങാടി പഞ്ചായത്തിലെ സിരാകേന്ദ്രമാണ് മീനങ്ങാടി ടൗൺ. ഈ പഞ്ചായത്തിലുള്ള ജനങ്ങൾ എപ്പോഴും ആശ്രയിക്കുന്നത് ഈ ടൗണിനെയാണ്. ആദ്യകാല കുടിയേറ്റ കർഷകരുടെ ശ്രമഫലമായി ചന്ത, കന്നു കാലി ചന്ത, മത്സ്യ മാർക്കറ്റ് ഇവ ദശാബ്ദങ്ങളായി നിലനിന്നു വരികായണ്.

| പ്രശ്നം | പ്രശ്ന പരിഹാരം |
|---|---|
| സാമ്പത്തിക പരാധീനത | സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| അറിവില്ലായ്മ | ആദിവാസി കോളനികളിലും മറ്റും ശക്തമായ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുക. |
| പൊതുകക്കൂസ് | 100 വീടിനും, 50 വീടിനും (പൊതുവായി കോളനികൾക്ക്) ശുചിത്വമുള്ള സാനിട്ടറി പൈപ്പ് കക്കൂസകൾ സൗജന്യമായി നിർമ്മിച്ചു നൽകാവുന്നതാണ്. |
| അർഹത | അർഹതയുള്ളവരെ കണ്ടെത്തി യഥാസമയം ധനസഹായത്തെക്കുറിച്ച് ജനങ്ങളെ അറിയിക്കുക. |

കക്കൂസ് നിർമ്മിക്കുന്നതിനും മറ്റും അനുവദിക്കപ്പെടുന്ന തുക വളരെ തുച്ഛമായതിനാൽ മുഴുവൻ ചിലവും ഒറ്റ ഗഡുവായി തന്നെ എത്തിച്ചു കൊടുത്താൽ ജനങ്ങൾ കക്കൂസ് നിർമ്മിച്ചുപയോഗിക്കുന്നതിന്ന് തയ്യാറാകും. ആദിവാസികൾക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ച് കൊടുക്കുക. IRDP മുതലായ സ്കീമുകൾ പരമാവധി പ്രയോജനപ്പെടുത്തുക. തുടങ്ങിയ ആവശ്യങ്ങളും പരിഗണിക്കേണ്ടതാണ്.

മത്സ്യം റോഡുവക്കിൽ വെച്ച് വിപണനം നടത്താതെ പഞ്ചായത്ത് നിർമ്മിച്ചാ സ്റ്റാളിൽ വെച്ച് വിപണനം നടത്തിയാൽ ഒറു പരിധി വരെ പരിസരം ശുചിയായി സൂക്ഷിക്കുവാൻ കഴിയും. ചന്തക്കകത്ത് ഒരു Water tap സ്ഥാപിച്ച് ശുചീകരണത്തിന്നുള്ള സൗകര്യം അടിയന്തിരമായി ഉണ്ടാക്കേണ്ടതാണ്.

ടൗണിലെ ഓടകൾ യഥാകാലം ശുചിയാക്കുകയും സ്ലാബുകൾ ഇല്ലാത്തിടത്ത് അവ ഇടുവാനുള്ള നടപടി സ്വീകരിക്കുകയും വേണം. ചന്തകളിലും പൊതു നിരത്തിന്റെ കവലകളിലും ചപ്പുചവറുകൾ നിക്ഷേപിക്കുവാനുള്ള കൂടുകൾ സ്ഥാപിക്കണം. വാഴക്കുല ചന്തയിലുള്ള ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യപ്പെടണം. മീനങ്ങാടി മത്സ്യമാർക്കറ്റിനുള്ളിൽ തന്നെ ഒരു "സോക്കേജ് പിറ്റ്" സ്ഥാപിച്ച് മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കപ്പെടാനുള്ള സംവിധാനം വേണ്ടിയിരിക്കുന്നു. ടൗണിനടുത്തുള്ള "എല്ലു കുഴി" ടൗണിൽ നിന്നും അകന്ന് പൊതു ജനങ്ങൾക്ക് ശല്യമില്ലാത്ത ഒരിടത്ത് സ്ഥാപിക്കേണ്ടതാണ്.

മാംസ വിപണന രംഗത്ത് കർശന പരിശോധന നടത്തേണ്ടിയിരിക്കുന്നു. മീനങ്ങാടി പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപിക്കണം. ഈ അറവു ശാലയിൽ നിന്നും മാത്രമേ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് മാംസ വിപണനം നടത്താൻ പാടുള്ളൂ.

മീനങ്ങാടിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നാണിവിടുത്തെ കന്നുകാലി ചന്ത. ഈ കന്നു കാലിച്ചന്തയിൽ നിന്നുള്ള മാലിന്യകൂമ്പാരം തുറസ്സായ ചുറ്റുമതിലുള്ള ഒരു സ്ഥലത്തു നിക്ഷേപിക്കേണ്ടതാണ്. ടൗണിൽ നിന്നുള്ള മാലിന്യങ്ങളും ഇങ്ങനെ ദൂരെ ചുറ്റു മതിലുള്ള ഒരുസ്ഥലത്തു നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇപ്പോൾ മാലിങ്ങൾ കൂടികിടക്കുന്നതും എത്രയും വേഗം ഇവിടെ നിന്നും നീക്കം ചെയ്യണ്ടതാണ്.

ഈ പഞ്ചായത്തിലെ ഓരോ കോളനികളിലും കമ്പോസ്റ്റു കുഴി

സ്ഥാപിക്കേണ്ടതാണ്. 2ഠഠ വാർഡിലെ 54ൽ ഉള്ള ചിറയിൽ അഴുക്കു വെള്ളം കെട്ടിക്കിടക്കുന്നത് നീക്കം ചെയ്യപ്പെടണം. കോളനികളിൽ പരിസരശുചീകരണത്തെ കുറിച്ച് ബോധവൽക്കരണം നടത്തണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടികൂടി പേവിഷബാധയിൽ നിന്നും സംരക്ഷിക്കേണ്ടതാണ്.

## പഞ്ചായത്തുതലത്തിൽ പ്രാവർത്തികാക്കാവുന്ന ചില നിർദ്ദേശങ്ങൾ

### പൊതുശ്മശാനം.

ഈ പഞ്ചായത്തിലെ വിവിധ മത വിഭാഗങ്ങൾക്ക് അവരവരുടേതായ ശമശാനങ്ങൾ നിലവിലുണ്ട്. ഒരു പൊതു ശ്മശാനം കൂടി ഈ പഞ്ചായത്തിൽ ഉണ്ടായിരിക്കേണ്ടിയിരിക്കുന്നു. 1ഠ വർഡിലുള്ള ആറുമാട്ട് പ്രദേശം ഇതിന് അനുകൂലമായ സ്ഥലമാണ്.

### ഹെൽത്തുകാർഡ്

ഹോട്ടൽ തൊഴിലാളികൾ ,ബോക്കറികളിൽ തൊഴിൽ ചെയ്യുന്നവർ ഇറച്ചിയും മീനും വിപണനം ചെയ്യുനവർ മുതലായവർക്ക് ഹെൽത്തുകാർഡ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പല പൊതു ജനങ്ങൾക്ക ഹാനികരമായിത്തീരാവുന്ന രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ ഹെൽത്തു കാർഡിലൂടെ സാധിക്കും.

### പബ്ലിക് ഹെൽത്ത് ആക്ട്

കാലഹരണപ്പെട്ട മദ്രാസ് പബ്ലിക് ഹെൽത്ത ആക്ട്, ട്രാവൻകൂർ-കൊച്ചി പബ്ലിക്ക ഹെൽത്ത് ആക്ട് എന്നിവ പുതുക്കി നിശ്ചയിക്കുക വഴി പൊതു ജനാരോഗ്യ രംഗത്ത് മുന്നേറ്റം സൃഷ്ടിക്കാൻ കഴിയും.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി മുറുക്ക്, പുകവലി, മദ്യം, മയക്ക് മരുന്ന് മുതലായവക്ക് എതിരെ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണം. പല സാംക്രമിക രോഗങ്ങളെ കുറിച്ചും യഥാകാലം ജനങ്ങളെ അറിയിക്കുന്നതിനു സംവിധാനം ഉണ്ടാക്കണം. രക്തദാനം, നേത്ര ദാനം തുടങ്ങിയവയുടെ മഹത്വം പൊതുജനങ്ങളിൽ വ്യാപകമായി എത്തിക്കണം. എയ്ഡ്സ്,ക്ഷയം തുടങ്ങിയ രോഗങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കണം. ഇങ്ങനെ നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി സന്നദ്ധ സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ശുചിത്വമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ നമുക്ക് കഴിയും.

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡുതിരിച്ചുള്ള സ്ഥിതി വിശേഷവും.

പട്ടിക - 2

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനങ്ങളെ കുറിച്ചു വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശം. |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | ഇല്ല. | ആയുർവ്വേദ ക്ലിനിക്- 1 ഹോമിയോ ക്ലിനിക്- | 1 ചൊറി വയറിളക്കം വിളർച്ച | തൃപ്തികരമല്ല, ആവശ്യത്തിന്നു മരുന്നില്ല. | ആരോഗ്യ ഉപകേന്ദ്രംസ്ഥാപിക്കുന്ന പരിപാടികൾ ഊർജ്ജിതപ്പെടുത്തണം. |
| 2. | ഇല്ല | ഹോമിയോ ക്ലിനിക്- 1 ആയുർവ്വേദ ക്ലിനിക് | 1 വിളർച്ച ചൊറി വയറിളക്കം ഡിക്കിൾസസ് അനീമിയ | തൃപ്തികരമല്ല. | ആരോഗ്യ ഉപകേന്ദ്രം സ്ഥാപിക്കുക മെച്ചപ്പെട്ട ആരോഗ്യസൗകര്യങ്ങൾ നൽകുക. |
| 3 | ഇല്ല | ഇല്ല | പനി ചൊറി | തൃപ്തികരമല്ല. | കൃഷ്ണഗിരിയിൽ ആരോഗ്യഉപകേന്ദ്രം സ്ഥാപിക്കുക. |

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനങ്ങളെ കുറിച്ചു വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശം. |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 4 | ഇല്ല | ഇല്ല | പനി,ക്ഷയം,വിളർച്ച | തൃപ്തികരമല്ല | പ്രകൃതി ചികിത്സക്ക് മിൻതൂക്കം നടത്താൻ സെമിനാർ നടത്തുക. ബോധവൽക്കരണ പരിപാടികൾ നടത്തുക. ആരോഗ്യ ഉപകേന്ദ്രംസ്ഥാപിക്കുക. |
| 5. | I.P.I ആരോഗ്യഉപകേന്ദ്രം | ഇല്ല. | വയറിളക്കം, പനി, ഛർദ്ദി, ചൊറി | കുത്തിവെപ്പുകൾ നടത്താറുണ്ട്. സ്ഥിതി മെച്ചപ്പെടുത്തുക. | C.C ജങ്ഷനിൽ ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുക. ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കുക. വിദഗ്ദ ഡോക്ടർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| 6. | I.P.Pആരോഗ്യഉപകേന്ദ്രം | ഹോമിയോക്ലിനിക്ക്1 | ക്ഷയം | ആരോഗ്യക്ലാസുകൾ നടത്തുന്നു. പൊതുവെ തൃപ്തികരം. | ഡോക്ടറുടെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കണം. |
| 7. | പ്രാഥമികആരോഗ്യകേന്ദ്രം | ഹോമിയോക്ലിനിക്ക്(1) | ക്ഷയം,ചൊറി, വയറിളക്കം | സ്റ്റാഫില്ല. ഡോക്ടർമാരുടെ സേവനം കിട്ടാറില്ല. ഒട്ടും തൃപ്തികരമല്ല. | കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിന് വേണ്ട സ്റ്റാഫിനെ നിയമിക്കുക. റോഡ് നന്നാക്കുക ചുറ്റുമതിൽ നിർമ്മിക്കുക പൊതുവിളക്ക് സ്ഥാപിക്കുക ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കുക. |
| 8. | ഇല്ല | ഇല്ല | പ്രത്യേകിച്ചൊന്നും കാണപ്പെടുന്നില്ല. | പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. | നെടിയഞ്ചേരിയിൽ ഒരു ഹോമിയോ ക്ലിനിക് സ്ഥാപിക്കുക. ചന്നിമുണ്ട ആസ്ഥാനമാക്കി ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക. ആരോഗ്യ ഉപകേന്ദ്രംസ്ഥാപിക്കുക. |
| 9. | I.P.Pആരോഗ്യഉപകേന്ദ്രം | ഇല്ല | ചൊറി, ക്ഷയം വിളർച്ച | തൃപ്തികരമല്ല. മരുന്ന് ലഭിക്കുന്നില്ല | ഡോക്ടർമാരുടെ സേവനം അത്യാവശ്യമാണ്. ആരോഗ്യ ഉപകേന്ദ്രത്തിൽ നിന്നും മരുന്ന് ലഭിക്കണം. മൂന്നാനക്കുഴിയിൽ ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കണം. |
| 10 | I.P.Pആരോഗ്യഉപകേന്ദ്രം ഹോമിയോ ആശുപത്രി | ഇല്ല | ചൊറി വിളർച്ച സിക്കിൾസൽ അനീമിയ | തൃപ്തികരമല്ല. | ആരോഗ്യ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. |
| 11 | ആയുർവ്വേദ ആശുപത്രി(ചണ്ണാളി) | ഇല്ല | പ്രത്യേകിച്ച് ഒന്നും കാണപ്പെടുന്നില്ല. | പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. | പുലച്ചികുനിയിൽ ഒരു ആരോഗ്യ ഉപകേന്ദ്രം സ്ഥാപിക്കുക. |
| 12 | I.P.P ആരോഗ്യ ഉപകേന്ദ്രം | അലോപ്പതിആശുപത്രി2 | പ്രത്യേകിച്ച് ഒന്നും കാണപ്പെടുന്നില്ല. | പൊതു സേവനങ്ങൾ മെച്ചപ്പെടുത്തണം. | ഹോമിയോ ആശുപത്രി സ്ഥാപിക്കണം. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. |

# വ്യവസായം

വ്യവസായം എന്ന സങ്കല്പത്തിന് വൻ പുകക്കുഴലുള്ള സൈറൺ മുഴക്കുന്ന തൊഴിലാളി പ്രക്ഷോഭങ്ങളാൽ മുഖരിതമായ ഒരന്തരീക്ഷം എന്ന വികൃതമായ ഒരു രൂപമാണ് സാധാരണക്കാരന്റെ മനസ്സിലുള്ളത്. ഈ സങ്കല്പത്തിന് ഇന്ന് വ്യത്യാസ മാനങ്ങൾ കൈവന്നിരിക്കുന്നു. ചെറുകിട യന്ത്രങ്ങളും മറ്റും ഉൽപാദനത്തിന്റെ അളവു വർദ്ധിപ്പിക്കുകയും മനുഷ്യാധ്വാനം കുറയ്ക്കുകയും ചെയ്യുന്നു. അന്തരീക്ഷ മലിനീകരണവും തൊഴിൽ കുഴപ്പങ്ങളും ഇന്നത്തെ ചെറുകിട വ്യവസായത്തിന്റെ മുഖമുദ്രയല്ല. ആര്യോഗ്യത്തിന് ഹാനികരമല്ലാത്ത അന്തരീക്ഷ മലീനീകരണത്തിന് കാരണമാകാത്ത കൊച്ചു കൊച്ചു വ്യവസായങ്ങളാണ് നമ്മുടെ ഗ്രാമങ്ങൾക്ക് ചേരുക.

വ്യവസായ മേഖലയിൽ മീനങ്ങാടി പഞ്ചായത്തിന് എടുത്തു പറയാവുന്ന ചരിത്രമൊന്നുമില്ല. വൻകിട ഇടത്തര വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ചെറുകിട മേഖലയിലെ ഏതാനും സ്വകാര്യ യൂണിറ്റുകൾ സഹകരണ മേഖലയിലെ ഒരു പ്രസ്സ്, ഒരു പാൽ ശീതീകരണ പ്ലാന്റ്, ഒരു കന്നുകാലിത്തീറ്റ ഫാക്ടറി എന്നിവയാണ് പ്രധാന വ്യവസായ സംരഭങ്ങൾ. നമ്മുടെ വ്യവസായ മേഖലയിൽ 518 പേരാണ് വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. ഇവരിൽ 360 പേർ പുരുഷന്മാരും 158 പേർ സ്ത്രീകളുമാണ്.

നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികൾ | | | ശതമാനം |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| 1. | പരമ്പരാഗത കുടിൽ വ്യവസായം-മൺപാത്ര നിർമ്മാണം | 14 | 15 | 29 | 56.60 |
| 2. | ഭക്ഷ്യ സംസ്കരണം | 116 | 29 | 145 | 28.00 |
| 3. | ചെറുകിട വ്യവസായങ്ങൾ | 146 | 15 | 161 | 31.08 |
| 4. | പാൽ ശീതികരണം | 12 | 1 | 13 | 2.51 |
| 5. | തുണിനെയ്ത്ത് | 3 | 2 | 5 | 0.96 |
| 6. | മറ്റു വ്യവസായങ്ങൾ | 69 | 96 | 165 | 31.85 |
| | ആകെ | 360 | 158 | 518 | 100.00 |

## ചെറുകിട വ്യവസായ യൂനിറ്റുകളും തൊഴിലാളികളും

പട്ടിക - II

| ക്രമനമ്പർ | ഇനം | വ്യവസായങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | ആ. | പെ. | ആകെ |
| 1. | നാളികേരം | 3 | 13 | - | 13 |
| 2. | തടിവ്യവസായം | 20 | 80 | - | 80 |
| 3. | എഞ്ചിനീയറിംഗ് | 21 | 60 | - | 60 |
| 4. | ആയുർവേദം | 5 | 10 | 5 | 15 |
| 5. | ഐസ്ഫാക്ടറി | 1 | 3 | 0 | 3 |
| 6. | അച്ചടി. | 4 | 6 | 15 | 21 |
| 7. | ഭക്ഷ്യ സംസ്കരണം | 48 | 90 | 24 | 114 |
| 8. | കൈത്തറി | 1 | 3 | 2 | 3 |
| 9. | മറ്റുള്ളവ | 51 | 69 | 96 | 165 |
| | ആകെ | 154 | 334 | 142 | 476 |

പരമ്പരാഗത മേഖലയിൽ ആകെയുള്ളത് മൺ പാത്ര നിർമ്മാണമാണ്. കളിമണ്ണിന്റെ ദൗർലഭ്യം, കൂടിയ കടത്ത് ചിലവ്, വില ഇവയും ഇന്ധനങ്ങളുടെ അമിത വിലയും ഈ വ്യവസായരംഗത്ത് തൊഴിലാളിക്ക് പിടിച്ചു നിൽക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നു. കൂടാതെ മൺപാത്രങ്ങളോടുള്ള ജനങ്ങളുടെ അപ്രീയം ഈ പരമ്പരാഗത കുടിൽ വ്യവസായത്തെ നാശോന്മുഖമാക്കുന്നതിന് പ്രേരകമാകുന്നു.

വ്യവസായ മേഖലയിലെ ചെറുകിട മേഖല പ്രധാനമായും തുന്നൽ, എഞ്ചിനീയറിംഗ്, ഭക്ഷ്യ സംസ്കരണം എന്നീ രംഗങ്ങളിലാണ് പ്രവർത്തിയ്ക്കുന്നത്.

സഹകരണമേഖലയിൽ പ്രവർത്തിയ്ക്കുന്ന വ്യവസായങ്ങൾ പ്രസ്സ്, ഇഷ്ടിക നിർമ്മാണം എന്നിവയാണ്.

## വ്യവസായ സഹകരണ സംഘങ്ങൾ

പട്ടിക III

| ക്രമ നമ്പർ | ഇനം | മെമ്പർമാർ | തൊഴിലാളി | ലാഭം/നഷ്ടം |
|---|---|---|---|---|
| 1. | ഇഷ്ടിക | ഇപ്പോൾ പ്രവർത്തിക്കുന്നില്ല. | | |
| 2. | പ്രസ്സ് | - | 12 | ലഭ്യമല്ല |
| 3. | കാലിത്തീറ്റ | | | ലഭ്യമല്ല. |
| 4. | പാൽശീതീകരണം | - | 13 | ലഭ്യമല്ല. |

## സാദ്ധ്യതയുള്ള വ്യവസായങ്ങൾ പട്ടിക 4

| ഭക്ഷ്യാധിഷ്ഠിതം | കെട്ടിട നിർമ്മാണ രംഗം | മരവ്യവസായങ്ങൾ | പാരമ്പര്യ വ്യവസായങ്ങൾ | വാഹനങ്ങളുമായി ബന്ധപ്പെട്ടവ | അവശ്യാധിഷ്ഠിത വ്യവസായങ്ങൾ |
|---|---|---|---|---|---|
| 1.കാപ്പിപ്പൊടി | 1. വയർ കട്ട് ഇഷ്ടിക, | 1. ഫർണിച്ചർ നിർമ്മാണം | 1. ആശാരിപണി | 1. ഓട്ടോ, സ്ക്കൂട്ടർ റിപ്പയർ/ (വർക്ക്ഷോപ്പ്) | 1. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| 2. കറിപ്പൊടി | 2.സിമന്റ് ഹോളോ ബ്രിക്സ് | 2. ഈർച്ച മില്ല് | 2. കൊല്ലപണി | 2. സർവ്വീസ് സ്റ്റേഷൻ | 2. സോഡാ നിർമ്മാണം |
| 3. അവിൽ | 3. സിമന്റ് ബ്ലോക്സ് | 3. കൃഷി ആയുധങ്ങൾ | 3. സ്വർണ്ണപണി | 3. പെയ്ന്റിംഗ് വർക്സ് | 3. റെക്സിൻ ബാഗു നിർമ്മാണം. |
| 4. കുരുമുളകു സംസ്കരണം | 4 കിണർ റിംഗുകൾ | 4. കരകൗശല വസ്തുകൾ | 4. മൺ പാത്ര നിർമ്മാണം | 4. ട്യൂബ് വാൾക്കനൈസിംഗ്/ ടയർ റീ ട്രേഡിംഗ | 4. പരുത്തി കിടക്ക നിർമ്മാണം. |
| 5. ഏത്തക്കാ - ചിപ്സ് | 5. മൊസൈക് ടൈൽസ്. | | 5. കൊട്ട, വട്ടി, മുറം, പരമ്പ് നിർമ്മാണം | 5. ഓട്ടോ ഇലക്ട്രിക്കൽ വർക്ക്സ | 5. ലതർ ചെരുപ്പു നിർമ്മാണം. |
| 6. അടക്ക - സംസ്കരണം | 6. അലുമിനിയം - ഫാബ്രിക്കേഷൻ | | | 6.ഓട്ടോ മൊബൈൽ അപ്പോൾസ്റ്ററി. | 6. ഡി.റ്റി.പി. |
| 7. പപ്പട നിർമ്മാണം | 7. ഓട് നിർമ്മാണം | | | | 7. ഫൈബർ ഗ്ലാസ് നിർമ്മാണം |
| 8.ഇറച്ചിസംസ്കരണം | 8.സ്ട്രക്ചറൽ -എഞ്ചിനിയറിങ്ങ് വെൽഡിങ്ങ് | | | | 8. കലിത്തീറ്റ നിർമ്മാണം |
| | 9. തേളിങ്ങ് / ഗ്രിൽസ് | | | | 9. അലക് സോപ്പ് നിർമ്മാണം |
| | | | | | 10. ബീഡി നിർമ്മാണം |
| | | | | | 11. അച്ചാർ, ജാം നിർമ്മണം |
| | | | | | 12. ഹവായ് ചെരുപ്പ് നിർമ്മാണം |
| | | | | | 13. റബ്ബർ നിർമ്മാണം |

## വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

**1. അനുയോജ്യമായ സ്ഥലം**

നിലവിലുള്ള വ്യവസായങ്ങൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വികേന്ദ്രീകരിച്ചു കാണപ്പെടുന്നു. ഒട്ടു മിക്ക വ്യവസായങ്ങളും പരസ്പരാശ്രിതങ്ങളായതിനാൽ അനുയോജ്യമായ സ്ഥലത്ത് കേന്ദ്രീകരിക്കുക എന്നത് വ്യവസായ വികസനത്തിന് അത്യന്താപേക്ഷിതമാണ്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള ചെലവ് കുറക്കാൻ ഇതു സഹായിക്കും.

**2. കെട്ടിട സൗകര്യങ്ങളുടെ അപര്യാപതത:**

വ്യവസായത്തിന് അനുയോജ്യമായ കെട്ടിടങ്ങൾ മീനങ്ങാടി പഞ്ചായത്തിന് ലഭ്യമല്ല. ലഭ്യമായ കെട്ടിടങ്ങൾക്കു തന്നെ വാടക, അഡ്വാൻസ് ഇനങ്ങളിൽ ഭാരിച്ച ചെലവു വേണ്ടി വരുന്നു.

**3. വൈദ്യുതിയുടെ അഭാവം:**

നിലവിലുള്ള വൈദ്യുതി വിതരണ സംവിധാനം വ്യവസായിക ആവശ്യത്തിനു പര്യാപതമല്ല. വൈദ്യുത കണക്ഷൻ കിട്ടാൻ വളരെയധികം കാലതാമസം നേരിടുന്നു. വോൾട്ടേജ് ക്ഷാമവും പവർകട്ടും വ്യവസായ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്നു.

**4. വിദഗ്ധരുടെ അഭാവം:**

സാങ്കേതിക വിദഗ്ധരുടെ അഭാവം വ്യവസായ വികസനത്തെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

**5. സാമ്പത്തികം:**

നിലവിലുള്ള വായ്പാ സംവിധാനങ്ങൾ പുന: ക്രമീകരിക്കുകയും കൂടുതൽ ലളിതമാക്കുകയും വേണം. വ്യവസായിക ആവശ്യത്തിനു മതിയായ വായ്പ ലഭിക്കുന്നില്ല, വായ്പ അനുവദിക്കുന്നതിന് കാലതാമസവും നേരിടുന്നുണ്ട്.

**6. അസംസ്കൃത പദാർത്ഥങ്ങൾ:**

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വ്യവസായിക വികസനത്തെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്.

**7. മുഖ്യ കാർഷികോൽപന്നങ്ങളായ നെല്ല്, കാപ്പി, കുരുമുളക്, എന്നിവ വ്യവസായരംഗത്ത് പ്രയോജനപ്പെടുന്നില്ല.**

**നിർദ്ദേശങ്ങൾ**

1. കോഴിക്കോട് - മൈസൂർ റോഡിനു സമീപം അനുയോജ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഒരു മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റു സ്ഥാപിക്കുക.
2. വ്യവസായ ആവശ്യത്തിന് ജലം ലഭ്യമാക്കത്തക്കരീതിയിൽ പുതിയ ജലവിതരണ സംവിധാനം ഏർപ്പെടുത്തുക.
3. വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ ലൈനുകളും ത്രീഫേയ്സ് ആക്കുക.
4. വ്യവസായ യൂണിറ്റുകൾക്ക് ധൃതഗതിയിൽ ടെലഫോൺ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക ശേഖരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് ഒരു സ്ഥിരം പരിശീലന കേന്ദ്രം ആരംഭിക്കുക. ആയതിന് താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെടാം.

(a) ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രിയൽ സെന്റർ, കൽപ്പറ്റ

(b) സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് സർവ്വീസ് സെന്റർ, തൃശ്ശൂർ.

(c) നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപറേഷൻ തൃശ്ശൂർ.

(d) കേരള ഇൻഡസ്ട്രീയൽ ആന്റ് ടെക്നോളജി കൺസൽട്ടൻസി ഓർഗനൈസേഷൻ, എർണാകുളം.

(e) സ്റ്റെഡ് പ്രൊജക്ട് ഓഫീസ് (Sted), കൽപ്പറ്റ.

(f) റീജിയണൽ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.

(g) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർ പ്രേണർഷിപ്പ് ആന്റ് സ്മാൾ ബിസിനസ്സ് ഡെവലപ്മെന്റ്, ഡെൽഹി.

(h) എന്റർ പ്രേണർഷിപ്പ്, ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, അഹമ്മദാബാദ്.

(i) ഗവൺമെന്റ് പോളിടെക്നിക്, മീനങ്ങാടി

(j) RUDSET, കണ്ണൂർ

(k) ഡെപ്യൂട്ടി കമ്മീഷണർ, മിനിസ്ട്രി ഓഫ് ഹാൻലൂം

ആന്റ് ടെക്സ്റ്റൈൽസ് തൃശ്ശൂർ.

6. റെഡിമെയ്ഡ് വ്യവസായം തുടങ്ങുന്നതിന് ആഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും വിവിധ സാധ്യതകളെപ്പറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (മദ്രാസ്) സ്റ്റെഡ് (കൽപ്പറ്റ) എന്നീ സ്ഥാപനങ്ങളിൽ വിദഗ്ധ പരിശീലനം നൽകുക.

7. വ്യവസായ സംരംഭകരുടെ ആശങ്കകൾ അകറ്റി അവർക്ക് ആത്മവിശ്വാസം കൊടുക്കുന്നതിന് സഹായകരമായ രീതിയിൽ മാർഗ്ഗ നിർദ്ദേശം നൽകുക.

8. ജില്ലാ വ്യവസായ കേന്ദ്രം, ചെറുകിട വ്യവസായ അസോസിയേഷൻ, പൊതു മേഖലാ സ്ഥാപനങ്ങൾ ഇവയുടെ സഹകരണത്തോടെ ഒരു വ്യവസായിക-കാർഷിക പ്രദർശനവും വിപണന മേളയും വർഷം തോറും സംഘടിപ്പിക്കുക.

9. വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സഹായിക്കുന്ന ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക.

10. വ്യവസായ രംഗത്തുള്ള പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കുക.

11. പരമ്പരാഗത വ്യവസായങ്ങളോടൊപ്പം ഇലക്ട്രോണിക്-ഇലക്ട്രിക്ക് ഉല്പന്ന വ്യവസായങ്ങൾ കൂടി ആരംഭിക്കാവുന്നതാണ്.

12. ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ നിലവിലുള്ളവ പുന:രുജ്ജീവിപ്പിക്കുകയും സാധ്യതകൾ കണ്ടെത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക.

13. ചെറുകിട തുകൽ സംരക്ഷണ യൂണിറ്റ് ആരംഭിക്കുക.

14. പക്ഷിതൂവലുകൾ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല കളിക്കോപ്പു വസ്തു നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

15. ക്രിക്കറ്റ് ബാറ്റ്, സ്റ്റംപ്, ഷട്ടിൽ കോക്ക്, ബാറ്റ്, ഹോക്കി സ്റ്റിക്ക്, കാരം ബോർഡ്, വിവിധയിനം നെറ്റുകൾ തുടങ്ങിയ സ്പോർട്സ് ഉപകരണ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

16. വനിതകൾക്ക് വ്യവസായസംരംഭം തുടങ്ങുന്നതിനു പ്രോൽസാഹനവും ആവശ്യമായ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് പഞ്ചായത്തു മുൻകൈ എടുക്കണം.

17. കാർഷികാധിഷ്ഠിത വ്യവസായം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം ഉപഭോഗ വസ്തുകളുടെ നിർമ്മാണം എന്നീ മേഖലകളിൽ പ്രോൽസാഹനം നൽകണം.





# ഗതാഗതം

ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച കോഴിക്കോട്-മൈസൂർ റോഡ് മാത്രമേ 1950 വരെ മീനങ്ങാടി പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളു. എങ്കിലും മീനങ്ങാടി-പച്ചിലക്കാട് റോഡിന്റെയും ബീനാച്ചിപനമരം റോഡിന്റെയും പ്ലാനുകൾ 1920-ലെ ബ്രിട്ടീഷ് സർവ്വെയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 1950 കളിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിന്നും കുടിയേറിപാർത്തവർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും. തടി, കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനു വേണ്ടി മീനങ്ങാടിയെകേന്ദ്രീകരിച്ച് നിർമ്മിച്ച റോഡുകളാണ് ഇന്നു കാണുന്ന മിക്ക റോഡുകളും.

1928-ന് മുമ്പ് കോഴിക്കോട് - മൈസൂർ റോഡ് മെറ്റൽ ചെയ്തിരുന്നു. ആ കാലയളവിൽ തന്നെ ഈ റോഡിൽ ബസ് സർവ്വീസ് ഉണ്ടായിരുന്നു. മാരുതി, ക്രൗൺ, ഈശ്വരവിലാസം, വള്ളികുമാരൻ എന്നീ കമ്പിനികളാണ് ബസ് സർവ്വീസ് നടത്തിയിരുന്നത്. മീനങ്ങാടി - കോഴിക്കോട് ബസ് ചാർജ് എട്ട് അണ ആയിരുന്നു. വരദൂർ പുഴക്ക് പാലം നിർമ്മിച്ചതോടുകൂടി മീനങ്ങാടി - പച്ചിലക്കാട് ബസ് സർവ്വീസ് ആരംഭിച്ചു. 1962-ന് മുമ്പ് മീനങ്ങാടി-പച്ചിലക്കാട് റോഡ്, മീനങ്ങാടി-പുല്ലുമലറോഡ്, മീനങ്ങാടി, അപ്പാട് റോഡ്, കൃഷ്ണഗിരി - മട്ടപ്പാറ റോഡ് മീനങ്ങാടി - കുമ്പളേരി റോഡ് ഇവ കാളവണ്ടികൾ പോകാനുള്ള വീതിയിൽ നിലവിലുണ്ടായിരുന്നു. മറ്റ് റോഡുകളെല്ലാം 1962 - ന് ശേഷമാണ് രൂപപ്പെടുകയും പരിഷ്ക്കരിക്കുകയും ചെയ്തത്.

കാളവണ്ടികളായിരുന്നു ആദ്യകാലത്ത് പ്രധാന വാഹനം. സഞ്ചരിക്കുന്നതിനും സാധനങ്ങൾ കൊണ്ടു പോകുന്നതിനും കാളവണ്ടികളെയാണ് ആശ്രയിച്ചിരുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 9 കി.മീ. സ്റ്റേറ്റ് ഹൈവേയും 19 കി.മീ. P.W.D റോഡും 24.180 കി.മീ. പഞ്ചായത്ത് ടാർ റോഡും 27.145 കി.മീറ്ററോളം മെറ്റൽ റോഡും 135 കി.മീറ്ററോളം മൺ റോഡുകളും ഉണ്ട്.

1979 ൽ അധികാരത്തിൽ വന്ന ഭരണ സമതി വ്യാപകരമായ തോതിൽ റോഡുകൾ ഏറ്റെടുക്കുകയും സോളിങ്ങ്, മെറ്റലിംങ്ങ്, ടാറിങ്ങ് എന്നിവ ചെയ്യുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു. ഈ പഞ്ചായത്തിൽ നിലവിൽ 103 ജീപ്പുകളും 124- ഓട്ടോ റിക്ഷകളും 26 ട്രാക്ടറുകളും 20 മിനി ലോറികളും 471 ഇരു ചക്ര വാഹനങ്ങളും 20 കാറുകളും ഉപയോഗിക്കുന്നു. 21 ലോറികളും 3 ബസ്സുകളും മീനങ്ങാടിക്കാരുടേതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളിൽ ടാറിട്ടതും, മെറ്റൽ ചെയ്തതുമായ റോഡുകൾ മാത്രമേ ഗതാഗതയോഗ്യമായിട്ടുള്ളൂ. ഇതാവട്ടെ പഞ്ചായത്തിലെ 20 ശതമാനം ജനങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.

2. മൺ റോഡുകൾ വേനൽക്കാലത്ത് മാത്രമേ ഗതാഗതത്തിന് ഉപയുക്തമാകുന്നുള്ളൂ. തന്മൂലം 80% ത്തോളം വരുന്ന ജനവിഭാഗങ്ങളുടെ യാത്ര പ്രശ്നം, സാധനങ്ങളുടെ കടത്ത് എന്നിവ ദുരിത പൂർണ്ണമാണ്. നല്ല റോഡുകളുടെ അഭാവം യാത്രാ ചിലവ്, കടത്തു കൂലി എന്നിവയിൽ വൻ വർദ്ധനവ് വരുത്തുന്നു. കൂടാതെ അത്യാസന്നനിലയി

ലായ രോഗികളെ ആശുപത്രി കളിലെത്തിക്കുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം വരുന്നതുകൊണ്ട് വലിയ ആപത്തുകൾക്ക് കാരണമാകുന്നു.

3. ആവശ്യത്തിനു പാലങ്ങളും കൾവർട്ടുകളും ഇല്ലാത്തത് റോഡുകളുടെ സുരക്ഷയെ ബാധിപ്പിക്കുന്നു. മാത്രമല്ല വിദ്യാർത്ഥികളടക്കമുള്ളവർക്ക് വിവിധ സ്ഥാപനങ്ങൾ, മീനങ്ങാടി ടൗൺ എന്നിവയുമായി ബന്ധപ്പെടുന്നതിനും തടസ്സമായിത്തീരുന്നു. പ്രധാന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഉദാ: ചെണ്ടക്കുനി - അപ്പാട് റോഡ്, പാലക്ക മൂല - അപ്പാട് റോഡ്.

4. സൈഡുകെട്ടി മണ്ണിട്ടു നിറച്ച പല റോഡുകളും മെറ്റൽ ചെയ്യാത്തതുകൊണ്ട് മഴവെള്ളത്തിൽ മണ്ണ് ഒലിച്ചു പോയതുകൊണ്ട് വാഹനഗതാഗതയോഗ്യമല്ലാതിയിത്തീർന്നു.

## പൊതു നിർദ്ദേശങ്ങൾ

1. മീനങ്ങാടി പഞ്ചായത്തിലെ ടാറിട്ട റോഡുകൾക്കും മറ്റു റോഡുകൾക്കും ഓവുചാലുകൾ നിർമ്മിക്കുക.

2. ടാർചെയ്തതും മെറ്റൽ ചെയ്തതുമായ റോഡുകൾ യഥാസമയം റീ ടാർ ചെയ്യുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

3. റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ടിട്ടുണ്ടാകുന്ന എല്ലാ എസ്റ്റിമേറ്റുകളും സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ മലയാളീകരിച്ച് അതത് പ്രദേശങ്ങളിൽ പ്രദർശിപ്പിക്കുക.

4. പൊതുജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ബസ് സ്റ്റോപ്പുകൾ നിർമ്മിക്കുക.

5. ആവിശ്യമുള്ളിടത്തെല്ലാം റോഡുകളും, കലുങ്കുകളും നിർമ്മിക്കുക.

6. വാഹന ഗതാഗത യോഗ്യമായ മുഴുവൻ റോഡുകളിലും സിഗ്നൽ ബോർഡുകൾ സ്ഥാപിക്കുക.

7. മീനങ്ങാടി ബസ് സ്റ്റാൻഡിന് സൗകര്യം വർദ്ധിപ്പിക്കുക.

8. ജീപ്പ് സ്റ്റാൻഡും, ഓട്ടോ സ്റ്റാൻഡും പഞ്ചായത്ത് പുതുതായി നിർമ്മിക്കുക.

9. മീനങ്ങാടി ടൗണുമായി ബന്ധപ്പെട്ട് വൺവേ റോഡുകൾ നിർമ്മിക്കുക.

10. റോഡുകളിൽ പൈപ്പിടുന്നതിനും ടെലിഫോൺ ലൈനിടുന്നതിനും മറ്റുമായി സ്ഥിരമായി റോഡ് കുത്തിപ്പൊളിക്കുന്നത് അവസാനിപ്പിച്ച് പൈപ്പിനും ടെലിഫോണിനും ഒക്കെ സ്ഥിരം സംവിധാനം ഉണ്ടാക്കുക.

11. സ്ക്കൂൾ പാഠ്യപദ്ധതിയിൽ ഗതാഗത സിഗ്നലുകളെക്കുറിച്ച് ഉൾപ്പെടുത്തുക, സാധാരണ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.

12. പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്ന വാഹനങ്ങൾ ഗതാഗതത്തിന് ഉപയോഗിക്കുന്നത് ഒഴിവാക്കുക.

13. ബസ്സുകൾ സ്റ്റോപ്പുകളിൽ മാത്രം നിർത്തുക. ഇങ്ങനെ ചെയ്താൽ അപകടങ്ങൾ വളരെയധികം ഒഴിവാക്കാൻ കഴിയും.

14. വാഹനങ്ങളുടെ മത്സരയോട്ടം നിയന്ത്രിക്കുക, വേഗത നിശ്ചയിക്കുക.

15. ടാറിട്ട മുഴുവൻ റോഡിൽ കൂടിയും ബസ് സർവ്വീസ് ആരംഭിക്കുക.

16. നിലവിലുള്ള റോഡുകളും നടപ്പാതകളും പഞ്ചായത്ത് അളന്നെടുത്ത് സംരക്ഷിക്കുക.

17. സോളിങ് കഴിഞ്ഞ റോഡിൽ മെറ്റലിംങും, ടാറിങും ഒരു മിച്ച് നടത്തുക. വർഷങ്ങൾ കഴിഞ്ഞ് ടാറിടുമ്പോൾ വീണ്ടും മെറ്റലിംങ് നടത്തേണ്ടിവരും. അതിന് കൂടുതൽ ഫണ്ട് ഉപയോഗിക്കേണ്ടിവരികയും ധന നഷ്ടത്തിന് കാരണമായിത്തീരുകയും ചെയ്യും.

18. പുതുതായി പാലങ്ങൾ നിർമ്മിക്കുമ്പോൾ ചെക്ക്ഡാം - കം - ബ്രിഡ്ജ് –ആയി നിർമ്മിക്കുക. അങ്ങനെ ചെയ്താൽ കൃഷിക്കും, ജല സേചനത്തിനും, ഗതാഗതത്തിനും കൂടി ഒരേ ഫണ്ട് ഉപയോഗിച്ച് ചുരുങ്ങിയ ചിലവിൽ പാലങ്ങൾ നിർമ്മിക്കാൻ കഴിയും.

19. 1. S.N.D.P. കവലയിൽ നിന്ന് ചന്ത റോഡു വഴി ബസ് സ്റ്റാൻഡിലേക്ക് ഒരു വൺവേ റോഡ് നിർമ്മിക്കുക.

2. ബസ് സ്റ്റാൻഡിന്റെ പടിഞ്ഞാറു ഭാഗത്തു നിന്ന് സഹകരണ ബാങ്കിന്റെ പിന്നിൽകൂടി മാനന്തവാടി റോഡിലേക്ക് ഒരു വൺ വേ നിർമ്മിക്കുക.

3. മാനന്തവാടി റോഡിൽ നിന്ന് സ്റ്റേഡിയത്തിന്റെ സൈഡിൽ കൂടി സ്ക്കൂൾ റോഡുമായി ബന്ധപ്പെടുന്ന പുതിയ റോഡ് നിർമ്മിക്കുക. ഇങ്ങനെ ചെയ്താൽ ടൗൺ വികസിപ്പിക്കുകയും ഗതാഗതക്കുരുക്ക് അവസാനിപ്പിക്കാനും കഴിയും.

20. മീനങ്ങാടി പഞ്ചായത്തിൽ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് പന്നിമുണ്ട - നമ്പീശൻ കവല റോഡ് അത്തിനിലം, പത്മ ശ്രീ കവല, നൂരവയൽ, പടവയൽ വഴി ബത്തേരി പഞ്ചായത്തിലെ നമ്പീശൻ കവലയിൽ അവസാനിക്കുന്ന ഈ റോഡ്, 2. പാലങ്ങളും, 12 കൽവർട്ടുകളും നിർമ്മിച്ച് മെറ്റലിങ്ങും, ടാറിങ്ങും നടത്തിയാൽ മൈസൂർ - കോഴിക്കോട് റോഡിന് ഒരു പാരലൽ റോഡായി ഉയർത്തികൊണ്ടുവരാൻ കഴിയും.

പട്ടിക ഒന്ന്

## റോഡുകളെ സംബന്ധിച്ച വിവരങ്ങൾ 4 പട്ടികകളായി തരം തിരിക്കുന്നു.

| No. | മീനങ്ങാടി പഞ്ചായത്തിലെ ടാർ റോഡുകൾ. | ഉടമസ്ഥത. | ദൂരം K.M. | വീതി M. | ഗതാഗത സൗകര്യം |
|---|---|---|---|---|---|
| 1. | കൊളഗപ്പാറ കവല - കാക്കവയൽ | S.H | 9 | | ഉണ്ട് |
| 2. | മീനങ്ങാടി - കാര്യംമ്പാടി | P.W.D | 4 | | ഉണ്ട്. |
| 3. | നമ്പീശൻ കവല (അരിവയൽ)കോളേരി | P.W.D | 9 | 8 | ഉണ്ട്. |
| 4. | അൻമ്പത്തിനാല്-താഴ്ത്തുവയൽ കുമ്പളേരി | P.W.D | 4 | 8 | ഇല്ല |
| 5. | മീനങ്ങാടി അപ്പാട് മൂന്നാനകുഴി | P.W.D | 5 | 8 | ,, |
| 6. | സി.സി ജംങ്ഷൻ വാകേരി | പഞ്ചായത്ത് | 1.100 | 8 | ഉണ്ട്. |
| 7. | പാലക്കമൂല ചൂതപാറ കോളേരി | ,, | 7 | 8 | ഇല്ല |
| 8. | മീനങ്ങാടി മാർക്കറ്റ് വട്ടത്തു വയൽ | ,, | 1 | 8 | ,, |
| 9. | കൃഷ്ണഗിരി,മൈലംമ്പാടി പുല്ലുമല | ,, | 4.740 | 8 | ,, |
| 10. | ചെണ്ടക്കുനി-കോലമ്പറ്റ | ,, | 1 | 8 | ,, |
| 11. | ചെണ്ടക്കുനി- കരിമത്ത് | ,, | 1 | 8 | ,, |
| 12. | കൃഷ്ണഗിരി- റാട്ടക്കുണ്ട് | ,, | 3 | 8 | ,, |
| 13. | അമ്പത്തിനാല്-കുരിശ്- മുരണി, ആർമാട് | ,, | 1.800 | 8 | ,, |
| 14. | കോട്ടക്കുന്ന് -പുഴക്കുനി | ,, | 0.740 | 8 | ,, |
| 15. | അപ്പാട് കാപ്പിക്കുന്ന് | ,, | 1.400 | 8 | ,, |
| 16. | ഗവ: ആശുപത്രിറോഡ് | ,, | .400 | 8 | ,, |

പട്ടിക 2.

## നിലവിലുള്ള മെറ്റൽ റോഡുകളും, സോളിങ്ങ് റോഡുകളും ടാർചെയ്യേണ്ടവ

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള കൾവർട്ട് | ആവശ്യമുള്ള പാലം | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| 1 | I | മീനങ്ങാടി- മാർക്കറ്റ്- കുമ്പളേരി | 8 മീ. | | | 0.400 |
| 2 | | ചീരാം കുന്ന്-മലക്കാട് | 8 | | | 1.000 |
| | II | വട്ടത്തുവയൽ ചീരാക്കുന്ന് | | | | 0.400 |
| 3 | III | കൃഷ്ണഗിരി മേപ്പേരിക്കുന്ന് | 8 | 1 | | 1.000 |
| 4 | | മാരിയമ്മൻകോവിൽ പട്ടിപെറ്റമ്പലം | 8 | | | 1.000 |
| 5 | IV | നമ്പീശൻ കവല -പടവയൽ | 8 | | | 2.400 |
| 6 | | പാതിപാലം ആവയൽ കുറുമകോളനി | 8 | | | 1.325 |
| 7. | | ആവയൽ ജയാ എസ്റ്റേറ്റ് റോഡ് | 8 | | | 1.570 |
| | | ആവയൽ നൂരവയൽ റോഡ് | 8 | | | .300 |
| 8. | V | താഴെ അരിവയൽ നെല്ലിക്കണ്ടം | 6 | | | 1.850 |
| 9 | | പാതിരിപാലം അരിവയൽ | 6 | | | 2.400 |
| 10 | VI | പൂളക്കടവ് റോഡ് | 8 | | | 0.800 |
| 11 | VII | പത്മശ്രീ ക്കവല അത്തിനിലം | 8 | | | 2.500 |
| 12 | | G.H.S-മരനല്ലി റോഡ് | 6 | | | 1.400 |
| | | ആശു പത്രിക്കുന്ന് | 6 | | | 1100 |
| 13 | VIII | അപ്പാട്- കാപ്പിക്കുന്ന്- പാലക്കമൂല | 8 | | | 1.800 |
| 14 | IX | മടൂർ ആദിവാസി കോളനി റോഡ് | 8 | | | 1.000 |
| 15 | | യൂക്കാലി കവല ഞാറ്റാടി | 6 | | 1 | 0.800 |
| 16 | X | ചൂതപാറ മാനികാവ് സ്കൂൾ റോഡ് | 8 | | | 1.700 |
| 17 | XI | പാലക്കമൂല കൊങ്ങിയമ്പം | 8 | | | 1.000 |
| 18 | | കൊങ്ങിയമ്പം കോളനി - പാലക്കമൂല | 6 | | | 1.500 |
| 19 | | ചെണ്ടക്കുനി പുറക്കാടി ക്ഷേത്രം റോഡ് | 8 | 1 | | 0.500 |
| 20 | XII | ചെണ്ടക്കുനി കോലമ്പറ്റ | 8 | | | 1.800 |
| | 21 | സുധിക്കവല കോലമ്പറ്റ | 8 | | | 1.100 |

പട്ടിക III

## സോളിംഗ് നടത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട മൺ റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള കൾവർട്ട് | ആവശ്യമുള്ള പാലം | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| 1. | I | ചീരം കുന്ന് മന്നത്തു വയൽ കോട്ടക്കുന്ന് പുഴം കുനി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | | | | 0.500 |
| 2. | | ടൗൺ ബന്ധപ്പെട്ട് മാർക്കറ്റ് ബസ്സ് സ്റ്റാന്റ് റോഡ് | | | | 1.000 |
| 3. | II | ചന്ത റോഡ് To S.N.D.P. കവല റോഡ് ബൈ പാസ് | | | | 0.750 |
| 4. | II | മാരിയമ്മൽ കോവീൽ (54) പട്ടിപെറ്റമ്പലം മേപ്പോരി | 8 | | | 1.500 |
| 5. | | പാതിരിക്കവല മട്ടപ്പാറ റോഡ് | 8 | 2 | 1 | 3.000 |
| 6. | IV | ആവയൽ പത്മ ശ്രീ കവല റോഡ് | 8 | 4 | | 2.500 |
| 7. | | കൊളഗപ്പാറ സ്ക്കൂൾ റോഡ് | 8 | 1 | | 2.000 |
| 8. | | കൊളഗപ്പാറ കുരിശ് റോഡ് | 8 | 1 | | 2.000 |
| 9. | | അരിവയൽ ആവയൽ റോഡ് | 6 | 2 | | 2.000 |
| 10. | | അരിവയൽ പാടികൊല്ലി പടവയൽ റോഡ് | 8 | | | 1.000 |
| 11. | V | ആവയൽ സിസി S.N.D.P. റോഡ് | 1 | 1 | | 2.000 |
| 12. | VI | പൂളക്കടവ് ഒന്നാം മൈൽ റോഡ് | 8 | 4 | 1 | 2.000 |
| 13 | VIII | സ്റ്റേഡിയം, മാനന്തവാടി റോഡുമായി ബന്ധപ്പെടുത്തി ബൈപാസായി ടാർ ചെയ്യുക. | 8 | 2 | | 1.000 |
| 14. | | ചെണ്ടക്കുനി അപ്പാട് റോഡ് | 8 | | 1 | 2.000 |
| 15. | VIII | മൈലമ്പാടി അപ്പാട് റോഡ് | | 2 | | 2.000 |
| 16. | | അപ്പാട് നെടിയഞ്ചേരി കോളനി റോഡ് | 8 | 1 | | 2.000 |
| 17. | IX | അപ്പാട് ചൂതു പാറ | 8 | | | 3.000 |
| 18. | | അപ്പാട് സ്ക്കൂൾ കിഴക്കേ കോളേരി. | 8 | 2 | | 2.000 |
| 19. | | അപ്പാട് ചൂതുപാറ റോഡിൽ നിന്നും അപ്പാട് ആദിവാസി കോളനി | 6 | | 1 | 0.200 |
| 20. | | അപ്പാട് കാപ്പിക്കുന്ന് പാലക്ക മൂല | 8 | | | 1.500 |
| 21 | X | | | | | |
| 22. | | ചൂതപാറ മാനികാവ് മാധമൂല പാലക്ക മൂല | 8 | | 1 | 2.000 |
| 23. | XI | ചെണ്ടക്കുനി പുറക്കാടി ക്ഷേത്രം | | | | 0.200 |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള കൾവർട്ട് | ആവശ്യമുള്ള പാലം | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| 24. | | പാലക്കമൂല കൊങ്ങിയമ്പം | 6 | - | - | 1.000 |
| 25. | XII | കാക്ക വയൽ വെള്ളിത്തോട് | | | | 0.500 |
| 26. | | പാലക്ക മൂല മുതി മൂല | | | | 1.500 |
| ക്രമ നമ്പർ | വാർഡ് | **പട്ടിക IV** **സോളിംഗ് ചെയ്യേണ്ട റോഡുകൾ** | | | | ദൂരം കിലോ മീറ്റർ |
| 1 | I | ചില്ലിംഗ് പ്ലാന്റ് മാരിമൂല സൈഡ് കെട്ടി മണ്ണ് ഫില്ലി ചെയ്യണം | | | | 0.500 |
| 2. | | ചക്കം പാടി കോളനി റോഡ് സൈസ് കെട്ടണം | | | | 1.000 |
| 3. | | കോട്ടക്കുന്ന് പുഴങ്കുനി | | | 1 | 0.600 |
| 4. | | മുരണി ആർമാട് | | | | 1.000 |
| 5. | | കോട്ടക്കുന്ന് കോട്ടൂർ കോളനി - മാർക്കറ്റ് | | | 1 | 0.350 |
| 6. | | മലക്കാട് പുഴ റോഡ് | | | 1 | 0.400 |
| 7. | | ചിരാംകുന്ന് ചക്കപാടി റോഡു | | | 1 | 0.400 |
| 7. | II | മന്നത്തുകുന്ന് ഈട്ടികവല, കുടശേരി കുന്ന് | 1 | | | |
| 8. | | ചളിഞ്ചേരിക്കുന്ന് കുടശേരികുന്ന് ഈട്ടികവല | | | | |
| 9. | II | ചീരാം കുന്ന് ഇയ്യാം പുല്ല് മന്നത്തു കുന്ന് | | | | 0.700 |
| 10. | | വട്ടത്തു വയൽ ചീരാം കുന്ന് | | | | 0.500 |
| 11. | | കിഴക്കേ മീനങ്ങാടി മന്നത്തു കുറുമ കോളനി റോഡ് | | | | 0.750 |
| 12. | | ഈർച്ച മില്ല് വട്ടത്തു വയൽ | | | | 0.600 |
| 13. | | 54 ൽ നിന്നും വേടകണ്ടി ചിറ. | | | | 0.100 |
| 14. | III | കൃഷ്ണഗിരി കരിമ്പാം കൊല്ലി. | | | | 1.000 KM |
| 15. | | ചെറിയകൊളഗപ്പാറ റാട്ടക്കുണ്ട് (പാതിരി കവല ആറാട്ടുപാറ) | 8 | 2 | | 1.500 |
| 16. | | പാതിരികവല കൊളഗപ്പാറ | | 2 | | 1.500 |
| 17. | | പാതിരി മുക്ക് - കൊളഗപ്പാറ റോഡ് | | 2 | | 0.500 |
| 18. | | മുണ്ടനടപ്പ് - പാതിരി പാലം കോളനി - സൈഡ് കെട്ട് | | 4 | | 1.750 |
| 19. | | റാട്ടക്കുണ്ട് ഭയങ്കരം കുന്ന് | | | | 1.500 |
| 20. | | പാതിരി പാലം - മിച്ച ഭൂമി | | 1 | | 0.200 |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള കൾവർട്ട് | ആവശ്യമുള്ള പാലം | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| 21. | | മേപ്പേരി - ലക്ഷം വീട് | | | | 0.300 |
| 22. | | കരിമ്പാം കൊല്ലീ ലക്ഷം വീട് കോളനി | | 1 | | 0.500 |
| 23. | | 54 - കച്ചേരി കുന്ന് | | | | 0.300 |
| 24. | IV | കൊളഗപ്പാറ അമ്പല വയൽ കവലയിൽ പഞ്ചായത്തതിർത്തി റോഡ് | | 2 | | 1.500 |
| 25. | | അരിവയൽ പാതിരി പാലം റോഡിൽ നിന്നും കൊളഗപ്പാറ സ്ക്കുൾ. | | 1 | | 0.750 |
| 26. | | അരിവയൽ പാതിരിപാലം റോഡിൽ നിന്നും കെ.കെ.സി. എസ്റ്റേറ്റ് സൈസ് റോഡ്. | | | | 0.500 |
| 27. | | അരിവയൽ പാതിരിപാലം റോഡിൽ നിന്നും കോഴിക്കോട് റോഡുമായി ബന്ധിക്കുന്ന റോഡ് സൈസ് കെട്ടി മണ്ണ് ഫില്ലു ചെയ്യണം. | | 1 | | 0.600 |
| 28. | IV | പാതിരിപാലം പടവയൽ റോഡിൽ നിന്നും ഇല്ലിക്കൽ കോളനി റോഡ് | | 1 | | 0.500 |
| 29. | | താഴെ അരിവയലിൽ നിന്നും അരിവയൽ ആവയൽ റോട്ടിലേക്ക് മുട്ടുന്ന നടപ്പാത | | 1 | | 0.750 |
| 30 | V | സി.സി. കൊരവയൽ - ഭൂതാണം റോഡ് | | 1 | | 1.000 |
| 31 | | സി.സി. പന്നിമുണ്ട റോഡ് | | | | 1.000 |
| 32. | | സി.സി. പന്നിമുണ്ട എസ്റ്റേറ്റ് പിലാക്കുട്ടം കോളനി റോഡ്. ടി. റോഡിൽ നിന്നും തിരിഞ്ഞു പോകുന്ന 2. പോക്കറ്റ് റോഡ് | | | | 1.500 |
| 33. | | സി.സി. നാരാങ്ങാ തോട്ടം - ആവയൽ റോഡ്. | | | | 1.500 |
| 34. | | അമ്പേദ്കർ റോഡ് - തെരുവമല റോഡ് | | | | |
| 35. | | സി.സി. മഞ്ഞളം കൈത ആദിവാസി കോളനി റോഡ് | | | | 0.200 |
| 36. | | ഭൂതാണം മന്തം കൊല്ലീ റോഡ് | | | | 0.500 |
| 37. | VI | മൈലമ്പാടി പാമ്പുകൊല്ലി കോളനി പുല്ലു മല | | 1 | | |
| 38. | | ആവയൽ പുളകടവ് റോഡ് | | 1 | | 1.500 |
| 39. | | മേലെ മൈലമ്പാടി 40/6 റോഡ് | | | | 1.000 |
| 40. | | മൈലമ്പാടി -40/6 | | 1 | | 1.000 |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള | | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| | | | | കൾവർട്ട് | പാലം | |
| 41. | | കാക്കനാടൻ കവല - പാമ്പു കൊല്ലി | | | | 2.000 |
| 42. | | മൈലമ്പാടി കോളനി | | | | 0.200 |
| 43. | | നുരവയൽ കുന്ന് to തെക്കെവീട് കവല | | | | 1.000 |
| 44. | | നുരവയൽ പുളിക്കൽ കവല | | | | 1.000 |
| 45. | | ഒന്നാം മൈൽ കുരിശ് to പുഴ | 6 Feet | | | 0.500 |
| 46. | VIII | മീനങ്ങാടി ഗവ: ആശുപത്രി വേങ്ങൂർ കോളനി | | | | 1.000 |
| 47. | | സ്റ്റേഡിയം കാരിമം റോഡ് മണ്ണ് ഫില്ലിംഗ് | | | | 2.500 |
| 48. | | അൻപത്തിനാല് വേങ്ങൂർ കോളനി റോഡ്. സൈഡ് കെട്ടണം | | | | 1.000 |
| 49. | VII | അത്തിനിലം വേങ്ങൂർ കോളനി റോഡ് | | 1 | | |
| 50 | | വേങ്ങൂർ കോളനി - പത്മശ്രീ കവല | | | | 1.500 |
| 51. | | 54 കിഴക്കേ മീനങ്ങാടി മില്ലിൻ പടി രാമഗിരി നാലു സെന്റ് വേങ്ങൂർ മേലെ കോളനി സൈസ് കെട്ട്. | | | | |
| 52. | | സ്റ്റേഡിയം ആലമൂല മൊട്ടക്കര കോളനി സൈഡ് കെട്ടണം | | | | 1.650 |
| 53. | | ചെണ്ടക്കുന്നി അമ്പലം - മൊട്ടക്കരകോളനി സൈഡ് കെട്ടണം | | | | 0.300 |
| 54. | | പെട്രോൾ പമ്പ് - പത്മഗിരി | | | | 0.400 |
| 55. | | മിച്ചഭൂമി - അത്തിനിലം സൈഡ് കെട്ടണം | | | | 0.500 |
| 56 | | ചെമ്മൺ കുഴി - മൊട്ടക്കര കുന്ന് | | | | 0.150 |
| 57. | | ആലമൂല കോളനി - സ്ക്കൂൾ ആശുപത്രി | | | | 0.400 |
| 58. | | രാമഗിരി - മാരൽ കോളനി | | | | 0.500 |
| 59. | | പന്നിമുണ്ട - മീനങ്ങാടി - മാരനെല്ലി സൈഡ് കെട്ടണം. | | | | 0.750 |
| 60 | VIII | പള്ളിക്കമൂല - തുമ്പക്കുനി - പുറക്കാടി പുഴ | | 1 | | 2.000 |
| 61 | | അത്തിനിലം ചന്ദന ഫാക്ടറി ഒലിവയൽ മൈലമ്പാടി | | | | 1.500 |
| 62. | | അത്തിനിലം മിച്ചഭൂമി ഒലിവയൽ ആദിവാസി കോളനി | | | | 1.000 |
| 63. | | അത്തിനിലം കവല - മാട്ട്യമ്പം | | | | 1.250 |
| 64. | | പന്നിമുണ്ട അപ്പാട് റോഡ് to കാരാട് കുന്ന് മൈലമ്പാടി ടൗൺ | | 1 | | 1.500 |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള കൾവർട്ട് | ആവശ്യമുള്ള പാലം | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| 65 | | പന്നിമുണ്ട അപ്പാട് ടാർ റോഡ് വെളാരം കുന്ന് കാരാട് കുന്ന് മൈലമ്പാടി | | | | 1.500 |
| 66. | | പന്നിമുണ്ട അപ്പാട് - പള്ളിക്കമൂല തച്ചമ്പം പണിയ കോളനി | | 1 | | 1.000 |
| 67 | | കാപ്പിക്കുന്ന് ആദിവാസി കോളനി | | | | 1.000 |
| 68. | | അപ്പാട് അനന്തൻ കവല | | 1 | | 1.000 |
| 69. | IX | അമ്മായിക്കവല സന്നിധാനക്കുന്ന് റോഡ് | | | | 2.000 |
| 70. | IX | വലിയകൊല്ലി കോളനി റോഡ് | | | | 0.800 |
| 71. | | അപ്പാട് കാപ്പിക്കുന്ന് റോഡുമായി ബന്ധപ്പെടുന്ന നടവഴി മരോട്ടികുട്ടൻ എന്നയാളുടെ പടിപുര | | | | 0.500 |
| 72 | | കല്പന വാകേരി റോഡ് | | | | 1.000 |
| 73 | X | ചൂതപാറ ചുണ്ടക്കുഴി കേണിച്ചിറ റോഡ് | | 1 | | 1.500 |
| 74 | | ചൂതുപാറ തെരുവക്കുന്ന് റോഡ് | | | | 1.000 |
| 75. | | ചൂതുപാറ പൂവള്ളി കോളനി റോഡ് | | | | 1.000 |
| 76. | | ചൂതുപാറ അണ്ണാം വയൽ കോളനി റോഡ് | | | | 1.000 |
| 77. | | ചൂതുപാറ കോളേരി ഹൈസ്കൂൾ റോഡ് | 2 | 1 | | 1.000 |
| 78. | | അയനി പുര ചൂതപാറ കോളനി റോഡ് | | | | 0.700 |
| 79. | | മാനികാവ് അണ്ണാം വയൽ റോഡ് | | | | 0.700 |
| 80. | | മാതമൂല വെള്ളം കൊല്ലി റോഡ് | | 1 | | 1.000 |
| 81. | XI | പാലക്കമൂല കൊറ്റിമുണ്ട റോഡ് | | | | 1.000 |
| 82. | | കൊങ്ങിയമ്പം ഓണക്കര റോഡ് | | | | 0.500 |
| 83. | | കാപ്പുവയൽ മാനകാവ് റോഡ് | | | | 1.500 |
| 84. | | ചെണ്ണാളി കൊങ്ങിയമ്പം | | | | 1.500 |
| 85. | | വണ്ടിച്ചിറ തൂമ്പുക്കുനി പെടാടിക്കുന്ന് | | | | 2.000 |
| 86. | | പുതൂർ പുലച്ചിക്കുനി റോഡ് | | | | 1.000 |
| 87. | | ചെണ്ടക്കുനി കോളനി റോഡ് | | | | 0.500 |
| 88. | | വീട്ടുപരകോളനി വണ്ടിച്ചിറ റോഡ് | | | | 1.000 |
| 89. | XII | പാലക്കമൂല കാരക്കുനി റോഡ് | | | | 1.000 |

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | വീതി | ആവശ്യമുള്ള | | ദൂരം കിലോ മീറ്റർ |
|---|---|---|---|---|---|---|
| | | | | കൾവർട്ട് | പാലം | |
| 90. | | കോട്ടക്കുന്ന് കൊര ളമ്പം കോളനി റോഡ് | | | | 2.500 |
| 91. | | സുധിക്കവല കോലംപറ്റ പന്തളും കോളനി | | | | 1.500 |
| 92. | XII | ചെമ്മണ്ണക്കുഴി മോതിരോട് റോഡ് | | | | 1.500 |
| 93. | | ചെണ്ടക്കുനി - ചേന്നല്ലൂർ - കൊരളമ്പം കോട്ടക്കുന്ന് റോഡ് | | | | 4.000 |
| 94. | | വള്ളിപെറ്റക്കുന്ന് കോളനി റോഡ് | | | | 2.000 |
| 95. | | അൽപത്തി മൂന്ന് വെള്ളാരും കുന്ന് | | | | 1.000 |
| 96. | | സുധിക്കവല ശ്രീനിവാസ ഗൗഡ റോഡ് പന്തളം കുന്ന് പണിയക്കോളനി വഴി | | | | 1.000 |

## ഗ്രാമസഭ നിർദ്ദേശങ്ങൾ

## പുതുതായി ആവശ്യമുള്ള റോഡുകൾ പട്ടിക 5

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | ഏകദേശ ദൂരം |
|---|---|---|---|
| 1 | I | പുഴുംകുനി റോഡ് - മാരിമൂല റോഡുമായി ബന്ധിപ്പിക്കുക | |
| 2 | | മണങ്ങുവയൽ റോഡ്-കോടക്കുന്ന് റോഡുമായി ബന്ധിപ്പിക്കുക. | |
| 3 | II | ചളിഞ്ചേരിക്കുന്ന് കുടശ്ശേരി - ഈട്ടിക്കവല റോഡ് | 1. 000 |
| 4 | | താഴത്തുവയൽ - കുടശ്ശേരി കുന്ന് മേപ്പേരികുന്ന് റോഡ് | 0.500 |
| 5 | III | കൊളഗപ്പാറ - ചൂണ്ടൻ കോളനി പാതിരികവല റോഡ് അക്വയർ ചെയ്യുക | 1.500 |
| 6 | | കരിമ്പാം കൊല്ലികോളനി മേപ്പേരി ലക്ഷം വീട് കോളനി വഴി കൃഷ്ണഗിരി. | I.000 |
| 7 | | മുണ്ടനടപ്പ്-കൊളഗപ്പാറ സ്കൂൾ റോഡ് | I.000 |
| 8. | | മേപ്പേരി ലക്ഷം വീട് റോഡ് | 0.100 |
| 9. | | കൃഷ്ണഗിരി റാട്ടക്കുണ്ട് റോഡ് മലന്തോട്ടം ഭാഗം മുണ്ടനടപ്പ് റോഡുമായി ബന്ധിപ്പിക്കുക. | 0.200 |
| 10. | IV | പാടിക്കെല്ലി-പടവയൽ റോഡ് | 1.000 |
| 11 | | കൊളഗപ്പാറ കുരിശ് റോഡിന്റെ ബാക്കി ഭാഗം അരിവയൽ പാതിരിപ്പാലം ബന്ധിപ്പിക്കുക. | 1.000 |
| 12. | VII | അത്തിനിലം റോഡിൽ നിന്ന് ആശുപത്രി കുന്ന് വരെ | 0.750 |
| 13. | | പുറക്കാടി - കരിമം - അടിച്ചിപ്പാടി | 1.500 |
| 14. | IX | അപ്പാട് കിഴക്കേകോളേരി റോഡുമായി ബന്ധിപ്പിക്കുന്ന സന്നിധാനക്കുന്ന് റോഡ് | 1.000 |

# ഊർജ്ജം

പ്രാകൃത മനുഷ്യൻ സ്വയം ഭൂവായ ശക്തിയെ (ഊർജ്ജം) ആശ്രയിച്ചാണ് കാലയാപനം കഴി ച്ചിരുന്നത്. അനുസൃതമായ കാല പ്രവാഹത്തിൽ ആധുനിക മനു ഷ്യന്റെ നിലനിൽപ്പിൽ ഊർജ്ജ ത്തിന്റെ പ്രസക്തി വർദ്ധിച്ചു. ദൈ നം ദിന ജീവിതത്തിൽ ഊർജ്ജ ത്തിന്റെ അനിവാര്യത അടുക്കള യിൽ തുടങ്ങുന്നു.

ഇന്നും പാചകാവശ്യത്തിന് ബഹുഭൂരിപക്ഷം ജനങ്ങളും വിറ കിനെ ആശ്രയിക്കുന്നു. മണ്ണെണ്ണ, ബയോഗ്യാസ്, എന്നിവയും പ്രയോ ഗത്തിലുണ്ട് അടുത്ത കാലത്തായി L.P.G. ഗ്യാസിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു. കാർഷിക മേഖലകളിൽ ജല സേച നത്തിനും, നെല്ലു, കാപ്പി കുത്തു മില്ലുകൾ പ്രവർത്തിക്കുന്നതിനു. ഡീസൽ എഞ്ചിനുകളാണ് സാർവ ത്രികമായി ഉപയോഗിച്ചിരുന്നത്. ആദ്യകാലങ്ങളിൽ വിളക്കെണ്ണയും, വിറകുമാണ് വെളിച്ചത്തിന് ഉപയോ ഗിച്ചിരുന്നെങ്കിൽ മണ്ണെണ്ണയുടെ പ്രചാരത്തോടെ അവ പിൻതള്ള പ്പെട്ടു.

മീനങ്ങാടി പഞ്ചായത്തിലേക്ക് വൈദ്യുതി ആദ്യമായി കടന്നു വന്നത് 1957- ൽ ആണ്. കുന്ദമം ഗലം സെക്ഷനിൽ നിന്ന് കൺസ്യൂ മർ സെക്ഷൻ 369- പ്രകാരം ജനാബ് T.K. മോയിൻ കുട്ടി ഹാജിയാരുടെ ഭവനത്തിലാണ് വൈദ്യുത ബൾബ് പ്രകാശിച്ചത്

ഇന്ന് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തി യിട്ടുണ്ടെങ്കിലും 20% വീടുകൾ മാത്രമേ വൈദ്യുതികരിച്ചിട്ടുള്ളൂ. കാർഷിക വ്യവസായികാവശ്യ ങ്ങൾക്ക് പരിമിതമായ തോതിലെ ങ്കിലും വൈദ്യുതി പ്രയോജനപ്പെടു ത്തുന്നുണ്ട്. കെ.എസ്.ഇ.ബി. യുടെ സു: ബത്തേരി മേജർ സെക്ഷനിൽ നിന്നാണ് ഇവിടെ വൈദ്യുതി വിത രണം നടത്തുന്നത്. വിവിധ ഭാഗങ്ങ ളിൽ സ്ഥാപിച്ചിട്ടുള്ള 33 ട്രാൻ സ്ഫോർമറുകൾ മുഖാന്തിരം 3300 കിലോവാട്ട് വൈദ്യുതി 6,000 ത്തോളം ഉപഭോക്താക്കൾക്കായി വിതരണം നടത്തി വരുന്നു. ഉപഭോ ഗത്തിനനുസരിച്ച് പ്രസരണശേഷി യിൽ വർദ്ധനവ് ഇല്ലാത്തതിനാൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

ട്രാൻസ്ഫോർമറുകളെ സംബ ന്ധിച്ച വിവരം പട്ടിക ഒന്നിൽ ചേർക്കുന്നു.

പഞ്ചായത്തിൽ തെരുവ് വിള ക്കുകൾ - കോഴിക്കോട് - മൈസൂർ റോഡിലും മീനങ്ങാടി പനമരം റോഡിൽ ചെണ്ടക്കുനിവരെയും സ്ക്കൂൾ റോഡിൽ ആശുപത്രിവ രെയും ആണ് ഉള്ളത്. ഇവ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തി ക്കുന്നില്ല. 11 സോഡിയം വെപ്പർ ലാമ്പുകൾ മീനങ്ങാടിയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. നാമ മാത്രമെങ്കിലും സൗരോർജ്ജവും ഉപയോഗപ്പെടുത്തുന്നുണ്ട് പാരമ്പ ര്യേതര ഉർജ്ജ വ്യാപനത്തിനു വേണ്ടി പ്രവർത്തിക്കുന്ന 'അനർട്ടി'ന്റെ ബത്തേരി ബ്ലോക്ക് കേന്ദ്രം ചെണ്ടക്കുനിയിലാണ് ഉള്ളത്.

ഗാർഹികാവശ്യങ്ങൾക്കായി 100-ഓളം ബയോഗ്യാസ്, ഗോബർ ഗ്യാസ് പ്ലാന്റുകൾ കൃഷി വകുപ്പി ന്റെയും ഖാദി ബോർഡിന്റെയും സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച് പ്രവർത്തിച്ചു വരുന്നു. കേരള ശാസ്ത്ര സാഹിത്യ പരി ഷത്ത്, പുക ഇല്ലാത്തതും ഇന്ധന ക്ഷമത കൂടിയതുമായ അടുപ്പുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങ ളിൽ സ്ഥാപിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പാരമ്പര്യ ഊർജ്ജ ശ്രോതസ്സാ യിരുന്ന വിറകിന്റെ ലഭ്യത കുറ ഞ്ഞുവരുന്നു.
2. പാരമ്പര്യേതര ഊർജ്ജ ശ്രോത സ്സുകളായ മണ്ണെണ്ണ L.P.G. ഗ്യാസ് ഇവയുടെ ലഭ്യത വളരെ ശ്രമകരമാണ്.
3. വൈദ്യുതിയുടെ വേൾട്ടേജ് ക്ഷാമവും പവർക്കട്ടും വ്യാവ സായിക, കാർഷിക മേഖലയെ മന്ദീഭവിപ്പിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോമറുകളും അവയുടെ കപ്പാസിറ്റിയും താഴെ ചേർക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 1 | 100 KVA | മലന്തോട്ടം | 25 | 100 KVA | അപ്പാട് |
| 2 | 100 KVA | മാരിയമ്മൻ കോവിൽ | 26 | 100 KVA | പുല്ലുമാല 1 |
| 3 | 100 KVA | കൃഷ്ണഗിരി | 27 | 100 KVA | പുല്ലുമാല 2 |
| 4 | 100 KVA | മൈലാമ്പാടി | 28 | 100 KVA | സിസി 1 |
| 5 | 100 KVA | കാലിത്തീറ്റഫാക്ടറി | 29 | 100 KVA | സിസി 2 |
| 6 | 100 KVA | അൻപത്തിനാല് | 30 | 100 KVA | മൂന്നാനക്കുഴി |
| 7 | 100 KVA | താഴത്തുവയൽ | 31 | 100 KVA | പാതിരിപ്പാറ |
| 8 | 100 KVA | മുരണി | 32 | 100 KVA | കൊളഗപ്പാറ സ്വാമി |
| 9 | 100 KVA | അത്തിനിലം | 33 | 100 KV | പാലക്കമൂല |
| 10 | 100 KVA | പന്നിമുണ്ട | | | |
| 11 | 100 KVA | തച്ചമ്പത്ത് | | | |
| 12 | 100 KVA | മീനങ്ങാടി മാർക്കറ്റ് റോഡ് | | | |
| 13 | 100 KVA | ത്രിവേണി | | | |
| 14 | 100 KVA | കോട്ടക്കുന്ന് കവല 1 | | | |
| 15 | 100 KVA | കോട്ടക്കുന്ന് 2 | | | |
| 16 | 100 KVA | കോട്ടക്കുന്ന് 3 | | | |
| 17 | 100 KVA | പുഴംകുനി | | | |
| 18 | 100 KVA | ചില്ലിംഗ് പ്ലാന്റ് | | | |
| 19 | 100 KVA | കുട്ടിരായിൽ പാലം | | | |
| 20 | 100 KVA | കോലംമ്പറ്റ | | | |
| 21 | 100 KVA | ചെണ്ടക്കുനി | | | |
| 22 | 100 KVA | കൊളഗപ്പാറ | | | |
| 23 | 100 KVA | അരിവയൽ | | | |
| 24 | 100 KVA | ചൂരിമല | | | |

## പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുക.
2. ആദിവാസി കോളനികളിലും വൈദ്യുതി എത്താത്ത മറ്റു പ്രദേശങ്ങളിലും സോളാർ പാനൽലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുക.
3. ബയോഗ്യാസ് ഉപയോഗം വിപുലമായി പ്രചരിപ്പിക്കുക.
4. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി അപ്പാട്, കൊളഗപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
5. മീനങ്ങാടി ചന്ത വൈദ്യുതി കരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുക.
6. എല്ലാ വാർഡുകളിലും പ്രധാന കവലകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
7. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.
8. മീനങ്ങാടിയിൽ K.S.E.B. യുടെ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുക.
9. വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കുക.
10. ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുക.

## വൈദ്യുതി ആവശ്യങ്ങൾ ഗ്രാമസഭാ നിർദ്ദേശങ്ങൾ

I കോളനികൾ മുഴുവൻ വൈദ്യുതീകരിക്കുക

2. പ്രധാനറോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
3. കുടീർജ്യോതി പദ്ധതിനടപ്പിൽ വരുത്തുക.

4. II താഴത്തുവയൽ ഊർക്കണ്ടി, ചേപ്പലോട് ചളിഞ്ചേരി എന്നീ കോളനികൾ വൈദ്യുതി കരിക്കുക.

5. കുരിശ്കവല, കി.മീനങ്ങാടി,മന്നത്തുകുന്ന്, വട്ടത്തുവയൽ താഴത്തുവയൽ, ചിരാംകുന്ന് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾസ്ഥാപിക്കുക.

6. III പാതിരിക്കവല, റാട്ടക്കുണ്ട്, അത്തിമൂല കോളനി, ചൂണ്ടൻകോളനി, മുണ്ടനടപ്പ് കോളനികൾ മലന്തോട്ടം മുണ്ടനടപ്പ് പ്രദേശം. പാതിരിപ്പാലം മിച്ചഭൂമി, മേപ്പേരിക്കുന്ന് ലക്ഷം വീട് കോളനികൾ, റാട്ടക്കുന്ന ഭയങ്കരൻ കുന്ന് പ്രദേശം, കരിമ്പാംകൊല്ലി, കച്ചേരിക്കുന്ന്പ്രദേശം, പാതിരിക്കവല SC കോളനി മേപ്പേരിക്കുന്ന് സാംസ്കാരിക നിലയം, മുണ്ടനടപ്പ് സാംസ്കാരിക നിലയം എന്നിവ വൈദ്യുതീകരിക്കുക.

7. പാതിരിപ്പാലം, കൊളഗപ്പാറ കൃഷ്ണഗിരി വില്ലേജ് ഓഫീസ് പരിസരം, റാട്ടക്കുണ്ട്കവല, പാതിരിക്കവല, മേപ്പരിക്കവല എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
8. കൃഷ്ണ ഗിരി വില്ലേജ് ഓഫീസ് പരിസരം, കൊളഗപ്പാറ ടൗൺ, പാതിരിപ്പാലം എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

9. IV വാർഡിലെ 2 കോളനിയും വൈദ്യുതി കിട്ടാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.
10. അരിവയൽ പാതിരിപ്പാലം റോഡ്, പാതിരപ്പാലം ജയാ എസ്റ്റേറ്റ് റോഡ്, പാടിക്കൊല്ലി റോഡ്, കൊളഗപ്പാറ സ്കൂൾ റോഡ്, S.H റോഡ് സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.
11. പടവയൽ, അരിവയൽ, പത്മശ്രീക്കവലഎന്നവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

12. V അറുപതുനാഴി,നെല്ലിക്കണ്ടം, ആവയൽ മഞ്ഞളംകെത എന്നീ കോളനികൾവൈദ്യുതീകരിക്കുക.
13. വാർഡിലെ ഏക ഹെൽത്ത് സെന്ററും സമീപത്തുള്ള നായ്ക്ക കോളനിയും വൈദ്യുതീകരിക്കുക.
14. സാംസ്കാരിക നിലയം വൈദ്യുതീകരിക്കുക.
15. സി.സി ടൗണും ,സാംസ്കാരിക നിലയപരിസരത്തും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

16. VI നുരവ[illegible] ആവയൽ, പൂളക്കടവ്, മരോട്ടിക്കവല പഞ്ചായത്ത് വക പമ്പ് സെറ്റിനും കരണ്ടു എത്തിക്കുക
17. പാമ്പുകൊല്ലികോളനി പുല്ലുമല 40- 6ൽ വൈദ്യുതി എത്തിക്കണം.

ലക്ഷംവീട് ഗോഖലെ നഗർ കോളനി വൈദ്യുതി എത്തിക്കണം. മണ്ഡകവയൽ പ്രദേശത്ത് എത്തിനിൽക്കുന്ന വൈദ്യുതി സമീപ വാസികൾക്ക് കൊടുക്കുണം.

18. VI സാംസ്കാരിക നിലയം വൈദ്യുതീകരിക്കണം.

19. പത്മ ശ്രീക്കവല പുല്ലുമല പത്മശ്രീ പടവയൽ 1ാം മൈൽ to പൂളക്കടവ് റോഡിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

20. ലക്ഷംവീട് കോളനി, സാംസ്കാരിക നിലയപരിസരം മൈലമ്പാടിടൗൺ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

21 വാർഡിൽ നൂരവയൽ പുഴയുടെ താഴെഭാഗത്ത് കാളിയമ്മക്കുണ്ഡിൽ ഒരു ചെറിയ വൈത്യുതി പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഈ പ്രദേശത്തെ വൈദ്യുതിക്ഷാമം പരിഹരിക്കാനാവു.

22. VIII മധുകൊല്ലി, വേങ്ങൂർ കോളനി, ആലമൂല കോളനി, മട്ടേക്കര, കരിമം,അടിച്ചിലാടി, രാമശിരി തുടങ്ങി കോളനികൾ വൈദ്യുതീകരിക്കുക.

23. അത്തിനിലം മിച്ചഭൂമി തുടങ്ങി വാർഡിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുക.

24. മീനങ്ങാടി മുതൽഅടിച്ചിലാടി വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

25. ആശുപത്രിപരിസരം സ്കൂൾ പരിസരം സോഡിയം പേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

26.VIII പള്ളിക്കമൂല ദേവി ക്ഷേത്രം വരെയും, അപ്പാടു ടൗൺ മുതൽ ആദിവാസി കോളനിയടക്കം തച്ചമ്പകൂറുമകോളമു മുതൽ പള്ളിക്കമൂല പണിയ കോളനിവരെ സമീപവാസികൾക്ക് അടക്കം വൈദ്യുതി എത്തിക്കുക.

ഒലിവയൽ കോളനി മുതൽ മിച്ചഭൂമിവരെയുള്ള താമസക്കാർക്കും, എതിർക്കുന്ന് ആദിവാസികോളനിയുടെ സമീപത്തുള്ള താമസക്കാർക്കും, നെടിയഞ്ചേരി കോളനിയുടെ സമീപവാസികൾക്കും വൈദ്യുതി എത്തിക്കണം.

29. അപ്പാട്ട് ടൗൺ, കാപ്പിക്കുന്ന് സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

31 IX മടൂർ, സന്നിധാനക്കുന്ന്, കോളനിപ്രദേശം, കാപ്പിക്കുന്ന് കോളനി, അമ്മായിക്കവല, അപ്പാട്ട് പ്രദേശം, മീനങ്ങാടി മൂന്നാനക്കുഴി റോഡിൽ രാജൻ സ്വാമി റോഡ് പ്രദേശം, മൂന്നാനക്കുഴി നായ്ക്ക കോളനി വലിയകൊല്ലി കോളനി, മൈലമ്പാടി. രാജൻ സ്വാമിയുടേയും, പാമ്പ്ര ജോർജ് കുട്ടിയുടേയും എസ്റ്റേറ്റ് പരിസരത്തുള്ള ആദിവാസി വീട് , കല്പന വാകേരി റോഡ്, അപ്പാട്ട് പുളിക്കൽ കോളനി, അപ്പാട്ട് സാംസ്ക്കാരിക നിലയം തുടങ്ങിയവ വൈദ്യുതീകരിക്കണം.

32 അപ്പാട്ട് പുല്ലുമല , കൽപ്പന- മുന്നാനക്കുഴി അമ്മായിക്കവല എന്നി സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

33. മൂന്നാനക്കുഴിയും അപ്പാട്ടും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

34. മാതമൂല, അയനി പുര, അണ്ണാവയൽ, രാരോത്ത്, ചുണ്ട കൊല്ലി, പൂവ്വള്ളി, എന്നീ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുക.

35 മാനികാവ് സ്ക്കൂൾ, ഹെൽത്ത സെന്റർ, ഹോമിയോ ഡിസ്പൻസറി, മാനിക്കാവ് ശിവക്ഷേത്രം, സാംസ്കാരിക നിലയം. എന്നിവ വൈദ്യുതീകരിക്കുക. ഈ വാർഡിലെ വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശവും വൈദ്യുതീകരിക്കുക.

36 സൊസൈറ്റി കവല മുതൽ മണിവയൽ വരെയും ചൂതുപാറ മുതൽ മാനിക്കാവ് സ്ക്കൂൾവരെയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

37. ചൂതുപാറ ടൗൺ സോഡിയം പേപ്പർ ലാമ്പ് സ്ഥാപിക്കുക.

38. XI പാലക്ക മുല മണിവയൽ പ്രദേശം പാലക്കമൂല കൊറ്റിമുണ്ട വരെ, കാപ്പ് വയൽ മാനിക്കാവ് റോഡ് പ്രദേശം, തുമ്പകുനി, പൊടാടി കുന്ന് റോഡ് പരിസരം, പുലച്ചികുനി പ്രദേശം, കൊങ്ങിയമ്പം, ഓണക്കരക്കുന്ന്. ചെന്നാളി ആദിവാസി കോളനി, പണിയകോളനി, മാതമൂല കോളനി, വീട്ടിപുരകോളനി, ഓണക്കര പണിയ കോളനി തുടങ്ങിയവ വൈദ്യുതീകരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാവണം

39. ചെണ്ടക്കുനി to പുറക്കടി പുഴവരെ പാലക്കമൂല മുതൽ മണിവയൽ വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

40. ചെണ്ടകുനി, മണിവയൽ, പാലക്കമൂല ടൗൺ സോഡിയം പേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.

41. XII വെള്ളിത്തോട് പണിയ കുറുമ, നായ്ക്ക കോളനി പന്തളം കുന്ന് മൂന്ന് പണിയകോളനി, കോലംപറ്റം മൂക്കിമൂല, കുറുമ കോളനി- കുണ്ടുകൊല്ലി, മേത്തല്ലൂർ കോളനി മോതിരോട്ട് കുറുമ കോളനി, കൊരളമ്പം കോളനി എന്നിവിടുങ്ങളിൽ വൈദ്യുതീകരിക്കുക.

42. മീനങ്ങാടി മുതൽ പാലക്കമൂല വരെ, കാക്കവയൽ മുതൽ മീനങ്ങാടി വരെ സുധികവല മുതൽ ചെണ്ടകുനി വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

43. ചെണ്ടക്കുനി, പാലക്കമൂല സോഡിയം പേപ്പർ ലാമ്പ് സ്ഥാപിക്കണം.

# മാർക്കറ്റ്

പണ്ടുകാലം മുതൽ തന്നെ മീനങ്ങാടി വ്യാപാര പ്രാധാന്യമുള്ള ഒരു കേന്ദ്രമായിരുന്നു. മൈസൂർ - കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും ചരക്കുകളുമായിവന്നിരുന്ന കാളവണ്ടികൾ മീനങ്ങാടിയുടെ ഹൃദയഭാഗത്ത് ഉണ്ടായിരുന്ന `വണ്ടിപ്പേട്ട'യിൽ വിശ്രമത്തിനും കയറ്റി-റക്കിനുമായി നിറുത്തിയിരുന്നു.

കുടിയേറ്റ് വ്യാപനത്തോടുകൂടി മീനങ്ങാടി ചന്തക്ക് പ്രാധാന്യവും പ്രൗഢിയും വർദ്ധിച്ചു. 1970 കളുടെ അവസാനം വരെ നില തുടർന്നു. പുൽപ്പള്ളി, പൂതാടി, വരദൂർ, അമ്പലവയൽ, വാഴവറ്റ തുടങ്ങിയ മേഖലകളിൽ നിന്നുള്ള കാർഷികോൽപ്പനങ്ങളുടെ വിൽപ്പനകേന്ദ്രം മീനങ്ങാടി ആയിരുന്നു. പല വ്യജ്ഞനങ്ങൾ, മത്സ്യം, പച്ചക്കറികൾ, തേങ്ങ, വെറ്റില എന്നിവയുടെ വിപണന കേന്ദ്രവുമായിരുന്നു. കൂടാതെ ജില്ലയിലെ പ്രസിദ്ധമായ കുന്നുകാലി ചന്ത ഞായറാഴ്ച തോറും നടന്നിരുന്നു. മുൻമ്പുള്ള പിപുലത ഇല്ലങ്കിലും ഇന്നും തുടർന്നുവരുന്നുണ്ട്. സുഗ്ധവ്യഞ്ജനങ്ങളായ കുരുമുളക് ചുക്ക് എന്നിവയുടെ വിപണന കേന്ദ്രവും മീനങ്ങാടി ആയിരുന്നു.

പുൽപ്പള്ളി ബത്തേരി റോഡ്, നടവയൽ ബത്തേരി റോഡ്, വാഴവറ്റ കാക്കവയൽ റോഡ് തുടങ്ങിയ റോഡുകൾ ഗതാഗതയോഗ്യമായതോടുകൂടി ഇവിടെ നിന്നുള്ള ജനങ്ങൾക്ക് ബത്തേരി, കൽപ്പറ്റ തുടങ്ങിയ വ്യാപാര കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്നതിന് എളുപ്പമായിത്തീരുകയും മീനങ്ങാടിയുടെ വ്യാപാര പ്രാധാന്യം കുറയാൻ കാരണമായി ത്തീരുകയും ചെയ്തു.

വയനാട്ടിലെ പ്രമുഖ അടക്ക വ്യാപാര കേന്ദ്രമാണ് മീനങ്ങാടി. ഇവിടെ നാല് അടക്ക സംസ്കരണ കേന്ദ്രങ്ങൾ നിലവിലുണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് എളുപ്പം എത്തിച്ചേരാവുന്ന വ്യാപാര കേന്ദ്രമെന്ന് നിലയിൽ മീനങ്ങാടിക്ക് പ്രസക്തിയുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വിവിധ കാർഷികോൽപ്പാദന മേഖലകളിൽ നിന്നും ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിക്കുന്നതിനുള്ള ഗ്രാമീണ റോഡുകളുടെ അപര്യാപതതയും ശോചനീയാവസ്ഥയും.

2. ഉൽപ്പന്നങ്ങൾക്ക് മറ്റു വ്യാപര കേന്ദ്രങ്ങളെ അപേക്ഷിച്ച് വില കിട്ടുന്നില്ല എന്നും, ഉപഭോഗ വസ്തുക്കൾക്ക് വില കൂടുതലാണ് എന്നുള്ള ധാരണയും ജനങ്ങളിൽ വ്യാപകമായിത്തീർന്നു.

3. അവശ്യാനുസരണം തെരെഞ്ഞടുക്കുന്നതിനുള്ള ശേഖരണത്തിന്റെ അഭാവം.

4. കേന്ദ്ര സംസ്ഥാന ഓഫീസുകളുടെ കുറവ്.

## നിർദ്ദേശങ്ങൾ

1. ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുക.

2. നിലവിലുള്ള പച്ചക്കറി, മത്സ്യ-മാംസ മാർക്കറ്റുകളുടെ സൗകര്യങ്ങൾ വർദ്ദിപ്പിക്കുക.

3. പച്ചക്കറി മാർക്കറ്റ് സ്ഥതി ചെയ്യുന്ന ഭാഗത്ത് വാഹനം എത്തിക്കാനുള്ള റോഡ് നിർമ്മിക്കുകയും പ്രവേശന കവാടം ഷട്ടറിട്ട് സുരക്ഷിതമാക്കണം.

4. മാർക്കറ്റ് വൈദ്യുതികരിക്കുക.

5. റോഡ് വക്കിലുള്ള കച്ചവടം മാർക്കറ്റിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. കന്നുകാലി ചന്ത സൈഡ് ഭിത്തികെട്ടി സുരക്ഷിതമാക്കുക.

7. മാർക്കറ്റ് അറ്റകുറ്റപ്പണി ചെയ്ത് മോടിപിടിപ്പിക്കുക. വ്യാപാരി വ്യവസായികളുടെ സഹകരണം തേടുക. ■

# പാർപ്പിടം സാമൂഹ്യക്ഷേമം.



മനുഷ്യ ജീവിതത്തിൽ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. താമസിക്കാൻ നല്ലൊരു വീട് എന്ന സ്വപ്നം താലോലിക്കാത്ത ആരുമുണ്ടാവില്ല. വീടിന്റെ വലിപ്പവും ഭംഗിയും ഏത്രത്തോളം വർദ്ധിപ്പിക്കാമെന്ന ഒരു വിഭാഗം ചിന്തിക്കുമ്പോൾ ചെറിയ ഒരു വീട്ടിൽ തന്റെ സ്വപ്നങ്ങൾ തളച്ചിടാൻ മറ്റൊരു വിഭാഗം നിർബന്ധിക്കപ്പെടുന്നു. എന്നാൽ വീട് എന്നത് നല്ല സ്വപ്നം മാത്രമായി അവശേഷിക്കുന്ന, കടത്തിണ്ണകളിലും, പുറമ്പോക്കുകളിലെ കൊച്ചു കൂരകളിലും അന്തിയുറങ്ങാൻ വിധിക്കപ്പെടുന്ന ഒരു വിഭാഗം കൂടിയുണ്ട് എന്നുള്ളത് ഒരു ദു:ഖ സത്യമായി നിലനിൽക്കുന്നു.

വയനാട് ജില്ലയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന മീനങ്ങാടി പഞ്ചായത്ത് കൃഷ്ണഗിരി, പുറക്കാടി എന്നി വില്ലേജുകളിലായി 12 വാർഡുകളെ ഉൾപ്പെടുന്നു. ജില്ലയിലെ മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ജനസംഖ്യയിൽ പന്ത്രണ്ടാം സ്ഥാനത്തും വിസ്തൃതിയിൽ പതിനേഴാം സ്ഥാനത്തുമാണുള്ളത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രസ്തുത പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ശരാശരിയിൽ താഴെ പ്രതിശീർഷ വരുമാനമുള്ള കർഷക തൊഴിലാളികളും ഇടത്തരം കർഷകുടുംബങ്ങളുമാണ്. ജനസംഖ്യയിൽ 21 ശതമാനത്തോളം ആദിവാസികളാണെന്നുള്ള കാര്യം പ്രത്യേകം പ്രസ്ഥാവ്യമാണ്. കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ ഭവന നിർമ്മാണ രംഗത്ത് പ്രതിഫലിക്കുന്നതായി കാണുന്നു. പഞ്ചായത്തിൽ ലഭ്യമാകുന്ന ഗൾഫ് പണം കെട്ടിട നിർമ്മാണ രംഗത്ത് മാത്രമായി ചെലവഴിക്കുന്നതായാണ് കാണുന്നത്.

ഈ പഞ്ചായത്തിൽ ആദ്യമായി ഓടിട്ട വീടുകൾ ഉണ്ടാക്കുന്നത് 1920 ൽആണ്. ആകെ നാല് (4) ഓടു വീടുകളെ അന്നുണ്ടായിരുന്നുള്ളു. ചാമയ്യർ, കൃഷ്ണഗൗഡർ, ശ്രീകണ്ഠ ഗൗഡർ അപ്പുസ്വാമി എന്നിവരുടേതായിരുന്നു ഈ വീടുകൾ. അടിച്ചിലാടി ബാലകൃഷ്ണൻ നായരുടെ വീട് ഭാഗികമായി ഓടിട്ടിരുന്നു. പിന്നീടുള്ള കാലഘട്ടങ്ങളിൽ ഭവന നിർമ്മാണ രംഗത്ത് കാലോചിതമായ പുരോഗതി ഉണ്ടായതായി മനസ്സിലാക്കാം

1996 നവമ്പറിൽ നടത്തിയ ഒരു പഠനമനുസരിച്ച് ഈ പഞ്ചായത്തിൽ 6782 കുടുംബങ്ങളും 5939 വാസഗൃഹങ്ങളുമാണുള്ളത്. വീടുകളുടെ ഇനം തിരിച്ചുള്ള കണക്കുകളുടെ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. എന്നാൽ മിച്ചഭൂമിയിൽ പുറമ്പോക്ക് സ്ഥലത്തും കുടിൽ കെട്ടി താമസിക്കുന്ന 175 ഓളം കുടുംബങ്ങൾ 145 വീടുകളിലായി താമസിക്കുന്നത് പട്ടികയിൽ പെടാത്തതാണ്. കൂടാതെ വീടുകൾകെട്ടി ഇനിയും വീട്ടു നമ്പർകിട്ടാത്ത 120ഓളം കുടുംബങ്ങൾ ഉള്ളതും പട്ടികയിൽ പെട്ടിട്ടില്ല. ഇതിൽ നിന്നും ഈ പഞ്ചായത്തിൽ വീടില്ലാത്തവരായി 840 കുടുംബങ്ങൾ ഉണ്ട് എന്ന് ധരിക്കാം.

## പട്ടിക 1 വാസഗൃഹങ്ങളുടെ തരംതിരിവ്

| വാർഡ് നമ്പർ | ടെറസ്സ് | ഓട് | ഓല/കുടിൽ | ആകെ | |
|---|---|---|---|---|---|
| 1. | 38 | 148 | 205 | 394 | |
| 2. | 54 | 286 | 294 | 580 | |
| 3. | 66 | 268 | 292 | 626 | |
| 4. | 41 | 164 | 260 | 465 | |
| 5. | 39 | 158 | 327 | 524 | |
| 6. | 36 | 179 | 237 | 482 | |
| 7. | 65 | 168 | 250 | 483 | |
| 8. | 41 | 124 | 270 | 435 | |
| 9. | 30 | 118 | 293 | 441 | |
| 10. | 26 | 90 | 265 | 381 | |
| 11 | 40 | 212 | 238 | 490 | |
| 12. | 65 | 258 | 294 | 617 | |
| ആകെ | 541 | 2173 | 3225 | 5939 | |

കാർഷിക പ്രധാനമായതോട്ടങ്ങൾ, വയലുകൾ, പ്രധാനനിരത്തുകൾ എന്നിവകേന്ദ്രീകരിച്ചും, ആദിവാസികോളനികൾ, മിച്ചഭൂമി, ലക്ഷംവീട് എന്നിവ കേന്ദ്രീകരിച്ചുമാണ് ആവാസസ്ഥലങ്ങൾ നിലവിലുള്ളത്. ഇതിൽ ആദ്യവാസികോളനികൾ, മിച്ചഭൂമി, ലക്ഷംവീട് കോളനികളും ആവാസയോഗ്യമായസ്ഥലങ്ങളിലല്ല ഉള്ളത്. ഇവിടങ്ങളിലേക്ക് നടപ്പാതപോലുമില്ലാത്തതിനാൽ നിർമ്മാണച്ചിലവുകൾ ക്രമാതീതമായി വർദ്ധിക്കുന്നു. കൂടാതെ കുടിവെള്ളം വൈദ്യുതി കക്കൂസ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ യാതൊന്നും തന്നെ ഇവിടങ്ങളിലില്ല. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവ് ഗതാഗതയോഗ്യമായ റോഡുകളുടെ അഭാവം തുടങ്ങിയ നിർമ്മാണച്ചിലവിന് വരുത്തുന്ന അനിയന്ത്രിതമായ വർദ്ധനവ് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വീട്, എന്നത് ദുഃസ്വപ്നമാക്കി മാറ്റുന്നു. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലനിലവാരത്തിലും കൂലി നിലവാരത്തിലും വന്നവർദ്ധനവ് പട്ടിക-2 ൽ പ്രതിപാദിച്ചിരിക്കുന്നു.

വിദഗ്ദതൊഴിലാളികളുടെ അഭാവം, മറ്റുപ്രദേശങ്ങളിൽ നിന്നും പ്രത്യേകിച്ച് തമിഴ്നാട് കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും തൊഴിലാളികളുടെ രംഗപ്രവേശത്തിന് വഴിയൊരുക്കിയിരിക്കുകയാണ്. ഇവരുടെ ഉത്തരവാദിത്തമില്ലായ്മ കെട്ടിട നിർമ്മാണപ്രവർത്തനങ്ങളിൽ കാലവിളംബരം സൃഷ്ടിക്കുകയും ആയത് സാമ്പത്തികമായി ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു.

ഭവന നിർമ്മാണ രംഗത്ത് സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളൊന്നും ഈപഞ്ചായത്തിലില്ല. എന്നാൽ വിവധ സർക്കാർ അർദ്ധ സർക്കാർ ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചവര ചുരുങ്ങിയ തേതിലെങ്കിലും ഇവിടെയുണ്ട്. വിവിധ സ്കീമുകളിലൂടെ സഹായം ലഭിച്ചവരുടെ എണ്ണവും മറ്റു വിവരങ്ങളും പട്ടിക 3ൽ കൊടുത്തിട്ടുണ്ട്.

വീടു വക്കുന്നതിനാവശ്യമായ ചെറിയ പ്ലോട്ടുകളുടെ ദൗർലഭ്യം , വിവിധ ഭവന നിർമ്മാണ പദ്ധതികളെ കുറിച്ച് സാധാരണക്കാർക്കുള്ള അജ്ഞത, ഭവന നിർമ്മാണ വായപയെ കുറിച്ചുള്ള അനാവശ്യമായ ഭയാശങ്കകൾ, സാമ്പത്തിക സഹായം ലഭിക്കുന്ന

## പട്ടിക II

### വിലനിലവാരം, കൂലി- അവലോകനം

| ക്രമ നമ്പർ | വർഷം | കൂലി | | | നിർമ്മാണ സാമഗ്രികൾ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | വിദഗ്ദർ | അവിദഗ്ദർ | | | | | | | | |
| | | | പുരുഷൻ | സ്ത്രീ | ഇഷ്ടിക | കമ്പി/ ക്വിന്റൽ | സിമന്റ്/ ചാക്ക് | മരം/ ക്യുബിക്ക് | കല്ല്/ ലോഡ് | ഓട് | മണൽ |
| 1 | 1991-92 | 80 | 60 | 35 | 450 | 1200 | 90 | 300 | 325 | 3250 | 600 |
| 2 | 1992-93 | 100 | 70 | 40 | 800 | 1600 | 105 | 350 | 350 | 3500 | 650 |
| 3 | 1993-94 | 110 | 70 | 40 | 850 | 1625 | 140-150 | 400 | 475 | 3900 | 700 |
| 4 | 1994-95 | 125 | 80 | 50 | 900 | 1625 | 170-175 | 450 | 550 | 4100-4500 | 800 |
| 5 | 1995-96 | 150 | 100 | 60 | 1000-1100 | 1700 | 195 | 450 | 625 | 4600-5000 | 850- 900 |
| വർദ്ധനവ് (%) | | 87.5% | 66.7% | 71.4% | 144.4% | 41.6% | 116.7% | 50% | 92.3 | 53.8% | 50% |

## പട്ടിക III സഹായ ലഭ്യതാകണക്ക്

| വർഷം | IAY | | | MWS | | | JRY | | | UN- Tied Fund | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ചത് | പൂർത്തിയായത് | ബാക്കി | അനുവദിച്ചത് | പൂർത്തിയായത് | ബാക്കി | അനുവദിച്ചത് | പൂർത്തിയായത് | ബാക്കി | അനുവദിച്ചത് | പൂർത്തിയായത് | ബാക്കി |
| 1991-92 | - | - | - | 11 | 11 | - | - | -- | - | - | - | -- |
| 1992-93 | 04 | 04 | - | 30 | 30 - | | 10 | 10 | | 2 | 1 | 1 |
| 1993-94 | 03 | 03 - | | 25 | 24 | 01 | 23 | 11 | 12 | 12 | 7 | 5 |
| 1994-95 | 15 | 04 | 11 | 48 | 36 | 12 | 17 | 07 | 10 | 4 | 4 - | |
| 1995-96 | 23 | 02 | 21 | - | - | - | 10 | 04 | 06 | 4 | 4 - | |
| ആകെ | 45 | 13 | 32 | 114 | 101 | 13 | 60 | 32 | 28 | 22 | 16 | 6 |

## പട്ടിക IV

## ഭവനനിർമ്മാണ രംഗത്തെ പുരോഗതി

| വാർഡ് നമ്പർ | 1992വരെ | | | 1993-1994 | | | 1994-1995 | | | 1995-1996 | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | വാർപ്പ് | ഓട് | കുടിൽ | വാർപ്പ് | ഓട് | കുടിൽ | വാർപ്പ് | ഓട് | കുടിൽ | വാർപ്പ് | ഓട് | കുടിൽ |
| I | 27 | 109 | 128 | - | 08 | 09 | 02 | 15 | 30 | 09 | 16 | 38 |
| II | 36 | 269 | 241 | 03 | 02 | 09 | 07 | 07 | 22 | 08 | 08 | 22 |
| III | 50 | 247 | 290 | 02 | 04 | 02 | 08 | 12 | - | 06 | 05 | - |
| IV | 33 | 150 | 259 | - | 04 | - | 04 | 04 | - | 04 | 06 | 01 |
| V | 32 | 146 | 324 | - | 03 | 02 | 01 | 03 | 01 | 06 | 06 | - |
| VI | 25 | 169 | 236 | 03 | 04 | - | 02 | 02 | 01 | 06 | 04 | - |
| VII | 55 | 155 | 208 | - | 03 | 30 | 05 | 05 | 12 | 05 | 05 | - |
| VIII | 35 | 111 | 268 | 01 | 05 | 01 | 01 | 01 | 01 | 04 | 07 | - |
| IX | 28 | 109 | 291 | - | 03 | 01 | - | 04 | 01 | 02 | 04 | - |
| X | 20 | 79 | 261 | 01 | 02 | 01 | 02 | 04 | 02 | 03 | 05 | 10 |
| XI | 27 | 199 | 238 | 01 | 03 | - | 01 | 02 | - | 11 | 08 | - |
| XII | 52 | 244 | 289 | 07 | 04 | 02 | 03 | 04 | - | 03 | 06 | 03 |
| ആകെ | - | - | - | 18 | 45 | 57 | 36 | 63 | 70 | 67 | 80 | 65 |

തിനുള്ള സങ്കീർണ്ണമായ വ്യവസ്ഥകൾ, ഉദ്യോഗസ്ഥരുടെ സഹകരണ കുറവ് ലഭിക്കുന്ന തുകയുടെ അപര്യാപ്തത തുടങ്ങിയവയാണ്. ഭവനനിർമ്മാണ രംഗത്ത് ഗുരുതരമായ മാന്ദ്യം എന്നുള്ളത് പട്ടിക IV ൽ നിന്നും വ്യക്തമാകുന്നു.

പട്ടകയിൽ നിന്നും കഴിഞ്ഞ 5വർഷത്തിനുള്ളിൽ ഭവന നിർമ്മാണരംഗത്ത് സ്ഥിര സ്വഭാവമുള്ള വീടുകളുടെ എണ്ണം മറ്റു വീടുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്നുകാണുന്നു. മാത്രമല്ല 1991 മുതൽ 1996 വരെ കാലയളവിൽ നിർമ്മിച്ചവീടുകളിൽ കൂടിലുകളാണ് കൂടുതൽ ഉള്ളതെന്ന് കാണാം. ഇതിൽ നിന്നും പഞ്ചായത്തിലെ ജനങ്ങൾ ഭവന നിർമ്മാണ രംഗത്ത് സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരാണെന്ന് മനസ്സിലാക്കാം

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഭവന രഹിതർ, സ്ഥലമില്ലാത്തവർ , സ്ഥലമുണ്ടെങ്കിലും വീടില്ലാത്തവർ സ്ഥിര സ്വഭാവമുള്ള വീടുകൾ, ഓടു വീടുകൾ, കുടിലുകൾ എന്നീ കാര്യങ്ങൾ താഴെ പ്രതിപാതിച്ചിരിക്കുന്നു. ലഭ്യമായ വിവരങ്ങളിൽ നിന്ന് ഈ പഞ്ചായത്തിൽ 6782 കുടുംബങ്ങൾ ഉണ്ട്. അതിൽ 8%കുടുംബങ്ങൾ വാർപ്പു വീടുകളിലും 32 % കുടുംബങ്ങൾ ഓടുവീടുകളിലും 48% കുടുംബങ്ങൾ കുടിലുകളിലോ മൺചുവരുള്ള വീടിലോ താമസിക്കുന്നു. 12 % കുടുംബങ്ങൾക്ക് വീടുകളേയില്ല.

ലഭ്യമായ കണക്കുകൾ പ്രകാരം വിവധ വാർഡുകളിലായി നിലവിലുള്ള വീടുകളും ഇനി ആവശ്യമുള്ള വീടുകളും സംബന്ധിച്ച വിവരങ്ങൾ പട്ടിക-V- ൽ കൊടുത്തിരിക്കുന്നു.

ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന ആവശ്യങ്ങളും പട്ടികയിൽ ചേർത്തിട്ടുണ്ട്.

പട്ടികയിൽ സൂചിപ്പിക്കുന്നതു പോലെത്തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകളിൽ I, V, VI, VIII, IX, X വാർഡുകളിൽ നിന്ന്

# പട്ടിക-V

## ഭവനനിർമ്മാണ മേഖല- നിലവിലുള്ള അവസ്ഥ, ആവശ്യങ്ങൾ

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | | | സ്ഥിരസ്വഭാവ വീടുകൾ | | | കുടിൽ | | | ഭവനരഹിതർ | | | വീടിന് സ്ഥലമുള്ളവർ | | | വീടോ സ്ഥലമോ ഇല്ലാത്തവർ | | | ആവശ്യമുള്ള വീടുകൾ | ഗ്രാമസഭയിൽ നിന്നും വന്ന ആവശ്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ | | |
| I | 100 | 349 | 449 | 34 | 152 | 186 | 34 | 171 | 205 | 11 | 46 | 57 | 03 | 33 | 36 | 08 | 13 | 21 | 262 | ആവശ്യങ്ങൾ ഉന്നയിച്ചീട്ടില്ല. |
| II | 99 | 574 | 673 | 29 | 311 | 340 | 21 | 273 | 294 | 13 | 10 | 23 | 06 | 07 | 13 | 07 | 03 | 10 | 317 | ആകെ220 വീടുകൾ |
| III | 101 | 573 | 674 | 24 | 310 | 334 | 28 | 264 | 292 | 15 | 19 | 34 | 07 | 10 | 07 | 08 | 09 | 17 | 326 | കൊളകപ്പാറ- 16 മുണ്ട് നടപ്പ് കോളനി 10 ഉൾപ്പെടെ 81 വീടുകൾ |
| IV | 33 | 445 | 478 | 04 | 201 | 205 | 03 | 257 | 260 | - | 07 | 07 | - | 05 | 05 | - | 02 | 02 | 267 | ആകെ 55 വീടുകൾ |
| V | 135 | 397 | 532 | 91 | 106 | 197 | 20 | 307 | 327 | 14 0 | 4 | 18 | 04 | 03 | 07 | 10 | 01 | 11 | 345 | ആവശ്യംഉന്നയിച്ചീട്ടില്ല. |
| VI | 99 | 396 | 495 | 54 | 161 | 215 | 17 | 220 | 237 | 11 | 35 | 46 | 05 | 19 | 24 | 06 | 16 | 22 | 283 | ആവശ്യം ഉന്നയിച്ചീട്ടില്ല |
| VII | 197 | 404 | 601 | 68 | 165 | 233 | 51 | 199 | 250 | 30 | 60 | 90 | 12 | 38 | 50 | 18 | 22 | 40 | 340 | ആകെ 300 വീടുകൾ |
| VII | 198 | 391 | 589 | 97 | 68 | 165 | 57 | 213 | 270 | 24 | 134 | 158 | 06 | 66 | 72 | 18 | 68 | 86 | 428 | ആവശ്യംഉന്നയിച്ചീട്ടില്ല. |
| IX | 179 | 351 | 530 | 73 | 75 | 148 | 67 | 266 | 293 | 31 | 70 | 101 | 14 | 46 | 60 | 17 | 24 | 41 | 394 | ആവശ്യംഉന്നയിച്ചീട്ടില്ല. |
| X | 151 | 428 | 579 | 68 | 48 | 116 | 41 | 224 | 265 | 22 | 176 | 198 | 07 | 126 | 133 | 15 | 50 | 65 | 436 | ആവശ്യംഉന്നയിച്ചീട്ടില്ല. |
| XI | 135 | 406 | 541 | 31 | 221 | 252 | 58 | 180 | 238 | 35 | 31 | 66 | 21 | 20 | 41 | 14 | 11 | 25 | 304 | Sc/ST 89 വീടുകൾ ഉൾപ്പെടെ 116 വീടുകൾ |
| XII | 142 | 499 | 641 | 48 | 275 | 323 | 55 | 239 | 294 | 32 | 13 | 45 | 14 | 07 | 21 | 18 | 06 | 24 | 339 | 250 വീടുകൾ |
| ആകെ | 1569 | 5213 | 6782 | 621 | 2093 | 2714 | 452 | 2773 | 3225 | 238 | 605 | 843 | 99 | 380 | 479 | 139 | 225 | 364 | 4041 | |

ആവശ്യങ്ങൾ ഒന്നും തന്നെ ഉയർന്നു വന്നിട്ടില്ല. എന്നാൽ ഈ വാർഡുകളിൽ യഥാക്രമം 262, 345, 283, 428, 394, 463 എന്നിങ്ങനെ വീടുകൾ ആവശ്യമാണ് എന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. II -ാം വാർഡിൽ 220 വീടുകൾ ആവശ്യപ്പെട്ടിരിക്കുന്നിടത്ത് 317 വീടുകൾ ആവശ്യമാണെന്ന് കാണുന്നു. III-ാം വാർഡിൽ കൊളഗപ്പാറ കോളനിയിൽ 16 വീടും, മുമ്പുനടപ്പ് കോളനിയിൽ 10 വീടുകളുമുൾപ്പെടെ 81 വീടുകൾ ആവശ്യപ്പെട്ടിരിക്കുന്നിടത്ത് 326 വീടുകൾ ആവശ്യമുണ്ടെന്ന് കാണുന്നു. IV-ാം വാർഡിൽ 267 വീടുകൾ ആവശ്യമുള്ളിടത്ത് 55 വീടുകളേ ആവശ്യപ്പെട്ടിട്ടുള്ളു. VII-ാം വാർഡിൽ 340 വീടുകൾ ആവശ്യമുള്ളപ്പോൾ 300 വീടുകളും XI-ാം വാർഡിൽ 304 വീടുകൾ വേണ്ടിടത്ത് 116 വീടുകളും XII-ാം വാർഡിൽ 139 വീടുകൾ വേണ്ടിടത്ത് 250 വീടുകളുമാണ് ആവശ്യപ്പെട്ടിരിക്കുന്നത് പട്ടികയിൽ നിന്നും പഞ്ചായത്തിൽ ആകെ 4041 വീടുകൾ ഇനിയും ആവശ്യമാണെന്ന് കരുതുന്നു.

**നിർദ്ദേശങ്ങൾ**

1. സ്വന്തം വീടില്ലാത്ത നിർദ്ധനർ വിധവകൾ പുറംപോക്കിൽ കുടിൽകെട്ടി താമസിക്കുന്നവർ കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർ എന്നിവർക്ക് പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക.
2. ആദിവാസികോളനികളിലും മറ്റുള്ളിടത്തും നിർമ്മിച്ച വീടുകൾ റിപ്പയർ ചെയ്യുന്നതിനും വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതിനും നടപടിയെടുക്കണം.
3. അടുത്ത പദ്ധതികാലത്ത് ഉണ്ടായേക്കാവുന്ന വീടുകളുടെ ആവശ്യം പരിഗണിച്ച് ആവശ്യമായസ്ഥലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറ്റെടുത്ത് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി ആവശ്യക്കാർക്ക് നിശ്ചിതവിലക്ക് സ്ഥലമായോ, സ്ഥലവും കെട്ടിടവുമുൾപ്പെടേയോ നൽകുവാനുള്ള പദ്ധതിക്ക് പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്. ഇതിനായി സന്നദ്ധസംഘടനകളുടെയോ ഗൾഫ് മലയാളികളുടേയോ (നിക്ഷേപം) സഹായം തേടേണ്ടതാണ്.
4. അർഹരായ എല്ലാവർക്കും ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ലഭിക്കുകയും നിയമവ്യവസ്ഥ ലഘൂകരിക്കുകയും, വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും, വായ്പാതുക കാലോചിതമായി വർദ്ധിപ്പിക്കുകയും ചെയ്യണം. ആയതിന് പഞ്ചായത്തിന്റെ മേൽ നോട്ടം ഉണ്ടായിരിക്കണം.
5. നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ ന്യായമായ വിലക്ക് വിതരണം ചെയ്യുന്നതിനും ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും പഞ്ചായത്ത് തലത്തിൽ സഹകരണ സംഘം രൂപീകരിക്കുന്നതിന് മുൻകൈ എടുക്കണം.
6. ഗൃഹ നിർമ്മാണത്തിനാവശ്യമായ മരങ്ങൾ മുറിക്കുന്നതിനും അതുകൊണ്ടുപോകുന്നതിനുമുള്ള നിയമവ്യവസ്ഥകൾ ലഘൂകരിക്കുക.
7. ഭവനനിർമ്മാണ വായ്പകൾക്കുള്ള പലിശനിരക്ക് കുറക്കുക.
8. വിവിധ പദ്ധതികളെ കുറിച്ച് ജനങ്ങൾക്കുള്ള ഭയാശങ്കകൾ ദൂരീകരിക്കുകയും ചെലവുകുറഞ്ഞ നിർമ്മാണ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനം നടത്തുക. ആയതിന് "നിർമ്മിതി കേന്ദ്ര" മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായം പ്രയോജനപെടുത്താവുന്നതാണ്.
9. പഞ്ചായത്തിലെ യുവാക്കൾക്ക് കെട്ടിടനിർമ്മാണ മേഖലയോടനുബന്ധിച്ചുള്ള വിദഗ്ദ തൊഴിലുകളിൽ പരിശീലനംകൊടുക്കുന്നതിനും അവരെ നിർമ്മാണരംഗത്ത് ഉപയോഗിക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്കരിക്കണം അതിന് നിർമ്മിതി കേന്ദ്രം പോലുളള ഏജൻസികളുടെ സഹായം തേടാവുന്നതാണ്.
10. നിർമ്മാണചെലവ് രണ്ടു ലക്ഷത്തിലധികമുള്ള വീടുകൾക്ക് സർചാർജ്ജ് ഈടാക്കാവുന്നതാണ്. ഭവനരഹിതരെ സഹായിക്കുന്നതിന് ഈ തുകചെലവഴിക്കാം.
11. താമസാവശ്യത്തിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിട ഉടമകൾ, കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോഡിലേക്ക് അടക്കേണ്ട അംശാദായത്തിനുള്ള പരിധി ഒരു ലക്ഷത്തിൽ നിന്നും രണ്ട് (2) ലക്ഷമെങ്കിലുംമായി ഉയർത്തണം.

12 കെട്ടിട നികുതി നിർണ്ണയിക്കുന്നതിൽ ഒരു പൊതു മാനദണ്ഡം ആവിഷ്കരിക്കുകയും ആയതു പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

13. കെട്ടിട നിർമ്മാണ നിയമങ്ങൾ ലഘൂകരിക്കുക.

14 കോളനികളിൽ (ലക്ഷംവീടു കോളനികളുൾപ്പെടെ) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

15. IAY, MWS, JRY, UN-Tied Fund എന്നീ പദ്ധതികൾ പ്രകാരമുള്ള ധനസഹായം30,000 രൂപയായി ഉയർത്തുക.

16. വായ്പകൾക്കുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക.

17. വയൽ നികത്തി കെട്ടിടം പണിയുന്ന പ്രവണത നിരുൽസാഹപെടുത്തുക.

18. മൈത്രി ഭവന നിർമ്മാണപദ്ധതിയിൽ ഒരു വാർഡിൽ നിന്നും 10 പേരെയെങ്കിലും ഉൾപ്പെടുത്താനുള്ള ശ്രമം പഞ്ചായത്തു നടത്തണം.

## സാമൂഹ്യക്ഷേമം.

സാമൂഹ്യക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ മറ്റുള്ള സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയാണ് കേരളം. ഈ രംഗത്ത് ദാരിദ്ര്യ നിർമ്മാർജനത്തിനായി സർക്കാർ തലത്തിലുള്ള വിവിധ പദ്ധതികളും മാതൃശിശു സംരക്ഷണ പദ്ധതികളും സംഘടിത അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികളാണ് നിലവിലുള്ളത്. ഇവ കൂടാതെ പട്ടികജാതി വികസനത്തിനായുള്ള പട്ടിക ജാതി വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

വിവിധ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, നിലവിലുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ സംഘടനകളും മറ്റ്അസംഘടിത വിഭാഗങ്ങളും പുലർത്തുന്ന നിരുത്തരവാദപരമായ സമീപനം, ഉദ്യോഗസ്ഥ തലത്തിലുള്ള സഹകരണകുറവ്, യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കായ്ക, സാങ്കേതിക നൂലാമാലകൾ എന്നിവകൂടാതെ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയും സാമൂഹ്യ ക്ഷേമ രംഗത്ത് നിഴലിച്ചു കാണുന്നു.

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് സാമൂഹ്യക്ഷേമ രംഗത്ത് ഒട്ടേറെ വികസനപദ്ധതികളും തൊഴിൽ സംരഭങ്ങളും മറ്റും ഏറ്റെടുത്ത് ആശാവഹമായ മുന്നേററം നടത്തുന്നത് ജനങ്ങളിൽ പ്രതീക്ഷ വളർത്തുന്നു. എന്നാൽ ഇവയുടെ

പട്ടിക 1

IRDP ധനസഹായ ലഭ്യത കണക്ക്-1991-96

| വർഷം | പുറക്കാടി വില്ലേജ് | | | കൃഷ്ണഗിരി വില്ലേജ് | | |
|---|---|---|---|---|---|---|
| | എണ്ണം | സബ്സിഡി | വായ്പതുക | എണ്ണം | സബ്സിഡി | വായ്പതുക |
| 1991-92 | - | - | - | 24 | 62,000 | 96,000 |
| 1992-93 | 29 | 1,06624 | 1,26226 | 10 | 26,000 | 96,000 |
| 1993-94 | 26 | 91,539 | 1,19711 | 23 | 33,000 | 96,000 |
| 1994-95 | 36 | 1,83,250 | 2,78200 | 34 | 82,000 | 1,86,000 |
| 1995-96 | 32 | 2,03,090 | 4,52865 | 25 | 60,000 | 1,80,000 |
| ആകെ | 123 | 5,84503 | 9,77002 | 116 | 263000 | 634000 |

പ്രയോജനം പഞ്ചായത്തിൽ എത്രത്തോളം ലഭ്യമായിട്ടുണ്ടെന്നും ഇനിയും വിലയിരുത്തേണ്ടിയിരിക്കുന്നു. മീനങ്ങാടി പഞ്ചായത്തിൽ പുറക്കോടി, കൃഷ്ണഗിരി എന്നീ വില്ലേജ് സർക്കിളുകൾ മുഖാന്തിരമാണ് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്നത്. ഇങ്ങനെയുള്ള പദ്ധതകളിലൊന്നാണ് IRDP ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ധനസഹായം സംബന്ധിച്ചവിവരങ്ങൾ പട്ടിക ഒന്നി (1)ൽ കൊടുത്തിരിക്കുന്നു.

ഇതുവളരെ കുറവാണെന്ന് കാണാം.

**DWCRA**

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA ഈപദ്ധതിപ്രകാരം സഹായം ലഭിച്ച യൂണിറ്റുകളുടെ വിവരം പട്ടിക IIൽ കൊടുത്തിരിക്കുന്നു.

പട്ടികയിൽ നിന്നും പഞ്ചായത്തിൽ DWCRA യുടെ പ്രയോജനം ങ്ങളും, സർക്കാർ ജോലിയോടുള്ള അതിയായ ആഭിമുഖ്യം എന്നിവയെല്ലാം തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തകുറവിന് കാരണമായി ചൂണ്ടികാട്ടാവുന്നതാണ്. പട്ടികയിൽ നിന്നും 1991-96 കാലയളവിൽ പുറക്കാടി വില്ലേജിൽ നാല് യൂണിറ്റുകൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് കാണുന്നു. ഇതിൽ മാതമൂല ഇഷ്ടിക നിർമ്മാണയൂണിറ്റിന്റെ പ്രവർത്തനം മന്ദഗതിയിൽ ആണെന്ന് കണ്ടെത്തി. കൃഷ്ണഗിരി വില്ലേജിൽ ആകെ രണ്ട്(2) യൂണിറ്റുകൾക്ക് മാത്രമേ ആനു

പട്ടികII
DWCRA സഹായ ലഭ്യത

| വർഷം | പുറക്കാടി വില്ലേജ് | | | കൃഷ്ണഗിരി വില്ലേജ് | | |
|---|---|---|---|---|---|---|
| | എണ്ണം | സബ്സിഡി | വായ്പാ | എണ്ണം | സബ്സിഡി | വായ്പ |
| 1992-93 | 1 | 50,000 | 50,000 - - - | | | |
| 1993-94 | 1 | 38,150 | 37,750 - - - | | | |
| 1994-95 | 1 | 50,000 | 70,000 | 1 | 50,000 | 70,000 |
| 1995-96 | 1 | 46,000 | 1,56,950 | 1 | 48,000 | 1,36,000 |
| ആകെ | 4 | 184150 | 3,14700 | 2 | 98,000 | 2,06800 |

IRDP സർവ്വെ അനുസരിച്ച് പഞ്ചായത്തിൽ 3225 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണുള്ളത്. 1991 മുതൽ 1996 വരെയുള്ള കാലയളവിൽ പഞ്ചായത്തിൽ മൊത്തം 239 കുടുംബങ്ങൾക്കായി 8,47503 രൂപ സബ്സിഡിയായും 1239002 രൂപ വായ്പയായും വിതരണംചെയ്തിട്ടുണ്ട്. ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലഭിച്ചവർ നാമമാത്രമാണെന്നു കാണുന്നു. തൊഴിൽ രംഗത്ത് സ്ത്രീകൾ പൊതുവെ വിമുഖത കാണിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ട ഒരു വസ്തുത. ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലുള്ള ഭയം, പദ്ധതികളുടെ പ്രയോജനത്തെകുറിച്ചുള്ള അറിവില്ലായ്മ, നേതൃത്വപാടവമില്ലായ്മ, പൊതുരംഗത്ത് വരുവാനുള്ള വിമുഖതയും പ്രതികൂല സാഹചര്യ

കൂല്യം ലഭിച്ചിട്ടുള്ളു. ആയതിന്റെ പ്രവർത്തനം തൃപ്തികരമാണെന്നാണ് അറിയുന്നത്.

**TRYSEM**

18 മുതൽ 35 വയസ്സുവരെയുള്ള യുവതി യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സംരംഭമാണ് TRYSEM ഈ പദ്ധതി പ്രകാരം പരശീലനം ലഭിച്ചവർപഞ്ചായത്തിൽ ആകെ 15 പേർ മാത്ര

പട്ടിക III ട്രൈസംപരിശീലനം & ടൂൾകിറ്റ്.

| വർഷം | പുറക്കാടി വില്ലേജ് | | | കൃഷ്ണഗിരിവില്ലേജ് | | |
|---|---|---|---|---|---|---|
| | ട്രൈസംപരശീലനം ലഭിച്ചവരുടെ എണ്ണം | ടൂൾകിറ്റ് എണ്ണം | തുക | ട്രൈസംപരശീലനം ലഭിച്ചവരുടെ എണ്ണം | ടൂൾകിറ്റ് എണ്ണം | തുക |
| 1991-92 | - | - | - | - | - | - |
| 1992-93 | 1 | - | - | - | - | - |
| 1993-94 | - | - | - | 2 | - | - |
| 1994-95 | 2 | - | - | 2 | - | - |
| 1995-96 | 8 | 4 | 2400 | - | - | - |

മേയുള്ളു എന്നത് നിരാശാജനകമാണ്. ഈപദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

1991-96 കാലയളവിൽ പുറക്കാടി വില്ലേജിൽ 11 പേർക്കും കൃഷ്ണഗിരിവില്ലേജിൽ 4 പേർക്കും മാത്രമാണ് ട്രൈസം പദ്ധതിപ്രകാരംപരിശീലനം ലഭിച്ചത്. ടൂൾകിറ്റ് പദ്ധതിപ്രകാരം പഞ്ചായത്തിൽ ആകെ നാലുപേർക്കു മാത്രമേ തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളു. വെള്ളകോളർ ജോലിയോടുള്ള അതിയായ ആഭിമുഖ്യം കൈതൊഴിലുകളിൽ നിന്നും യുവാക്കളെ അകറ്റി നിർത്തുന്നതായി കാണുന്നു. വിവിധ തൊഴിൽ മേഖലകളെ കുറിച്ചും സാധ്യതകളെ കുറിച്ചും യുവാക്കളിലുള്ള അജ്ഞതയാണ് മറ്റൊരു പ്രധാന വസ്തുത. പരമ്പരാഗത തൊഴിലുകളോട് യുവാക്കളിൽ കണ്ടുവരുന്ന അവജ്ഞയും എടുത്തുപറയേണ്ടതാണ്.

## CRSP & TSP

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്നപദ്ധതികളായ CRSP, TSP പ്രകാരം പഞ്ചായത്തിൽ 1991-96 കാലയളവിൽ യഥാക്രമം 38ഉം 52 ഉം കുടുംബങ്ങൾക്ക് സഹായം ലഭ്യമായിട്ടുണ്ട്. വിശദവിവരങ്ങൾ പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക IV

| വർഷം | CRSP | | TSP | |
|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക |
| 1991-92 | - | - | - | - |
| 1992-93 | - | - | - | - |
| 1993-94 | 16 | 32000 | 22 | 41500 |
| 1994-95 | 8 | 16000 | 11 | 22000 |
| 1995-96 | 14 | 28000 | 14 | 28000 |

പട്ടികയിൽ നിന്നും ഈ പദ്ധതിയുടെ പ്രയോജനംലഭിച്ചവർ വളരെ പരിമിത മാണെന്ന് കാണാം. വായ്പതുക കുറവായതിനാൽ അതുവർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## പെൻഷൻ പദ്ധതികൾ

വിവിധ പെൻഷൻ പദ്ധതികൾ മുഖേന ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ പഞ്ചായത്തിൽ വളരെ കുറവാണെന്ന് കാണുന്നു. അർഹരായ അനവധി ആളുകൾ പദ്ധതിയുടെ പ്രയോജനം ലഭക്കാതെ കഷ്ടപ്പെടുമ്പോൾ അനർഹരായ പലരും ആനുകൂല്യം കൈപ്പറ്റുന്നത് പ്രതിഷേധാർഹമാണ്. നിർധനരും അവശരുമായവർക്ക് പെൻഷൻ ലഭിക്കാതരിക്കുകയും അങ്ങനെഅല്ലാത്തവർക്ക് അത് ലഭിക്കുകയും ചെയ്യുന്നത് തടയപ്പെടേണ്ടതാണ്. ഇതിനുപുറമേ പെൻഷൻ ലഭിക്കു

പട്ടിക V

മീനങ്ങാടി പഞ്ചായത്തിൽ വിവിധ പെൻഷനുകൾ ലഭിക്കുന്നവർ- 1991- 1996

| വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ടരാഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലി ല്ലായ്മ വേദനം. |
|---|---|---|---|---|---|---|---|---|
| 1991-92 | 12 | 9 | 5 | 5 | - | - | | |
| 1992-93 | 7 | 18 | 5 | 2 | - | - | | |
| 1993-94 | 7 | 7 | 5 | - | 1 | 1 | | |
| 1994-95 | 6 | 4 | 1 | - | - | - | | |
| 1995-96 | 7 | 18 | 5 | 2 | - | - | | |
| ആകെ | 39 | 56 | 2 | 9 | 1 | 1 | 597 | 107 |

കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ 1991 മുതൽ 1996വരെ ആകെ കൊടുത്ത കണക്കേ ലഭ്യമുള്ളു.

ന്നവർക്കുതന്നെ അത് കൃത്യമായി ലഭിക്കുന്നില്ല എന്നുള്ളതും എടുത്തുപറയേണ്ടതാണ്. വിവിധ പെൻഷൻ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങൾ പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

1991 മുതൽ 1996വരെ പുറക്കാടി കൃഷ്ണഗിരി വില്ലേജുകളിലായി വിതരണംചെയ്ത വിധവാ, വികലാംഗ, വാർദ്ധക്യ, ക്ഷയരോഗി, കുഷ്ടരോഗി, കാൻസർരോഗി പെൻഷനുകൾ യഥാക്രമം 39, 56, 21, 9, 1, 1 എന്നിങ്ങനെയാണെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. കർഷക തൊഴിലാളി പെൻഷൻ പഞ്ചായത്തിൽ ആകെ 597 ഉം തൊഴിലില്ലായ്മ വേതനം 107 ഉം ആണ് വിതരണം ചെയ്യുന്നത്. അർഹതപ്പെട്ട ധാരാളം പേർ ഈ പദ്ധതിയിൽ പെടാത്തവരായുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

വിവിധ പെൻഷൻ പദ്ധതികളെ കുറിച്ച് ആളുകൾക്കുള്ള അജ്ഞത, ഉദ്യോഗസ്ഥ തലത്തിലുള്ള നിരുത്തരവാദപരമായ സമീപനം, പെൻഷൻ ലഭിക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ എന്നീ കാരണങ്ങളാലാണ് ഭൂരിപക്ഷം പേരും ഇപ്പോഴും പദ്ധതിക്ക് പുറത്ത് നിൽക്കേണ്ടി വരുന്നതെന്നുള്ളത് ഒരു വസ്തുതയാണ്. പെൻഷൻ ലഭിക്കുന്നവർക്ക് അത് കിട്ടാനുള്ള കാലതാമസവും കൃത്യമായി ലഭിക്കാത്തതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

## അംഗൻവാടികൾ

ICDS നു കീഴിൽ മാതൃശിശു ക്ഷേമ രംഗത്ത് നിസ്തുലമായ സേവനം കാഴ്ചവക്കുന്ന അംഗനവാടികൾ പ്രശംസയർഹിക്കുന്നു. 2000ാം മാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിനു വേണ്ടി അക്ഷീണം പ്രയത്നിക്കുന്ന അങ്കൺ വാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിലും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലും ബന്ധപ്പെട്ടവർ വിമുഖത കാട്ടുന്നത് വേദനാജനകമാണ്.

ICDS ന്റെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 15 അംഗൺ വാടികളുടെ പരിധിയിലായി ഒരു വയസ്സിൽ താഴെ പ്രായമുള്ള 475 കുട്ടികളും, 1-2 വയസ്സുള്ള 405 കുട്ടികളും 2-3 വയസ്സുള്ള 388 കുട്ടികളും 3-5 വയസ്സുള്ള 905 കുട്ടികളും ഉണ്ട്. കൂടാതെ 211 ഗർഭിണികളും 207 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. തൊട്ടുമുൻ വർഷത്തിൽ 417 സജീവ ജനനങ്ങളും 6 ചാപ്പിള്ള ജനനങ്ങളും ഉണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. ശിശു മരണങ്ങൾ കുറവായ നമ്മുടെ പഞ്ചാ

യത്തിൽ 8 ശിശുക്കൾ മരണപ്പെട്ടതായി കാണുന്നു. ഗർഭസംബന്ധമായ അസുഖങ്ങളാൽ ഒരു മരണവും 94 മറ്റും മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു.

പഞ്ചായത്തിൽ നിലവിലുള്ള അംഗൺവാടികളും അവയുടെ ഭൗതിക സാഹചര്യങ്ങളും പട്ടിക VIൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലുള്ള 13 അംഗൻവാടികൾക്ക് കെട്ടിടമുള്ളതായി കാണുന്നു. മൈലമ്പാടി, കുട്ടിരായിൻപാലം അംഗൻവാടികൾക്ക് കെട്ടിടമില്ല. ഇതിൽ കുട്ടിരായിൻ പാലത്തുള്ള അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും ഇല്ലാത്തതാണ്. സ്വന്തമായികെട്ടിടമുള്ള അംഗൻവാടികൾ തന്നെ സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മഴ വന്നാൽ ചോരുന്നതും ഉറപ്പുള്ളഭിത്തികളില്ലാത്തതുമാണ് പല അംഗൻവാടികളും എന്നത് ഈ രംഗത്ത് ബന്ധപ്പെട്ടവരുടെ ശ്രദ്ധ പതിയുന്നില്ല എന്നതിന് തെളിവാണ്. പഞ്ചായത്തിലെ പല സ്ഥലങ്ങളിലുമുള്ള അംഗൻവാടികളിലെത്തിച്ചേരാൻ പിഞ്ചുകുട്ടികൾക്ക് രണ്ട് (2) കി.മീ.യിലധികം നടക്കേണ്ടിവരുന്നു എന്നത് വേദനാജനകമാണ്. ഇതുകൊണ്ടുതന്നെ വളരെയധികം കുട്ടികൾക്ക് അംഗൻവാടികളിൽ പോകാൻ കഴിയാതെ വരുന്നു. നിലവിൽ പല അംഗൻവാടികളിലും കുട്ടികൾ വളരെ കുറവാണെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. നിലവിലുള്ള അംഗൻവാടികളിൽ ഒന്നിൽപോലും കുട്ടികളുടെ മാനസിക-കായിക വളർച്ചക്കാവശ്യമായ കളിക്കോപ്പുകളോ മറ്റു പഠന സാഹചര്യങ്ങളോ നിലവിലില്ല

പട്ടിക VI

പഞ്ചായത്തിലെ അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | അംഗൻ വാടി നമ്പർ | അംഗൻവാടിയുടെ പേര് | കുട്ടികളുടെ എണ്ണം. | കെട്ടിടം ഉണ്ട്/ഇല്ല | സ്ഥലം ഉണ്ട്/ ഇല്ല | കളിപ്പാട്ടം ഉണ്ട്/ഇല്ല | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്. | |
|---|---|---|---|---|---|---|---|---|
| 1 | 45 | ആവയൽ | 29 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 2 | 46 | മൈലമ്പാടി | 16 | ഇല്ല | ഉണ്ട് | ഇല്ല | മൈലമ്പാടി | |
| 3 | 47 | മേപ്പേരിക്കുന്ന് | 24 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 4 | 48 | താഴത്തുവയൽ | 12 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 5 | 49 | വേങ്ങൂർ | 20 | ഉണ്ട് | ഉണ്ട് | ഇല്ല | | പണിപൂർത്തിയായിട്ടില്ല |
| 6 | 50 | മണങ്ങുവയൽ | 24 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 7 | 51 | നെടിയഞ്ചേരി | 20 | ഉണ്ട് | ഉണ്ട് | ഇല്ല | | പണി പൂർത്തിയായിട്ടില്ല. |
| 8. | 52 | പാലക്കമൂല | 19 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 9 | 53 | ചൂതുപാറ | 19 | ഉണ്ട് | ഉണ്ട് | സ്പോൺസർ ഊഞ്ഞാൽ | | |
| 10 | 54 | കുട്ടിരായിൻ പാലം | 9 | ഇല്ല | ഇല്ല | ഇല്ല | | |
| 11 | 101 | അപ്പാട് | 41 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 12 | 102 | അത്തിനിലം | 28 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 13 | 117 | മീനങ്ങാടി | 25 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 14 | 148 | തച്ചമ്പത്ത് | 15 | ഉണ്ട് | ഉണ്ട് | ഇല്ല | | |
| 15 | 150 | കോലമ്പറ്റ | 12 | ഉണ്ട് | ഉണ്ട് | ഇല്ല | | |

എന്നത് ഈ സ്ഥാപനങ്ങളുടെ ഉപയോഗ്യതയെ തന്നെ ചോദ്യം ചെയ്യുന്ന വസ്തുതയാണ്. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വളരെ തുച്ഛമാണ് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

**ക്ഷേമനിധികൾ**

കർഷകതൊഴിലാളി ക്ഷേമനിധി, കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി, കൈതൊഴിലാളി, വിദഗ്ധ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. തൊഴിലാളി യൂണിയനുകളും സൊസൈറ്റികളും മുൻകൈ എടുത്താണ് തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നത്.

കാർഷികമേഖലയായതിനാൽ ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതലുള്ളത് കർഷകതൊഴിലാളികളാണ്. അതുകൊണ്ട് തന്നെ കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരാണ് അധികമുള്ളത്. ആകെ 2675 കർഷകതൊഴിലാളികളാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ഇതിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതലുള്ളത്. ക്ഷേമനിധിയിൽ അംഗങ്ങളാകാത്ത ധാരാളം പേർ ഇനിയും ഉള്ളതായിട്ടാണ് അറിയുന്നത്.

ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്ത് ധാരാളം പേർ തൊഴിൽ ചെയ്യുന്നുണ്ട്. എന്നാൽ വളരെ കുറച്ച് തൊഴിലാളികളെമാത്രമെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളു എന്നാണ് അറിയുന്നത്. പഞ്ചായത്തിൽ ആകെ 114 പുരുഷ തൊഴിലാളികളും 24 സ്ത്രീ തൊഴിലാളികളും മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. കഠിനാധ്വാനം ചെയ്യേണ്ടിവരുന്ന ഈ മേഖലയിലെ തൊഴിലാളികളെ എല്ലാവരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാവശ്യമാണ്.

കൈതൊഴിലാളി, വിദഗ്ദ തൊഴിലാളി ക്ഷേമനിധികൾ നിലവിലുണ്ടെങ്കിലും ഏതൊക്കെ മേഖലകളിലെ തൊഴിലാളികളെ ഇതിൽ അംഗങ്ങളാക്കുന്നുണ്ടെന്നോ എത്ര പേരെ അംഗങ്ങളാക്കിയെന്നോ അറിയാൻ കഴിഞ്ഞിട്ടില്ല.

**പൊതുവിതരണം**

പഞ്ചായത്തിൽ 12 റേഷൻ ഷാപ്പുകൾ നിലവിലുണ്ട്. ഇത് കൂടാതെ മീനങ്ങാടിയിൽ ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം സഹായിക്കുന്നുണ്ട്. ഓണക്കാലത്ത് സഹകരണബാങ്ക് മുഖേന നടത്തുന്ന ചന്തകളുടെ പ്രവർത്തനവും എടുത്തു പറയേണ്ടതാണ്.

റേഷൻഷാപ്പുകളെക്കുറിച്ചുള്ള പരാതികൾ വർദ്ധിച്ച് വരികയാണ്. സർക്കാർ നിർദ്ദേശിക്കുന്നതുപോലെ നല്ല അരി വിതരണം ചെയ്യുന്ന കാര്യത്തിൽ പല റേഷൻ ഷാപ്പുകളും അലംഭാവം കാട്ടുന്നതായാണ് കാണുന്നത്. ഇക്കാര്യത്തിൽ താലൂക്ക് സപ്ലേ ആപ്പീസും ശ്രദ്ധിക്കുന്നില്ല എന്നത് പ്രതിഷേധാർഹമാണ്.

**ആവശ്യങ്ങൾ നിർദ്ദേശങ്ങൾ**

I IRDP

1. ദാരിദ്ര്യ രേഖക്കു താഴെയുള്ള മുഴുവൻ കുടുംബങ്ങളേയും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ തീവ്രയത്ന പരിപാടി ആവിഷ്കരിക്കണം.
2. അർഹരായവരെ കണ്ടെത്താൻ വർഷംതോറും സർവ്വെ നടത്തണം.
3. ദാരിദ്ര്യ രേഖയുടെ പരിധി 20,000 രൂപയെങ്കിലുമാക്കി ഉയർത്തണം.
4. വായ്പ ലഭ്യമാക്കുന്നതിൽ ദേശസാൽകൃത ബാങ്കുകൾ കാട്ടുന്ന ഉദാസീനത അവസാനിപ്പിക്കണം.
5. സഹകരണ ബാങ്കുകൾ വഴി വായ്പ ലഭ്യമാക്കണം.
6. വായ്പ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകൾ ഒഴിവാക്കണം.
7. വായ്പ തുക കാലോചിതമായി വർദ്ധിപ്പിക്കണം.
8. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്ത ബോധത്തോടെയുള്ള സമീപനം ഉറപ്പു വരുത്തണം.

II DWCRA

1. കൂടുതൽ സ്ത്രീകളെ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കണം. തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സ്ത്രീകൾക്കുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിന് ബോധവൽക്കരണം നടത്തണം.
2. യൂണിറ്റുകൾ തുടങ്ങുന്നതിന് സഹായം ലഭ്യമാക്കുന്നതിനുള്ള കാലതാമസവും സാങ്കേതികമായ ബുദ്ധിമുട്ടുകളും ഒഴിവാക്കുക.
4. യൂണിറ്റുകൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും

പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അതാതു സ്ഥലത്തെ സന്നദ്ധപ്രവർത്തകരടങ്ങിയ കമ്മറ്റികൾ രൂപീകരിക്കുക.

5. യൂണിറ്റുകളിൽ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ സർക്കാർ ഏജൻസികളിലൂടെ വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

**III TRYSEM**

1. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

2. തൊഴിൽ രഹിതരായ യുവാക്കളെ കൂടുതലായി ഈ പദ്ധതിയിലേക്ക് ആകർഷിക്കാൻ ശ്രമമുണ്ടാകണം. അതിന്നായി പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

3. പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

4. ഓരോ പ്രദേശത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ നൽകി തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ അവരെ പ്രോത്സാഹിപ്പിക്കുകയും വേണം.

**IV CRSP&TSP**

1. അർഹരായ എല്ലാവർക്കും കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

2. ഈ പദ്ധതിക്ക് കൂടുതൽ പ്രചാരം നൽകണം.

3. ആദിവാസി മേഖലയിൽ ബോധവൽക്കരണം നടത്തി കൂടുതൽ പേരെ ഗുണഭോക്താക്കളാക്കണം.

**V പെൻഷനുകൾ**

1. (a) വിധവാപെൻഷൻ

1. അർഹരായ എല്ലാവരേയും പദ്ധതിയിലുൾപ്പെടുത്താൻ എല്ലാവരും സർവ്വെ നടത്തണം.

2. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കില്ല എന്നതുമാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

3. അർഹത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സാങ്കേതിക നൂലാമാലകളും ആനുകൂല്യം ലഭിക്കാനുള്ള കാലതാമസവും ഒഴിവാക്കുക.

(b) വികലാംഗപെൻഷൻ

1. വികലാഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക.

2. സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം.

3. അർഹരായ എല്ലാവരേയും കണ്ടെത്തി ആനുകൂല്യം നൽകുവാൻ പഞ്ചായത്തു തല സർവ്വെ നടത്തണം.

(c) വാർദ്ധക്യ പെൻഷൻ

1. അർഹരായ എല്ലാവരേയും പദ്ധതിയിൽ ഉൾപ്പെടുത്തണം.

2. ആനുകൂല്യം ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക.

(d) കർഷക തൊഴിലാളി പെൻഷൻ

1. അർഹർ പുറത്തു നിൽക്കുകയും അനർഹർ ആനുകൂല്യം പറ്റുകയും ചെയ്യുന്ന അവസ്ഥ ഇല്ലാതാക്കണം.

2. അർഹരായവരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം പഞ്ചായത്തിന് നൽകണം.

3. തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

(e) തൊഴിലില്ലായ്മ വേതനം

1. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിന് ഇപ്പോഴുള്ള മാനദണ്ഡം മറ്റു വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേതനം നൽകാൻ നടപടി എടുക്കണം. അനർഹരായവർ ആനുകൂല്യം പറ്റുന്നത് തടയാൻ ഇത് സഹായിക്കും.

2. തൊഴിലില്ലായ്മാവേതനമായി നൽകുന്ന തുക ഉൽപ്പാദന മേകലയിലേക്ക് തിരിച്ചു വിടണമെന്നാണ് ഭൂരിപക്ഷത്തിന്റേയും അഭിപ്രായം.

**VI അംഗൻവാടികൾ**

1. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ള കെട്ടിടങ്ങൾ കേടുപാടുകൾ തീർത്ത് സുരക്ഷിതമാക്കുകയും വേണം. അതിന്നായി ഏതെങ്കിലും സാമ്പത്തിക ഏജൻസികളേയോ, സന്നദ്ധ സംഘടനകളേയോ സമീപിക്കാവുന്നതാണ്. JRY ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

2. 2 കി.മി.റിന്നുള്ളിൽ അംഗൻവാടിയില്ലാത്ത എല്ലാ സ്ഥലത്തും അംഗൻവാടികൾ സ്ഥാപിക്കണം.

3. സ്വന്തമായി സ്ഥലമില്ലാത്തിടത്ത് പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ച ഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

4. അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ വാങ്ങാൻ പ്രത്യേക ഫണ്ട് അനുവദിക്കുക.

5. അംഗൻ വാടികളിൽ കുട്ടികളുടെ പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

6. അംഗൻ വാടികളിൽ ശുചിത്വം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. എല്ലാ അംഗൻവാടികളിലും ശുദ്ധജലവിതരണം നടത്തുക.

7. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യുക.

8. പൊതുപ്രവർത്തന രംഗത്ത് വർക്കർമാരേയും ഹെൽപ്പർമാരേയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

അംഗൻ വാടികൾ ആവശ്യമുള്ള പ്രദേശങ്ങൾ

മന്നത്തുകുന്ന്, പാതിരിക്കവല, മുണ്ടനടപ്പ്, അരിവയൽ, കൊളഗപ്പാറ, സി. സി. ഗോഖലെ നഗർ, രാമഗിരി കോളനി, ചെണ്ടക്കുനി, പുല്ലുമല, മണൽവയൽ, കോട്ടക്കുന്ന്, ചീരാംകുന്ന് നാലു സെന്റ് കോളനി എന്നി പ്രദേശങ്ങളിൽ അംഗൻ വാടികൾ സ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം.

## VII ക്ഷേമനിധികൾ

### (a) കർഷക തൊഴിലാളി ക്ഷേമനിധി

1. ഇതിൽ എല്ലാ കർഷകതൊഴിലാളികളേയും അംഗങ്ങളാക്കണം.

2. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമാ വിഹിതവും പിരിക്കണം.

3. പെൻഷൻ പ്രായം കഴിഞ്ഞാൽ കാലതാമസം കൂടാതെ തുക ലഭിക്കാനുള്ള സൗകര്യമുണ്ടാക്കണം.

### (b) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

1. എല്ലാ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ ശ്രമിക്കണം.

2. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരായതുകൊണ്ട് '55' വയസ്സാകുമ്പോഴേക്കും തൊഴിലിൽ നിന്നും വിട്ടുനിൽക്കേണ്ടി വരുന്നു. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം '55' ആയി നിജപ്പെടുത്തണം.

ഇവ കൂടാതെ നിലവിൽ ഈ പദ്ധതിയിൽ ഉൾപ്പെടാത്ത എല്ലാ മേഖലയിലും തൊഴിൽ ചെയ്യുന്നവരേയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം.

## VIII പൊതുവിതരണം

1. റേഷൻഷാപ്പുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തണം.

2. എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതുവിതരണ കേന്ദ്രം വഴി വിതരണം ചെയ്യണം.

3. ന്യായമായ വിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യാൻ സഹകരണ ബാങ്കുകൾ മുഖേനയുള്ള ആഴ്ച ചന്തകൾ സ്ഥിരമായി നില നിർത്തണം.

4. 300 കുടുംബങ്ങൾക്ക് ഒരു റേഷൻ ഷാപ്പു വച്ചു സ്ഥാപിക്കണം.

5. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

6. പട്ടയമില്ലാത്ത ഭൂമിയിൽ വീടുവച്ചു താമസിക്കുന്നവർക്ക് നമ്പർ നൽകാൻ പഞ്ചായത്തു നടപടി സ്വീകരിക്കുകയും റേഷൻ കാർഡിനുള്ള വീട്ടുനമ്പർ സർട്ടിഫിക്കറ്റു നൽകാൻ ഉള്ള കാലതാമസം ഒഴിവാക്കുകയും വേണം.

7. പഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോർ ടൗണിൽ നിന്നും അകലെയാണുള്ളത്. ഇത് ടൗണിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

# സംസ്കാരം

വയനാടിന്റെ സാംസ്കാരിക ചരിത്രവുമായി അപരിഛേദ്യമായ ബന്ധമാണ് മീനങ്ങാടിക്കുള്ളത്. എന്നാൽ മീനങ്ങാടിയുടെ സാംസ്കാരി രംഗം വയനാടിന്റേതിൽ നിന്നും തികച്ചും വിഭിന്നമാണ്. അത് ധ്രുവ നക്ഷത്രകണക്കെ ഒറ്റപ്പെട്ടതും നിസ്തുലവുമാണ്. വയനാടിന് പകർന്നു കൊടുക്കാൻ കഴിഞ്ഞ സുവിദിതമായ അനേകം കലകളുടെ രംഗവേദി ഇവിടെമായിരുന്നു.

പഴമയുടെ ഇടനാഴികൾ താണ്ടി ഇന്നത്തെ മീനങ്ങാടിയുടെ മുഖദർശനം നടത്തുമ്പോൾ മഞ്ഞും മഴയുമേറ്റ് ചരിത്രം രചിച്ച നമ്മുടെ പിതാമഹൻമാർ സ്മരണയിലെത്തുന്നു. അവർ പകർന്ന് തന്നിട്ടുള്ള അനുഭവങ്ങളെ സ്വാംശീകരിച്ച് കുറ്റമറ്റ ഒരു സാംസ്കാരിക ചരിത്രമാക്കുന്നതിനുള്ള ദൗത്യ നിർവഹണമാണിത്. ഒരു പുതിയ നാഗരികതയുടെ ഉത്ഭവം 1947ലെ കുടിയേറ്റത്തോടെ ഇവിടെ ആരംഭിച്ചു. ഈ മണ്ണിന്റെ യഥാർത്ഥ ഉടയോരായ ആദിവാസികളുടെ ജീവിതം, തനിമ ഇവ ഇഴചേർത്ത് പാരമ്പര്യ കലാരൂപങ്ങളായി ആചാരങ്ങളായി, അനുഷ്ടാനങ്ങളായി ഇതിനെ ജ്വലിപ്പിക്കുന്നു. ഐതീഹ്യങ്ങളിലൂടെ കടന്നു പോകുമ്പോൾ ഈ പഞ്ചായത്തിന് മീനങ്ങാടി എന്ന പേർ എങ്ങനെ ലഭ്യമായി എന്ന് സ്ഥലനാമ ചരിത്ര രേഖ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാംസ്കാരിക രംഗത്തെ നവോത്ധാനം കലാസമിതികളിലൂടെയും വിദ്യാലയങ്ങളിലൂടെയും ആണ്. പല കലാസമിതികളും രൂപപ്പെട്ട് വന്ന ശ്രേഷ്ഠമായ സംഭാവനകൾ നൽകി. എന്നാൽ ഈ ഊഷരഭൂമി അവയെ ജനാവസ്ഥ പ്രാപിപ്പിച്ചു. അചേതനമായ സാംസ്കാരിക രംഗം ഉർണവ് നേടുന്നത് 1970 കളിലാണ്. അക്ഷൗഹിണി എന്ന നാടകവും പിന്നീട് ഏറെ ചലനം സൃഷ്ടിച്ച വയനാട് സാംസ്കാരിക വേദിയുടെ പടയണി' എന്ന നാടകവുമാണ് ഈ ഉണർവിന്റെ കാഹളം മുഴക്കിയത്. മലയാള നാടക മുഖത്ത് പുതിയ ചുട്ടി കുത്തിയ പടയണി കേരള സംഗീത നാടക അക്കാദമിയുടെ അവർഡ് നേടുകയുണ്ടായി.

കലാകായിക രംഗത്ത് മീനങ്ങാടി ഗവ: ഹൈസ്ക്കൂൾ നൽകിയ സംഭാവനകൾ അമൂല്യമാണ്. കോഴിക്കോട് ജില്ലാതലത്തിലും പിന്നീട് വയനാട് ജില്ലാതലത്തിലും സ്ക്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുന്ന യുവജനോത്സവങ്ങളിലും കായിക മത്സരങ്ങളിലും പ്രഥമസ്ഥാനം നിലനിർത്തുന്നതിന് ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. യുവജനോത്സവത്തിൽ വളരെ വർഷങ്ങളോളം നാടകത്തിനും ഒപ്പനക്കും ഒന്നാം സ്ഥാനം ഈ സ്ക്കൂൾ നിലനിർത്തിപോന്നിരുന്നു. 1994ൽ സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ ഒപ്പനക്ക് ഒന്നാം സ്ഥാനം ഈ സ്ക്കൂൾ കരസ്ഥമാക്കി. ഈ മത്സര വേദികളിൽ പങ്കെടുത്ത് വളർന്ന പലരും പിൽക്കാലം അവുരെടേതായ രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മൂന്ന് വർഷത്തോളം സീനിയർ ഗേൾസ് ചാമ്പ്യനായിരുന്ന. ടി.ആർ. ജാനകി ദേശീയ തലത്തിൽ സ്പോർട്സിൽ സ്വർണ്ണമെഡൽ നേടിയ സി.വി. സ്മിത, വയനാട്ടിലും പുറത്തും ശ്രദ്ധയരായ ഫുട്ബോൾതാരങ്ങളായി അറിയപ്പെട്ട മോതിരോട് മുഹമ്മദലി, ഷഹീർ അലി അകാലത്തിൽ പൊലിഞ്ഞു പോയ സുവർണ്ണതാരം പി.ബി. വർഗീസ്. 1988 ൽ നവാഗത ചലചിത്ര സംവിധായകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ച അലിഅക്ബർ. 1996 ൽ ഇന്ത്യൻ പനോരമയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ടോക്യുമെന്ററി ചിത്രമായ "റാബിയ ചലിക്കുന്നു"

എന്നതിന്റെ നിർമ്മാതവ് അബ്രഹാം ബെൽഹർ. ചിത്രത്തിന്റെ സംവിധാനകൻ അലി അക്ബർ.

ഈ പഞ്ചായത്തിൽ ആദ്യകാലത്ത് നന്നായി പ്രവർത്തിക്കുകയും പിന്നീട് പ്രവർത്തനം നിലച്ചുപോവുകയും ചെയ്ത ഗ്രന്ഥശാലകളാണ്. പുറക്കാടി ഗ്രാമീണ ഗ്രന്ഥശാല, ബപ്പൂജി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, അഞ്ജലി ഗ്രന്ഥശാല, അഴിക്കോടൻ സ്മരാക വായനശാല കൃഷ്ണഗിരി, പ്രിയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊളഗപ്പാറ എന്നിവ. പുറക്കാടി ഗ്രാമീണ ഗ്രന്ഥശാലയെ ഈ പഞ്ചായത്തിലെ ആദ്യ ഗ്രന്ഥശാല എന്നു പറയാം. ബാപ്പുജി ആർട്സ് & സ്പോർട്സ് ക്ലബ്ബ് 1950 കളിൽ വർഷംതോറും വാർഷികത്തോടനുബന്ധിച്ച് ഓരോ നാടകവും കലാകായിക മത്സരങ്ങളും നടത്തിയിരുന്നു. ഭാഗികമായി ഒരു ഗ്രന്ഥശാലയുമായിരുന്നുത്. പ്രവർത്തനം നിലച്ചുപോയ മറ്റുരണ്ട് ക്ലബ്ബുകളാണ് ഫൈവ്ബിക്സ് ക്ലബ്ബും ജോളി ബ്രദേർസ് ക്ലബ്ബും.

ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റു ചെയ്തിട്ടുള്ള രണ്ടു വായനശാലകളെ ഈ പഞ്ചായത്തിലുള്ളൂ. ജനതാ ഗ്രന്ഥാലയം ചൂതുപ്പാറ. എ.കെ.ജി. സ്മാരക വായനശാല മീനങ്ങാടി. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെയും ക്ലബ്ബുകളുടെയും വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്. അവയിൽ ചിലതിന്റെ പ്രവർത്തനങ്ങൾ സാമ്പത്തികവും, നേതൃത്വപരവുമായ പരാദീനതകൾ മൂലം മന്ദഗതിയിലാണ്.

മീനങ്ങാടിയുടെ സാംസ്കാരിക വിതാനത്തിലെ രണ്ട് രജത ബിന്ദുക്കളായിരുന്നു. അഞ്ജലി ഫിലിം സൊസൈറ്റിശ്രുതി ഫൈൻ ആർട്സ് സൊസൈറ്റി എന്നിവ ചുരുങ്ങിയ കാലയളവ് മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. എഴുപതുകളിൽ അഞ്ജലി ഫിലിം സൊസൈറ്റി നല്ല സിനിമകൾ ജനങ്ങളിലെത്തിക്കുന്നതിന് വഹിച്ച പങ്ക് സ്മരണീയമാണ് മോചന ഭൂമി, കമ്പനീനദി ചുവന്നപ്പോൾ, എന്നിങ്ങനെ ഒട്ടേറെ ചിത്രങ്ങൾ ഇവർ ആസ്വാദകരിലെത്തിച്ചു. ശ്രുതി ഫൈൻ ആർട്സ് സൊസൈറ്റി കലാസ്നേഹികൾക്ക് വേണ്ടി ഗാനമേളകൾ, നാടകങ്ങൾ, നൃത്ത പരിപാടികൾ എന്നിവ നടത്തിയിരുന്നു.

നാടക സംഘങ്ങൾ മീനങ്ങാടിയുടെ പ്രശസ്തി വർദ്ധിപ്പിച്ചിട്ടേയുള്ളൂ. 1953ൽ കിഴക്കേ മീനങ്ങാടിയിൽ നാടകങ്ങൾ മാത്രം അവതരിപ്പിക്കുന്നതിന് നാടക കൊട്ടായ് എന്ന പേരിൽ ഒരു തിയ്യേറ്റർ പ്രവർത്തിച്ചിരുന്നു. അക്കാലത്തെ പ്രഗത്ഭ നാടകങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്.

കേരളീയ നാടകരംഗത്ത് ചലനം സൃഷ്ടിച്ച അക്ഷൗഹിണി, പടയണി എന്നീ നാടകങ്ങളു, ജില്ലാ യുവജനോത്സവങ്ങളിൽ ഒന്നാം സ്ഥാനം നേടിയിട്ടുള്ള യുവവെളിച്ചം, നാലാംയാമം, രക്ഷകൻ, കൊറ, അവസ്ഥ, ദൂരം വളരെ കുറച്ചു ദൂരം എന്നിവയും ഒട്ടേറെ തെരുവുനാടകങ്ങളും ഇവിടെ രൂപപ്പെട്ടിരുന്നു. ശ്രീ. ഇലയക്കാട് മുരളീധരനും നെബൂല തിയ്യേറ്റേഴ്സും ഈ രംഗത്തിന് നൽകിയ സംഭാവനകൾ അമൂല്യമാണ്.

മീനങ്ങാടി ഗവൺമെന്റ് ഹൈസ്ക്കൂളിൽ 1980 വരെ വാർഷികോത്സവങ്ങൾ നടത്തിയിരുന്നു. ആബാലവൃദ്ധം ജനങ്ങളെ ആസ്വദിപ്പിച്ച വിവിധ കലാ പരിപാടികൾ ഇവിടെ അരങ്ങേറിയിരുന്നു. പിന്നീട് ഈ ആഘോഷം നിലച്ചു. ഇപ്പോൾ സെന്റ് പിറ്റേഴ്സ് & സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ മാത്രമേ വാർഷികഘോഷം നടത്തുന്നുള്ളൂ.

ചിത്രകല പ്രോത്സാഹിപ്പിക്കണമെന്ന ഉദ്ദേശത്തോടെ മീനങ്ങാടി വൈ.എം.സി.എ കുട്ടികൾക്ക് വേണ്ടി അഖില വയനാട് ചിത്രമത്സരം നടത്തുന്നുണ്ട്. സ്വാതന്ത്ര്യദിനത്തോടനു ബന്ധിച്ചാണിത്. ഈ മേഖലയിലേക്ക് കോസ് മോസ് ക്ലബ്ബും പങ്ക് വഹിച്ചിട്ടുണ്ട്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് 1970 മുതൽ ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു. ഉണർവ്വോടെ രംഗത്തുള്ള മറ്റൊരു സംഘടനയാണ് പുരോഗമന കലാസാഹിത്യസംഘം. ഉപദോക്തൃനിയമത്തെ ജനങ്ങളിലെത്തിക്കുന്നതിനുള്ള ബോധവർക്കരണരംഗത്ത് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഉപഭോക്തൃ ഏകപോന സമിതിയും നിലവിലുണ്ട്.

കായിക രംഗവും സാംസ്കാരിക രംഗംപോലെ തിളക്കമാർന്നാണ് ഈ പഞ്ചായത്തിലുള്ളത്. ഇന്ന് നല്ലരീതിയിൽ പ്രവർത്തിക്കുന്ന നാലു ക്ലബ്ബുകൾ ഈ പഞ്ചായത്തിലുണ്ട്. പുഞ്ചിരി, കോസ് മോസ്, ചൂതുപാറ ജനത, മീനങ്ങാടി സ്പോർട്സ് ക്ലബ്ബ് എന്നിവയാണവ. നല്ല ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിന്

കേരളത്തിലെ വിവിധ ഫുട്ബോൾ ടൂർണ്ണമെന്റുകളിൽ പങ്കെടുത്ത് മീനങ്ങാടിയുടെ യശസ്സുയർത്തുന്നതിന് പുഞ്ചിരിക്ലബ്ബ് ശ്രദ്ധിച്ചുവരുന്നു. വോളിബോൾ രംഗത്ത് ചൂതപാറ ജനതാ ക്ലബ്ബ് ജില്ലയിലെ മികവാർന്നടീമാണ്. ഈ രംഗത്തുള്ള മറ്റൊരു ക്ലബ്ബാണ് ഉപാസന മൂന്നാനക്കുഴി.

അത്‌ലറ്റിക്സ് രംഗത്ത് മികച്ച താരങ്ങളെ വാർത്തെടുക്കുന്നതിന് മീനങ്ങാടി സ്പോർട്സ് ക്ലബ്ബിന് സാധിച്ചിട്ടുണ്ട്. ജില്ലാ അമേച്വർ അത്‌ലറ്റിക് അസോസിയേഷൻ നടത്തുന്ന മത്സരങ്ങളിൽ പലപ്പോഴും ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുന്നതിന് ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. ഇൻഡോർ ഗെയിംസിന് പ്രാമുഖ്യം നൽകിയാണ് കോസ് മോസ് ക്ലബ്ബ് പ്രവർത്തിച്ചുവരുന്നത്. മുൻകാലത്ത് ഇവർക്ക് മികച്ചൊരു ഫുട്ബോൾ ടീം ഉണ്ടായിരുന്നു. ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിന് പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ചീരാംകുന്നിലെ സമസ്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കലാ കായിക രംഗത്ത് പ്രതീക്ഷാനിർഭരമായ ചുവടുകൾ വെക്കുകയാണ്. വാർഷികാഘോഷങ്ങൾ, ഓണക്കാല പരിപാടികളും പല ക്ലബ്ബുകളും നടത്തിവരുന്നുണ്ട്.

1960 കളിൽ ആണ് മീനങ്ങാടിയിൽ ടൂർണ്ണമെന്റുകളുടെ ആരംഭം. വെളുത്തേടത്ത് അബൂബക്കർ സാഹിബ് സ്മാരക റോളിംഗ് ഷീൽഡിന് വേണ്ടിയുള്ള സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റാണ് ആദ്യത്തേത്. 1975 മുതൽ സൈമൺ മാസ്റ്റർ മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ് 1982 വരെ തുടർന്നു വന്നു. ജില്ലയിലെ അനേകം അമേച്വർ ഫുട്ബോൾ ടീമുകൾ പങ്കുകൊണ്ട ഈ ടൂർണ്ണമെന്റ് പിൽകാലത്ത് അനേകം യുവാക്കളിൽ ഫുട്ബാൾ കളിയുടെ പ്രചോദനത്തിന് വഴിതെളിച്ചു. ഈ രണ്ട് ടൂർണ്ണമെന്റുകൾക്കും കാണികൾക്ക് പ്രവേശനം സൗജന്യമായിരുന്നു. 1973 മുതൽ അഞ്ചു വർഷക്കാലം ചെണ്ടക്കുനി മിത്ര ആർട്സ് & സ്പോർട്സ് ക്ലബ്ബ് നടത്തിവന്ന മാമൂട്ടത്ത് തൊമ്മൻ, അത്തിക്കുഴി വർക്കി സ്മാരക വോളിബോൾ ടൂർണ്മെന്റ് വോളിബോൾ പ്രേമികളുടെ ആവേശമായിരുന്നു. പരേതനായ ഡോ: എം. മാധവൻ ഇതിന്റെ പരിശീലകനും കളിക്കാരനുമായിരുന്നു.

വയനാടിന്റെ കായിക ലോകത്തിന് മീനങ്ങാടി പഞ്ചായത്തിന്റെ അമൂല്യ സംഭാവനയാണ് ശ്രീകണ്ഠഗൗഡർ സ്റ്റേഡിയം. ആറര ഏക്കർ വരുന്ന സ്റ്റേഡിയത്തിന്റെ സ്ഥലം പി.വി. വർഗീസ് വൈദ്യർ ചെയർമാനായുള്ള കമ്മിറ്റി സമാഹരിച്ച തുക വിനിയോഗിച്ചാണ് വാങ്ങിയത്. പരേതനായ ശ്രീകണ്ഠ ഗൗഡരുടെ സ്മരണക്കായി അദ്ദേഹത്തിന്റെ പുത്രനായ എച്ച്.എസ്. ശിവകണ്ഠപ്പ നൽകിയ സാമ്പത്തിക സഹായം ഇതിന് വിലപ്പെട്ടതാണ്. ഈ സ്റ്റേഡിയത്തിലാണ് 1989 ൽ എ.കെ.ജി. സ്മാരക എവർ റോളിംഗ് ഗോൾഡ് കപ്പിനായുള്ള അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് ആരംഭിച്ചത്. ദക്ഷിണേന്ത്യയിലെ പ്രമുഖ ടീമുകൾ പങ്കെടുത്ത ഈ ടൂർണ്ണമെന്റ് വയനാട്ടിലെ മഹോത്സവമായിരുന്നു. ഇതിൽ നിന്നുള്ള ആദായം ഉപയോഗിച്ചാണ് എ. കെ. ജി. സ്മാരക വായന ശാലയുടെ കെട്ടിടം വാങ്ങിയത്.

1989 മുതൽ 94 വരെ ഓപ്പറേഷൻ ഒളിമ്പ്യാപദ്ധതി സ്പോർട്സ് രംഗത്ത് ഒരു കുതിച്ചു ചാട്ടം നടത്തുന്നതിന് സ്ക്കൂൾ തലത്തിലെ വിദ്യാർത്ഥികളെ സഹായിക്കുകയുണ്ടായി മീനങ്ങാടി ഗവ: ഹൈസ്ക്കൂൾ കേന്ദ്രീകരിച്ചായിരുന്നു ജില്ലയിലെ ഈ പദ്ധതിയുടെ പ്രവർത്തനം. കായിക പ്രതിഭകളെ വാർത്തെടുക്കാൻ ഏറെ ഗുണകരമായ ഈ സംരഭം നിർത്തിവെക്കാൻ സർക്കാറെടുത്ത തീരുമാനം ഏറെ നിർഭാഗ്യകരമായി എന്ന് വിലയിരുത്താം.

മത സൗഹാർദ്ദത്തിന് ജില്ലയിലെ പേരുകേട്ട പ്രദേശമാണ് മീനങ്ങാടി. 1949ൽ സെന്റ് പീറ്റേഴ്സ് ചർച്ച് 1952 ൽ മീനങ്ങാടി മുസ്ലിം ജുമാ അത്ത് പള്ളിയും സ്ഥാപിതമായി. കിഴക്ക് മാരിയമ്മൻ കോവിൽ മുതൽ പടിഞ്ഞാറ് മുസ്ലിം പള്ളിവരെ ഉള്ള ഒന്നര കിലോമീറ്ററിനുള്ളിൽ വിവിധ കൃസ്തീയ വിഭാഗങ്ങളുടെ എട്ടോളം ദേവാലയങ്ങളും, പ്രസിദ്ധമായ മത്സ്യാവതാര ക്ഷേത്രവുമുണ്ട്. എത്രത്തോളം പ്രകോപനങ്ങളുണ്ടായാലും മത വൈരമോ സംഘട്ടനമോ ഉണ്ടാകാത്ത സർവ്വമത സാഹോദര്യമുള്ള സ്വർഗ്ഗതുല്ല്യമായ പ്രദേശമാണ് മീനങ്ങാടി. കൃസ്തീയ ദേവലായങ്ങളുടെ പെരുന്നാളിനോടനുബന്ധിച്ച് നടത്തുന്ന ഭക്തി സാന്ദ്രമായ പ്രതിക്ഷണങ്ങളും, പുറക്കാടി, മാരിയമ്മൻ ക്ഷേത്ര ഉത്സവങ്ങളിലെ ഗജവീരന്മാർ അകമ്പടി സേവിക്കുന്ന താലപ്പൊലി

## മീനങ്ങാടി പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രങ്ങളുടെ പട്ടിക

| വാ. | വായനശാല | ക്ലബ്ബുകൾ | സാംസ്കാരിക നിലയം. | തീയ്യറ്റർ | മറ്റുള്ളവ |
|---|---|---|---|---|---|
| 1. | എകെജി വായനശാല | 1സമസ്യ ചിരാംകുന്ന് | പഞ്ചായത്ത് സാംസ്കാരിക മീനങ്ങാടി ചീരാംകുന്ന് | 1 ശ്രീഗണേഷ് തീയ്യറ്റർ | ശാസ്ത്ര സാഹിത്യ പരിഷത്ത് |
| 2 | പഞ്ചായത്ത് വായനശാല. | കോസ് മോസ് മീനങ്ങാടി | | | 2 ഉപഭോക്തൃ ഏകോപന സമിതി |
| II | ഇല്ല | ഇല്ല<br>പുഞ്ചിരി സ്പോട്സ് | | | 1 YMCA മീനങ്ങാടി യൂണിറ്റ് ക്ലബ്ബ് മഹിളാഅസോസിയേഷൻസ് ശ്രേസ്റ്റ് ചിത്രഗിരി വിമൻസ് വെൽഫെയർ അസോസിയേഷൻ |
| III | ഇല്ല | റാസ്കോ-റാട്ടക്കുണ്ട് | പഞ്ചായത്ത് സാംസ്കാരിക നിലയം<br>മേപ്പരിക്കുന്ന് മുണ്ടനടപ്പ് | | 1. ഉഷസ്സ് മഹിളാസമാജം |
| IV | ഇല്ല | മൂന്ന് ക്ളബുകളുണ്ട് പേരുകൾ ലഭ്യമല്ല | ഇല്ല | | |
| V | ഇല്ല | ഇല്ല | പഞ്ചായത്ത് സാംസ്കാരികനിലയം | | |
| VI | ഇല്ല | 1 ഗിരിജൻ ആർട്സ് ആന്റ് സ്പോർസ് ക്ലബ് റിക്രിയേഷൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് | പഞ്ചായത്ത്-സാംസ്കാരി-കനിലയം | | 1 മഹിളാസമാജം ഗോഖലെ നഗർ കോളനി |
| VII | ബഗത്സിംഗ് ആട്സ് ആന്റ് സ്പോട്സ് ക്ലബ്ബിനോട് ചേർന്നവായനശാല | 1 ബഗത്സിംഗ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്<br>2. സംഗമം ആട്സ് ആന്റ് സ്പോട്സ് ക്ലബ്ബ്<br>3. കോസ്ക്കോ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | പഞ്ചായത്ത് നിലയം സാംസ്കാരിക രാമഗിരി | ത്രിവേണി തീയ്യറ്റർ | |
| VIII | ഒരു വായനശാലയുണ്ട്. പേര് ലഭ്യമല്ല | നാലു ക്ലബ്ബുകൾ ഉണ്ട പേര് ലഭ്യമല്ല | ഇല്ല | | 1വിമൻസ് വെൽഫെയർ അസോസിയേഷൻ |
| IX | അംബേഡ്ക്കർ വായനശാല | 1 ഉപാസന സ്പോട്സ് ആട്സ് ആന്റ് | വിവരം ലഭ്യമല്ല. | | |
| X | ജനതാഗ്രന്ഥാലയം ചൂതുപ്പാറ | ഇല്ല | പഞ്ചായത്ത് സാംസ്കാരിക നിലയം | | |
| XI | ഇല്ല | ഇല്ല | ഇല്ല. | | |
| XII | യുവേഴ്സ് ക്ലബ്ബിനോടനുബന്ധിച്ചുള്ള വായനശാല | യുവേഴ്സ് ആട്സ് ആന്റ് സ്പോട്സ് ക്ലബ്ബ്<br>2 മിത്ര ആട്സ് ആന്റ് സ്പോട്സ് ക്ലബ്ബ് | പഞ്ചായത്ത് സാംസ്കാരിക നിലയം | | |

യാത്രയും, നബിദിനത്തോടനുബന്ധിച്ച് ദഫ്, കോൽക്കളി, എന്നിവയുടെ അകമ്പടിയോടെ നടത്തുന്ന ഘോഷയാത്രയും ഈ ദേശ വാസികളുടെ കണ്ണിലും ഹൃദയത്തിലും ഭക്തി സാന്ദ്രമായ ആനന്ദം പകരാറുണ്ട്.

സാക്ഷരതാ നിലവാരവും ജനങ്ങളുടെ വായനാശീലവും താരതമ്യം ചെയ്യുമ്പോൾ ആനുകാലികങ്ങൾ വേണ്ടത്ര വായിക്കപ്പെടുന്നില്ല. മലയാളത്തിലും ഇതര ഭാഷ

കളിലെയും കനപ്പെട്ട പല പ്രസിദ്ധീകരണങ്ങളും, ലഘുവായ ആനുകാലികങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. ദിന പത്രങ്ങളിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്നത് മലയാള മനോരമയാണ്. ഒരു പക്ഷേ ടി.വി. കേബിൾ ടി.വി. എന്നീ ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവ് ജനങ്ങളുടെ വായനാശീലത്തെ പരിമിതപ്പെടുത്തുന്നുണ്ടാവാം. വേണ്ടത്ര ഗൗരവത്തോടെ സമീപിക്കപ്പെടാത്ത സിനിമഫിലിം സൊസൈറ്റികൾ തികച്ചും നിർജീവമാണ്. 1953 ൽ കിഴക്കേമീനങ്ങാടിയിൽ സ്ഥാപിച്ച ടാക്കീസാണ് പഞ്ചായത്തിലെ ആദ്യ സിനിമാ പ്രദർശനശാല. ഇത് നിലച്ചുപോയി എന്നാൽ ഇന്ന് രണ്ട് സിനിമാ പ്രദർശനശാലകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

## പ്രശ്നങ്ങൾ

1. രണ്ട് ഗ്രന്ഥശാലകൾ ഒഴിച്ച് ബാക്കി ഒന്നും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫലിയേറ്റ് ചെയ്തിട്ടില്ല. തിന്നിമിത്തം പ്രവർത്തനത്തിനുള്ളഗ്രാന്റ് ലഭിക്കുന്നില്ല.
2. 2, 3, 4, 5, 6, 11, എന്നീ വാർഡുകളിൽ ഗ്രന്ഥശാലകളും, വായനശാലകളും പ്രവർത്തിക്കുന്നില്ല.
3. പഞ്ചായത്തിൽ പത്ത് സാംസ്കാരിക നിലയങ്ങൾ ഉണ്ടെങ്കിലും ചില വാർഡുകളിൽ സാംസ്കാരിക നിലയങ്ങൾ ഇല്ല 2. 4. 8. 11.
4. ഒരു നിലയവും നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല. വൈദ്യുതിയും ലഭിച്ചിട്ടില്ല.
5.
6. 2. 6. 7. 8. എന്നീ വാർഡുകളിൽ മാത്രമേ മഹിളാ സമാജുങ്ങളുള്ളൂ. 7 ാം വാർഡിലെ മഹിളാ സമാജ കെട്ടിടം ജീർണ്ണാവസ്ഥയിലാണ് പ്രവർത്തനം നാമമാത്രവും.
7. ആദിവാസികളുടെ കലാരൂപങ്ങളും മറ്റ് നാടൻ കലകളും പ്രോത്സാഹനമില്ലാതെ നശിക്കുന്നു.
8. തുമ്പക്കുനിയിൽ ഉള്ള മിനി സ്റ്റേഡിയമേ വാർഡുതലത്തിലുള്ളൂ.
9. മീനങ്ങാടി ടൗണിലുള്ള ശ്രീകണ്ഠഗൗഡർ സ്റ്റേഡിയം ശോചനീയാവസ്ഥയിലാണ്.
10. പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങളില്ല. ഉള്ളവ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല.
11. കലാ കായിക രംഗത്ത് പ്രതിഭകളെകണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് സംവിധാനങ്ങളില്ല.
12. ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ എന്നിവയിൽ സ്ത്രീകളുടെ പങ്കാളിത്തം പരിമിതമാണ്.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. എല്ലാ വാർഡുകളിലും ഓരോ സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കണം. ഇതിൽ ഗ്രന്ഥശേഖരവും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ടാവണം. എല്ലാവിധ കലാ കായിക സാംസ്കാരങ്ങളുടെ കേന്ദ്രമായി സാംസ്കാരിക നിലയങ്ങളെ മാറ്റി എടുക്കണം. ചുമതലവഹിക്കാൻ സ്ഥിരമായ ഔദ്യോഗിക സംവിധാനമുണ്ടാകണം. വൈദ്യുതീകരിച്ച നിലയങ്ങളോടനുബന്ധിച്ച് ഓരോ ഓപ്പൺ എയർ സ്റ്റേജും ഉണ്ടാക്കണം.
2. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനോട് അഫിലിയേറ്റ് ചെയ്ത് വായനശാലകൾ എല്ലാവാർഡുകളിലും ഉണ്ടാകണം. ദൃശ്യ ശ്രവ്യ മാധ്യമങ്ങളും ദിപത്രങ്ങളും ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സഹായിക്കണം.
3. നവസാക്ഷരരുടെ തുടർ വിദ്യാഭ്യാസത്തിന് സൗകര്യങ്ങളുണ്ടാക്കണം. ആദിവാസി സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
4. സ്ത്രീ ജനങ്ങളുടെ വായനാശീലം പ്രോൽസാഹിപ്പിക്കുന്നതിന് മൊബയിൽ ലൈബ്രറി സ്ഥാപിക്കണം.
5. ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ തുടങ്ങിയവ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, നെഹ്റു യുവക് കേന്ദ്ര , സ്പോർട്സ് കൗൺസിൽ എന്നവയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകണം.
6. പഞ്ചായത്ത് തലത്തില് കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കണം. ഓണാഘോഷത്തിന് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കണം.
7. അർഹരായ കലാകായിക പ്രതിഭകളെ അവാർഡുകളും സ്കോളർഷിപ്പുകളും നൽകി ആദരിക്കണം.

8. കുട്ടികൾ,യുവാക്കൾ എന്നിവർക്കുവേണ്ടി നേതൃത്വ പരിശീലനം, ബോധവൽക്കരണം, ചിത്രരചന പ്രസംഗ പരിശീലനം, തൊഴിൽപരമായ മാർഗദർശനം നാടക പരിശീലനം തുടങ്ങിയവക്ക് ക്യാമ്പുകൾസംഘടിപ്പിക്കണം.

9. സ്ത്രീകൾക്ക് വേണ്ടിയും ആദിവാസികൾക്ക വേണ്ടിയും പ്രത്യേക ബോധവൽക്കരണ ക്യമ്പുകൾ സംഘടിപ്പിക്കണം.

10 സ്പോർട്സ്, ഗെയിംസ് എന്നിവക്ക് കോച്ചിംഗ് ക്യാമ്പുകൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി സംഘടിപ്പിക്കണം.

11. പഞ്ചായത്ത് തലത്തിൽ സാംസ്കാരിക നിലയങ്ങളെ ബന്ധിപ്പിച്ച് സിനിമകൾ പ്രദർശിപ്പിക്കുന്നതിന് 16 MM പ്രോജക്ടുകൾ പഞ്ചായത്തിൽ ലഭ്യമാക്കണം.

12. വർഷംതോറും വിപുലമായ തോതിൽ കാർണിവൽ കം ട്രേഡ്, ഫെയർ കം എക്സിബിഷൻ നടത്തണം.

13. ഓരോ വാർഡിലും മിനി സ്റ്റേഡിയം നിർമ്മിക്കണം.

14. ശ്രീ കണ്ഠപ്പഗൗഡർ സ്റ്റേഡിയം എല്ലാവിധ സൗകര്യങ്ങളോടുകൂടിയ സ്റ്റേഡിയമാക്കി മാറ്റണം.

15. കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി മീനങ്ങാടിയിൽ പാർക്ക് സ്ഥാപിക്കണം.

16. സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് ഓപ്പൺഎയർ തീയ്യറ്റർ സ്ഥാപിക്കണം

17. വരുമാനം ലഭിക്കാൻ മാർഗ്ഗമില്ലാത്ത കലാസമിതികൾക്ക് സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് കമ്മ്യൂണിറ്റി ഹാൾ വാടക ഇല്ലാതെ ലഭ്യമാക്കണം.

18. പഞ്ചായത്തിലെ വിവിധ ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വേണ്ടി ഒരു സമിതി പഞ്ചായത്ത തലത്തിൽ രൂപീകരിക്കണം. ഇവയുടെ പ്രവർത്തനം പരിശോധിക്കുന്നതിനും പഞ്ചായത്തിനോട് ധനസഹായത്തിന് ശുപാർശ ചെയ്യുന്നതിനും സമിതിക്ക് അധികാരമുണ്ടായിരിക്കണം. ഈ സമിതിയിൽ ജനപ്രതിനിധികൾക്ക് മുഖ്യ പങ്കാളിത്തം ഉണ്ടാവണം. സമിതിയുടെ ചെയർമാൻ പഞ്ചായത്ത് പ്രസിഡന്റായിരിക്കണം.

19. സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പഞ്ചായത്തന്റെ വാർഷിക ബഡ്ജറ്റിൽഒരു തുക വകയിരുത്തണം.

20 പഞ്ചായത്ത് ആസ്ഥാനത്ത് വിവരഗ്രഹകേന്ദ്രം (Information Center) ആരംഭിക്കണം.

21. മീനങ്ങാടി ടൗണിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറി റെഫ്രൻസ് ലൈബ്രറിയായി ഉയർത്തണം.

22. മീനങ്ങാടിയിലുള്ള മഹിളാസമാജം വക കെട്ടിടം അറ്റകുറ്റ പണികൾ നടത്തി പ്രവർത്തന സജ്ജമാക്കണം. അവിടെ വനിതകൾക്ക് വേണ്ടിയുള്ള ഒരു ഗ്രന്ഥശാല ആരംഭിക്കുകയും ബോധവത്കരണ സെമിനാറുകൾ ചർച്ചാക്ലാസുകൾ തുടങ്ങിയവക്കുള്ള ഒരു കേന്ദ്രമാക്കി മാറ്റി എടുക്കണം.

23 ഗ്രന്ഥ ശാലകൾക്കും ക്ലബ്ബുകൾക്കും റവന്യു ഭൂമി സൗജന്യമായി ലഭിക്കുന്നതിന് നടപടികൾസ്വീകരിക്കണം.

24. സന്നദ്ധ സംഘടനകളെയും ക്ലബ്ബുകളെയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം വഹിക്കുന്നതിന് പ്രോൽസാഹിപ്പിക്കണം. അവർക്ക് ധനസഹായം നൽകുമ്പോൾ ഇക്കാര്യത്തിലുള്ള അവരുടെ പങ്കാളിത്തം വിലയിരുത്തപ്പെടണം.

25. മീനങ്ങാടിയിൽ നൃത്ത സംഗീത ചിത്രകല പരിശീലനത്തിനുള്ള കേന്ദ്രം ആരംഭിക്കണം.

26. ആറാം വാർഡിൽ കാണപ്പെടുന്ന ശിലാരൂപങ്ങളും മാനികാവ് ശിവക്ഷേത്രം തുടങ്ങിയവ സന്ദർശകരെ ആർഷിക്കുന്നതിനുള്ള കേന്ദ്രങ്ങളാക്കി മാറ്റി എടുക്കുക.

# വനിതാക്ഷേമം

രാഷ്ട്രം പുനർനിർമ്മാണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം അനിവാര്യമാണെന്ന യാഥാർത്ഥ്യം വേണ്ടത്ര ഉൾകൊണ്ടിട്ടില്ല. ജനസംഖ്യിൽ പകുതിയിലേറെ വരുന്ന സ്ത്രീകളാണ് ചരിത്ര പരമായ ഈ ദൗത്യം നിർവ്വഹിക്കേണ്ടത്. എങ്കിലും ഈ മേഖലയിലേക്ക് വനിതകളുടെ സമീപകാല കടന്നു വരവ് പ്രതീക്ഷാനിർഭരമാണ്.

ഗ്രാമീണ ജനങ്ങളുടെ വിശേഷിച്ചും സ്ത്രീകളുടെ ക്ഷേമം ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾ സർക്കാർ ജനകീയാസ്ത്രൂണ പ്രസ്ഥാനത്തിൽ ഉൾപ്പെടത്തിയിട്ടുണ്ട്. ഈ ലക്ഷ്യ പ്രാപ്തിക്കു ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളായിട്ടുള്ള സ്ത്രീ ജനങ്ങളുടെ കൂട്ടായ്മ യാണ് ഈ പദ്ധതികളുടെ വിജയത്തിന് അടിസ്ഥാനഘടകം. അയതിനാൽ സ്ത്രീകളുടെ പ്രശ്നങ്ങളും, അവയുടെ പരിഹാരമാർഗ്ഗനിർദ്ദേശങ്ങളും ഉയർന്ന വരേണ്ടത് വനിതകളിൽ നിന്നു തന്നെയാണ്.

ആദിവാസികളും, ചെറികിട കർഷകരും, കർഷകതൊഴിലാളികളും ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ജീവിത നിലവാരം പിന്നോക്കവസ്ഥയിലാണ്. നിരക്ഷരത, അനോരോഗ്യം, ഭവനരാഹിത്യം, തൊഴിലില്ലായ്മ, സ്ത്രീധന പ്രശ്നം തുടങ്ങിയ ഗൗരവമേറിയ വിഷയങ്ങൾ നമ്മുടെ പഞ്ചായത്തിലെ വനിതകളും അഭിമുഖീകരിക്കുന്നു.

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 13744 സ്ത്രീകളാണുള്ളത്. പുരുഷൻമാരേക്കാൾ 1085 വനിതകൾ കുറവാണ്. സ്ത്രീസാക്ഷരതാ നിരക്ക് പരിശോധിക്കുമ്പോൾ എസ്.എസ്.എൽ.സി. വരെ തുല്യത നിലനിൽക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തു സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ കുറഞ്ഞു വരുന്നതായിട്ടാണു കാണുന്നത്. മുസ്ലീം വിഭാത്തിലും, പിട്ടികവർഗ്ഗവിഭാഗത്തിലെ പണിയർ, ഊരാളി, നായക്കൻ തുടങ്ങിയ വിഭാഗത്തിലെ വനിതകൾ വിവിധ രംഗങ്ങളിലേക്ക് വേണ്ടത്ര ഉയർന്നു വരുന്നില്ലായെന്നത് വസ്തുതയാണ്. സ്ക്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പട്ടികവർഗ്ഗ വിഭാഗങ്ങളിലാണ് ഏറ്റവും കൂടുതൽ. പഞ്ചായത്തിലെ ഹൈസ്ക്കൂൾ രംഗത്തു ആദ്യകാലത്ത് കോഴിക്കോട് ജില്ലയിലെ കലാ-കായിക രംഗത്തും ഈ പ്രദേശത്തെ പെൺകുട്ടികൾ മികവ് പുലർത്തിയിരുന്നു. വോളിബോൾ, ഫുട്ബോൾ, റിംഗ് ടെന്നീസ് എന്നീ വനിതാ ടീമുകളുണ്ടായിരുന്നു. പഞ്ചായത്തിൽ വനിതകൾക്കു പ്രത്യേകമായ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. മീനങ്ങാടി പഞ്ചായത്തിലെ ആദ്യ ബിരുദധാരിണി മൂതിമൂല സത്യഭാമയാണ്.

സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ഈ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ചുരുക്കും ചില വനിതകൾ സജീവമായി പ്രവർത്തിച്ചിരുന്നുള്ളൂ. 1963 -ൽ നിലവിൽ വന്ന പഞ്ചായത്ത് ഭരണ സമിതിയിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്ത കെ. ശാരദാമ്മയാണ് ആദ്യ പഞ്ചായത്ത് വനിതാ മെമ്പർ. പിന്നീട് സ്ത്രീ സംവരണത്തിന്റെ ആനുകൂല്യത്തിൽ തെരഞ്ഞടുക്കപെടുന്ന സമിതികളിൽ വനിതാ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവി

ലുള്ള ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രസന്ന വേണു ഗോപാൽ. സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ശാന്ത കെ. നായർ. പട്ടികവർഗ്ഗ വനിത മെമ്പറായ അംബിക ബാലൻ, ഡെയ്സി സേവിഡ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കുമാരി വി.സി. വാസന്തി, ജില്ലാ പഞ്ചായത്ത് മെമ്പർ കെ.എം. ഗ്രേസി എന്നിവർ ഈ പഞ്ചായത്തിൽ നിന്നുള്ളവരാണെന്നത് അഭിമാനാർഹമാണ്.

കാർഷിക മേഖലയിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിൽ ചെയ്യുന്നത്. കെട്ടിട നിർമ്മാണ രംഗത്തും ഒട്ടനവധി വനിതകൾ തൊഴിൽ ചെയ്യുന്നു. മൃഗസംരക്ഷണം സ്വയം തൊഴിലാക്കിയവരും, കുടിൽ വ്യവസായങ്ങളോടൊപ്പം, ടൈലറിംങ്ങ് തൊഴിൽ ചെയ്യുന്നവരും ഏറെയുണ്ട്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് പ്രവർത്തിക്കുന്നത് ബഹു ഭൂരിപക്ഷവും വനിതകളാണ്. പഞ്ചായത്തിൽ ആദിവാസികൾക്കു വേണ്ടിയുള്ള 'വാവിക്സ്' എന്ന സ്ഥാപനത്തിൽ 10 വനിതകൾ ജോലി ചെയ്യുന്നു. DWCRA യുടെ 6 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

• ICDS -ന്റെ കീഴിലുള്ള മാതൃ-ശിശു സംരക്ഷണ പദ്ധതികൾ നിലവിലുണ്ടെങ്കിലും ആരോഗ്യരംഗത്ത് സ്ത്രീകളുടെ അവസ്ഥ മോശമാണ്. പഞ്ചായത്തിൽ ആദിവാസികളുടെയിടയിൽ പ്രത്യേകിച്ചും പോഷകാഹാരത്തിന്റെ കുറവ് കൊണ്ടുള്ള രോഗങ്ങൾ കൂടുതലാണ്. പഞ്ചായത്തിൽ 15 അംഗനവാടികളുണ്ടെങ്കിലും അവയുടെ അവസ്ഥ ശോചനീയമാണ്. ആരോഗ്യ പ്രവർത്തകരിൽ നിന്നും അംഗൻവാടികളിൽ നിന്നും വേണ്ടത്ര ബോധവൽക്കരണം ലഭിക്കാത്തതുകൊണ്ട് ആരോഗ്യ - ശുചിത്വത്തിന്റെ കാര്യങ്ങളിൽ വലിയ പുരോഗതിയില്ല.

വിദ്യാഭ്യാസം കഴിഞ്ഞ് കലാ-കായിക രംഗങ്ങളിൽ വനിതകളെ പ്രോൽസാഹിപ്പിക്കാൻ സംവിധാനമില്ലാത്തതിനാൽ ഈ രംഗങ്ങളിൽ ഇവരുടെ പങ്കാളിത്വം വളരെ കുറവാണ്. വായാനശീലമുള്ള വനിതകൾ പഞ്ചായത്തിലുണ്ടെങ്കിലും വായനശാലകളിലെ പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

സ്ത്രീ പീഡനവും, പുരുഷൻമാരുടെ മദ്യപാനവും, സ്വന്തവകാശത്തിൽ തുല്യത ലഭിക്കാത്തതും, സ്ത്രീധന നിരോധന നിയമം നീതിപൂർവ്വമല്ലാത്തതുമാണ് വനിതകൾ നേരിടുന്ന പ്രശ്നം കൂലി നിരക്കിലുള്ള വിവേചനം, വനിതകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ അഭാവം, സാമൂഹ്യസുരക്ഷിതത്വമില്ലായ്മ, തൊഴിൽ ഏറ്റെടുത്തു നടത്തുന്നതിനുള്ള ഭയവും വൈമുഖ്യവും, പുരുഷമേൽക്കോയ്മയും, അശ്ലീല പരസ്യങ്ങളും, പ്രസിദ്ധീകരണങ്ങളും സ്ത്രീകളുടെ അന്തസ് ഇടിച്ചു താഴത്തുന്നതു കൊണ്ടാണ് സാമൂഹ്യ - സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ നിന്നും വനിതകൾ വിട്ടു നിൽക്കുന്നത്.

നിലവിലുള്ള അംഗനവാടികളിലെ ശോചനീയാവസ്ഥ പരിഹരിച്ച്, സ്ത്രീകളുടെയും കുട്ടികളുടെയും ബുദ്ധിപരവും, ശാരീരികവും, സാമൂഹ്യവുമായ വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന ധനസഹായം വർദ്ധിപ്പിച്ചും, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയും, വിവിധ മേഖലകളിലെ ക്ഷേമ പ്രവർത്തനങ്ങൾ അർഹതപ്പെട്ട മുഴുവനാളുകൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചും, ശരിയായ ബോധവൽക്കരണവും വനതികളുടെ വിവിധങ്ങളായ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യുന്നതിനുള്ള വനിതാ സെൽ രൂപീകരണവും നടക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. വനിതകൾക്കഭിമുഖീകരിക്കേണ്ടിവരുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, പരിഹാരം കണ്ടെത്തുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനം നടത്തുന്നതിനു വേണ്ടി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വനിതാ സെൽ രൂപീകരിക്കണം.
2. തൊഴിലവസരങ്ങൾ കണ്ടെത്തി പുതു സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ സഹകരണ സംഘങ്ങളും യൂണിറ്റുകളും രൂപീകരിക്കുക.
3. ഉൽപാദന പരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻ കൈ എടുക്കുക.
4. വിഭവ സാദ്ധ്യതകൾ കണ്ടെത്തിലെ

LOCAL ADMINISTRATION
TE OF
4 [illegible]

ടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

5. വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ പലിശ രഹിത വായ്പ നൽകുക. വായ്പ ലഭിക്കുവാനുള്ള നടപടികൾ ലഘൂകരിക്കുക.

6. തുല്ല്യ ജോലിക്കു തുല്ല്യ വേതനം നടപ്പിലാക്കണം. സ്ത്രീകളുടെ ജോലി സമയം 7 മണിക്കൂറായി നിജപ്പെടുത്തുക.

7. ഹെൽത്ത് സെന്റർ, അംഗനവാടി എന്നിവ ഇല്ലാത്ത വാർഡുകളിൽ ഇവയുടെ പ്രവർത്തനം ആരംഭിക്കണം.

8. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ നൽകുക.

9. പച്ചക്കറി കൃഷി ചെയ്യാൻ സ്ത്രീകളെ പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരവും സഹായവും നടത്തുക.

10. കായിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്താൻ കൂടുതൽ ശ്രമം നടത്തണം.

11. സ്ത്രീധന നിരോധന നിയമത്തെ സംബന്ധിച്ച് വേണ്ട ബോധവൽക്കരണം നടത്തുക.

12. അശ്ലീല പോസ്റ്ററുകളും പരസ്യങ്ങളും, പ്രദർശിപ്പിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുക. അശ്ലീല സിനിമകൾ പ്രദർശിപ്പിക്കുന്ന തിയ്യേറ്ററുകളുടെ ലൈസൻസ് റദ്ദു ചെയ്യുന്നതും പോലുള്ള നടപടി എടുക്കുക.

13. പെൺകുട്ടികളെ വിവാഹം ചെയ്തയക്കാൻ സാമ്പത്തിക ശേഷി കുറഞ്ഞ കുടുംബങ്ങൾക്കു സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

14. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

15. വിവിധ വാർഡുകളിൽ പരമ്പരാഗതമായ കൈതൊഴിലും ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ, ഭക്ഷ്യ സംസ്കരണം, മൃഗപരിപാലനം തുടങ്ങിയ മേഖലയിൽ പരിശീലനം ലഭിച്ചവർക്കു അതാതു മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, സാമ്പത്തിക സഹായങ്ങളും ചെയ്തു കൊടുക്കുക.

16. മഹിളാ സമാജങ്ങൾ എല്ലാ വാർഡുകളിലും രൂപീകരിച്ച് പ്രവർത്തിക്കാൻ ശ്രമമുണ്ടാക്കണം.

17. സ്ക്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ പദ്ധതി ആവിഷ്കരിക്കുക.

18. വിവിധ രംഗത്ത് തൊഴിലെടുക്കുന്ന വനിതകൾക്ക് താമസ സൗകര്യത്തിനു വേണ്ടി പഞ്ചായത്തിൽ വർക്കിങ്ങ് വിമൺസ് ഹോസ്റ്റൽ രൂപീകരിക്കുക.

നൂറ്റാണ്ടുകളുടെ പഴക്കമുള്ള സ്ഥാപിത മൂല്യങ്ങളെ തകർത്തുകൊണ്ട് തങ്ങൾക്കു കൂടി തുല്യസ്ഥാനമുള്ള സമൂഹ സൃഷ്ടിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ പങ്കു കൊള്ളാൻ കഴിയുക എന്ന സത്യത്തിനാണ് ഇന്നത്തെ പ്രസക്തിയും പ്രാധാന്യവും.





# സഹകരണമേഖല

ഹുണ്ടികക്കരുടെ കൈകളിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഇതേ കാരണങ്ങൾ തന്നെയാണ് മീനങ്ങാടിയിലും സഹകര പ്രസ്ഥാനം ആരംഭിക്കൻ കാരണമായത്. മീനങ്ങാടിയിലെ ആദ്യകാല സഹകാരികൾ 1940 ഏപ്രിൽ മാസം 13തിയ്യതി വിവിധോദ്ദേശ സഹകരണ സ്ഥാപന മെന്ന പേരിൽ ഒരു സ്ഥാപനം മീനങ്ങാടി ആസ്ഥാനമായി രജിസ്റ്റർചെയ്തു. ഇതിലെ ആദ്യകാല സഹകാരികൾ SS വയലായ ഒരപ്പുവയൽ പരമേശ്വരൻ എമ്പ്രാന്തിരി, ഒ.ടി കുഞ്ഞികൃഷ്ണൻ നായർ,കുപ്പത്തോട് കേശവൻ നായർ, വിശ്വനാഥൻ മേനോൻ എന്നിവരായിരുന്നു.1940 മെയ് മാസം 7-ാതിയ്യതി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രസിഡന്റായി കുപ്പത്തോട് കേശവൻ നായർ വന്നു. തുടർന്ന് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി 1965 ജനവരി മാസം 4ാതിയ്യതി പുറക്കോടി സർവ്വീസ് സഹകരണ ബാങ്കായും പിന്നീട് മീനങ്ങാട് സർവ്വീസ് സഹകരണ ബാങ്കായും പ്രവർത്തനം നടത്തുന്നു.

മീനങ്ങാടിയിലെ ക്ഷിരകർഷകരുടെ പാലുൽപാദന വിതരണ രംഗത്തെ പ്രതിസന്ധി തരണംചെയ്തതിന് വേണ്ടിയാണ് 1973 ആഗസ്റ്റ് മാസം 30ാം തീയ്യതി മീനങ്ങാടി ക്ഷീരവ്യവസായ സഹകരണസംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്തത്.

20.1.73ൽ അബ്രഹാം ബെൻഹർ പ്രസിഡന്റായുള്ള ഭരണ സമിതി നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ചു. ഇന്ന് ഈ സംഘം കേരളത്തിലെ പരമ്പരാഗത പാൽവ്യവസായ സഹകരണസംഘങ്ങളിൽ ഗണനീയ സ്ഥാനം നേടിയിട്ടുണ്ട്.

ചൂഷണം നേരിടുന്ന ആദിവാസി വിഭാഗങ്ങളിൽ പ്രത്യേകിച്ച് ആദിവാസി വനിതകളിലെ തൊഴിലില്ലായ്മക്കും ഒരു പരിഹാരം എന്ന നിലയിലാണ് വയനാട് ആദിവാസി വിമൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി നിലവിൽ വന്നത്. 1984 മാർച്ച് മാസം 23-ാം തിയ്യതി രജിസ്റ്റർചെയ്യപ്പെട്ട ഈ സ്ഥാപനം 1984 ആഗസ്റ്റ് മാസം 29-ാം തിയ്യതി പ്രവർത്തനം ആരംഭിച്ചു. ഇന്ന് ഈ സ്ഥാപനത്തിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ പ്രഥമ സ്ഥാനിയായി മാറാൻ കഴിഞ്ഞിട്ടുണ്ട്.

മീനങ്ങാടി പഞ്ചായത്ത് ആസ്ഥാനമായി ആറോളം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മീനങ്ങാടി സർവ്വീസ് സഹകരണബാങ്ക് മീനങ്ങാടി ക്ഷിര വ്യവസായ സഹകരണ സംഘം, വയനാട് ആദിവാസിവുമൺ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മീനങ്ങാടി ഹൗസിംഗ് സൊസൈറ്റി, മീനങ്ങാടി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി പട്ടിക വർഗ്ഗ സഹകരണ സംഘം എന്നിവയാണ് ഇവ. ഇതിൽ ആദ്യത്തെ മൂന്ന് സംഘങ്ങളും നല്ല നിലയിൽ പ്രവർത്തിക്കുന്നു എന്നാൽ മറ്റു മൂന്ന് സംഘങ്ങളും ഏറെ കുറെ പ്രവർത്തന രഹിതമാണ് ഈ സ്ഥാപനത്തിൽ 50 ഓളം ആളുകൾക്ക് പ്രത്യക്ഷത്തിൽ തൊഴിൽ ലഭ്യമാണ്.

## സഹകരണസംഘങ്ങളുടെ പ്രവർത്തനം

കാർഷിക വായ്പാരംഗത്ത് ഏറ്റവും കൂടുതൽ ജനകീയ പങ്കാളിത്തതോടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണ് മീനങ്ങാടി സർവ്വീസ് സഹകരണ ബേങ്ക് ഈ സ്ഥാപനം ഇന്ന ഏറ്റവും കൂടുതൽ വായ്പ ലഭ്യമാക്കുന്നത് മീനങ്ങാടി പഞ്ചായത്തിലെ കാർഷിക മേഖലക്കാണ്. 2748 അംഗങ്ങൾ ഉള്ള ഈ സ്ഥാപനത്തിൽ 561061 രൂപ ഓഹരി മൂലധനമായുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനമൂലധനം 17356659 രൂപ

യാണ്. ഇതിൽ അംഗങ്ങൾക്കായി 9077597 രൂപ വായ്പ 30.6.96 ന് അവസാനിക്കുന്ന വർഷത്തിൽ നൽകിയിട്ടുണ്ട്. അംഗസംഖ്യയിൽ നിന്നും അല്ലാത്തവരിൽ നിന്നും മായി 10320409 രൂപ നിക്ഷേപമായി ട്ടുണ്ട്. സാധാരണ ബേങ്കിംഗ് പ്രവർത്തനത്തിന് പുറമെ രാസവള വ്യാപാര രംഗത്ത് പ്രവർത്തിക്കുന്ന മൂന്ന് ഡിപ്പോകളും ഉണ്ട്. മീനങ്ങാടി, സി.സി, ചൂതുപാറ എന്നിവിടങ്ങളിൽ ആയി പ്രവർത്തിക്കുന്നു ലാഭകരമായി പ്രവർത്തിക്കുന്ന ജില്ലയിലെ നാലു സഹകരണസംഘങ്ങളിൽ ഒന്നാണിത്

ക്ഷിരകാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന മീനങ്ങാടി ക്ഷിര വ്യവസായ സഹകരണ സംഘം 1300 അംഗങ്ങളിൽ നിന്നായി ദിനം പ്രതി 14 കലക്ഷൻ റൂട്ടുകളിൽ കൂടി 5000 ലിറ്ററോളം പാൽ ശേഖരിക്കുന്നു. ഇവർക്ക് ഗുണവില പദ്ധതി പ്രകാരം ഉയർന്ന വില ലഭ്യമാക്കുന്നു. ഈ സ്ഥാപനത്തിൽ നിലവിൽ 2305 അംഗങ്ങളും 23090 രൂപ പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനവുമുണ്ട്.

മാത്രമല്ല വർദ്ധിച്ചുവരുന്ന കാലിത്തീറ്റയുടെ വിലയിൽ നിന്ന് കർഷകർക്ക് ചെറിയ ഒരു അശ്വാസം എന്നനിലയിൽ കൃഷ്ണഗിരിയിൽ 4 ടൺ കാലിത്തീറ്റ ദിനം പ്രതി ഉൽപാദിപ്പിക്കാൻ കഴിവുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും ഉണ്ട്. ഇന്നുള്ള സ്ഥാപനം ലാഭകരമായി പ്രവർത്തിക്കുന്നു.

ആദിവാസി മേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1984 ൽ തുടങ്ങിയ ഈ സ്ഥാപനത്തിൽ 10 ഓളം വരുന്ന ജീവനക്കാർ ഉണ്ട് ഇതിൽ 60% ജീവനക്കാരും ആദിവാസി വനിതകൾ ആണ്. അംഗങ്ങളിൽ നിന്ന് പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനമായി 40000/- രൂപയും സർക്കാർ ഓഹരിയായി 12,800/- രൂപയുമാണ് ഇതിന്റെ അംഗീകൃത ഓഹര മൂലധനം 1000000/- രൂപ

## പട്ടിക 1.
## കാരഷിക വായ്പാ സംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | വായ്പ നൽകിയത് | | നിക്ഷേപം | പ്രവർത്തന മൂലധനം | ജീവനക്കാർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|---|---|---|---|
| | | | | | കാർഷികം | കാർഷികേതരം | | | | |
| മീനങ്ങാടി സർവ്വീസ് സഹരണ ബേങ്ക് | 1940 | മീനങ്ങാടി പഞ്ചായത്ത് | 2748 | 561061 | 5919079 | 3158518 | 10320409 | 17356659 | 8 | ലാഭം |

## പട്ടിക 2.
## ക്ഷീര വ്യവസായ സഹരണ സംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | പാൽ ഉൽപാദനം | പാൽ വിതരണം | | ലാഭമോ നഷ്ടമോ | ജീവനക്കാർ | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | | | | | പഞ്ചായത്ത് | പുറത്ത് | | | |
| മീനങ്ങാടി ക്ഷീര വ്യവസായ സഹകരണസംഘം | 1973 | 2305 | 23090 | 5000 ലിറ്റർ ദിനം പ്രതി | 1300 | 3700 | ലാഭം | 32 | ഒരു കാലിത്തീറ്റ ഫാക്ടറി പ്രവർത്തിക്കുന്നു |

## പട്ടിക 3.
## ആദിവാസി വ്യവസായ സഹരണസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | ഓഹരി മൂലധനം | | ജീവനക്കാർ | പ്രവർത്തനം |
|---|---|---|---|---|---|---|
| | | | അംഗങ്ങൾ | ഗവൺമെന്റ് | | |
| വയനാട് ആദിവാസി വുമണൻസ് ഇൻസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | 1984 | വയനാട് ജില്ല | 40000 | 128000 | 10 | പ്രിന്റിംഗ് ബൈൻഡിങ്ങ് റൂളിങ്ങ്, ഫോട്ടോ സ്റ്റാറ്റ് |

യാണ്. പ്രധാന പ്രവർത്തിയായ പ്രിന്റിംഗ്സ് പുറമെ ബുക്ക് ബൈൻഡിങ്ങ്, ഫോട്ടോസ്റ്റാറ്റ് STD ബൂത്ത് എന്നിവയും നടത്തിവരുന്നു. സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ബുക്ക് ആന്റ് ഫോംസ് എന്നിവ വിൽക്കുന്നതിന് ഒരു പുസ്തകശാലയും DTP യൂനിറ്റും റെഡിമേഡ് വസ്ത്രനിർവഹണയൂനിറ്റും കരകൗശല നിർവഹണ യൂനിറ്റും തുടങ്ങാൻ ഉദ്ദേശിക്കുന്നു.

### കാർഷിക മേഖല.

ഹൃസ്വകാല വായ്പ:- കാർഷിക മേഖലക്ക് ആവശ്യമായ ഹൃസ്വകാല വായ്പ വിതരണം ചെയ്യുന്നതിനു പ്രധാനമായും പങ്കുവഹിക്കുന്നത് മീനങ്ങാടി സർവ്വീസ് സഹകരണ ബേങ്കാണ് ഏകദേശം 5825 ഓളം കർഷക കുടുംബങ്ങൾ താമസിക്കുന്ന ഈ സ്ഥാപനത്തിൽ കർഷകർക്ക് ആവശ്യമായ മുഴുവൻ വായ്പയും ലഭ്യമാകുന്നില്ല. കൃത്യമായി ക്രഡിറ്റ് ലിമിറ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ജില്ലാ ബേങ്കിൽ നിന്നും അംഗീകാരം വാങ്ങി വായ്പാ വിതരണം നടത്തിവരുന്നു. ഇത് വഴി 30.6 96ൽ 5834686 രൂ: കാർഷിക ഹൃസ്വകാല വായ്പാ വിതരണം നടത്തിയിട്ടുണ്ട്.

ദീർഘകാല വായ്പ- വായനാട് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബേങ്കാണ് ഈ പഞ്ചായത്തിൽ ദീർഘകാല കാർഷിക വായ്പ വിതരണം ചെയ്തുവരുന്നത്. ഈ സ്ഥാപനത്തിൽ നിന്ന് വിവിധ പ്രശ്നങ്ങളാൽ ആവശ്യനുസരണം ദീർഘകാല വായ്പ കർഷകർക്ക് ലഭിക്കുന്നില്ല.

## വിവധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. മീനങ്ങാടി സർവ്വീസ് സഹകരണ ബേങ്കിന്റെ ഒരു ബ്രാഞ്ച് അംഗങ്ങളുടെ താല്പര്യ സംരക്ഷണത്തിന് വേണ്ടി ചൂതുപാറയിൽ ആരംഭിക്കണം.
2. ഒരു കുംടുംബത്തിൽ ഒരാൾ എന്ന തോതിൽ എങ്കിലും സഹകരണ ബേങ്കിൽ അംഗങ്ങൾ ആയി ചേരണം.
3 പ്രവർത്ത മൂലധനം വർദ്ധിപ്പിക്കുന്നതിനായി ഒരു അംഗം ചുരുങ്ങിയത് 100രൂപ തോതിൽ എങ്കിലും സമയബന്ധിത മായി നിക്ഷേപം നടത്തണം.
4. കാർഷിക വായ്പ എടുക്കുന്നതിൽ ബോണ്ട് രജിസ്ററർ ചെയ്യുന്നതിനുള്ള സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ഇതൊഴിവാക്കുന്നതിന് ആവശ്യമായ നിയമപരമായ നടപടിൽ സർക്കാർ തലത്തിൽ ആരംഭിക്കണം.
5. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് വേണ്ടി കാർഷിക ഉൽപ്പന്നങ്ങളുടെ ഈടിൻമേൽ വായ്പ ലഭ്യമാക്കണം.
6. നിത്യനിധി നിക്ഷേപം മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കണം.
7. കർഷകർ എടുക്കുന്ന വായ്പ കാലാവധികഴിഞ്ഞാൽ പിഴപലിശ ഈടാക്കുന്നുണ്ട്. ഇതൊഴിവാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.
8. കാർഷിക വായ്പ കൃത്യമായി തിരിച്ചടുക്കുന്ന കർഷകർക്ക് നൽകുന്ന പലിശ സബ്സിഡി കൃത്യസമയത്ത് തന്നെ ലഭ്യമാക്കണം.
9. നിക്ഷേപ സമാഹരണം ഊർജ്ജിതപെടുത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് കാർഷികേതര വായ്പകളും വിതരണം ചെയ്യുക.
10 ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ശക്തി പെടുത്തി പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ എടുക്കണം. ഇതിനാവശ്യമായ കാർഷിക ഹ്രസ്വകാല വായ്പ മീനങ്ങാടി സർവ്വീസ് സഹകരണബാങ്ക് മുഖാന്തിരം ലഭ്യമാക്കണം.

### ക്ഷീരമേഖല

1. അത്യുൽപ്പാദനശേഷിയുള്ള കറവമാടുകളെ മീനങ്ങാടി ക്ഷീരവ്യവസായ സഹകരണ സംഘം മുഖേന ലഭ്യമാക്കണം. ഇതിലേക്കാവശ്യമായ വായ്പ മീനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് മുഖാന്തിരം ലഭ്യമാക്കണം.
2. കറവമാടുകൾക്ക് ആവശ്യമായ പച്ചപ്പുൽ മീനങ്ങാടി ക്ഷീരവ്യവസായ സഹകരണസംഘം മുഖേന ലഭ്യമാക്കണം. ഇതിനാവശ്യമായ സ്ഥലം അപ്പാട്, ചൂതുപാറ, ആവയൽ എന്നിവിടങ്ങളിൽ ലഭ്യമാണ് പരമാവധി ഉപയോഗപ്പെടുത്തണം.
3. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ സംവിധാനം മൃഗസംരക്ഷണവകുപ്പിൽനിന്നും ലഭ്യമാക്കുക.
4. പാൽമേഖലയിലെ വിപണന സാധ്യത വർദ്ധിപ്പിക്കാൻ ഒരു ഫാസ്റ്ററൈസേഷൻ പ്ലാന്റും ഫിൽപാക്കിംഗ് മെഷീൻ

സ്ഥാപിച്ചു പേക്കറ്റ് അടിച്ച് മാർക്കറ്റിങ്ങ് നടത്തണം.

## മറ്റു മേഖലകൾ

1. വനിതകളുടെ നേതൃത്വത്തിൽ വസ്ത്രനിർമ്മാണ രംഗത്ത് ഒരു സഹകരണ സ്ഥാപനം നിലവിൽ വന്നാൽ ഏകദേശം 300 400 നും മധ്യേ ആളുകൾക്ക് തൊഴിൽ ലഭ്യമാകും ഇത് ഈ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് പാതയൊരുക്കും ഇതിനാവശ്യമായ ധനം ജനങ്ങളിൽ നിന്നും ഓഹരികളായി പിരിച്ചും ഗവൺമെന്റിൽ ധനം സ്വീകരിച്ചും നടത്താം.
2. തീപ്പെട്ടി, ചന്ദനത്തിരി മെഴുകുതിരി നിർമ്മാണ രംഗത്ത് ഒരു സഹകരണസ്ഥാപനം നിലവിൽ വന്നാൽതൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാം.
3. തൊഴിൽരഹിതരെ സംഘടിപ്പിച്ചുകൊണ്ട് ഒരു സഹകരണ സംഘം രൂപീകരിച്ച് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തണം. പഞ്ചായത്ത് തലത്തിൽ വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഇവർക്ക് നൽകണം.
4. ആവശ്യസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് ഒരു കൺസ്യൂമർസ്റ്റോർ തുടങ്ങണം എല്ലാ അവശ്യ വസ്തുക്കളും ഇത് വഴി വിതരണം നടത്തണം.
5. ഒരു ആപ്ക്കോസ് മോഡൽ ക്ഷീരസഹകരണസംഘം 5-ാം വാർഡ് കേന്ദ്രീകരിച്ച് നിലവിൽ വരണം ഇങ്ങനെ വന്നാൽ ക്ഷീര കർഷകർക്ക് വളരെയധികം ഗുണമുണ്ട്
6. കാർഷിക ഉപകരണങ്ങൾ നിർമ്മാണത്തിനും വിതരണത്തിനുമായി സഹകരണ സംഘം നിലവിൽ വരണം.
7 റബ്ബറിന്റെ ഒടുപാൽകൊണ്ട് റബ്ബർ ബാൻഡ് പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് സഹകരസംഘത്തിന്റെ കീഴിൽ വരണം.
8. സഹകരണ അടിസ്ഥാനത്തിൽ റാട്ടക്കുണ്ട് പ്രദേശത്ത് ഒരു കരിങ്കൽ ക്വാറി പ്രവർത്തനം ആരംഭിക്കണം. ഈ ക്വാറിയിൽ നിന്നും ലഭിക്കുന്ന കരിങ്കൽപൊടി ഉപയോഗപ്പെടുത്തി സിമന്റ് കട്ടകൾ നിർമ്മിക്കാൻ കഴിയും. ഇതൊടൊപ്പം ഒരു ഇഷ്ടിക നിർമ്മാണയൂണിറ്റ് നിലവിൽവരണം.
9 ഒരു പപ്പടനിർമ്മാണയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ നിലവിൽവരണം ഒട്ടനനവധി ആളുകൾക്ക് തൊഴിൽ ലഭ്യമാകും.കൂടാതെ നല്ല വിപണന സാധ്യതയുമുണ്ട്.
10 സഹകരണരംഗത്ത് പച്ചക്കറി ഉൽപ്പാദന വിതരണകേന്ദ്രം നിലവിൽവരണം. ഇതിനാവശ്യമായ സ്ഥലം ആദിവാസികോളനികളിലെ തരിശു നിലങ്ങൾ ഉപയോഗിക്കണം.
11. തൊഴിലില്ലായമ പരിഹരിക്കാൻ ഒരു സോപ്പു നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ നിലവിൽ വരണം. ഇതിന് ആവശ്യമായ സാങ്കേതിക സഹായവും നിലവിൽവരണം.
12 സഹകരണാടിസ്ഥാനത്തിൽ കോഴി ആട് എന്നിവ വളർത്തുന്നതിന് സഹകരണസംഘം നിലവിൽവരണം.
13. സഹകരണാടിസ്ഥാനത്തിൽ ഓഹരികൾ പിരിച്ച് രണ്ടു ബസ്സും ഒരാമ്പുലൻസും വാങ്ങണം.
14 കറിപൗഡർ, അച്ചാർ,ജാം പാലുൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കാനും വിതരണം നടത്താനും ആയി ഒരു സഹകരണസംഘം നിലവിൽ വരണം. ഇതിന് വൻവിജയ സാധ്യതയുണ്ട്.
15 കുട്ടികൾക്ക് ട്യൂഷ്യൻകൊടുക്കുന്നതിന് ഒരു സഹകരണ സംഘം രൂപീകരിക്കണം. ഇത് വിദ്യാഭ്യാസ രംഗത്ത് പഠനനിലവാരം ഉയർത്താൻ സഹായിക്കും.
16 അപ്പാട് കേന്ദ്രീകരിച്ച് ഒരു സഹകരണ ആശുപത്രി നിലവിൽ വരണം. ഏറ്റവും കൂടുതൽ പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന ഈപ്രദേശത്ത് ഇത് അത്യന്താപേക്ഷിതമാണ്.
17. ഒരു കൈത്തറി നെയ്ത്തുശാല സഹകരസംഘം ചൂതുപാറ കേന്ദ്രീകരിച്ച് നിലവിൽവരണം.
18 സഹകരണരംഗത്ത് തൊഴിൽ മേഖലകളിൽ പൂർണ്ണമായും സംവരണതത്വം പാലിക്കണം.
19 ഇപ്പോൾ സഹകരണ ക്രഡിറ്റ് മേഖലയിൽ നിലവിൽ ഉള്ള ത്രിതല സംവിധാനം മാറ്റി പകരം ദ്വിതല സംവിധാനം നിലവിൽവരണം. ഇത് വഴി കാർഷി വായ്പയിൽ രണ്ട് ശതമാനത്തോളം ഇളവ് കർഷകന് ലഭിക്കും

I (അപ്പാട് കേന്ദ്രീകരിച്ച് ആദിവാസികൾക്ക് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ Bamboo corporation ന്റെ സഹായത്തോടെ പറമ്പ് കൊട്ട തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റ്)

II കോലമ്പറ്റ കേന്ദ്രീകരിച്ച് മഹിളകൾക്ക് മുൻതൂക്കം നൽകി ഒരു പ്ലാസ്റ്റിക് കസേര ബാഗുകൾ തുന്നൽ ക്ലാസ് എന്നീ തൊഴിലുകൾക്ക് പരിശീലനം നൽകുകയും വിതരണംചെയ്യുകയുംചെയ്യുന്ന ഒരു സഹകരണ യൂണിറ്റ് ആരംഭിക്കണം.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം



മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഔദ്യോഗികകണക്കനുസരിച്ച് പട്ടികജാതിക്കരെക്കാൾ പട്ടികവർഗ്ഗക്കാരാണ് കൂടുതൽ. പട്ടികവർഗ്ഗക്കാർ 93 കോളനികളിൽ 1386 കുടുംബങ്ങളിലായി 6145 പേരും ഒറ്റപ്പെട്ട് 183 കുടുംബങ്ങളിലായി 793 പട്ടിക ജാതിക്കാരുമുണ്ടെന്ന് 1991 ലെ സെൻസസ് കണക്ക്.

പഞ്ചായത്തിലെ ആദാവാസി വിഭാഗങ്ങൾ കുറുച്ച്യർ, കുറുമർ, ഊരാളി, പണിയർ, നായക്കർ എന്നിവരാണ്. കുറിച്ച്യ, കുറിമ വിഭാഗക്കാർ കർഷകരും നായാട്ടു വിദഗ്ദരും ആയിരുന്നു. ഇവർക്കേ ആയുധങ്ങൾ വക്കുവാൻ അവകാശമുണ്ടായിരുന്നുള്ളു. ഇവർ കൂട്ടമായാണ് താമസിച്ചിരുന്നത്. കുടിമൂപ്പൻ വൈദ്യനും, നേതാവും ദൈവതുല്യനുമായിരുന്നു. പണിയർ പണ്ടുമുതലേ പണഇക്കാരായിരുന്നു. ഇവർ ജന്മിയുടെ കൃഷിക്കു കാവലായി കൃഷിയിടങ്ങളിൽ തന്നെ താമസിച്ചിരുന്നു. നായ്ക്കൻമാർ വനവിഭവങ്ങൾ ശേഖരിച്ചു വിറ്റും, കാട്ടുകിഴങ്ങും, തേനും ഭക്ഷിച്ചു ജീവിച്ചു പോന്നു. ഇവർ കാട്ടിനുള്ളിൽ കുടിൽ വച്ച് താമസിക്കാൻ ഇഷ്ടപ്പെട്ടിരുന്നു. ഊരാളികൾ കൈതൊഴിലുകാരായിരുന്നു ഇവർ കുട്ട, മുറം എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ദരായിരുന്നു.

ആദിമ ജനത മരങ്ങളെ ആരാധിക്കുകയും വന്യമൃഗങ്ങളെ സ്നേഹിക്കുകയും ചെയ്തിരുന്നു. അവർ വിറകിനുവേണ്ടി ഉണങ്ങിയ ചില്ലകൾ മാത്രമേ എടുത്തിരുന്നുള്ളു. ഓരോ വിഭാഗത്തിനും അവരവരുടെ കുലദേവതകളുണ്ടായിരുന്നു. തനതു നൃത്തനാടകരൂപങ്ങളും, സംഗീതോപകരണങ്ങളും, ചിട്ടപെടുത്തിയ സംഗീതവുമുണ്ടായിരുന്നു. വിശേഷ ദിവസങ്ങളിൽ കുടികളിലും, ആരാധനാസ്ഥലങ്ങളിലും കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നു. സ്ത്രീ പുരുഷ ദേതമന്യ ആബാല വൃത്തം ജനങ്ങളും ഇതിൽ പങ്കെടുക്കുമായിരുന്നു.

തമ്മിൽ കലഹിക്കാതെ സമുദായങ്ങൾ തനതു മഹിമ നില നിർത്തി പേന്നു. കാലം മാറി- ടിപ്പുവന്നു- സായിപ്പു വന്നു- കുടിയേറ്റക്കാർ വന്നു- കാടുമാറി നാടും മാറി പുത്തൻ രീതികൾ - പുത്തൻ ശീലങ്ങൾ ഒരു ജനതതിയുടെ സംസ്കാരം, ഭാഷ, സംഗീതം എല്ലാമെല്ലാം അപ്പാടെ നശിച്ചു.

പഞ്ചായത്ത് രൂപീകരിച്ചതിനു ശേഷം ആദ്യത്തെ ഭരണസമിതി ആദിവാസി പ്രതിനിധിയായി അപ്പാട് പോളൻ തെരഞ്ഞെടുക്കപ്പെട്ടു. പ്രഥമ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ വടക്കെ മലബാറിനെ പ്രതിനിധീകരിച്ച് മത്സരരംഗത്തുണ്ടായിരുന്ന എ. ഗോപാലൻ അണ്ണാംവയൽ കോളനി നിവാസിയാണ്. കൂടാതെ രാഷ്ട്രീയ സാമൂഹ്യരംഗത്തുയർന്നുവന്ന കാപ്പിക്കുന്ന് , കാമമൂപ്പൻ പോളൻ, പൊതയൻ, ചിനുക്കൻ, അപ്പാട് മാധവൻ, ഇളയത്താണ്ടി, എം. ഒ ഗോപാലൻ, കെ. കുഞ്ഞി ക്കണ്ണൻ, എം.രാഘവൻ എന്നിങ്ങനെ നിരവധി പേരുടെ പ്രവർത്തനങ്ങൾ സമൂഹത്തിനാകെ മാതൃകയാണ്. നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയിലെ

## പട്ടിക I

| വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതിപ്രകാരം പണിത വീടുകൾ | ആവശ്യമുള്ള വീടുകളുടെ എണ്ണം. | റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം. | ആവശ്യമുള്ള കക്കൂസുകൾ | വൈദ്യുതി ഉണ്ട്/ഇല്ല/ തൃപ്തികരമല്ല. | കുടിവെള്ളം ഉണ്ട്/ ഇല്ല/ തൃപ്തികരമല്ല. | ഗതാഗതം ഉണ്ട്/ഇല്ല/ തൃപ്തികരമല്ല. |
|---|---|---|---|---|---|---|---|---|---|
| I | 1.ആറുമാട് കോളനി | 14 | 12 | 2 | 1 | 14 | ഇല്ല | ഉണ്ട് | ഇല്ല |
| | 2.ചക്കംപാടി കോളനി | 15 | 10 | 5 | 6 | 15 | ഇല്ല | ഉണ്ട് | ഉണ്ട്. |
| | 3.മണങ്ങുവയൽ കോളനി | 38 | 16 | 22 | 4 | 38 | ഇല്ല | ഉണ്ട് | ഉണ്ട്. |
| | 4. കോട്ടക്കുന്ന കോളനി | 7 | 3 | 4 | - | 7 | ഇല്ല | ഇല്ല | ഇല്ല |
| | 5. പുഴംകുനി ചില്ലിംഗ് പ്ലാന്റ് കോളനി | 5 | - | 4 | - | 5 | ഇല്ല | ഉണ്ട് | തൃപ്തികരമല്ല. |
| | 6. കോട്ടൂർ കോളനി | 11 | 3 | 8 | 1 | 11 | ഇല്ല | ഉണ്ട് | ഇല്ല |
| II | 7. വേടക്കണ്ടി കോളനി | 7 | 2 | 5 | - | 7 | ഇല്ല | ഉണ്ട് | തൃപ്തികരമല്ല. |
| | 8.ഊരുക്കണ്ടി കോളനി | 16 | 9 | 7 | 3 | 16 | ഇല്ല | ഉണ്ട് | ഇല്ല. |
| | 9.മന്നത്തുകുന്നു കോളനി | 17 | 16 | 1 | - | 10 | ഉണ്ട് | ഉണ്ട് | ഉണ്ട്. |
| | 10.കൂളംചാൽ കോളനി | 13 | 12 | 6 | - | 10 | ഇല്ല | ഉണ്ട് | ഇല്ല. |
| | 11. അടുപ്പൂട്ടി കോളനി | 2 | - | 2 | - | 1 | ഇല്ല | ഉണ്ട് | ഇല്ല |
| | 12. ചെപ്പിലോട്ട് കോളനി | 06 | - | 6 | - | 6 | ഇല്ല | ഇല്ല | ഇല്ല |
| | 13. കൊന്നക്കൽ കോളനി | 3 | 01 | 2 | - | - | ഇല്ല | ഇല്ല | ഇല്ല |
| | 14 താഴത്തുവയൽ കോളനി | 13 | 3 | 10 | - | 13 | ഇല്ല | ഇല്ല | ഉണ്ട്. |
| | 15. ചെന്നലോട്ട് കോളനി | 3 | 2 | 1 | - | 3 | ഇല്ല | ഇല്ല | ഇല്ല |
| | 16 ഈയംപുൽ കോളനി | 2 | - | 2 | - | 2 | ഇല്ല | ഇല്ല | ഇല്ല |
| | 17 ചളിഞ്ചേരി കോളനി | 7 | - | 7 | - | 7 | ഇല്ല | ഇല്ല | ഇല്ല |
| | 18 ഓടമൂലക്കുന്ന് കോളനി | 7 | - | 2 | - | 2 | ഇല്ല | ഇല്ല | ഇല്ല |
| III | 19 കൊളകപ്പാറ കുന്ന് കോളനി | 19 | 9 | 10 | 4 | 19 | ഇല്ല | ഇല്ല | ഇല്ല |
| | 20 അത്തിമൂല കോളനി | 3 | 3 | - | 3 | 3 | ഇല്ല | ഇല്ല | ഇല്ല |
| | 21 മുണ്ട നടപ്പ് കോളനി | 24 | 3 | 21 | - | 24 | ഇല്ല | ഉണ്ട് | തൃപ്തികരമല്ല. |
| | 22. കരിമ്പാംകൊല്ലി കോളനി | 16 | 10 | 6 | - | 16 | ഇല്ല | ഉണ്ട് | ഇല്ല |
| | 23. പാതിരിപ്പാലം കോളനി | 2 | - | 2 | - | 2 | ഇല്ല | ഉണ്ട് | ഉണ്ട്. |
| | 24 മലന്തോട്ടം കോളനി | 1 | 1 | - | - | 1 | ഇല്ല | ഇല്ല | ഉണ്ട്. |
| | 25 മാടപ്പള്ളം കോളനി | 5 | 5 | - | - | 5 | ഇല്ല | ഇല്ല | ഇല്ല |

| വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതിപ്രകാരം പണിത വീടുകൾ | ആവശ്യമുള്ള വീടുകളുടെ എണ്ണം. | റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം. | ആവശ്യമുള്ള കക്കൂസുകൾ, | വൈദ്യുതി ഉണ്ട്/ഇല്ല/ തൃപ്തികരമല്ല | കുടിവെള്ളം ഉണ്ട്/ ഇല്ല/ തൃപ്തികരമല്ല | ഗതാഗതം ഉണ്ട്/ഇല്ല/ തൃപ്തികരമല്ല |
|---|---|---|---|---|---|---|---|---|---|
| IV | 26 പടവയൽ കോളനി | 11 | 4 | 3 | - | 11 | ഇല്ല | ഉണ്ട് | ഇല്ല |
| | 27 ഇല്ലിക്കൽ കോളനി | 10 | 3 | 7 | - | 10 | ഇല്ല | തൃപ്തികരമല്ല. | തൃപ്തികരമല്ല. |
| V | 28. ആവയൽ കോളനി | 58 | 28 | 30 | 1 | 58 | തൃപ്തികരമല്ല. | ഉണ്ട് | ഉണ്ട്. |
| | 29. നെല്ലിക്കണ്ടം കോളനി | 20 | 16 | 4 | 2 | 20 | - | ഉണ്ട് | ഇല്ല. |
| | 30 അറുപത് നാഴി കോളനി | 19 | 6 | 13 | - | 19 | - | ഇല്ല | ഉണ്ട് |
| | 31. കറുത്തൻ കലായ് കോളനി | 5 | 3 | 2 | 0 | 5 | - | ഉണ്ട് | ഇല്ല |
| | 32. മഞ്ഞളംകൈത കോളനി | 23 | 18 | 5 | 6 | 23 | ഇല്ല | ഇല്ല | ഇല്ല |
| VI | 33. ഗോഖലെ നഗർ കോളനി | 68 | 34 | 32 | 10 | 42- | ഉണ്ട് | ഇല്ല | ഇല്ല |
| | 34. പാമ്പൻകൊല്ലികോളനി | 8 | 5 | 3 | 2 | 8 | ഇല്ല | ഉണ്ട് | ഇല്ല |
| | 35. ആവയൽ കോളനി | 2 | - | 2 | - | 2 | ഇല്ല | ഉണ്ട് | ഇല്ല |
| | 36. മണ്ടകവയൽ കോളനി | 5 | 2 | 2 | 3 | | ഇല്ല | ഉണ്ട് | ഇല്ല |
| VII | 37. ആലംമൂലകോളനി | 11 | 10 | 1 | - | 11 | ഇല്ല | ഉണ്ട് | ഇല്ല |
| | 38. മൊട്ടൻകരകോളനി | 14 | 4 | 10 | - | 14 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 39. കരിമം പുറക്കാടി കോളനി | 14 | 7 | 7 | - | 14 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 40. അടിച്ചിലാടി കോളനി | 22 | 22 | - | 20 | 10 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 41. നാടുകാണിക്കുന്നകോളനി | 3 | 3 | - | 3 | 3 | ഇല്ല | ഇല്ല | ഇല്ല |
| | 42. വേങ്ങൂർ കോളനി | 101 | 30 | 71 | 2 | 95 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 43. രാമഗിരികോളനി | 15 | 8 | 7 | - | 15 | ഇല്ല | ഇല്ല | ഉണ്ട് |
| VIII | 44. കാപ്പിക്കുന്ന് കോളനി | 14 | 4 | 10 | - | 14 | ഇല്ല | ഉണ്ട് | ഇല്ല |
| | 45. എളയത്ത് കോളനി | 6 | 4 | 2 | - | 6 | ഉണ്ട് | ഇല്ല | ഉണ്ട് |
| | 46. നെടിയഞ്ചേരികോളനി | 25 | 18 | 7 | 10 | 25 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | 47. ഒലിവയൽ കോളനി | 12 | 8 | 4 | - | 12 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 48. മാട്യമ്പത്ത് കോളനി | 10 | 6 | 4 | - | 10 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | 49. എതിർകുന്ന് കോളനി | 6 | 1 | 5 | - | 6 | ഇല്ല | ഉണ്ട് | ഇല്ല |
| | 50. കുനിമേൽ കോളനി | 3 | 3 | - | - | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | 51. മയിലമ്പാടി കോളനി | 16 | 9 | 7 | - | 16 | ഇല്ല | ഉണ്ട് | ഇല്ല |
| | 52. തച്ചമ്പത്ത് കോളനി | 28 | 12 | 16 | 6 | 28 | ഉണ്ട് | ഉണ്ട് | ഉണ്ട് |

| വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതിപ്രകാരം പണിത വീടുകൾ | ആവശ്യമുള്ള വീടുകളുടെ എണ്ണം. | റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം. | ആവശ്യമുള്ള കക്കൂസുകൾ, | വൈദ്യുതി ഉണ്ട്/ഇല്ല/ തൃപ്തികരമല്ല. | കുടിവെള്ളം ഉണ്ട്/ ഇല്ല/ തൃപ്തികരമല്ല. | ഗതാഗതം ഉണ്ട്/ഇല്ല/ തൃപ്തികരമല്ല. |
|---|---|---|---|---|---|---|---|---|---|
| VIII | 53. പന്നിമുണ്ട കോളനി | 17 | 17 | - | 3 | - | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | 54. അത്തിനിലം കോളനി | 14 | 2 | 12 | - | 14 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 55. പക്കനൂർ കോളനി | 3 | - | 3 | - | 3 | ഇല്ല | ഇല്ല | ഇല്ല |
| | 56. പള്ളിക്കാമൂല കോളനി | 17 | 15 | 2 | 7 | 17 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 57. ഒരപ്പ് വയൽ കോളനി | 5 | 3 | 2 | - | 5 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 58. കുന്താണിച്ചാൽകോളനി. | 7 | 5 | 2 | - | 7 | ഇല്ല | ഇല്ല | ഉണ്ട് |
| IX | 59. വലിയകൊല്ലി കോളനി | 22 | 7 | 5 | - | 22 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 60. അപ്പാട് കോളനി | 27 | 22 | 5 | 13 | 22 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | 61. അത്തിക്കടവ്കോളനി | 30 | - | 30 | - | 30 | ഇല്ല | ഇല്ല | ഉണ്ട് |
| | 62. മൂന്നാനക്കുഴി കോളനി | 50 | 38 | 12 | 12 | 50 | ഇല്ല | ഇല്ല | ഉണ്ട് |
| | 63. മടൂർ കോളനി | 38 | 27 | 11 | 6 | 38 | ഇല്ല | ഉണ്ട് | ഉണ്ട് |
| X | 64. പൂവള്ളി കോളനി | 13 | 5 | 8 | - | 13 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 65. കൊല്ലിയൂർ കോളനി | 5 | - | 5 | - | 5 | ഇല്ല | ഇല്ല | ഇല്ല |
| | 66. ചെറുവയൽ കോളനി | 5 | 3 | 2 | - | 5 | ഇല്ല | ഇല്ല | ഇല്ല |
| | 67. വെള്ളംകല്ല് കോളനി | 4 | - | 4 | - | 4 | ഇല്ല | ഇല്ല | ഇല്ല |
| | 68. മടമൂല കോളനി | 11 | 4 | 7 | - | 10 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 69. ചക്കോല കോളനി | 3 | 2 | 1 | - | 3 | ഇല്ല | ഇല്ല | ഇല്ല |
| | 70. അയിനിപ്പുരകോളനി | 14 | 9 | 5 | - | 14 | ഇല്ല | ഇല്ല | ഇല്ല |
| | 71. കരിമംമാനിക്കാവ്കോളനി | 4 | 1 | 3 | - | 4 | ഇല്ല | ഇല്ല | ഇല്ല |
| | 72. അണ്ണാംവയൽകോളനി | 26 | 15 | 11 | 5 | 26 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 73. കൊല്ലിപുരകോളനി | 04 | 3 | 1 | - | 4 | ഇല്ല | ഇല്ല | ഉണ്ട് |
| | 74. രാരോത്ത്കോളനി | 14 | 12 | 2 | 6 | 14 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 75. ചന്തം ചിറ കോളനി | 24 | 10 | 14 | 10 | 10 | ഇല്ല | ഉണ്ട് | ഉണ്ട് |
| XI | 76. മാതമൂല കോളനി | 32 | 20 | 12 | 8 | 32 | ഇല്ല | ഇല്ല | ഉണ്ട് |
| | 77. പുലച്ചിക്കുന്നി കോളനി | 10 | 8 | 2 | - | 10 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | 78. കൊങ്ങിയമ്പം കോളനി | 9 | 25 | 25 | 10 | 50 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 79. ഓണക്കരക്കുന്ന് കോളനി | 4 | 2 | 2 | - | 4 | ഇല്ല | ഇല്ല | ഉണ്ട് |

| വാർഡ് നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതിപ്രകാരം പണിത വീടുകൾ | ആവശ്യമുള്ള വീടുകളുടെ എണ്ണം | റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകൾ | വൈദ്യുതി ഉണ്ട്/ഇല്ല/ തൃപ്തികരമല്ല | കുടിവെള്ളം ഉണ്ട്/ ഇല്ല/ തൃപ്തികരമല്ല | ഗതാഗതം ഉണ്ട്/ഇല്ല/ തൃപ്തികരമല്ല |
|---|---|---|---|---|---|---|---|---|---|
| | 80. വീട്ടുപുരയ്ക്കൽ കോളനി | 10 | 1 | 9 | 4 | 10 | ഇല്ല | ഉണ്ട് | ഇല്ല |
| | 81. ചണ്ണാളി കോളനി | 6 | 3 | 3 | - | 6 | ഇല്ല | ഇല്ല | ഉണ്ട് |
| | 82. കൊറ്റിമുണ്ട കോളനി | 5 | 5 | - | - | 5 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 83. മണൽവയൽ കോളനി | 4 | - | 4 | - | 4 | ഇല്ല | ഇല്ല | ഇല്ല |
| XII | 84. മോതിരോട്ട് കോളനി | 8 | 3 | 5 | - | 8 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 85. ചീനപുല്ല് കോളനി | 12 | 3 | 9 | - | 12 | ഇല്ല | ഉണ്ട് | ഇല്ല |
| | 86. മേത്തല്ലൂർ കോളനി | 8 | 6 | 2 | - | 8 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 87. പിലാക്കുറ കോളനി | 4 | - | 4 | - | 4 | ഇല്ല | ഇല്ല | ഉണ്ട് |
| | 88. കൊരളംമ്പം കോളനി | 13 | 7 | 6 | - | 13 | ഇല്ല | ഇല്ല | ഇല്ല |
| | 89. കോലംബറ്റ കോളനി | 32 | 19 | 13 | - | 32 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 90. മൂതിമൂല കോളനി | 7 | 06 | 1 | - | 07 | ഇല്ല | ഉണ്ട് | തൃപ്തികരമല്ല. |
| | 91. പന്തളംകുന്ന് കോളനി | 20 | 16 | 5 | - | 20 | ഇല്ല | ഉണ്ട് | ഉണ്ട് |
| | 92. വെള്ളിത്തോട് കോളനി | 20 | 14 | 6 | - | 20 | ഇല്ല | ഉണ്ട് | തൃപ്തികരമല്ല. |
| | 93. ചണ്ണാളി കോളനി | 2 | - | 2 | - | 2 | ഇല്ല | ഇല്ല | ഇല്ല |

നാല്പേർ ആദിവാസി വിഭാഗത്തിൽ നിന്നുള്ളവരാണ്.

പട്ടികവർഗ്ഗക്കാർ ഭൂരിഭാഗവും ഉപജീവനത്തിന്ന് കാർഷിക മേഖലയെയാണ് ആശ്രയിച്ചുപോരുന്നത്. ഈ രംഗത്തെ തകർച്ച തൊഴിൽ ദിനങ്ങൾ കുറച്ചു. കോളനി വാസികൾക്ക് പൈതൃകമായി ലഭിച്ച ഭൂമിയിലാണ് കൃഷി ചെയ്യുന്നത്. ശാസ്ത്രീയ കൃഷി രീതികൾ സ്വീകരിക്കാൻ ആദ്യകാലത്തിവർ വിമുഖത കാണിച്ചിരുന്നു. പിന്നീട് ഈ നിലക്കു മാററം വരുത്തിയെങ്കിലും മതിയായ സാമ്പത്തിക സഹായവും സാങ്കേതിക ജ്ഞാനവും ലഭിക്കാത്തതുകൊണ്ട് കാർഷിക രംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞില്ല എന്നാൽ കാർഷിക രംഗത്ത് പട്ടിക ജാതിക്കാർക്ക് മുന്നേറ്റ മുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് . സർക്കാർ, അർദ്ധ സർക്കാർ മേഖലയിലും സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള മറ്റു മേഖലകളിലും ഇപ്പോൾ കുറേപേർ ജോലിചെയ്യുന്നുണ്ട്. ഇവരിൽ പുരുഷൻമാരാണ് കൂടുതലും കൂടാതെ ചുരുങ്ങിയ തോതിൽ പരമ്പരാഗത കൈതൊഴിലുകളിലും, ചെറുകിട നാമമാത്ര വ്യവസായ രംഗങ്ങിളിലും നിർമ്മാണ രംഗത്തും തൊഴിൽ ചെയ്യുന്നവരുണ്ട്.

പട്ടിക വർഗ്ഗക്കാരിൽ ഒരു വിഭാഗമായ കുറുമർ വിദ്യാഭ്യാസരംഗത്ത് വളരെ മുന്നേറിയിട്ടുണ്ട്. എന്നാൽ മറ്റു വിഭാഗക്കാരായ പണിയർ, ഊരാളികൾ, നായ്ക്കർ എന്നിവർ വളരെ പിന്നിലാണ്. പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി 1166 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ഇവർ പഞ്ചാത്തിലെ വിദ്യാർത്ഥികളുടെ 27% ആണ്. ഇതിൽ 538 പേർ പെൺകുട്ടികളാണ്. സ്കൂളുകളിൽ കായിക രംത്ത് മീനങ്ങാടിയുടെ അഭിമാനമാ

ണിവർ. ഉപരിപഠനത്തിലും ധാരാളം പേർ ഏർപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ ആദ്യത്തെ പട്ടിക വർഗ്ഗവർ ബിരുദ ധാരി അണ്ണാം വയൽ എ- ഗോപാലന്റെ മകൻ ഭാസ്കരനാണ്. പട്ടിക വർഗ്ഗ വിദ്യാഭ്യാസത്തിനു വേണ്ടി മൂന്ന് ഹോസ്റ്റലുകളിലായി 121 പോർ പഠിക്കുന്നുണ്ട്.കൂടാതെ 30 കുട്ടികളുള്ള ഒരു കിന്റർ ഗാർഡനും പ്രവർത്തിക്കുന്നുണ്ട്. സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന വരിൽ 92% ആദിവാസികുട്ടികളാണ്.

ആദിവാസി കോളനികളിൽ ഒരു പരിധിവലരെ കുടിവെള്ള പ്രശ്നത്തിനു പരിഹാരം കാണാൻ കഴിഞ്ഞത് 52 കോളനികളിൽ ആണ്. ബാക്കി 41 കോളനികളിൽ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നു. കൂടാതെ 37 പട്ടികജാതി കുടുംബങ്ങളും കുടിവെള്ള പ്രശ്നം അനുഭവിക്കുന്നവരാണ്. സർക്കാറിന്റെ വിവിധ ഏജൻസികൾ മുഖേനയും, സ്വന്തമായും പണിത സ്ഥിര സ്വഭാവമുള്ള 715 വീടുകളുണ്ട്. ഇനി 754 വീടുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. വീടും സ്ഥലവുംമില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട കുടുംബങ്ങളുമുണ്ട്. 47 കോളനികളും 68 പട്ടികജാതി കുടുംബങ്ങൾക്കും ഗതാഗത സൗകര്യമുണ്ട്. 46 കോളനികളിൽ ഗതാഗത സൗകര്യമില്ല. 10 ആദിവാസി കോളനികൾക്കും 17 പട്ടികജാതി കുടുംബങ്ങളിലും വൈദ്യുതി ഉണ്ട്. നിരവധി കോളനിക്കടുത്തുകൂടി വൈദ്യുതി കടന്നുപോകുന്നുണ്ടെങ്കിലും 83 കോളനികളിൽ വൈദ്യുതി ഇല്ല. കോളനികളിൽ ശുചിത്വമില്ലായ്മയും , പോഷകാഹാരകുറവും, മാറാരോഗങ്ങൾക്കും പകർച്ചവ്യാധികൾക്കും കാരണമാകുന്നു. ഇവരിലെ അന്ധവിശ്വാസം ചികിത്സക്ക് ഒരു പരിധിവരെ തടസ്സമാണ്. ഈ പഞ്ചായത്തിലെ ആദിവാസികൾക്ക് ആവശ്യമായ കക്കൂസിന്റെ 10% മാത്രമേ ഉള്ളു. കലാ- കായിക രംഗങ്ങളിൽ തനതു കലാ രൂപങ്ങൾ അവതരിപ്പിക്കാൻ വേണ്ട വേദികളില്ലാത്തതും പ്രോൽസാഹനം ലഭിക്കാത്തതിനാലും ഈ രംഗം നശിച്ചുകൊണ്ടിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി ഭീമമായി സംഖ്യ മുടക്കിയെങ്കിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
2. ആനുകൂല്യങ്ങളെ പറ്റി യഥാസമയത്ത് അർഹതപ്പെട്ടവർക്ക് വിവരങ്ങൾ ലഭിക്കുന്നില്ല.
3. ക്ഷേമപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുമ്പോൾ അത്യാവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിക്കുന്നില്ല.
4. കോളനികളിൽ ശുദ്ധ ജലത്തിന്റേയും കക്കൂസിന്റേയും അപര്യാപ്തത പകർച്ചവ്യാധികൾക്ക് കാരണമാകുന്നു.
5. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ തിങ്ങി പാർക്കുകയും വീടും സ്ഥലവും ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നു.
6. കാർഷിക മേഖലയിലെ തകർച്ച തൊഴിലവസരങ്ങൾ കുറക്കുന്നു.
7. പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും നിർദ്ദേശങ്ങൾകൊടുക്കുന്നതിനും സംവിധാനങ്ങളില്ല.
8. വീടിന് വേണ്ടി സർക്കാർ അനുവദിക്കുന്ന ഗ്രാന്റിന്റെ കുറവു മൂലം പണിപൂർത്തീകരിക്കാൻ കഴിയുന്നില്ല.
9. വീടിന്റ പണികൾ സാങ്കേതിക പരിജ്ഞാനമില്ലാത്ത ഉപഭോക്താവ് തന്നെ ചെയ്തു തീർക്കണമെന്ന സർക്കാർ നിബന്ധന വീടിന്റെ സുരക്ഷിതത്വത്തെ ബാധിക്കുന്നു.
10. ആരോഗ്യപ്രവർത്തകരുടെ കോളനി സന്ദർശനം തൃപ്തികരമല്ല.
11. ചില വിഭാഗക്കാരിൽ നിരക്ഷരരുടെ എണ്ണം വർദ്ധിച്ചുവരുകയും വിദ്യാർത്ഥികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് കൂടി വരുകയും ചെയ്യുന്നു.
12. പട്ടിക വർഗ്ഗവികസന കോർപ്പറേഷനും, ഹരിജനക്ഷേമ വകുപ്പും, അഭ്യസ്ഥവിദ്യർക്കനുവദിക്കുന്ന വായ്പകളുടെ നിബന്ധനകൾ കാരണം ഇത് ശരിയായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
13. പ്രൈമറിസ്കൂളിലെ വിദ്യാർത്ഥികൾക്ക് പഠനഭാഷ പ്രശ്നമാകുന്നുണ്ട്.
14. അഭ്യസ്ഥ വിദ്യരുടേയും, സാങ്കേതിക പരിജ്ഞാനം ലഭിച്ചവരുടേയും കഴിവുകൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുള്ള സ്ഥാപനങ്ങൾ നിലവിലില്ല.

**നിർദ്ദേശങ്ങൾ**

1. പട്ടികജാതി- പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവഴിക്കപ്പെടുന്ന സഖ്യാ യഥാവിധം അർഹതപ്പെട്ട വർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ പഞ്ചായത്തിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.
2. ഒരു വീട്ടിൽ തന്നെ ഒന്നിൽ കൂടുതൽ താമസിക്കുന്ന കുടുംബങ്ങളേയും വീടുംസ്ഥലവു മില്ലാത്തവരേയും പുനരധിവസിപ്പിക്കുകയും വീടില്ലാത്തവർക്ക് വീട് വച്ചു കൊടുക്കുക.
3. കോളനികളിലെ കുടിവെള്ളത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക.
4. പട്ടികജാതി- പട്ടകവർഗ്ഗക്കാരുടെ ക്ഷേമപദ്ധതികളുടെ തുക വർദ്ധിപ്പിക്കുകയും, സഹായങ്ങളും വിവിധ ഏജൻസികളുടെ ആനുകൂല്യങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
5. പട്ടികജാതി-പട്ടികവർഗ്ഗ തൊഴിലധിഷ്ടിത സഹകരണ സംഘം രൂപീകരിച്ച് തൊഴിൽ സാധ്യതകൾ ഉറപ്പുവരുത്തുക.
6. യുവാക്കൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിലും, പരമ്പരാഗത തൊഴിലുകളിലും പരിശീലനം നൽകി- പഞ്ചായത്ത് തലത്തിൽ തൊഴിൽ സമിതി രൂപീകരിക്കുക.
7. അംഗനവാടികളും , നെഴ്സറികളും ആരോഗ്യകേന്ദ്രവും വാർഡുതലത്തിൽ പ്രവർത്തിക്കുകയും യുവതി യുവാക്കൾക്ക് പരിശീലനം നൽകി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
8. സ്കൂളിൽ പോകാത്ത കുട്ടികളേയും കൊഴിഞ്ഞുപോകുന്ന കുട്ടികളേയും സ്കൂളിലെത്തിക്കുന്നതിനും സംവിധാനമുണ്ടാക്കുക.
9. SC/STകോളനികളിൽ ആരോഗ്യക്യാമ്പുകൾ നടത്തുക.
10. പഞ്ചായത്താരോഗ്യ കേന്ദ്രത്തിൽ സ്ഥിരം ആമ്പുലൻസ് സംവിധാനം ഉണ്ടാക്കുക.
11. പരമ്പരാഗത ചികിത്സാ രീതികൾ പരിപോഷിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്.
12. പഞ്ചായത്തിൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കേണ്ടതാണ്.
13. സാക്ഷരതാ തുടർപരിപാടി ആവിഷ്കരിക്കുക.

## ഗ്രാമ സഭകളിൽ നിന്നും വ്യത്യസ്ഥമായി ഉയർന്ന ആവശ്യങ്ങൾ

1. കൊളഗപ്പാറകുന്ന് കോളനി - കൊളഗപ്പാറ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുക.
2. കൊളഗപ്പാറ കുന്ന് കോളനിയിൽ ടാങ്ക് നിർമ്മിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുക.
3. കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.
4. ജലസേചനസൗകര്യമുണ്ടാക്കി കൃഷിയെ മെച്ചപ്പെടുത്തുക.
5. കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കുക.
6. മൈലമ്പാടി ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുക
7. എല്ലാ കോളനി വീടുകളും വൈദ്യുതീകരിക്കുക.
8. പന്തളം കുന്ന് ശ്മശാനം മാറ്റി സ്ഥാപിക്കുക.
9. അംഗനവാടി ശോചനീയാവസ്ഥ പരഹരിക്കുക.
10. SC/ST സഹകരണസ്റ്റോർ സ്ഥാപിക്കുക.
11. എല്ലാ കോളനി റോഡുകളും ഗതാഗത യോഗ്യമാക്കുക
12. പട്ടിക ജാതി പട്ടിക വർഗ്ഗ വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിക്കുക.

## പട്ടിക II

## പട്ടികവർഗ്ഗക്കാരുടെവിവരങ്ങൾ

| വാർഡ്നമ്പർ | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | വിവധപദ്ധതികൾ പ്രകാരം പണിതവീടുകൾ | ഇനി ആവശ്യമുള്ള വീടുകൾ | റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകൾ | വീടും സ്ഥലവുമില്ലാത്തവരുടെ എണ്ണം | കുടിവെള്ളം | | | വൈദ്യുതി | | | ഗതാഗതം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഉള്ളകോളനികൾ | തൃപ്തികരമല്ലാത്ത കോളനികൾ | ഇല്ലാത്ത കോളനികൾ | ഉള്ളകോളനികൾ | തൃപ്തികരമല്ലാത്ത കോളനികൾ | ഇല്ലാത്ത കോളനികൾ | ഉള്ളകോളനികൾ | തൃപ്തികരമല്ലാത്ത കോളനികൾ | ഇല്ലാത്ത കോളനികൾ |
| I | 6 | 90 | 48 | 45 | 11 | 90 | 9 | 5 | - | 1 | - | - | 6 | 2 | 3 | 1 |
| II | 12 | 91 | 45 | 46 | 3 | 77 | 10 | 5 | - | 7 | 1 | - | 11 | 2 | 1 | 9 |
| III | 7 | 72 | 31 | 39 | 7 | 72 | 8 | 3 | - | 4 | - | - | 7 | 2 | 1 | 4 |
| IV | 2 | 21 | 7 | 10 | - | 21 | - | 1 | 1 | - | - | - | 2 | - | - | 2 |
| V | 5 | 125 | 71 | 54 | 19 | 125 | 11 | 2 | - | 3 | 1 | 1 | 4 | 4 | - | 1 |
| VI | 4 | 83 | 41 | 40 | 12 | 52 | 10 | 1 | - | 3 | 1 | - | 3 | - | - | 4 |
| VII | 7 | 180 | 84 | 96 | 25 | 162 | 28 | 5 | - | 2 | - | - | 7 | 5 | - | 2 |
| VIII | 15 | 183 | 107 | 76 | 26 | 166 | 20 | 12 | - | 3 | 6 | - | 9 | 11 | - | 4 |
| IX | 5 | 167 | 94 | 73 | 31 | 162 | 27 | 3 | - | 2 | 1 | - | 4 | 5 | - | - |
| X | 12 | 127 | 64 | 63 | 21 | 121 | 18 | 5 | - | 7 | - | - | 12 | 6 | - | 6 |
| XI | 8 | 121 | 64 | 57 | 22 | 121 | 30 | 4 | - | 4 | 1 | - | 7 | 6 | - | 2 |
| XII | 10 | 126 | 73 | 53 | - | 126 | 28 | 6 | - | 4 | - | - | 10 | 4 | 2 | 4 |
| ആകെ | 93 | 1386 | 629 | 652 | 177 | 1295 | 61 | 52 | 1 | 40 | 10 | 1 | 82 | 47 | 7 | 39 |

പട്ടികജാതിക്കാരുടെ വിവരങ്ങൾ ഒറ്റപ്പെട്ട വീടുകളായതിനാൽ കുടുംബങ്ങളായി കൊടുക്കുന്നു.

| വാർഡ്നമ്പർ | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | വിവധപദ്ധതികൾ പ്രകാരം പണിതവീടുകൾ | ഇനി ആവശ്യമുള്ള വീടുകൾ | റിപ്പയർ ചെയ്യേണ്ട വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകൾ | വീടും സ്ഥലവുമില്ലാത്തവരുടെ എണ്ണം | കുടിവെള്ളം: ഉള്ളകോളനികൾ | കുടിവെള്ളം: തൃപ്തികരമല്ലാത്ത കോളനികൾ | കുടിവെള്ളം: ഇല്ലാത്ത കോളനികൾ | വൈദ്യുതി: ഉള്ളകോളനികൾ | വൈദ്യുതി: തൃപ്തികരമല്ലാത്ത കോളനികൾ | വൈദ്യുതി: ഇല്ലാത്ത കോളനികൾ | ഗതാഗതം: ഉള്ളകോളനികൾ | ഗതാഗതം: തൃപ്തികരമല്ലാത്ത കോളനികൾ | ഗതാഗതം: ഇല്ലാത്ത കോളനികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | - | 10 | 4 | 4 | - | 10 | 2 | 4 | 2 | 4 | - | - | 10 | 2 | 6 | 2 |
| II | - | 8 | 2 | 6 | 1 | 8 | 2 | 4 | 3 | 1 | 1 | - | 7 | 4 | 2 | 2 |
| III | - | 29 | 5 | 12 | 2 | 18 | 7 | 15 | 7 | 7 | 2 | - | 27 | 9 | 10 | 10 |
| IV | - | 12 | 2 | 9 | - | 12 | - | 8 | 2 | 2 | - | - | 12 | 8 | 2 | 2 |
| V | - | 10 | 2 | 8 | - | 10 | 3 | 6 | 2 | 2 | 1 | - | 9 | 3 | 6 | 1 |
| VI | - | 16 | 4 | 12 | 2 | 15 | 1 | 2 | 10 | 4 | - | - | 16 | 6 | 6 | 4 |
| VII | - | 17 | 8 | 9 | 2 | 15 | 2 | 8 | 6 | 3 | 2 | - | 15 | 9 | 4 | 4 |
| VIII | - | 15 | 6 | 9 | 1 | 14 | 4 | 8 | 4 | 3 | 3 | - | 12 | 7 | 7 | - |
| IX | - | 12 | 6 | 6 | 2 | 10 | 4 | 7 | 5 | 0 | 2 | - | 10 | 5 | 6 | 1 |
| X | - | 24 | 10 | 12 | 2 | 17 | 4 | 8 | 10 | 6 | 3 | - | 21 | 7 | 12 | 5 |
| XI | - | 14 | 6 | 6 | - | 14 | 5 | 4 | 8 | 2 | 1 | - | 13 | 2 | 9 | 3 |
| XII | - | 16 | 5 | 9 | 2 | 15 | 4 | 6 | 7 | 3 | 2 | - | 14 | 6 | 4 | 6 |
| ആകെ | - | 183 | 60 | 102 | 14 | 158 | 39 | 80 | 66 | 37 | 17 | - | 166 | 68 | 75 | 40 |

# വിഭവ സമാഹരണം

കേരളത്തിന്റെ സാമ്പത്തിക ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കുറിക്കുന്ന മഹത്തായ ഒരു സംരംഭമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിലെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ബഹുജന പങ്കാളിത്തത്തോടെ പദ്ധതികളാവിഷ്കരിച്ച്, സർക്കാരിന്റെ ധനസഹായത്തോടും, ജനകീയ അദ്ധ്വാനശക്തിയെ സംയോചിപ്പിച്ചും സമയബന്ധിതമായി, മുൻഗണനാക്രമത്തിൽ വികസന പ്രവർത്തനങ്ങൾ പൂർത്തികരിക്കുക എന്നതാണ് ജനകീയാസൂത്രണ' പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

നാളിത് വരെയുള്ള ആസൂത്രണം (പ്ലാനിങ്ങ്) കേന്ദ്രീകൃതവും, ദേശീയവും, സ്ഥൂലവും, ഉദ്യോഗസ്ഥ മേധാവിത്വ പരവുമായിരുന്നു. അതിന് ബദലായി, വികേന്ദ്രീകൃതവും, പ്രാദേശികവും, സുക്ഷ്മവും, ജനാധിപത്യപരവുമായ ഒരു നവീന ആസൂത്രണ സംവിധാനം ഒമ്പതാം പദ്ധതി മുതൽ കേരളത്തിൽ ആരംഭിക്കുന്നത്. 1977 ഏപ്രിൽ ഒന്നു മുതൽ അഞ്ചു വർഷത്തേക്കുള്ള ഒമ്പതാം പദ്ധതിയിൽ ഏതാണ്ടു 14,000 കോടി രൂപയാണു കേരള സംസ്ഥാനത്ത് പദ്ധതിയിനത്തിൽ ചിലവാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ നാല്പത് ശതമാനത്തോളം തുക, ഉദ്ദേശം 5,000 കോടി രൂപയാണു ജനകീയാസൂത്രണ പദ്ധതികൾക്കായി പഞ്ചായത്ത് സ്ഥാപനങ്ങളിലൂടെ ചില വഴിക്കുക. ഒരു പഞ്ചായത്തിന്, ശരാശരി അഞ്ചുകോടി രൂപയോളം അടുത്ത അഞ്ചു വർഷങ്ങൽക്കിടയിൽ ചിലവാക്കാനായി ലഭിക്കും. അതായത് പ്രതിവർഷം ഒരു കോടിരൂപ. ഈ ഒരു കോടി രൂപയാകട്ടെ, പന്ത്രണ്ടു വാർഡുകൾക്കായി വിഭജിച്ചാൽ, കേവലം എട്ടു ലക്ഷം രൂപയാണു ഒരു വർഷം ഒരു വാർഡിലെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുക. വർദ്ധിച്ചു വരുന്ന ജനകീയാവശ്യങ്ങൾക്ക് ഈ തുക അപര്യാപ്തമാണെന്നു സാമാന്യ ബുദ്ധിക്ക് തന്നെ ബോധ്യപ്പെടും. അതുകൊണ്ടാണു, വികസന പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തിനു, ധനപരവും ഭൗതികവുമായ വിഭവങ്ങൾ കണ്ടെത്തി സമാഹരിക്കണമെന്ന ഗ്രാമസഭകളിൽ നിന്നു ഉയർന്നുവരുന്ന അഭിപ്രായങ്ങൾ നമ്മെ ഉപദേശിക്കുന്നത്.

അമ്പത്തിമൂന്നര ചതുരശ്രകിലോമീറ്റർ വിസ്തൃതിയും, മുപ്പതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്നതുമായ മീനങ്ങാടി പഞ്ചായത്ത് വയനാട്ടിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്നു. സാംസ്കാരിക - രാഷ്ട്രീയ - മത സൗഹാർദ്ദമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ നമ്മുടെ പഞ്ചായത്ത് മുൻപന്തിയിലാണെങ്കിലും, സാമ്പത്തിക പുരോഗതിയുടെ കാര്യത്തിൽ പിന്നോക്കാവസ്ഥയിൽ തന്നെയാണ്. ചുരുക്കം ചില തോട്ടം ഉടമകളൊഴിച്ചാൽ, ചെറികിട കർഷകരും, കർഷകത്തൊഴിലാളികളും, ആദിവാസികളും തിങ്ങിപാർക്കുന്ന പ്രദേശമാണിത്. ഇവിടെ പറയത്തക്ക വ്യവസായ ശാലകളൊന്നുമില്ല. വാണിജ്യപരമായി, ചെറുകിട വ്യാപാരികളുടെ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ വരുമാനമേ പഞ്ചായത്തിന് ലഭിക്കുന്നുള്ളു. ഗ്രാമവികസന ബോർഡിന്റെ ധനസഹായത്താൽ നിർമ്മിച്ചിട്ടുള്ള ഷോപ്പിങ്ങ് കോപ്ലക്സുകളിൽ നിന്നുള്ള വരുമാനം തിരിച്ചടവിനാണു ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥ പിന്നോക്കനിലയിലാണ്. ഈ പിന്നോക്കാവസ്ഥയിൽ നിന്ന്, മുന്നോട്ടുകുതിക്കണമെങ്കിൽ മുഴുവൻ ജനങ്ങളുടെയും സർക്കാരിന്റെയും സംപൂർണ്ണ സഹകരണം അത്യാവശ്യമാണ്.

ആസൂത്രിത പദ്ധതികളിലൂടെ ഒരു പ്രദേശത്തിന്റെ വികസനത്തിനു ധനപരമായും ഭൗതികമായുള്ള വിഭവങ്ങൾ സമാഹരിക്കുക എന്നത് അനിവാര്യമായഘടകമാണ്. വിഭവങ്ങൾ ആഭ്യന്തരമായും ബാഹ്യമായും സമാഹരിക്കുക എന്നതാണു തത്വം. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, നികുതിയിനത്തിലുള്ള വരുമാനമാണു ആഭ്യന്തര ധനാഗമനമാർഗ്ഗത്തിൽ പ്രധാനം - (പട്ടിക I നോക്കു)

നികുതിയിനത്തിൽ 1994-95 ൽ കെട്ടിടനികുതി 4, 29, 730 രൂപ, വിനോദനികുതി 3 ലക്ഷം രൂപ തൊഴിൽ നികുതി 1,85,530 രൂപ, സ്റ്റാമ്പ് ഡ്യൂട്ടി 1,40,000 രൂപ എന്നിവയും ലൈസൻസ് ഫീസ് 57,351 രൂപ മാർക്കറ്റ് വരുമാനം 21,000 എന്നിവയുമാണ്. കൂടാതെ സംഭാവന 4,57,535 രൂപ, നിക്ഷേപം 3,27,234 രൂപ, പല വകയിനത്തിൽ 9,42,149 രൂപയും പഞ്ചായത്തിന്റെ വരുമാനത്തിൽ കാണുന്നു.

ചിലവിന്റെ നാലിലൊരുഭാഗം ജീവനക്കാരുടെ ശമ്പളത്തിനും വേണ്ടി നീക്കിവെയ്ക്കുന്നു. പ്രതിമാസം അരലക്ഷം രൂപ ശമ്പളം കൊടുക്കുന്നു. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ മരാമത്ത് പണികൾക്ക് ചിലവഴിക്കപ്പെടുന്ന സംഖ്യ 1994-95 ൽ 1,11,702 രൂപ

പട്ടിക 1

## മീനങ്ങാടി ഗ്രാമപഞ്ചായത്ത് ആസ്തികൾ

| ക്രമ നമ്പർ | ആസ്തികൾ | എണ്ണം വിസ്തീർണ്ണം |
|---|---|---|
| 1. | പഞ്ചായത്ത് ശ്രീകണ്ഠപ്പസ്റ്റേഡിയം | 1 |
| 2. | മിനി സ്റ്റേഡിയം | 1 |
| 3. | ഷോപ്പിംഗ് കോംപ്ലക്സ് | 1 |
| 4. | ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | 1 |
| 5. | കമ്മ്യൂണിറ്റിഹാൾ | 1 |
| 6. | പൊതു ശ്മശാനം | 1 |
| 7. | പച്ചക്കറി - മത്സ്യ മാർക്കറ്റ് | 1 |
| 8. | സാംസ്കാരിക നിലയങ്ങൾ | 9 |
| 9. | ലൈബ്രറി റീഡിം റൂ | 1 |
| 10. | ശിശു മന്ദിരം | 1 |
| 11. | കന്നുകാലി പൗണ്ട് - ബ്ലോക്ക് റൂം | 1 |
| 12. | പഞ്ചായത്താപ്പീസ് കെട്ടിടം | 1 |
| 13. | കന്നുകാലി ചന്ത | 1 |
| 14. | ആയുർവ്വേദ ആസ്പത്രി സ്ഥലം 40 സെന്റ് | 1 |

യും, വിദ്യാഭ്യാസത്തിനു 52, 393 രൂപയും, ശുദ്ധജലവിതരണം, ഓടകൾനന്നാക്കൽ, പൊതുജനാരോഗ്യം എന്നീ അത്യാവശ്യകാര്യങ്ങൾക്കു 32,723 രൂപയുമാണ്.

പഞ്ചായത്തിനുള്ള ബാഹ്യവരുമാനം സർക്കാറിൽനിന്നുള്ള ഗ്രാന്റുകളും, അൺടൈഡും ജെ. ആർ. വൈ. എന്നീഫണ്ടുകളുമാണു. (പട്ടിക IV) ഇതിൽ ജെ.ആർ.വൈ. ഇനത്തിൽ 1993-94 -ൽ 13 ലക്ഷരൂപയും 94-95 ൽ 7,55,775 രൂപയും ലഭിച്ചപ്പോൾ, 94-95 ൽ മാത്രം അൺടൈഡുഫണ്ടായി 3,22,265 രൂപ കിട്ടി. 67-ാം വകുപ്പു പ്രകാരം പഞ്ചായത്തിനുള്ളു ഗ്രാന്റായി 93-94 ൽ 52,368 രൂപയും, 94-95 ൽ 64,027 രൂപയും അനുവദിച്ചു. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് തുച്ഛമായ തുകയേ ഗവണ്മെണ്ടിൽ നിന്നു ലഭിക്കുന്നുള്ളൂ. വെഹിക്കിൾ ടാക്സ് ചില വർഷങ്ങളിൽ കിട്ടിയാലായി എന്ന അവസ്ഥയാണുള്ളത്. ചുരുക്കത്തിൽ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ഗവർണ്മെണ്ടു ധനസഹായം പരിമിതമാണെന്നു വ്യക്തം. എന്നാലോ, അനുവദിക്കപ്പെടുന്ന ഫണ്ടുകൾ ഉപയോഗപ്പെടുത്തി നടത്തുന്ന വികസന പദ്ധതികൾ കാര്യക്ഷമതയില്ലാത്തതാണെന്ന വിമർശനങ്ങളുണ്ടുതാനും. ഗവർണ്മെണ്ടിൽ നിന്നുള്ള അർഹമായ വിഹിതം നേടിയെടുത്ത്, പദ്ധതികൾ കുറ്റമറ്റതാക്കി പ്രവർത്തിക്കുക എന്നതാണു ജനകീയാസൂത്രണം കൊണ്ടു ഉദ്ദേശിക്കുന്നത്.

ജനകീയാസൂത്രണത്തിൽ, ആഭ്യന്തര വിഭവസമാഹരണത്തിനു പ്രത്യേക ഊന്നൽ നൽകിയിരിക്കുകയാണ്. നാളിത് വരേയും കണ്ടെത്താത്തതും ഉപോയഗപ്പെടുത്താതുമായ ധനമാർഗ്ഗങ്ങളെ സമാഹരിക്കുകയും ചെയ്യുക എന്നത് ആസൂത്രണ സമിതിയുടെ ഉത്തരവാദിത്തമാണ്. ഉദ്യോഗസ്ഥമേധാവിത്വ പരമായ ദുഷ്പ്രവണതകൾ, നികുതി പിരിവിലെന്നപോലെ വികസന പ്രവർത്തനങ്ങളിലും നിഴലിട്ടു നില്ക്കുന്നത് കാണാം. അതുകൊണ്ടുതന്നെ, നികുതി പിരിവിനെ സംബന്ധിച്ചും, വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള പബ്ലിക്ക് ഓഡിറ്റിങ്ങ് അനിവാര്യമാക്കിതീർക്കുന്നു. ഇത് രാജ്യസ്നേഹിയായ നികുതിദായകന്റെ മൗലികാവകാശമാണ്.

### ഗ്രാമസഭാ ചർച്ചകളിലെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംഗ്രഹിച്ചു താഴെ കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ജന

ങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. ജനങ്ങളിൽ ബഹുഭൂരിപക്ഷവും, ദരിദ്രരും കൂലിപ്പണിക്കാരുമാണ്. 90 ലേറെ ആദിവാസി കോളനികളും 6 'ലക്ഷം വീടു' കോളനികളും നാലുസെന്റ് കോളനികളും ഉണ്ടെന്നുള്ള വസ്തുത പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തെയും, പിന്നോക്കാവസ്ഥയേയും പ്രകടിപ്പിക്കുന്നു. ക്ഷീരവ്യവസായം, കച്ചവടം, കോഴി വളർത്തൽ തയ്യൽ എന്നിങ്ങനെയുള്ള ജോലികളിലേർപ്പെട്ട് നിത്യവൃത്തി കഴിക്കുന്നവരുമുണ്ട്. സർക്കാർ ജീവനക്കാരും വിദേശ ജോലിക്കാരും കുറവാണ്. ചില കാലങ്ങളിൽ കർഷകത്തൊഴിലാളികളുടേയും ആദിവാസികളുടേയും ഇടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. ചുരുക്കത്തിൽ പഞ്ചായത്തിന്റെ ആഭ്യന്തര വിഭവസമാഹരണ ശേഷി കുറവാണെന്നു സൂചിപ്പിക്കുന്നു.

കനറാ ബാങ്ക്, സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റിവു ബാങ്ക്, അർബ്ബൺ ബാങ്ക്, വയനാടു ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ശാഖകളും മീനങ്ങാടി സർവീസ് സഹകരണ ബാങ്കുമാണു പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. കൂടാതെ, ചുരുക്കം സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുമുണ്ട്.

റോഡു നിർമ്മാണം, കുടിവെള്ളം എന്നീ തുറകളിലാണു പഞ്ചായത്തിന്റെ മുതൽ മുടക്ക് അധികവുമുള്ളത്. ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന ആക്ഷേപം വ്യാപകമാണ്. ഇത് പണ ലഭ്യതയുടെ കുറവുകൊണ്ടാണെന്നും, വിലയിരുത്തിയിട്ടുണ്ട്. എന്നാൽ ജനസംഖ്യാനുപാതമായി ധന വിനിയോഗം നടക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നു.

വികസന പ്രവർത്തനങ്ങളുടെ ക്രോഡീകരണമില്ലായ്മ, പദ്ധതിനടത്തിപ്പുകളിലെ ക്രമക്കേടുകൾ, ജനകീയ പങ്കാളിത്തത്തിന്റെ അഭാവം എന്നിവ പരിമിതമായ ധനത്തിന്റെ ദുർവിനിയോഗം വർദ്ധിപ്പിക്കുകയും അതു വഴി വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യുന്നതിന്നു, ഗ്രാമ സഭകളിൽ നിന്നും ഒട്ടനവധി ക്രിയാത്മക നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

1. വികസന പ്രവർത്തനങ്ങൾ, മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തി, ജനകീയസമിതികൾ മുഖേന, ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

2. പ്രാദേശിക പ്രവർത്തനങ്ങൾക്ക് ഗ്രാമസഭകൾ സ്വന്തം വിഭവം കണ്ടെത്തി നടപ്പാക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

3. ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ വ്യവസായങ്ങൾ തുടങ്ങി തൊഴിലസരങ്ങൾ വർദ്ധിപ്പിച്ചു, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.

4. നികുതി പിരിവു കൃത്യനിഷ്ടയോടെ നിർവഹിക്കുകയും നികുതി വെട്ടിപ്പു തടഞ്ഞു വരുമാനം വർദ്ധിപ്പിക്കുക.

5. സർക്കാർ ധനസഹായം ശാസ്ത്രീയ രീതിയിലൂടെ ത്വരിത ഗതിയിൽ ജനോപകാരപ്രദമായി വിനിയോഗിച്ചു ധന മിച്ചം ഉണ്ടാക്കുക.

6. സന്നദ്ധ സേവനത്തിലൂടെയുള്ള മനുഷ്യാദ്ധ്വാനം, കാർഷികോല്പന്ന ശേഖരണം, മണൽ, കരിങ്കല്ലു എന്നിവയുടെ സംഭാവന, ഉണക്കമരങ്ങൾ ലേലം ചെയ്തു കിട്ടുന്ന തുക എന്നിവ വഴി ഏകദേശം 40 ലക്ഷം രൂപ ശേഖരിക്കാമെന്നു ഗ്രാമസഭകൾ റിപ്പോർട്ടു ചെയ്യുന്നു.

7. നിലവിലുള്ള മാർക്കറ്റ് പുനരുദ്ധരിച്ച് മാസവാടക ജനത്തിൽ കൂടുതൽ വരുമാനം കണ്ടെത്തുക.

8. കെട്ടിട നികുതിയിനത്തിലുള്ള ചോർച്ച തടഞ്ഞു വരുമാനം വർദ്ധിപ്പിക്കുക.

9. ടാക്സി വാഹനങ്ങൾക്ക് പാർക്കിങ്ങു സൗകര്യം ഏർപ്പെടുത്തി വരുമാനം ശേഖരിക്കുക. വാഹന നികുതി പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുന്നതിലൂടെ പഞ്ചായത്തിന്റെ വിഹിതം ശേഖരിക്കുക.

10. പഞ്ചായത്ത് സ്റ്റേഡിയത്തിലും, കമ്മ്യൂണിറ്റി ഹാളിലും വർഷം തോറും കലക്ഷൻ ട്യൂർണ്ണമെന്റുകളും എക്സിബിഷനുകളും കലാ-കായിക പ്രകടനങ്ങളും നടത്തി വിനോദനികുതിയിനത്തിൽ വരുമാനം വർദ്ധിപ്പിക്കുക.

11. മാംസക്കച്ചവടത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനു അറവുശാലയുണ്ടാക്കുകയും നികുതിചുമത്തുകയും ചെയ്യുക.

12. കംപോസ്റ്റ് വള നിർമ്മാണത്തിലൂടെ വരുമാനം സമാഹരിക്കുക. പഴം - പച്ചക്കറി, ഹോട്ടൽ അവശിഷ്ടങ്ങൾ ശേഖരിച്ചു കാലി ചന്തയിലെ ചാണകവും കൂട്ടി കംപോസ്റ്റു ഉണ്ടാക്കി വില്ക്കുക.

## പട്ടിക II

## വിവിധ ഇനത്തിലുള്ള പഞ്ചായത്ത് വരുമാനം (രൂപ)

| നമ്പർ | ഇനം | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 |
|---|---|---|---|---|---|---|
| 1. | കെട്ടിട നികുതി | 2,64,415.75 | 3,27,799.15 | 3,84,997.25 | 4,58,828.79 | 4,29,730.15 |
| 2. | സേവന നികുതി | 7,644.00 | 10,019.55 | ഇല്ല | ഇല്ല | ഇല്ല |
| 3. | തൊഴിൽ നികുതി | 1,08,415 | 1,32,436 | 1,28,610 | 1,53,086 | 1,85,530 |
| 4. | വാഹന നികുതി | 3550 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. | വിനേദ നികുതി | 1,64,664.00 | 1,72,275.00 | 1,22,250.00 | 1,67,340.50 | 1,89,275.00 |
| 6. | അഡിഷണൽ വിനോദ നികുതി | 98,620.00 | 1,03,320.00 | 1,03,320.00 | 1,00,404.50 | 1,13,550.00 |
| 7. | പ്രദർശന നികുതി | 2,476.00 | 2,485.00 | 2,501.00 | 3,774.00 | 4,173.00 |
| 8. | പ്രദർശന നികുതി സർചാർജ് | 619.00 | 629.25 | 625.25 | 943.75 | 10,43.25 |
| 9. | മാർക്കറ്റ് വരുമാനം | 18,700.00 | 24,025.00 | 18,280.00 | 18,500.00 | 21,050.00 |
| 10. | ലൈസൻസ് ഫീസ് | 24,355.00 | 46,796.50 | 49,545.10 | 36,525.40 | 57,351.25 |
| 11. | കെട്ടിട നികുതി സർചാർജ് 75% | 40,317.00 | 1,31,775.00 | 2,01,373.00 | 1,90,403.00 | 1,40,357.00 |
| | സ്റ്റാമ്പ് ഡ്യൂട്ടി 25% | ഇല്ല | 25,000.00 | ഇല്ല | 1,08,837.00 | ഇല്ല |
| 12 | ലാന്റ് സൈസ് | 1,080.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13. | സംഭാവന | ഇല്ല | 3,77,327.00 | 3,65,425.00 | ഇല്ല | 4,57,525.00 |
| 14. | നിക്ഷേപം | 3,06,010.07 | 3,23,615.50 | 2,12,883.00 | 3,60,642.90 | 3,27,234.50 |
| 15 | പലവക | 1,05,305.60 | 19.05680.18 | 8,87,665.47 | 10,75,978.37 | 9,42,149.43 |
| | മൊത്തം | 20,90,417.90 | 35,859,71.18 | 24,77,465 | 26,87,405.21 | 28,68,978.58 |

## പട്ടിക III

## പഞ്ചായത്ത് വക ചിലവിനങ്ങൾ

| നമ്പർ | ഇനങ്ങൾ | 1990--91 | 1991--92 | 1992--93 | 1993--94 | 1994--95 |
|---|---|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് ചിലവ് | 3,05,282 | 4,59,678 | 4,99,825 | 5,81,706.70 | 5,59,587.50 |
| 2 | വരുമാനത്തിലെ ചിലവ് | | | | | |
| | എത്രശതമാനം- | | 17.50% | 20% | 26% | 25.33% |
| 3 | മരാമത്ത് പണികൾ | 7,11,322 | 10,22,661.50 | 7,58,276 | 1,24,991.40 | 1,11,702 |
| 4 | വിദ്യാഭ്യാസം | 43,665.30 | 53,543.60 | 12, 270 | 33,723.25 | 52, 393.15 |
| 5 | ശുദ്ധജലവിതരണം ഓടകൾ | | | | | |
| | നന്നാക്കൽ പൊതുജനാരോഗ്യം | 1,91,106 | 1,73,747 | 61,744.25 | 62,062 | 32,723 |
| 6 | വൈദ്യുതി ചിലവ് തെരുവുവെളിച്ചം | 26, 864.00 | 27,271.00 | 38,348.00 | 34,408.00 | 34,408.00 |
| 7 | മറ്റു ചിലവിനങ്ങൾ | 14,27,714.79 | 15,10,089.5 | 12,27,892.71 | 17 ,93,452.80 | 19,87,858.05 |
| | മൊത്തം ചിലവ് | 27,05,954.09 | 32,47,490.25 | 25,98,555.96 | 26,26,344.15 | 27,65,171.70 |

## പട്ടിക IV

## സർക്കാർ ധനസഹായം

| നമ്പർ | ഇനങ്ങൾ | 1990--91 | 1991--92 | 1992--93 | 1993--94 | 1994-95 |
|---|---|---|---|---|---|---|
| 1 | 67-ാം വകുപ്പ് പ്രകാരം | | | | | |
| | പഞ്ചായത്ത് ഗ്രാന്റ് | 2,05,000 | 51,14 | 659,328 | 52,368 | 64,027 |
| 2 | മൈനർ ഇറിഗേഷൻ | | 4533 | 4533 | 4533 | 4533 |
| 3 | വില്ലേജ് റോഡ് മെയ്ൻഡനൻസ് | 40,809 | 44,329 | 43,686 | 53,368 | 43,710 |
| 4 | വെഹിക്കിൾ ടാക്സ് | | | 99,603 - | | 23000 |
| 5 | അൺടൈഡ് | | 215000 | | | 322265 |
| 6 | ജെ.ആർ.വൈ | 3,73,257 | 871372 | 705794 | 1305736 | 755775 |

# ഉപസംഹാരം

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. ഉൽപ്പാദന പ്രക്രിയ വികസന വീക്ഷണത്തിൽ നിന്ന് അന്യം നിൽക്കുകയാണ് കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവന മേഖല വികസിപ്പിക്കുന്ന വികസന തന്ത്രമാണ് ഇന്നാവശ്യം. അതോടൊപ്പം സാർവ്വത്രീകമായ അഴിമതിയിൽ നിന്ന് വികസന രംഗം മോചിപ്പിക്കപ്പെടണം ജനപങ്കാളിത്വവും, ജനജാഗ്രതയും ഊട്ടിവളർത്തി വികസന പ്രക്രിയ ഊർജ്ജസ്വലമാക്കുകയാണ് ഇതിനുള്ള മാർഗ്ഗം.

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സർക്കാരിതര ഏജൻസികളെ കണ്ടെത്തി പറ്റിയ പദ്ധതികൾ സമർപ്പിച്ച് കണ്ടെത്താൻ പ്രയാസമില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ വസ്തു നിഷ്ഠ സമീപനം പ്രായോഗികമാക്കണം.

സാമൂഹ്യ രാഷ്ട്രീയ രംഗത്തുള്ള എല്ലാതർക്കങ്ങൾക്കും കാരണം പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്തുന്നതാണ്. വസ്തു നിഷ്ഠമായി തെളിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്ക-വിതർക്കങ്ങൾ ഇല്ലാതാവും.

വിഭവ ഭൂപടം സർവ്വേറിപ്പോർട്ടുകൾ എന്നിവ എല്ലാ വികസന പ്രക്രിയകൾക്ക് വസ്തു നിഷ്ഠമായ അടിത്തറ നൽകും.

ആസൂത്രണം അർഥവത്താക്കുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻ ഗണനകൾ നിർണ്ണയിക്കാൻ. മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബന്ധത പഞ്ചായത്തുകൾക്കുള്ളതാണ്.

പ്രകൃതി വിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവയെ പ്രയോജനപ്പെടുത്തി ചരിത്ര പരമായ സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ധ സമിതികൾക്ക് കഴിയണം. സർക്കാരിതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് ശേഖരിച്ച് സമാഹരിക്കുന്നതിനുള്ള ജാഗ്രത പാലിക്കണം. അവരുടെ നിബന്ധനകൾ പഠിച്ച് (Project) പ്രൊജക്ടുകൾ സമർപ്പിക്കണം.

ജനീകയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദമല്ല, മറിച്ച് ജനോപകാര പ്രദമായ ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പിലാക്കാനുള്ള സാമൂഹ്യായുധമാണ്. അതുകൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ സമ്പുഷ്ടമാക്കി കാര്യങ്ങൾ സമ്പൂർണ്ണമാക്കി നടപ്പാക്കാനുള്ള പ്രതിബന്ധത നാം നിലനിർത്തിയേ പറ്റൂ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്ന് ഉയർന്നുവരുമെന്ന് സ്വഭാവികം മാത്രമാണ് ഗ്രാമ വികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്കു കഴിയണം.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റുവാൻ സമീപകാലത്തുതന്നെ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഈ വികസന രേഖ മീനങ്ങാടി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി.....

# വികസന റിപ്പോർട്ടിന് പിന്നിൽ പ്രവർത്തിച്ചവർ

| | |
|---|---|
| കെ.കെ. ശശി | പി. വിജയൻ |
| വി.സി. മത്തായി മാസ്റ്റർ | കെ.എം. ഷാജി |
| എൻ. കുമാരൻ മാസ്റ്റർ | എം. വർഗ്ഗീസ് മാസ്റ്റർ |
| കെ.എം. ഗ്രേസി | സി. ബൈജു |
| വി.ഡി. വാസന്തി | വി.എം. രാമകൃഷ്ണൻ |
| സി. അസൈനാർ | കെ.എസ്. ടെന്നീസൺ മാസ്റ്റർ |
| കെ.ജി. റോയ്ദാസ് | കെ. ഭാസ്ക്കര പിള്ള മാസ്റ്റർ |
| ജെസ്സി മോൾ | എം. എസ്. നാരായണൻ മാസ്റ്റർ |
| കെ.പി. ജോർജ്ജ് | ടി.ജി. സുരേഷ് മാസ്റ്റർ |
| ടി.പി. രാജശേഖരൻ | പി. ജോർജ്ജ് |
| ആർ.കെ. സ്കറിയാ മാസ്റ്റർ | ടി.എൻ. ചന്ദ്ര ബോസ് |
| പ്രസന്ന വേണുഗോപാൽ | പി.എ. ജയപ്രകാശ് |
| ശാന്താ കെ. നായർ | എൻ.കെ ഷാജി |
| കെ.വി. ജോൺ | പി.എൻ. സുധാകരൻ |
| ഡെയ്സി ഡേവിഡ് | സി.എച്ച്. കേശവൻ നായർ |
| ടി.ആർ. ബാലകൃഷ്ണൻ | എൻ.എൻ. ഷാജി |
| എം. രാഘവൻ | മാളുക്കുട്ടി |
| കെ. ജയപ്രകാശ് | പി.കെ. പ്രസന്ന |
| അംബികാ ബാലൻ | പി. കൃഷ്ണ മോഹൻ |
| കെ. കുഞ്ഞികണ്ണൻ | ടി.വി. സുരേന്ദ്രൻ |
| കെ. ശംഭു | ബാലൻ മാസ്റ്റർ |
| എസ്.എ. മജീദ് | കെ.എൻ. രമേശൻ |
| അബ്രഹാം ബെൻഹർ | കെ. അബ്ദുള്ള |
| പി. യു. കോര | പി.ആർ. ഉണ്ണികൃഷ്ണൻ നായർ |
| ജെ. ജയറാം | മേക്കുന്നത്ത് കരുണാകരൻ |
| കെ.കെ. തോമസ് | പി.ടി. ഉലഹന്നാൻ |
| എൻ. സനുരാജ് | പി.കെ. രാജു |
| ഡോ. കരീം | യു. സുബൈർ |
| ഡോ. ടി.പി. ശീതള നാഥൻ | മനോജ് |